# മലയാളപ്പച്ച

## malayala pachcha

റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

9-ാം ലക്കം




# യാത്ര, സംസ്കാരം, രാഷ്ട്രീയം

പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവൺമെന്റ് കോളേജ്

2019

# യാത്ര: സംസ്കാരം, രാഷ്ട്രീയം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2019

malayala pachcha

Research Journal of language literature and culture

Published in India By

The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in August, 2019

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Painting

Liubov popova- traveling woman - 1915

oil on canvas 158 5x123cm.jpg

Source/Photographer http://arthistoryproject.com/
artists/liubov-popova/traveling-woman/

Price:₹150/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Issue Editor & Internal Reviewer:*

Dr. Sangeetha K
Asst. Professor, KKTM Govt. College, Pullut.

*Editorial Board:*

Dr. G.Ushakumari, H.O.D
Dr. Deepa B.S.
Dr. Dhanya S. Panikkar
Dr. Lakshmi S.
Yacob Thomas
Fousiya P.A.

*External Review*

Prof. V. Lissy Mathew,
H.O.D., Department of Malayalam.
Sree Sankaracharya University of Sanskrit, Kalady.

# മലയാളപ്പച്ച

## റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ
malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word
format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക.
റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും
MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ആമുഖം

യാത്ര: സംസ്കാരം, രാഷ്ട്രീയം എന്ന വിഷയത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് മലയാളപ്പച്ചയുടെ ഈ 9-ാം പതിപ്പ് പുറത്തിറങ്ങുന്നത്. യാത്ര മനുഷ്യന്റെ അടിസ്ഥാനചോദനകളിൽ ഒന്നാണ്. ഇരുണ്ടഭൂഖണ്ഡത്തിലെ വനാന്തരങ്ങളിലൊന്നിൽ പിറവിയെടുത്ത മനുഷ്യകുലം നിരന്തരമായ യാത്രകൾ നടത്തി ലോകം മുഴുവൻ വ്യാപിക്കുകയായിരുന്നെന്ന് ജന്തുശാസ്ത്രം പറയുന്നു. അതുകൊണ്ടുതന്നെ അവന്റെ സംസ്കാരനിർമ്മിതികളെല്ലാം ആ ആദി മഹാപ്രയാണവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. മനുഷ്യൻ നിർമ്മിച്ച മിക്ക ഭൗതികവസ്തുക്കളും അവന്റെ ചലനവേഗം കൂട്ടാനുപകരിക്കുന്നതായിരുന്നു. ആ വസ്തുക്കൾ നൽകിയ ചലനവേഗത്തിലാണ് അവൻ മഹാവനസാനുക്കളിലും ഹിമവാഹിനീമാർഗ്ഗങ്ങളിലും കാലവഹിനിയിൽ വാടാത്ത സുന്ദരകാനനങ്ങളിലും അബ്ധി തീരങ്ങളുടെ അപാരതയിലും അലഞ്ഞു നടന്നത്. ഈ അലഞ്ഞു നടക്കലുകളുടെ അബോധപ്രവർത്തനമെന്നോണമാണ് സകല സർഗ്ഗസൃഷ്ടികളിലും യാത്രയെന്നത് ആദിപ്രരൂപപരമായി കുടികൊണ്ടിരിക്കുന്നത്. കലയിലും സാഹിത്യത്തിലുമൊക്കെ അറിഞ്ഞും അറിയാതെയും അങ്ങനെയാണ് യാത്രയുടെ സർഗ്ഗചിഹ്നങ്ങൾ പ്രത്യക്ഷപ്പെടുന്നത്.

യാത്രയെന്ന മഹാബിംബത്തെയും തൽസംബന്ധമായ സാംസ്കാരിക-രാഷ്ട്രീയ നിലപാടുകളും വിശദീകരിക്കുന്ന രചനകളെയാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യത്രയെക്കുറിച്ചുള്ള ആധികാരികമായ പഠനങ്ങളും അവയെ സംബന്ധിക്കുന്ന സാമൂഹികവായനകളും ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ലിംഗപദവിയും ജാതിസ്വത്വങ്ങളും നിർമ്മിക്കുന്ന വ്യത്യസ്തമായ യാത്രാനുഭവപഠനങ്ങൾ, സാഹിത്യത്തിൽ യാത്രയെന്ന ബിംബം ചെലുത്തിയ സ്വാധീനം,

കേരളചരിത്രനിർമ്മിതിയിലെ സഞ്ചാരികളുടെ സാന്നിദ്ധ്യം, സിനിമയിലെ യാത്രാബിംബങ്ങളുടെ വൈവിധ്യം, കുടിയേറ്റ ചരിത്രത്തിലെ യാത്ര, യാത്രികന്റെ യാത്രാനുഭവക്കാഴ്ചകളിലെ അപരവൽക്കരണം തുടങ്ങിയവയെ സൂക്ഷ്മമായി അപഗ്രഥിക്കുന്ന ആധികാരിക ലേഖനങ്ങളുടെ സംഘാതം കൂടിയാണിത്. വിമർശനാത്മക സമീപനങ്ങളും നിലവിലെ വായനകളുടെ പൊളിച്ചെഴുത്തുകളും അടങ്ങുന്ന സൂക്ഷ്മവായനകൾ സഞ്ചാര സാഹിത്യപഠനരംഗത്ത് മുതൽക്കൂട്ടാണ്. അക്കാദമിക ഗവേഷണ രംഗത്തെ തുടർപഠനങ്ങൾക്ക് ഈ എഴുത്തുകൾ മാർഗ്ഗരേഖയാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് മലയാളപ്പച്ചയുടെ ഒൻപതാം ലക്കം വായനയുടെ വലിയ ലോകത്തിന് സമർപ്പിക്കുന്നു.

പ്രബന്ധങ്ങൾ നൽകിയവരോടും ഒപ്പം ഈ ലക്കത്തിന്റെ പിയർ റിവ്യൂ നിർവ്വഹിച്ച പ്രൊഫ.ലിസി മാത്യുവിനോടും ഞങ്ങൾക്കുള്ള ഹൃദയം നിറഞ്ഞ നന്ദിയും ഇവിടെ പ്രകാശിപ്പിക്കുന്നു

*ഡോ. സംഗീത കെ.*

*ഇഷ്യൂ എഡിറ്റർ*

# ഉള്ളടക്കം

**ഭാഗം-ഒന്ന്**
**യാത്ര: സമൂഹവും രാഷ്ട്രീയവും**

സ്ഥലം മാർഗം യാത്ര: മണിപ്രവാളത്തിലെ ഭാവനാദേശങ്ങൾ
ഡോ. ദിലീപ്കുമാർ കെ.വി. 13

യാത്രാനുഭവം—ചില ചിന്തകൾ
ഡോ.പി.രൺജിത് 37

പെൺയാത്രക്കുറിപ്പുകളിലെ വിടവുകൾ
ഡോ. ജിസാ ജോസ് 47

സഞ്ചാരാധുനികതയും കുടിയേറ്റവും
യാക്കോബ് തോമസ് 65

ഹൈറേഞ്ച്: അപരദേശത്തിന്റെ ഭൂപടം
കെ.പി. ജയകുമാർ 79

യാത്ര, എഴുത്ത്, സൈബറിടങ്ങൾ:
സമകാലികയാത്രയുടെയും യാത്രയെഴുത്തിന്റെയും
സാംസ്കാരികവിശകലനം
സൗമ്യ തോമസ് 97

**ഭാഗം രണ്ട്**

**യാത്ര: സാഹിത്യം, അനുഭവം, പാഠം**


അഗസ്ത്യാർകൂടയാത്ര: ചരിത്രം, മിത്ത്, യാഥാർത്ഥ്യം
ഡോ. ദീപു പി. കുറുപ്പ് 107

പലായനവും സ്വത്വസംഘർഷവും ഭാരതീയ ഇതിഹാസങ്ങളിൽ
ഡോ. സുഷമകുമാരി കെ.എസ്. 123

സാംസ്കാരിക ബഹുത്വം: സമകാലിക മലയാളപ്രവാസനോവലുകളിൽ
ഡോ. ജെയ്സി ഡേവിഡ് 132

സാഹിത്യചരിത്രങ്ങൾ തമസ്കരിച്ച പെൺയാത്രാഖ്യാനങ്ങൾ
ലേഖ എൻ.കെ. 140

സ്ത്രീയുടെ വീണ്ടെടുപ്പുകൾ:
ഉണ്ണി ആറിന്റെ ആനന്ദമാർഗ്ഗത്തിന്റെ വായന
ശ്രീയ പി.ജി. 150

യാത്രാബിംബങ്ങളുടെ ആഖ്യാനസവിശേഷതയും
സാമൂഹിക ചിത്രണവും, 'പഥേർപാഞ്ചാലി' മുൻനിർത്തിയുള്ള പഠനം
ഹീര 157



*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# ഭാഗം ഒന്ന്

# യാത്ര: സമൂഹവും രാഷ്ട്രീയവും

# സ്ഥലം മാർഗം യാത്ര : മണിപ്രവാളത്തിലെ ഭാവനാദേശങ്ങൾ

ഡോ. ദിലീപ്കുമാർ കെ. വി,
പ്രൊഫസർ, മലയാളവിഭാഗം, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി

സംഗ്രഹം

പ്രാചീന മണിപ്രവാളകൃതികളിലെ കവിനിർമിതദേശങ്ങളിലൂടെയുള്ള യാത്രകളെക്കുറിച്ചുള്ള ഒരന്വേഷണമാണിത്. യഥാർത്ഥത്തിലുള്ള ചരിത്രദേശങ്ങളുടെ അടിത്തറയിൽ കെട്ടിപ്പൊക്കിയവയാണ് ഇവരുടെ ഭാവനാഭൂമികകൾ. അവിടെ നടന്നതും നടക്കുന്നതുമായി അവർ കല്പിക്കുന്ന വ്യവഹാരങ്ങളാണ് ഈ രചനകളിൽ തെളിയുക (കൃതികൾ കവികളുടെ ഡയറിക്കുറിപ്പുകളാണെന്നു കരുതാത്തിടത്തോളംകാലം അവയെക്കുറിച്ചു പരിഭ്രമിക്കാനില്ല). ഇഷ്ടദേശാഖ്യാനത്തിനിടയിൽ അവർ സശ്രദ്ധം അടയാളപ്പെടുത്തുന്ന ഒരെണ്ണമാണ് സ്ഥലവും മാർഗവും. അതിശയോക്തികളുടെ ആധിക്യമുണ്ടെങ്കിലും മാർഗവർണന താരതമ്യേന യാഥാർത്ഥ്യത്തോടു ചേർന്നുനില്ക്കും.

***താക്കോൽവാക്കുകൾ***: സ്ഥലം–മണിപ്രവാളം–സന്ദേശകാവ്യം–ദേശാന്തരഗമനം–കവിത്വം–മാർഗ്ഗവർണന–അങ്ങാടിക്കാഴ്ചകൾ.

## സഞ്ചാരസാഹിത്യം പ്രാചീനസാഹിത്യത്തിൽ

വ്യത്യസ്തഭൂവിഭാഗങ്ങളിലൂടെയുള്ള വ്യക്തികളുടെയോ സംഘങ്ങളുടെയോ യാത്രകൾ പഴന്തമിഴ് സാഹിത്യത്തിൽ ധാരാളമുണ്ട്. ഇതോടൊപ്പം യാത്ര മുഖ്യവിഷയമായ ചില കാവ്യങ്ങളുമുണ്ട്. ഇവയെ ആറ്റുപ്പട എന്നാണു വിളിക്കുക. പത്തുപ്പാട്ടിൽ ഇവ സമാഹരിച്ചിട്ടുണ്ട്. ദേശാടനപ്രിയരായ ദരിദ്രകലാസംഘങ്ങളുടെ കാലമായിരുന്നു സംഘസാഹിത്യത്തിന്റേത്. അവർ നാട്ടുമൂപ്പൻമാരുടെയോ രാജാക്കൻമാരുടെയോ സദസ്സുകളിലും കൊട്ടാരങ്ങളിലുംചെന്ന് അവരെ പുകഴ്ത്തും. സമ്മാനിതരായി തിരിച്ചുവരുന്ന

ആ കൂട്ടർ വഴിക്കു കണ്ടുമുട്ടുന്ന മറ്റൊരു കൂട്ടരെ അവിടേക്കു പറഞ്ഞയക്കുകയും ചെയ്യും. അങ്ങോട്ടുള്ള വഴിയും യാത്രയിലെ ദുർഘടങ്ങളും അവിടെ ചെന്നാൽ കിട്ടുന്ന സല്ക്കാരങ്ങളുംമറ്റും അവരെ അറിയിക്കും. ഇതാണ് ആറ്റുപ്പടയെന്ന കാവ്യപ്രസ്ഥാനം. പത്തുപ്പാട്ടിലെ തിരുമുരുകാറ്റുപ്പട, പൊരുനരാറ്റുപ്പട, ചിറുപാണാറ്റുപ്പട, പെരുമ്പാണാറ്റുപട, മലൈ പടുകടാം എന്നിവയഞ്ചും ഈ വിഭാഗത്തിൽപ്പെടുന്നവെന്ന് മേലങ്ങത്ത് നാരായണൻകുട്ടി പറയുന്നു (2000: 21). ഭൗതികം മാത്രമല്ല, ആധ്യാത്മികവും ആറ്റുപ്പടക്കാവ്യങ്ങളിൽ വരും. ഇഷ്ടദേവതയുടെ ക്ഷേത്രസ്ഥാനങ്ങളിലൂടെയുള്ള യാത്രയും കാവ്യവിഷയ മാവും. തിരുമുരുകാറ്റുപ്പട ഇത്തരത്തിലുള്ളതാണ്. ആറ്റുപ്പടകളിലെ ചില മാർഗ-സ്ഥലവർണനകൾ താഴെ കൊടുക്കുന്നു:

ഈ പാണിനി പാടുന്ന താളത്തിനുചിതമായി രസിച്ചുകൊണ്ട് ആനകൾ ദിവസേന സഞ്ചരിക്കുന്ന വഴിച്ചാലുള്ള കാട്ടിൽ നിങ്ങൾ വിശ്രമിക്കുവിൻ...(48-50). ഒൽ എന്നുച്ചത്തിലിരമ്പി തിരതല്ലുന്ന നീലാർണവത്താൽ വലയിതമായ പ്രദേശമാണത്. ഇടക്കിടെ പലയിടങ്ങളിലുമുള്ള മൺതിട്ടുകളിൽ നിഴൽവിരിക്കുന്ന തെങ്ങിൻതോപ്പുകളിൽ നെൽക്കളങ്ങളും കാണാം...(178-180). മരുതനിലത്തെ കരിമ്പുകെട്ടുകാരും കൊയ്ത്തുകാരുമായ ദൃഢശരീരികളുടെ കൊട്ടും പാട്ടും സഹിയാഞ്ഞ് ആ തൊഴിൽപ്പാട്ടുവിട്ടു കൊക്കുകൾ അകലേക്കു പറന്നുപോകുന്നു(193-95)—പൊരുനരാറ്റുപ്പട.

സമീപപ്രദേശങ്ങളിലൂടെ പാഞ്ഞുവരുന്ന ആ കാട്ടാറിന്റെ ഇടിഞ്ഞ കരയിൽ പരിമളപുഷ്പപൂരിതമായ സുഗന്ധോദ്യാനങ്ങൾ... നീർവറ്റിയതോടെ ഈ കരിമണ്ണുതന്നെ സ്വർണകാന്തിയുള്ള സൂര്യന്റെ തീക്ഷ്ണോഷ്മാവേറ്റു ചൂടുപിടിച്ചു...(2-10). കടലോരത്തെ കൈതകൾ ഹംസംപോലെ പൂങ്കുല നീട്ടിനില്ക്കുന്ന കാഴ്ചകണ്ടും... കടമുഴത്ത പുന്നമരങ്ങൾ നിറയെ മുത്തുപോലെ മൊട്ടിട്ടുനില്ക്കുന്നുണ്ടാകും പെരും തിരകൾ വെൺമണൽപ്പരപ്പിൽ പരവിച്ചാടുന്നതുകണ്ടുകൊണ്ടും കൂട്ടമായി നടന്നുപൊയ്ക്കൊള്ളുവിൻ...(146-50). ഇനി മുല്ലനിലത്തേക്കുള്ള നീണ്ട തണൽവഴിയാണ്...തങ്കച്ചെങ്കതിരുകൾ തേഞ്ഞുമായുന്ന കാന്തിവിശേഷം കണ്ടും ഈട്ടുറ്റ വേൽത്തലപോലെ മൊട്ടുകൾ ഉയർന്നുനില്ക്കുന്ന താമരക്കുളങ്ങളുള്ളതും വേൽപ്പോരിൽ വിജയമേന്മനേടിയതുമായ വേലൂരിൽ നിങ്ങൾ പ്രവേശിക്കും (168-173) —ചിറുപാണാറ്റുപ്പട.

യാത്രികർ ഏതേതു സ്ഥലങ്ങളിലെത്തുമ്പോൾ എന്തെന്ത് അനുഭവങ്ങളാണുണ്ടാവുക എന്നും ഈ പാട്ടുകളിൽ നിരന്തരം വിവരിച്ചുകൊണ്ടിരിക്കും. യാത്രാമാർഗം, ഗ്രാമങ്ങൾ, നഗരങ്ങൾ, കടൽത്തീരങ്ങൾ,

കൃഷിസ്ഥലങ്ങൾ, നദി, ക്ഷേത്രം തുടങ്ങിയവയുടെ വിവരണങ്ങൾ ഇവയിൽ കാണാം. അതിനാൽ ആറ്റുപ്പട കാവ്യങ്ങൾക്ക് സന്ദേശകാവ്യങ്ങളോട് വളരെ സാദൃശ്യമുണ്ടെന്നു മേലങ്ങത്ത് പറയുന്നു (2000: 282).

സ്ഥലവും മാർഗവും മറ്റു കാവ്യങ്ങളിലും ഏറിയോ കുറഞ്ഞോ കടന്നു വരും. പത്തുപ്പാട്ടിലെ മതുരൈക്കാഞ്ചി, മുല്ലപ്പാട്ട് തുടങ്ങിയ കാവ്യങ്ങളിലും മാർഗവും യാത്രയും സ്ഥലവും നിരന്തരം ആവർത്തിച്ചുവരുന്ന ആഖ്യാനകങ്ങ (motif) ളാണെന്നു കാണാം. ആഖ്യാനങ്ങളിൽ തുടരെത്തുടരെ പ്രത്യക്ഷപ്പെടുന്ന ഘടകങ്ങൾ എന്ന അർത്ഥത്തിലാണിവിടെ ആഖ്യാനകങ്ങളെന്നു വിളിച്ചത്.

ഇവയ്ക്കു സമാന്തരങ്ങളായി മധ്യകാലസംസ്കൃതസാഹിത്യത്തിലും ഇത്തരം കാവ്യങ്ങളുണ്ട്. ഇവയാണു യാത്രാകാവ്യങ്ങൾ. ഇക്കൂട്ടത്തിൽപ്പെട്ട മുഖ്യകൃതിയാണ് വേങ്കടാധ്വരിയുടെ വിശ്വഗുണാദർശ ചമ്പു. വിശ്വാവസു എന്നും കൃശാനു എന്നും പേരായ രണ്ടു ഗന്ധർവന്മാർ നടത്തുന്ന യാത്രയാണിതിലെ കഥാവസ്തു (ഉള്ളൂർ 1996: 16-17). ബദരികാശ്രമം, അയോദ്ധ്യാ, കാശി, മഹാരാഷ്ട്രം, കർണാടകം, ആന്ധ്ര, ശ്രീരംഗം തുടങ്ങിയ സ്ഥലങ്ങളിലൂടെയാണു യാത്ര കടന്നുപോവുന്നത് (സി.എം. നീലകണ്ഠൻ, 2002: 596). സമരപുംഗദീക്ഷിതന്റെ തീർത്ഥയാത്രാപ്രബന്ധചമ്പുവാണു മറ്റൊന്ന്. ഇതിലെ ആഖ്യാതാവ് കവിതന്നെയാണ്. അദ്ദേഹം സുഹൃത്തുമൊത്ത് ദക്ഷിണേന്ത്യയിലേയും ഉത്തരേന്ത്യയിലേയും തീർത്ഥാടനകേന്ദ്രങ്ങളിലൂടെ നടത്തുന്ന യാത്രയാണിതിന്റെ വിഷയം. കാഞ്ചി, പുരി, കേദാരം തുടങ്ങിയ സ്ഥലങ്ങളെ ഇതിൽ വർണിക്കുന്നുണ്ട് (സി.എം. നീലകണ്ഠൻ 2002: 595). കേരളാഭരണം എന്നൊരു ചമ്പുകൂടിയുണ്ട് ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതായി. ഒരു രാമചന്ദ്രദീക്ഷിതനാണു കവി. വിശ്വഗുണാദർശത്തിലെന്നപോലെ രണ്ടു വ്യോമചാരികൾ നടത്തുന്ന കേരളവർണനയാണിതിൽ (ഉള്ളൂർ 1996:171-8). പൊ. വ. 16-17 നൂറ്റാണ്ടുകളാണിവയുടെ കാലം.

സംസ്കൃതകൃതികളുടെ കാര്യമെടുത്താൽ ഇവയെല്ലാം ഒന്നിനൊന്നു കൃത്യമായി ആധുനികസഞ്ചാരസാഹിത്യത്തോടു ചേർന്നു നില്ക്കുന്നതല്ലെന്നു പറയണം[1]. ഇവയധികവും പണ്ഡിതന്മാരെ ലക്ഷ്യമിട്ടുള്ള രചനകളാണ്(scholarly texts). എന്നാൽ ഗാനാത്മകങ്ങളായ തമിഴ്കൃതികൾ ഏറക്കുറെ സാമാന്യരെ (commoners) യുദ്ദേശിച്ചുള്ളവയാണ്. ഇവിടെ നിന്നുകൊണ്ട് പ്രാചീന മണിപ്രവാളകൃതികളിലെ ദേശ-യാത്രാവിവരണങ്ങളിലേക്കൊന്നു കണ്ണോടിക്കാം.

### മണിപ്രവാളത്തിലേക്ക്

ദേശാന്തരഗമനവും സഞ്ചാരത്തിന്റെ വിവരണവും മണിപ്രവാളകൃതികളിലും കാണാം. ഒരു ദേശത്തെയും യാത്രികർ അവിടെ സന്ദർശിക്കുന്ന സ്ഥാനങ്ങളെയുംകുറിച്ച് പറയുന്ന കൃതികളാണ് ഉണ്ണിയച്ചീചരിതം, ഉണ്ണിയാടീചരിതം, ഉണ്ണിച്ചിരുതേവീചരിതം, അനന്തപുരവർണനം എന്നിവ. തിരുനെല്ലി, തൃശ്ശിലേരി തുടങ്ങി പരിമിതമായ ഒരു വയനാടൻ ഭൂഭാഗമാണിതിൽ വർണിതം. കായംകുളം നാട്ടുരാജ്യത്തിന്റെ ഏലുകകൾക്കകത്താണ് ഉണ്ണിയാടീചരിതത്തിന്റെ ആഖ്യാനം തിരിയുന്നത്. തെക്കേമലബാറിലെ ശുകപുരംഗ്രാമത്തിന്റെ പരിസരമാണ് ഉണ്ണിച്ചിരുതേവിയിലെ വർണനാപരിസരം. പദ്മനാഭസ്വാമിക്ഷേത്രത്തെ കേന്ദ്രമാക്കി തിരുവനന്തപുരം നഗരത്തെ അവതരിപ്പിക്കാനാണ് അനന്തപുരവർണനം ശ്രമിക്കുന്നത്. ഏറക്കുറെ സ്ഥലമാഹാത്മ്യവിവരണമാണിവ ചെയ്യുന്നത്. ആദ്യത്തെ മൂന്നെണ്ണത്തിൽ കവിഭാവന ചരിത്രത്തേക്കാൾ മുതിർന്നു നില്ക്കുമ്പോൾ നാലാമത്തേതിൽ രണ്ടും ഒപ്പത്തിനൊപ്പമെന്ന പ്രതീതിയുളവാകുന്നു. ചരിത്രദേശത്തിന്റെ ഭാവനാസ്വരൂപവും ഭാവനാദേശത്തിന്റെ ചരിത്രപരതയും ഇതിൽ ഇഴചേർന്നിരിക്കുന്നു.

ഇനി ശ്രദ്ധയാവശ്യപ്പെടുന്നത് രണ്ടു സന്ദേശകാവ്യങ്ങളാണ്. ഉണ്ണുനീലിസന്ദേശവും കോകസന്ദേശവുമാണവ. കൃതികളിലേക്കു കടക്കുന്നതിനു മുൻപ് എന്താണിവയിലെ ആഖ്യാനവിഷയങ്ങൾ എന്നന്വേഷിക്കേണ്ടതുണ്ട്. തിരുവനന്തപുരം മുതൽ കടുത്തുരുത്തിവരെയുള്ള മാർഗത്തിലെ പ്രമുഖസ്ഥലങ്ങളാണ് ആദ്യത്തേതിൽ വിവരിച്ചുപോവുന്നത്. രണ്ടാമത്തേത് തൃപ്രങ്ങോട്ടുമുതൽ ഇടപ്പള്ളിവരെയുള്ളതാണ്. എന്താണ് ഈ സ്ഥലങ്ങളുടെയും മാർഗത്തിന്റേയും പ്രാധാന്യം, പ്രത്യേകതകൾ? അതിലേക്കു കടക്കുന്നതിനുമുമ്പ് ഇക്കൃതികളിലെ ആഖ്യാനസ്ഥാനങ്ങളായ സ്ഥലവും മാർഗവും എന്താണെന്ന് സാങ്കേതികമായി ഒന്നു വിശകലനം ചെയ്യാം.

### സ്ഥലവും മാർഗവും

'സ്ഥല'ത്തിന്, ഭൂമിശാസ്ത്രപരമായ (grographical) സ്ഥലമെന്ന അർത്ഥത്തിലല്ല ചരിത്ര-സാംസ്കാരിക(historical-cultural) സ്ഥലമെന്ന അർത്ഥത്തിലാണ് ഇവിടെ പരിഗണന. ഇപ്പറയുന്ന 'സ്ഥലം' മനുഷ്യവ്യവഹാരങ്ങളില്ലാതെ വെറുതെ കിടക്കുന്ന കേവലഭൂമിശാസ്ത്രപരമായ ഒരു ചെറുഭൂഭാഗമല്ല (land). ഒരുസ്ഥലം രൂപപ്പെടുന്നത് അവിടത്തെ ജനജീവിതത്തെ, ജീവികാസമ്പാദനത്തിനുവേണ്ടിയുണ്ടാക്കുന്ന ഏർപ്പാടുകളെ,

അനുബന്ധവ്യവഹാരങ്ങളെ, ചുറ്റിപ്പറ്റിയാണ്. അങ്ങനെയെങ്കിൽ അവിടെ മേല്പറഞ്ഞ വ്യവഹാരങ്ങളുടെ നിരന്തരാവർത്തനത്തിനുള്ള ഏർപ്പാടുകൾ ഉണ്ടായിരിക്കും. അങ്ങനെ രൂപപ്പെട്ടുവരുന്ന ഒരു സ്ഥലത്തെ മറ്റൊരു സ്ഥലത്തിൽനിന്നു വേർതിരിക്കുന്നത് അതിന്റെ പേരുകൊണ്ടാണ്.

സ്ഥലവർണനകളെന്നു പറയുമ്പോൾ പൂർണമായും ഭൗതികമായ അസ്തിത്വമുള്ള സ്ഥലങ്ങളാവണമെന്നില്ല. സന്ദർഭത്തിനൊത്ത് സ്വർഗമോ അളകാപുരിയോ ഒക്കെ കവികൾ വർണിച്ചെന്നിരിക്കും. പക്ഷേ, സ്വന്തം നാടിന്റെ വിവരണമാവുമ്പോൾ അവയ്ക്കു ചരിത്രപരമായ അസ്തിത്വം ഉറപ്പ്. എന്നാൽ അതു കൃത്യമായി യാഥാർത്ഥ്യത്തെ അതുപോലെ ചിത്രീകരിക്കുന്നതാവില്ല. സാമ്യമൂലകസ്വഭാവമുള്ള വർണനകളിൽനിന്ന് അതിശയോക്തിയുടെ സകലസീമകളെയും കടന്ന് അതു മുന്നോട്ടുപോയെന്നുവരും. ഉദാഹരണത്തിന്, മണിപ്രവാളകൃതികളിലെ ഉണ്ണുനീലിസന്ദേശത്തിലെയോ കോകസന്ദേശത്തിലെയോ ഉണ്ണിയച്ചീചരിതാദി മിശ്രകാവ്യങ്ങളിലേയോ ഒരു നഗരവർണ്ണനയെടുക്കുക. നഗരത്തെ അടയാളപ്പെടുത്താൻ കവികൾക്ക് രണ്ടു തന്ത്രങ്ങളുണ്ട്. ഒന്നുകിൽ ഏതെങ്കിലും സങ്കല്പനഗരത്തോടു (അളക/ ഇന്ദ്രപുരി) തുല്യമെന്നോ അതിനെ അതിശയിപ്പിക്കുന്നതെന്നോ പറയും. അല്ലെങ്കിൽ അന്നത്തെ പെരുമയേറിയ, യഥാർത്ഥമായ, ഒരു നഗരത്തോടു താരതമ്യംചെയ്ത് മേന്മ പ്രഖ്യാപിക്കും.

1. നാണിക്കിന്റോളമരനഗരീം നാമമാത്രാവശേഷാം (കൊല്ലംവർണ്ണന, പൂ.സ., 69)
2. ചൂഴംവെക്കും പെരിയവിഭവം നോക്കിനാലുച്ചയോളം കോഴിക്കോടും പുനരതിനെടോ കൊല്ലവും തുല്യമല്ല (കരിയനാട്ടുചന്ത, പൂ.സ.125)
3. ഗന്ധർവനഗരാകാരം
   സിന്ധുസാഗരനിസ്വനം
   അളകാപുരിയോടൊത്തു
   വളർന്നു പൊലിയിന്റെടം (അനന്തപുരവർണനം, 41)

4 കോഴിക്കോടിവ മാനസമേതനരാധിപഗുപ്തം (ഉണ്ണിയാടീചരിതം, ഗദ്യം 12)

5. കൊല്ലവിഭ്രതീം കൊല്ലം വിഭവാ
   ന്നുറുമടങ്ങു കൊടുങ്ങല്ലൂരിലു-
   മേറെവിളങ്ങിന പങ്കുപയാതാ (തിരുമരുതൂർവർണന-ഉണ്ണിയച്ചീചരിതം, ഗദ്യം 4)

അളകയും ഇന്ദ്രപുരിയും സങ്കല്പമാത്രങ്ങളാണെന്നിരിക്കെ, ഇതെല്ലാം ഒന്നിനൊന്നു കൃത്യമായുള്ള വിവരണമല്ലെന്നു പ്രത്യേകം പറയേതില്ലല്ലോ.

ഇനി സ്ഥലനാമങ്ങളിലേക്കു വരാം. മുഖ്യമായും രണ്ടുതരത്തിലാണു സ്ഥലങ്ങളുടെ പേരുകൾ രൂപപ്പെടുക: ഒന്ന് ആ സ്ഥലങ്ങളുടെ ജൈവവൈവിധ്യങ്ങൾക്കനുസരിച്ച്, മറ്റൊന്ന് അവിടെ നടന്ന/നടന്നതായിപറയുന്ന ഏതെങ്കിലും ചരിത്രസംഭവങ്ങളുമായി ബന്ധപ്പെട്ട്. ഇതനുസരിച്ച് മണൽ നിറഞ്ഞ, ഇടയ്ക്കൊക്കെ വെള്ളംകയറുന്ന താഴ്ന്ന സ്ഥലം മണൽത്താഴമാവും. ധാരാളം തേക്കുകൾ നില്ക്കുന്ന/നിന്നിരുന്നസ്ഥലം തേക്കിൻകാടും കൈത വളർന്നു നില്ക്കുന്ന താഴ്ന്നപ്രദേശം കൈതപ്പൊയിലുമാവും. കുറുക്കന്മാർ വസിച്ചിരുന്ന പ്രദേശം കുറുക്കൻകുന്നോ നരി (കടുവ) കൾ ധാരാളമുള്ള മല നരിനിരങ്ങിയോ ആവാം. ഏതെങ്കിലും കാലത്ത് പടമുട്ടലുായ സ്ഥലം പടപ്പറമ്പും പുതിയതായി ഒരങ്ങാടി വന്നസ്ഥലം പുതിയങ്ങാടിയും ആവും.[2] കോട്ട നിന്നിരുന്ന സ്ഥലം കോട്ടപ്പറമ്പും കോട്ടയ്ക്കടുത്തുള്ള സ്ഥലം കോട്ടയ്ക്കലും ആവുന്നതും അങ്ങനെയാണ്.

ഭരണകൂടത്തിന്റെ ഇടപെടലിലൂടെ ഒരു സ്ഥലത്തിനു പേരുണ്ടാവുന്നതും കാണാം. പാർത്ഥിവപുരം പട്ടയത്തിൽ അങ്ങനെയൊരു ഭാഗമുള്ളതു നോക്കുക:

> ...സ്വസ്തിശ്രീ. കോക്കരുനന്തടക്കനുക്കു യാണ്ടു ഒൻപതു നാൾപതിനഞ്ചു. ഇന്നാളാൽ മുടാലനാട്ടുപ്പചുങ്കുളത്തുപ്പട്ടുനിലത്തിൽ മുൻചിറെച്ചവൈയാരുടെയ ഉഴക്കുടി (വി) ളൈ എന്ന നിലം ഇവകളുക്കു അടിക്കടി നിലങ്കുടുത്തു മാറിക്കൊണ്ടു ഇന്നിലം പിടിചൂഴ്ന്തു ശ്രീകോയിൽ എടുത്തു വിഷ്ണുഭട്ടാരകരൈ പ്രതിഷ്ഠൈ ചെയ്തു പാർത്ഥിവശേഖരപുരം എന്റു പേരിട്ടു കാന്തളൂർ മരിയാദിയാല് തൊണ്ണൂറ്റിഐവർ ചട്ടർക്കു ചാലൈയുഞ്ചെയ്താൻ ശ്രീ കോക്കരുനന്തടക്കൻ...
>
> (സ്വസ്തി ശ്രീ. രാജാവു കരുനന്തടക്കനു ഭരണവർഷം ഒൻപതു, പതിനഞ്ചു ദിവസം. ഈദിവസം മുടാലനാട്ടു പചുങ്കുളത്തുപെട്ട നിലത്തിൽ മുഞ്ചിറസഭയാരുടെവക ഉഴക്കുടിവിളൈ എന്ന സ്ഥലം ഇവർക്ക് അടിക്കടി നിലം വേറെ കൊടുത്ത് മാറിവാങ്ങി പിടിയാനയെ നടത്തി അതിർത്തി നിശ്ചയിച്ച് ശ്രീകോവിൽ പണിയിച്ച് വിഷ്ണുഭട്ടാരകരെ പ്രതിഷ്ഠിച്ച് പാർത്ഥിവശേഖരപുരമെന്നു പേരിട്ട് കാന്തളൂർ വ്യവസ്ഥയിൽ തൊണ്ണൂറ്റിയഞ്ചു ബ്രാഹ്മണവിദ്യാർത്ഥികൾക്കു (താമസിച്ചു പഠിക്കാനുള്ള) ശാലയും ചെയ്തുകൊടുത്തു (പൂതുശ്ശേരി രാമചന്ദ്രൻ, 2007:

115). ഇവിടെ പചുങ്കുളത്തെ ഒരു നിലത്തിന്–ചുങ്കുളത്തുപ്പട്ടുനിലം–പുതിയ പേരു കൊടുക്കുകയാണ്. അതിനു നിലവിൽ പ്രത്യേകിച്ചെന്തെങ്കിലും പേരുള്ളതായി പറയുന്നില്ല. നാമകരണത്തിന്റെ പിന്നിൽ പാർത്ഥിവൻ (രാജാവ്) ആയതുകൊണ്ടാണു പാർത്ഥിവശേഖരപുരമെന്ന പേരു കൊടുത്തത്.

### സ്ഥലവർണ്ണന

ഏതുവിവരണത്തിലും യാത്രചെയ്യുന്ന ഭൗമപ്രതലത്തിന്റെ സ്വഭാവവും അവിടത്തെ പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ പ്രത്യേകതകളും ചർച്ചാവിഷയമാവും. ഈ പ്രത്യേകതകളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന പഠനമേഖലയാണു ടോപോഗ്രഫി (topography).[3] സ്ഥലചിത്രണമെന്നു സാമാന്യമായി പറയാം. പ്രാചീന ഗ്രീസിലും റോമിലും രൂപപ്പെടുകയും അതതുകാലത്തെ സാങ്കേതികവിദ്യകളുടെ സഹായത്തോടെ വൻതോതിലുള്ള സർവേകളിലേക്കും ഭൗമപഠനങ്ങളിലേക്കും നീങ്ങുകയുംചെയ്ത ഒന്നാണിത്. ഇതിന്റെ അടിസ്ഥാനസ്വഭാവം അതാതിടങ്ങളുടെ ദ്വിമാന-ത്രിമാനതലങ്ങളിലുള്ള, പരമാവധി സൂക്ഷ്മമായ, ചിത്രണമാണ്. അതതു പ്രദേശങ്ങളിൽ സഞ്ചരിച്ചു നേരിട്ടു നടത്തുന്ന സർവേ വഴിയോ ഉപഗ്രഹങ്ങളുപയോഗിച്ചുള്ള വിദൂരചിത്രണം വഴിയോ ആണ് ടോപോഗ്രഫിക്കൽ ദത്തങ്ങൾ ശേഖരിക്കുക. വേറേയും മാർഗങ്ങളുണ്ടാവാം.

ശാസ്ത്രത്തിൽനിന്നു സാഹിത്യകൃതികളിലേക്കു കടന്നാൽ, എഴുത്തുകാർ നടത്തുന്ന സ്ഥലാവിഷ്കാരങ്ങളും ഒരു തരം ടോപോഗ്രഫിക്കൽ ചിത്രണങ്ങളാണ്. യാത്രാവിവരണമെഴുതുന്ന ആരും തന്റെ കാഴ്ചസ്ഥാനത്തുനിന്നു കാണുന്ന വിധത്തിലും താൻ കൊടുക്കുന്ന പ്രാധാന്യത്തിനനുസരിച്ചുമായിരിക്കും അതു ചെയ്യുക. അതായത്, ചില തെരഞ്ഞെടുപ്പുകൾ ഉണ്ടാവുമെന്നർത്ഥം. അങ്ങനെ നോക്കുമ്പോൾ, യാത്രാകാവ്യങ്ങളിൽ കവിക്കു ബോധ്യമുള്ള ഘനമാനത്തിനായിരിക്കും (dimension) വിവരണത്തിൽ പ്രാധാന്യമെന്നുമാത്രം. ഉണ്ണുനീലിസന്ദേശത്തിലെയോ കോകസന്ദേശത്തിലെയോ ഉണ്ണിയച്ചീചരിതാദി മിശ്രകാവ്യങ്ങളിലേയോ സ്ഥലമാർഗവർണനകൾ തരുന്നത് അങ്ങനെയൊരു പ്രതീതിയാണ്. ഇങ്ങനെ രൂപപ്പെട്ടു വരുന്ന സ്ഥലങ്ങളെ സാമ്പത്തിക-സാമൂഹികവ്യവഹാരങ്ങൾക്കായി ഒന്നിനൊന്നു കണ്ണിചേർക്കുന്ന പാതകളെ–വഴികളെ–യാണ് മാർഗ്ഗങ്ങളെന്നു വിളിക്കുന്നത്. ഇവയിലൂടെയാണ് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ആളും കോളും നീങ്ങുക. ഇവയിലെ സൗകര്യങ്ങളോ അസൗകര്യങ്ങളോ

വിവരണത്തിലുണ്ടാവും. ചിലപ്പോൾ ഒരു സ്ഥലത്തുനിന്നു പുറപ്പെട്ട് എത്ര സമയം കഴിയുമ്പോഴാണ് മറ്റൊരിടത്തെത്തുക എന്ന സൂചനയുമുണ്ടാവും. ഇങ്ങനെയുള്ള മാർഗങ്ങളാണ് പ്രാചീന മണിപ്രവാളകൃതികളിലും മുൻപറഞ്ഞ പത്തുപ്പാട്ടുപോലെയുള്ള തമിഴ്കാവ്യങ്ങളിലും വിവരിക്കുന്നത്. ഇനി ഉണ്ണുനീലിസന്ദേശത്തിലെ മാർഗവർണ്ണനയിലേക്കു കടക്കാം.

സിന്ധുദ്വീപംപ്രതി

തിരുവനന്തപുരംമുതൽ കടുത്തുരുത്തിവരെയുള്ള മാർഗ്ഗമാണ് ഉണ്ണുനീലി സന്ദേശത്തിൽ വിവരിക്കുന്നത്. പദ്മനാഭസ്വാമിക്ഷേത്രം മുതൽ കടുത്തുരുത്തിവരെ സന്ദേശഹരൻ കടന്നുപോവുന്ന പത്തൊൻപതു ക്ഷേത്രങ്ങളും അഞ്ചു നദികളും രണ്ടു പൊഴികളും വിവരിക്കുന്നു. എട്ടു കൊട്ടാരങ്ങൾ, അഞ്ചു ചന്തകൾ, രണ്ടുതുറമുഖങ്ങൾ എന്നിവയും കവിയുടെ വിവരണപരിധിയിലുണ്ട്. പാൽക്കുളങ്ങര ദേവീക്ഷേത്രം, തൃപ്പാപ്പൂർ ശിവക്ഷേത്രം, വർക്കല ജനാർദ്ദനക്ഷേത്രം, ചിറക്കര ഭദ്രകാളീക്ഷേത്രം, മൂരിത്തിട്ടഗണപതിക്ഷേത്രം, ആദിച്ചപുരം ക്ഷേത്രം, പന്മനക്ഷേത്രം, കായംകുളത്തിനടുത്തുള്ള രണ്ടുവിഷ്ണുക്ഷേത്രങ്ങൾ, കണ്ടിയൂർ ശിവക്ഷേത്രം, പേരുപറയാൻ വയ്യാത്ത ശിവക്ഷേത്രം, പനയനാർ കാവ്, കടപ്രഭഗവതീക്ഷേത്രം, തിരുവല്ല ക്ഷേത്രം, തൃക്കൊടിത്താനം ക്ഷേത്രം, മണികണ്ഠപുരം ക്ഷേത്രം, ഏറ്റുമാനൂർ ശിവക്ഷേത്രം, കോന്തപുരം ക്ഷേത്രം, കടുത്തുരുത്തി തളിയിൽ ക്ഷേത്രം എന്നിവയാണു പരാമൃഷ്ടങ്ങൾ.

ഇത്തിക്കരയാറ്, അച്ചൻകോവിലാറ്, പമ്പ, മണിമലയാറ്, മീനച്ചിലാറ് എന്നീ നദികളും, മുതലപ്പൊഴി, നീണ്ടകരപ്പൊഴി എന്നീ പൊഴികളും മാർഗവർണ്ണനയിൽ കടന്നുവരുന്നു. പുത്തിടം-മുച്ചന്തിക്കൽ ചന്തകളുടെ വിശദമായ വിവരണങ്ങളുണ്ട്. കായങ്കുളവും കരിയനാട്ടും ശ്രീപർവതവും പരാമർശങ്ങളിലൊതുങ്ങുന്നു. അതിപ്രസിദ്ധമായ,

ചൊങ്കം ചമ്പ്രാണിയുമുടനുടൻ വന്ന ചോണാടനുംകൊ-
ണ്ടാക്രാമന്തീ ജലധിമഖിലം നിന്നുടേ കീർത്തിപോലേ,
പൊന്മാടാനാം മണിമകുടമാം നാവുകൈച്ചിലാക്കി
കൂടെക്കൂടെക്കടലിൽ മുഴകിച്ചംബുജാൻ ഖേദയന്തീ (പൂ.സ; 70)

എന്ന ശ്ലോകത്തിൽ കൊല്ലം തുറമുഖത്തിന്റെ ഒരു ഹ്രസ്വചിത്രമുണ്ട്. അവിടത്തെ വ്യവഹാരങ്ങളുമായി ഒരു പരിചയവുമില്ലാത്തവർക്ക് 'ഉടനുടൻവന്ന ചോണാടനു'മെന്നത് ഗ്രഹിക്കാൻ വിഷമമാവും. ചൊങ്ക്, ചമ്പ്രാണി ഇവ ചീനക്കപ്പലുകളും ചോണാടൻ ചോളനാട്ടുകാരുടെ യാനങ്ങളുമാണ്.

ചോളർ തെരുതെരെ വന്നുംപോയുമിരിക്കും. കാവേരീതടത്തിൽനിന്നുള്ള ഉൽപന്നങ്ങളുമായി വരുന്നവരാണവർ. വൻകരകൾ താണ്ടുന്നവയാവട്ടെ, കാറ്റും കോളും കാലാവസ്ഥയുമനുസരിച്ചേ പായ് നിവർത്തൂ. അക്കഥ നില്ക്കട്ടെ. നമുക്ക് യാത്രികനായ ആദിത്യവർമയുമൊത്ത് അനന്തപുരത്തുനിന്നു കടുത്തുരുത്തിയിലേക്കുള്ള വഴി നീങ്ങാം.

പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ പരിസരമാണ് ആദ്യം. സന്ദേശഹരനായ ആദിത്യവർമ ക്ഷേത്രത്തിലെത്തി ദേവതാവന്ദനം നടത്തുന്നു എന്നാണല്ലോ സങ്കല്പം. അവിടത്തെ പ്രമുഖ ദേവതാസ്ഥാനങ്ങളെ അവയുടെ പ്രാധാന്യമനുസരിച്ച് ക്രമത്തിൽ വിവരിക്കുന്നുണ്ട്. അതുകഴിഞ്ഞ് പടിഞ്ഞാറേ ഗോപുരംവഴി പുറത്തിറങ്ങി പാൽക്കുളങ്ങരയ്ക്കും സമുദ്രതീരത്തേക്കും പോവാനാണ് കവി ആവശ്യപ്പെടുന്നത്. അവിടെനിന്ന് തൃപ്പാപ്പൂർ ശിവക്ഷേത്രത്തിലേക്കും. പാൽക്കുളങ്ങരനിന്നു ശിവക്ഷേത്രത്തിലേക്കുള്ള വഴിയുടേയോ ക്ഷേത്രപരിസരത്തിന്റേയോ സൂക്ഷ്മമായ വർണനകളൊന്നുമില്ല. തൃപ്പാപ്പൂരിൽനിന്നു മുതലപ്പൊഴികടന്നു പുത്തിടം അങ്ങാടിയിലേക്കു കയറുന്നു. അവിടെ വില്ക്കാനും വാങ്ങാനുമെത്തിയവരുടെ ഭാഷണങ്ങളേയുള്ളൂ; വില്പനച്ചരക്കുകളുടെ വിവരണമില്ല. തുടർന്നു വർക്കല ജനാർദ്ദനക്ഷേത്രത്തിലേക്കാണ്. വഴിക്ക് ദേവീക്ഷേത്രത്തിലും വന്ദിച്ചശേഷം കൊല്ലത്തേക്കു ചെല്ലാമെന്നാണു കവിവാക്യം. മൂന്നുശ്ലോകങ്ങളിൽ കൊല്ലത്തെ വർണിക്കുന്നു. കൊല്ലത്തുനിന്ന് കരിപ്പൂക്കളം, പന്മന, കായങ്കുളം, കണ്ടിയൂർ, പനയനാർകാവ്, ചിറവ, തിരുവല്ല, കരിയനാട്, തൃക്കൊടിത്താനം, മണികണ്ഠപുരം, ഏറ്റുമാനൂർ പ്രദേശങ്ങൾ കടന്ന് കടുത്തുരുത്തിയിൽ യാത്ര അവസാനിക്കുന്നു.

ഓരോ സ്ഥലത്തെയും വർണിക്കുന്നത് അതതുസ്ഥലങ്ങളുടെ ഏതെങ്കിലും ഒന്നോ രണ്ടോ പ്രത്യേകതകളിലൂന്നിയാണ്. രാജസ്ഥാനമാണെങ്കിൽ അവിടത്തെ പ്രൗഢിയോ സന്ദേശഹരന് അതുമായുള്ള ബന്ധമോ ആയിരിക്കും പരാമൃഷ്ടം. ദേവതാസങ്കേതമാണെങ്കിൽ ദേവസാന്നിധ്യംകൊണ്ടു മഹത്വപ്പെട്ട ഒന്നായിട്ടു വിവരിക്കും. പ്രകൃതിഭംഗിനിറഞ്ഞ സ്ഥലമാണെങ്കിൽ ആ നിലയ്ക്കും വർണിക്കും.

സാധാരണയായി ഒരു യാത്രയുടെ വിവരണമെഴുതുന്നവർ ഒരല്പം സൗന്ദര്യദിദൃക്ഷുക്കളായിരിക്കും. കവിത്വംകൂടിയുണ്ടെങ്കിൽ പറയുകയും വേണ്ട. എന്നാൽ പ്രകൃതിഭംഗി പരാമർശിക്കുന്ന മൂന്ന്, ഏറിയാൽ നാലു ശ്ലോകങ്ങളേ ഉണ്ണുനീലിസന്ദേശത്തിലുള്ളൂ. അവയിലേറ്റവും മനോഹരമായത്,

മെത്തും മത്തഭ്രമരമുഖരാം മത്തമാർ പോർമുലത്തൊ-
ത്തൊത്തിന്റോമൽക്കളഭകളിയിൽപ്പൊങ്ങുമംഭോരുഹാഢ്യാം
തത്തിത്തത്തിച്ചെറുതിരകളിൽച്ചേർന്ന മുക്താകലാപാം
കൊത്തിക്കൊത്തിക്കുരുകൂ പെരികെച്ചേർന്ന തീരാഭിരാമാം

(പൂ. സ.; 120)

(മദിച്ച വണ്ടുകളെക്കൊണ്ട് വർദ്ധിച്ച ശബ്ദത്തോടുകൂടിയതും കുട്ടിയാനകളുടെ കളിയിൽ പൊങ്ങിവരുന്നവയും മദിച്ച സ്ത്രീകളുടെ പോർമുലത്തൊത്തിനോടൊക്കുന്നവയുമായ താമരകളാൽ ഉൽകൃഷ്ടവും നരചേർന്ന ഓളങ്ങളാൽ ചാഞ്ചാടുന്നതും തീറ്റകൊത്തുന്ന അന്നങ്ങൾ ധാരാളമുള്ള തീരത്തോടുകൂടിയതുമായ) നദി എന്നു മണിമലയാറിനെ വർണിക്കുന്ന ശ്ലോകമാണ്.

മാർഗ്ഗവർണ്ണനയിലെ പല ശ്ലോകങ്ങളും, ഭാഷയിലെയും സംസ്കൃതത്തിലെയും സ്ഥലമാഹാത്മ്യരചനകളുടെ ഛായയിലുള്ളവയാണ്. ഇത്തരം സന്ദർഭങ്ങളിൽ ഉള്ളകാര്യം പറയുന്ന പതിവില്ല. അതിശയോക്തിയാണ് ആഖ്യാനത്തിന്റെ മുഖ്യചാലകം. ഏഷാ ഭൂഷാമണിരിവ...(പൂ.സ. 69-71) എന്നുതുടങ്ങുന്ന കൊല്ലംവർണ്ണനയൊന്നു നോക്കു. നഗരരക്ഷയും ഭരണസ്ഥിരതയും സമൃദ്ധിയും വ്യക്തം. ചന്ദ്രനിൽ മുട്ടുന്ന പൊൻമാടങ്ങളെന്നുപറഞ്ഞാൽ പിന്നെന്തുവേണം? അമരനഗരിയെ നാണിപ്പിക്കുന്നതത്രേ കൊല്ലത്തിന്റെ പെരുമ. കൊല്ലംകണ്ടാൽ ഇല്ലംവേണ്ട എന്ന പഴമൊഴിയുടെ വല്ല സ്പർശവും ഇതിലുണ്ടോ? അറിഞ്ഞുകൂടാ. ഈ നഗരസമൃദ്ധിയിലേക്കാണു കടലോടിയെത്തിയ ചൊങ്കം ചമ്പ്രാണിയും ചോണാടനും വന്നു നങ്കൂരമിടുന്നത്. സ്വാഭാവികമായും ഇതിന്റെ നികുതി, 'തുറ' എന്ന രാജഭോഗം, വൻതോതിൽ കുമിഞ്ഞുകൂടിയിരിക്കണം.[4] ആദിത്യവർമ്മ കരിപ്പൂക്കളം കൊട്ടാരത്തിലെത്തിയതറിഞ്ഞാൽ നാവികന്മാർ കാഴ്ചദ്രവ്യങ്ങളുമായി ചുഴന്നുകൂടുമെന്ന പ്രസ്താവനയും (പൂ.സ: 79) കച്ചവടം വഴി ഭണ്ഡാരത്തിലേയ്ക്കുള്ള ധനാഗമം സൂചിപ്പിക്കുന്നു.

യാത്രയിൽ കാല-സമയസംബന്ധികളായ വിവരങ്ങൾ പ്രധാനമാണ്. അതുകൊണ്ട് ആദിത്യവർമയുടെ അമൃതേത്ത്(61), സന്ധ്യാവന്ദനം, അത്താഴം തുടങ്ങിയവ (89) സൂചിതങ്ങളാവും.

പിറ്റേദിവസം സായാഹ്നത്തോടെ ഓടനാട്ടെത്തുമ്പോൾ അവിടത്തെ താമസവും ഇരവിവർമനുമൊന്നിച്ചുള്ള 'ഡിന്നറും' കവി പരാമർശിക്കുന്നതു കാണാം. തിരുവഞ്ചിപ്പുഴ കഴിഞ്ഞ് കടുത്തുരുത്തിയിലെത്തുന്നത് വളരെ പെട്ടെന്നാണ്. എന്നാൽ, തൊണ്ണൂറ്റേഴാം ശ്ലോകത്തിൽ ആദിത്യവർമയെ

ഓടനാട്ടെത്തിച്ച കവി നൂറ്റിപ്പന്ത്രണ്ടാംശ്ലോകത്തിലെ അവിടെനിന്നു യാത്ര യാക്കുന്നുള്ളൂവെന്നതു ശ്രദ്ധിക്കുക. ഓരോ പ്രദേശത്തെയും വിവരിക്കാൻ എത്ര ആഖ്യാനസ്ഥലം (ശ്ലോകങ്ങൾ) ഉപയോഗിക്കുന്നുവെന്നുള്ളത് അവയ്ക്ക് അക്കാലത്തുായിരുന്ന രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികപ്രാധാന്യത്തെ യായിരിക്കണം കുറിക്കുന്നത്.

അങ്ങാടികളുടെ വിവരണം വളരെ സൂക്ഷ്മമാണ്. വിൽക്കാൻവെ ച്ചിരിക്കുന്ന ചട്ടിയും കലവും മുതൽ മരുന്നുകളും വസ്ത്രങ്ങളുംവരെ സാധാ രണക്കാർക്കുവേണ്ട സമസ്തവസ്തുക്കളും അവിടങ്ങളിലുണ്ടാവും. സവിശേ ഷവസ്തുക്കളായി ആഭരണങ്ങളും രത്നങ്ങളും പട്ടുകളും കണ്ടെന്നുവരും. പലതരം നാണയങ്ങളുടെ വിനിമയവും പരാമൃഷ്ടങ്ങളാവുന്നുണ്ട്. വലിയ അങ്ങാടികൾ തെരുവുകളായി ക്രമീകരിച്ചിരുന്നുവെന്ന് അനന്തപുരവർണ നത്തിൽനിന്നറിയാം. അവിടെ കുറുന്തെരുവും (ശ്ലോ. 67) നാണയവാണിയം നടക്കുന്ന തെരുവും (69) മീൻ വിൽക്കുന്ന തെരുവും (82) പ്രത്യേകം പറയുന്നതു നോക്കുക.

മീൻപിടിത്തക്കാരുടെയോ മീൻപിടിക്കുന്നതിന്റെയോ വിവരണങ്ങ ളില്ലെങ്കിലും പലതരം മീനുകൾ വില്പനയ്ക്കുണ്ടെന്നു കവി പറയും. പലതരം ആവാസവ്യവസ്ഥകളിൽ-ചതുപ്പുകൾ, കായലുകൾ, കടൽ, ശുദ്ധജലാശ യങ്ങൾ-നിന്നുള്ള മീനുകളാണിവ. ശംഖ്, മുത്ത് ഇത്യാദി കടലുല്പന്നങ്ങളും വിനിമയത്തിനുണ്ടെന്ന് അങ്ങാടികൾ വിളിച്ചുപറയുന്നു. മധ്യകാലത്ത് മൽസ്യബന്ധനം എത്രവ്യാപകമായിരുന്നുവെന്നതിന് വേറെ തെളിവുകൾ ആവശ്യമില്ല.

കോവിലകങ്ങളും മാടമ്പിഭവനങ്ങളും കഴിഞ്ഞാൽ നടക്കാവുകൾ ചിറകൾ പാലം തുടങ്ങിയവയാണു പരാമൃഷ്ടങ്ങൾ. കാട്ടുപാത നടക്കാവാകു ന്നതും പുഴയ്ക്കുമേൽ പാലം വരുന്നതും അക്കാലത്തെ പൊതുമരാമത്തുപണി കളുടെ ഫലമാണ് (രാഘവവാരിയർ, രാജൻഗുരുക്കൾ 1999: 230-31). യാത്ര സുഗമമാക്കുക എന്നതുതന്നെയാണു ലക്ഷ്യം. അതതു നാട്ടുകളിലെ ഭരണാധി കാരികളാണ് ഇതിന്റെയൊക്കെ നടത്തിപ്പുകാർ. ഇവയുടെ ചെലവാകട്ടെ, വഴിച്ചുങ്കമായും ജലനികുതിയായും ഭണ്ഡാരത്തിലേക്കു തിരിച്ചെത്തുകയും ചെയ്യും. അതുകൊണ്ടാണല്ലോ ചുങ്കപ്പാതകളുടെയോ അങ്ങാടികളുടെയോ നിയന്ത്രണങ്ങൾക്കുവേണ്ടി 15-16 നൂറ്റാണ്ടുകളിൽ നാട്ടധികാരികൾ പടകൂ ട്ടിയിരുന്നത്. കോതനല്ലൂർ കഴിഞ്ഞുള്ള പുതിയ (കുറുക്കു)വഴി വെട്ടിച്ചത് വടക്കുംകൂറധിപനാണ് എന്ന സന്ദേശകാരന്റെയൊരു പ്രസ്താവമില്ലേ (പൂ.

സ. ശ്ലോ. 136). ഇതു കുറുക്കുവഴിയാണെന്ന പരാമർശത്തിന് ഏറെ പ്രാധാന്യമുണ്ട്. കൃത്യമായ മാർഗനിർദ്ദേശംതന്നെയാണിത്. സ്വാഭാവികമായും എളുപ്പവഴികളാണല്ലോ യാത്രക്കാരും വർത്തകസംഘങ്ങളും സ്വീകരിക്കുക. വഴിക്കുമേൽ വടക്കുംകൂറിനുള്ള അധികാരം സൂചിപ്പിക്കലും ഇവിടെ ലക്ഷ്യമാണെന്നുറപ്പിക്കാം. കാട്ടുപാത നടക്കാവാകുന്നതും പുഴയ്ക്കുമേൽ പാലം വരുന്നതുമെല്ലാം അക്കാലത്തെ പൊതുമരാമത്തുപണികളാണെന്നു രാഘവവാരിയരും രാജൻഗുരുക്കളുംപറയുന്നതു നോക്കുക (1999: 230-31). നാട്ടുകോയ്മകളാണ് ഈ മാറ്റങ്ങൾക്കു പിന്നിൽ. ഇത്തരം പരാമർശങ്ങൾ പഴന്തമിഴ്പ്പാട്ടുകളിലുമുണ്ട്. പതിറ്റുപ്പത്തിൽ, കുമട്ടൂർ കണ്ണനാർ, ഇമയവരമ്പൻ ചേരലാതനെപ്പറ്റി പാടുന്ന മൂന്നാം പാട്ട് ഈ വഴിക്കുള്ളതാണ്. പെരുമാൾ ഭരണം കയ്യേറ്റതോടെ വൻകാടുകൾ ജനവാസസ്ഥാനങ്ങളായതും പെരുവഴികളിൽ കള്ളന്മാരുടെ ശല്യമൊഴിഞ്ഞതും കവി പുകഴ്ത്തുന്നുണ്ട്. ചേരൻ വെന്ന ശത്രുദേശങ്ങൾ കാടുകയറി മുടിയുന്നതും കൂട്ടത്തിൽ പറയും (വൈദ്യനാഥയ്യർ, 1961: 11-12).

### ബഹുഭാഷാസന്ദർഭങ്ങൾ

അങ്ങാടിച്ചരക്കുകളോടൊപ്പം അങ്ങാടിഭാഷണത്തെയും മുൻപഠനങ്ങൾ വിട്ടുകളഞ്ഞു. ഇവയുടെ അർത്ഥം മനസ്സിലാവുന്നില്ലെന്നായിരുന്നു പരാതി. ഇതിൽ പലതും പരദേശിമൊഴികളാണെന്നു മനസ്സിലാക്കിയാൽ അർത്ഥം തിരിഞ്ഞുകിട്ടും. ഏതർത്ഥം? ഇവ അർത്ഥഗ്രഹണമെന്ന സാമാന്യഭാഷാധർമ്മം നിർവഹിക്കാനുള്ളതല്ല, മറിച്ച് കേരളഭാഷയെ വേർതിരിച്ചുകാണിക്കാനുള്ളതാണെന്ന സാംസ്കാരികാർത്ഥം തന്നെ.

.... മായസ്സോദീ മലഹസകണക്കുണ്ടുകോർജ്ജിട്ടകൈനേ
തുമ്മസ്സംഘേ മുസരമദഹ്ഹം കിനേ സാക്കുതാകാ - (65)

... ചിക്കിണിസ്സോ ദുഹനുശിതിയോ പാരിതായാരെയേയോ
കുക്കോകുജ്ജി കുളിരികുനിയസ്സമ്മിതുഫേമഭണാഹ - (85)

തുടങ്ങിയ ശ്ലോകഭാഗങ്ങൾ കേരളഭാഷയെയും ഇതരഭാഷകളെയും വ്യാവർത്തിപ്പിച്ചുകാണിക്കാൻ കവി നടത്തുന്ന കസർത്താണെന്നു മനസ്സിലാക്കാൻ വിഷമമില്ല. ഇത്രയും നേരം നല്ല മണിപ്രവാളത്തിൽ പറഞ്ഞകവിക്ക് ഇവരുടെ ഭാഷണങ്ങളും അങ്ങനെതന്നെ ആവിഷ്കരിക്കാമായിരുന്നില്ലേ? അതിനേക്കാൾ വിശ്വാസ്യത ഇതിനുതന്നെയാണ്. അതായത്, ഭാഷയെ മുൻനിർത്തി സ്വത്വ/സ്വത്വാപരവ്യാവർത്തനം സാധിക്കുന്ന പ്രകരണമാണ്

ഇതെന്നർത്ഥം. അതുകൊണ്ട് ഇവയെ വിട്ടുകളഞ്ഞുകൂടാ.

അങ്ങാടികളിലൂടെയുള്ള സഞ്ചാരത്തിന്നിടയിൽ ഏറെ കൗതുകത്തോടെയാണ് കവികൾ ഇക്കൂട്ടരെപ്പറ്റി പറയുക. അനന്തപുരത്തങ്ങാടിയിലും കായങ്കുളത്തും പുത്തിടം-മുച്ചന്തിക്കൽ അങ്ങാടികളിലും പരദേശവണിക്കുകളുടെ സാന്നിധ്യമുണ്ട്. ആദ്യത്തെ രണ്ടിടത്തും കവിവാക്യമായിട്ടാണ് അവരുടെ സാന്നിധ്യം തെളിയുന്നത്. തുടർന്നുള്ള രണ്ടിടത്തും അവരെ അടയാളപ്പെടുത്തുന്നത് തന്മൊഴികൾകൊണ്ട്തന്നെയാണ്. വേഷ-ഭാഷാചാരാദികളുടെ വ്യത്യാസത്തെ മുൻനിർത്തി മലയാളി അവരെ വകഞ്ഞുവെക്കുന്നു. തുലിംഗർ, ഗൗഡർ, കലിംഗർ, കുടകർ, മാണ്ഡകർ, ചോഴർ, പാണ്ടിക്കാർ, ചോനകർ തുടങ്ങിയവരെ പരദേശികളായി അനന്തപുരവർണനത്തിലും വിവരിക്കുന്നതു നോക്കുക.[5] യാത്രികർ പൊതുവേ അന്യസംസ്കാരങ്ങളെ പ്രത്യേകം ചൂണ്ടിക്കാണിക്കാറുണ്ട്. സ്വന്തം കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ അവയുടെ സാന്നിധ്യം വിചിത്രവും കൗതുകകരമാവുമല്ലോ. ഈ യാത്രകളില്ലായിരുന്നുവെങ്കിൽ മധ്യകാലകേരളത്തിലെ പരദേശികളെക്കുറിച്ചുള്ള വിവരങ്ങൾ ദുർലഭമാകുമായിരുന്നു എന്നുകൂടി ഓർക്കുക.

അങ്ങാടികളിൽ ഏറെയും സാധാരണക്കാരുടെ ബഹളങ്ങളാണ്. പരദേശികളും സ്വദേശികളുമായ വണിക്കുകളും സാധനങ്ങൾ വാങ്ങാനെത്തിയവരുമാണ് അവിടെ ശബ്ദചിത്രങ്ങളായി തെളിയുന്നത്. കേരളബ്രാഹ്മണരുടെ കോലാഹലങ്ങൾ ഇവിടങ്ങളിലില്ല. മണികണ്ഠപുരംക്ഷേത്രത്തിലെത്തിയാൽ അതും കേൾക്കാം. അവിടെ ബ്രാഹ്മണസദ്യയ്ക്കുള്ള ഏർപ്പാടുകളുണ്ടായിരുന്നു (പൂ.സ: 129-30). അവിടത്തെ ആൾക്കൂട്ടം അതിന്റെ സൂചകമാണ്. കീഴ്വഴക്കങ്ങളുടെയും ലംഘനങ്ങളുടെയും കോലാഹലങ്ങളാണ് അവിടെ കേൾക്കുന്നത്. ഓത്തുള്ളേടവും ഓത്തുപഠിച്ചിടത്തോളവുമറിഞ്ഞ്, പകർന്നേടവും വേട്ടേടവുമറിഞ്ഞ്, സദ്യയ്ക്കെത്തിയവരെ, പന്തിക്കു ചേർന്നവരാണോ എന്നുറപ്പിക്കുന്നത് നമ്പൂതിരിമാരുടെ പതിവായിരുന്നു. തുളുവർക്കും സദ്യയിൽ തെറ്റില്ലാത്ത പങ്ക്. പക്ഷേ, പദവി കിഴിഞ്ഞതുതന്നെ.

മേഘസന്ദേശത്തോടു താരതമ്യംചെയ്ത്, ഉണ്ണുനീലിസന്ദേശത്തിലെ മാർഗ്ഗവർണ്ണന ശുഷ്കമാണെന്നു പറയുന്ന പണ്ഡിതന്മാരുണ്ട്. ഈ ശുദ്ധസാഹിത്യവാദികൾ സന്ദേശത്തിലെ അങ്ങാടിവർണ്ണനവും മാർഗ്ഗവർണ്ണനവും അനുചിതമെന്നു കരുതുന്നു. കണ്ടചന്തകളും വഴികളും രാജധാനികളും ക്ഷേത്രങ്ങളും വർണ്ണിച്ച് സന്ദേശകാവ്യത്തിന്റെ ജീവരസമായ വിപ്രലംഭശൃംഗാരത്തെ ഉണ്ണുനീലിസന്ദേശകാരൻ ആട്ടിപ്പായിച്ചു എന്നാണു പി.വി.

വേലായുധൻപിള്ളയുടെ പരാതി (2004: 77). മണിപ്രവാളസന്ദേശകാവ്യങ്ങളിലെ ശൃംഗാരത്തെ കൊല്ലാനുള്ള കൈക്രിയയല്ല മാർഗ്ഗവർണ്ണന. തോറ്റംപാട്ടുകളിലും വടക്കൻപാട്ടുകളിലും മറ്റുമുള്ള വഴിവർണ്ണനകൾ ശ്രദ്ധിച്ചാൽ ഇതു മനസ്സിലാവും. മദ്ധ്യകാലകേരളത്തിലെ വാണിയങ്ങളെ കണ്ണിചേർക്കുന്ന പാതകളെയാണ് ഇങ്ങനെ വിവരിക്കുന്നത്. ആളും കോളും നിരന്തരം നീങ്ങുന്ന പാതകൾ നാട്ടുകോയ്മകളുടെ വരുമാനമാർഗ്ഗംകൂടിയായിരുന്നു എന്നറിയണം. ഈ വഴിക്കാലോചിച്ചാലേ മാർഗ്ഗവർണ്ണനയുടെ സാമ്പത്തികപ്രാധാന്യം മനസ്സിലാകൂ (രാഘവവാരിയർ, രാജൻഗുരുക്കൾ. 1999: 230-33). നാടുവാഴികളുമായി സൗഹൃദം കാത്തുസൂക്ഷിച്ചവരായിരുന്നു മണിപ്രവാളകവികൾ എന്ന് ഇവരുടെ രാജസ്തുതികൾ സാക്ഷിപറയുന്നതും നോക്കുക.

**കോകദൃഷ്ടി**

ഉണ്ണുനീലിസന്ദേശം കഴിഞ്ഞാൽ പിന്നെ എടുത്തുപറയേണ്ട മാർഗവർണന കോകസന്ദേശത്തിലേതാണ്. കൊല്ലത്തേക്കാണു സന്ദേശഹരന്റെ യാത്രയെങ്കിലും തൃപ്രങ്ങോട്ടുമുതൽ ഇടപ്പള്ളിവരെയുള്ള യാത്രയുടെ വിവരണമേ കിട്ടിയിട്ടുള്ളൂ. തിരുനാവാ, തവനൂർ, ആഴ്‌വാഞ്ചേരി, വൈലത്തൂർ, കോവീട്, ഗുരുവായൂർ, വെങ്കിടങ്ങ്, തൃപ്രയാർ, തിരുപ്പോർക്കളം, തൃക്കണാമതിലകം, കുറുമ്പക്കാവ്, കോട്ടപ്പുറം, ചേന്ദമംഗലം, വടക്കൻപറവൂർ, ചേരാനല്ലൂർ തുടങ്ങിയ പ്രമുഖസ്ഥലങ്ങൾ കടന്ന് ഇടപ്പള്ളിയെത്തുന്നതുവരെയുള്ള കാര്യം നമുക്കറിയാം. തിരുനാവായുടെ വിവരണത്തിൽ മാമാങ്കത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഏതു കൊല്ലത്തെ മാമാങ്കമാണെന്നറിയാൻവയ്യ. സാമാന്യചിത്രണമാവാം. നാവാമുകുന്ദക്ഷേത്രം അക്കാലത്തേക്കു ആധ്യാത്മികമായി ഏറെ കേളികേട്ടിരുന്നു എന്നു കവി പറയുന്നതും ശ്രദ്ധിക്കാം (ശ്ലോ. 24). വൈഷ്ണവർക്കു കേരളത്തിലുണ്ടായിരുന്ന പാടൽപെറ്റ പതിമൂന്നു തിരുപ്പതികളിലൊന്നായിരുന്നുവല്ലോ ആ ക്ഷേത്രം.

തൃക്കണാമതിലകത്തെത്തുമ്പോൾ പിന്നത്തെ യാത്ര സാമൂതിരിയുടെ പടപ്പാളയങ്ങൾക്കുടുത്തുകൂടിയാണ്. അവിടത്തെ കോലാഹലങ്ങൾ സാമൂതിരിയുടെ തെക്കോട്ടുള്ള പടനീക്കത്തിന്റെ അതിശയോക്തികലർന്നവിവരണമാണ്

അപ്പോൾക്കോൾക്കാമവിടെയാരിടത്തന്തരാ മാറ്റൊലിക്കൊ-
ഭ്രധ്വാനോദ്ഭടവെടിനിഷാണാരവാഭോഗഭീമം
ഏറാനാടാർന്നിതമെഴുമിളംകൂറുതൻ നാഴിയക്കൊ-

ട്ടേറെ ത്രാസാവഹമസുഹൃദാമെമ്മിളാർക്കാർത്തിഹാരി (49)
... ...
തീവെച്ചെല്ലാപ്പുറവുമടലാർക്കോട്ട ചുട്ടംബരേ പോയ്-
ത്താവിപ്പൊങ്ങും പൊടിനികരമാ ദിഗ്വധൂകേശബന്ധേ
ശ്രീമൽക്കീർത്തിപ്പൂതുമലർ തൊടുക്കിന്റെ തൃക്കൈയിൽവെച്ചി-
പ്പാർമൂട്ടെത്താങ്ങിന നെടുവിരിപ്പിൽത്തകം വീരസിംഹം (51)

എന്നീ കോകസന്ദേശശ്ലോകങ്ങൾ ഉണ്ണുനീലിസന്ദേശത്തിലെ സമാനസന്ദർഭങ്ങളേക്കാൾക്കൂടുതൽ ഭാവതീവ്രങ്ങളാണ്. ഈ സംഭവങ്ങളുമായുള്ള കവിപരിചയം ദൃഢമാണ്. എന്നാൽ, "എണ്ണിക്കൊള്ളാംപടയിലെഴുന്നള്ളത്തു കൊല്ലത്തുനിന്റോ..."(പൂ.സ.,ശ്ലോ.16) പോലുള്ള ഉണ്ണുനീലിസന്ദേശശ്ലോകങ്ങളിലെ പരാമർശങ്ങൾ, സംഭവങ്ങളുമായി കവിക്കു നേരിട്ട് പരിചയമില്ല എന്ന പ്രതീതിയാണുണ്ടാക്കുന്നത്. ഇവയിലെ അയവും ലാഘവവും തോവാളപ്പടമുട്ടലുകളെപ്പറ്റി കവിക്കു കേട്ടുകേൾവിയേയുള്ളൂ എന്നുതന്നെയല്ലേ സൂചിപ്പിക്കുന്നത്?[6]

പ്രകൃതിഭംഗി വിവരിക്കുന്ന കാര്യത്തിൽ ഉണ്ണുനീലിസന്ദേശത്തേക്കാൾ സൂക്ഷ്മതയും സൗന്ദര്യബോധവും കോകസന്ദേശകാരൻ കാണിക്കുന്നുണ്ട്. ഗുരുവായൂരെ ജലാശയത്തെ വർണിക്കുന്ന, " അപ്പൂമ്പൊയ്കക്കരികിൽ..." എന്നു തുടങ്ങുന്ന 35-ാം ശ്ലോകം മുതൽക്കാണ് പ്രകൃതിവർണനയുടെ ചാരുത്വം തെളിയുന്നത്. മനോഹരമാണ് തൃപ്രയാറിന്റെ വർണന:

പച്ചത്തെങ്ങിൻ വഴി തഴെയ്ക്കും വഴിക്കാരിമുക്കെ-
പ്പശ്ചാൽകൃത്വാ പരിമളമെഴും കാറ്റുമേറ്റാത്തലീലം
മൃച്ചുറ്റർപ്പൂക്കഥ തെരുതെരെപ്പോയിനാലഗ്രതസ്തേ
ദൃശ്യാ ചെന്താമരമലർ ചുവന്നന്തിയാം നന്തിയാറ്
തിങ്ങും വായ്ക്കല്ലിടയിലലറിത്തല്ലിമേൽപ്പോട്ടുലാവ-
പ്പൊങ്ങും വീചീവിചയനത്ധണൽക്കാരശാലി നഭസ്വാൻ
നിൻമേൻമന്ദം തടവി നിതരാം നിർമ്മലൈരംബുലേശൈഃ
കമ്രം ലുമുത്തണിയുമവിടെച്ചെന്റുപ്പോരുനേരം
കിപ്പായിക്കിടയിൽ വിരിയും പത്മഷണ്ഡേ കളിക്കും
വിൻചാർത്തിൻകളകളമിളൽസാരസാരാവരമ്യം
കാലേറ്റം തെളിമ പെടുമന്നന്തിയാറ്റെക്കടന്നാ-
ലുക്കംസാന്തകനു പുറയാറെന്റൊരാവാസഭൂമി

(തെങ്ങുകളുടെ പച്ചോലപ്പടർപ്പിനാൽ വിതാനിക്കപ്പെട്ട വഴിയിലൂടെ

കാരിമുക്കിനെ പിന്നിട്ട് ളുമണമാ കാറ്റമേറ്റ് ഉല്ലാസമായി മുച്ചറ്റൂർചെന്ന് വേഗം പോയാൽ നിനക്കു മുമ്പിലായി ചെന്താമരപ്പൂക്കൾകൊണ്ടു ചുവന്ന് അന്തിയായോ എന്നു തോന്നിപ്പിക്കുമാറുള്ള നന്തിയാറു കാണാം. നീ അവിടെച്ചെന്നണയുമ്പോൾ ആറ്റിൻകരയിൽ തിങ്ങിയ കല്ലുകൾക്കിടയിൽത്തല്ലി മേലോട്ടു ചിതറുന്ന തിരമാലകളെ ഉളവാക്കുന്നതുകൊണ്ടു ഝണൽക്കാരംപൂംകാറ്റ് നിന്റെ മേനിയിൽ പതുക്കെത്തെഴുകി അത്യന്തം നിർമലമായ വെള്ളത്തുള്ളികളാൽ(നിന്നെ) മനോഹരമായ ളുമുത്തണിയിക്കും. കിപ്പായലിന്നിടയിൽ വിരിയുന്ന താമരപ്പൂക്കളുടെ കൂട്ടത്തിൽ കളിക്കുന്ന വിൻചാർത്തിന്റെ കളകളമിടകലർന്ന സാരസപ്പക്ഷികളുടെ ശബ്ദംകൊണ്ടു മനോഹരവും കാൽ ഏറ്റവും ആനന്ദമുളവാകുന്നതുമായ ആ നന്തിയാറു കടന്നാൽ കംസാന്തകന്ന് ആവാസസ്ഥാനമായ തൃപ്രയാർ ഉണ്ട്. 39-41)

ഈ വർണനകളെ എസ്.കെ. പൊറ്റെക്കാട്ടിന്റെ സിംഹഭൂമിയിൽ വിക്ടോറിയാ തടാകത്തെ വർണിക്കുന്നതുമായൊന്നു സാദൃശ്യപ്പെടുത്തിയാലോ?:

"... തുരുത്തിന്റെ കരയിലും പാറക്കെട്ടുകളിലും മരങ്ങളിലും പലജാതി നീർപ്പക്ഷികൾ നിരങ്ങുകയും തങ്ങുകയും നൃത്തംവെയ്ക്കുകയും ചുറ്റിപ്പറക്കുകയും ചെയ്യുന്നു. സർപ്പക്കഴുത്തോടുകൂടിയ ആഫ്രിക്കൻനാരകളും ഹംസപ്പക്ഷികളും കടൽത്താറാവുകളും വെള്ളത്തിൽ മീൻമുങ്ങിത്തപ്പുന്നു; നിലത്തു കൊത്തിപ്പെറുക്കുന്നു; തത്തിപ്പറക്കുന്നു...പക്ഷിപ്പറ്റങ്ങളുടെ വെള്ളത്തൊങ്ങൽ ചാർത്തിനില്ക്കുന്ന തുരുത്തുകൾ..." (2003 :209).

എസ്.കെയുടെയും കോകസന്ദേശകാരന്റെയും വർണന ഒരുപോലെയാണെന്നു സ്ഥാപിക്കുകയല്ല ലക്ഷ്യം. രണ്ടുപേരും പ്രകൃതിയിലെ ചാരുതകളെ കാണുന്നത് സമാനമായ സൗന്ദര്യദൃഷ്ടിയിലൂടെയാണെന്ന തോന്നൽ പങ്കുവയ്ക്കുകയാണ്. ആധുനികകാലത്തെ സർവസ്വതന്ത്രമായ ഗദ്യത്തിൽ വർണിക്കാൻ എസ്. കെ-യ്ക്കു പഴുത്. എന്നാൽ കോകസന്ദേശകാരനോ? അദ്ദേഹത്തിന്ന് സംസ്കൃതത്തിലെ കവനതന്ത്രങ്ങളെ പിന്തുടരുകയേ നിവൃത്തിയുള്ളൂ. കാരണം, കടംകൊണ്ട ഒരു സാഹിത്യജനസ്സിലാണല്ലോ കവിയുടെ കളി. എന്നിട്ടും കോകത്തിലെ പ്രകൃതിവർണന ദുർഗ്രഹമാവുന്നില്ല എന്നതാണു ശ്രദ്ധേയം. ഭാഷയുടെ പഴക്കം മാറ്റിവെച്ചാലോചിച്ചാൽ മധ്യകാലകൃതിയും ആധുനികകൃതിയും ഒരുപോലെയാണു പ്രകൃതിയുടെ മനോഹാരിതയെ വായനക്കാർക്കു മുന്നിലെത്തിക്കുന്നതെന്നു മനസ്സിലാവും.

തൃപ്രയാർ ക്ഷേത്രത്തെ, കംസാന്തകന്റെ ക്ഷേത്രം എന്നാണു പരാമർശിക്കുന്നത്. ഇതു ക്ഷേത്രത്തിലെ തത്കാലീനസ്ഥിതിയായിരിക്കണം. വിഷ്ണുക്ഷേത്രമാണെങ്കിലും അക്കാലത്ത് അതിനു ശ്രീരാമക്ഷേത്രമെന്ന പ്രശസ്തിയുണ്ടായിരിക്കാനിടയില്ല. രാവണാന്തകന്റെ ക്ഷേത്രമെന്ന പ്രശസ്തിയുണ്ടായിരുന്നെങ്കിൽ കവി അക്കാര്യം മറച്ചുവെയ്ക്കാനിടയില്ലല്ലോ. വൈഷ്ണവക്ഷേത്രങ്ങളെയും മറ്റു ക്ഷേത്രങ്ങളെയും വിവരിക്കുന്നതിൽ എന്തെങ്കിലും പക്ഷപാതം കാണിക്കുന്ന ആളാണിദ്ദേഹമെന്നു തോന്നുന്നില്ല.

ഇടപ്പള്ളിവരെയുള്ള സഞ്ചാരത്തിന്നിടയിൽ കോകസന്ദേശകാരൻ അങ്ങാടിസ്ഥാനങ്ങൾ വിവരിക്കുന്നില്ല. 48-ാം ശ്ലോകത്തിൽ ഗുണവായ്ക്കടുത്ത് ഒരു ചന്തയുണ്ടെന്നു പറയുന്നതേയുള്ളൂ. ചതിയന്മാരായ വാണിയരുടെ കോലാഹലമാണത്രേ അവിടെ കേൾക്കുന്നത്! ദൂരദർശനമേയുള്ളൂ; അവിടത്തെ വിൽപ്പനച്ചരക്കുകളെപ്പറ്റി ഒരു സൂചനയുമില്ല. കേവലം ഒരു പക്ഷിക്ക് അങ്ങാടിച്ചരക്കുകൾ കാണിച്ചുകൊടുക്കുന്നത് അനുചിതമാണെന്ന് ഇക്കവി കരുതിയിട്ടാവാം. അതുകൊണ്ടുതന്നെ ജനജീവിതത്തിന്റെ നിരവധിതലങ്ങൾ വർണനകൾക്കു പുറത്തായി. സമൂഹരൂപീകരണത്തിന്റെ നിലയും തോതുമറിയാൻ വയ്യ. എന്നാൽ ഉണ്ണുനീലിക്കുള്ള സന്ദേശവുമായി പോകുന്നത് ഒരു മനുഷ്യനും സർവോപരി വേണാട്ടിളംകൂറുമായതുകൊണ്ട് അങ്ങാടിത്തെരുവുകളിലൂടെത്തന്നെയാണ് കവി അയാളെ കൊണ്ടുപോവുന്നത്. ഉണ്ണിയച്ചീ-ഉണ്ണിയാടീചരിതകാരന്മാരും അങ്ങാടിസ്ഥാനങ്ങളെ ആവേശത്തോടെ വർണിക്കുന്നുണ്ട്. കോകസന്ദേശം നിർഭാഗ്യവശാൽ മധ്യകാലകേരളത്തിന്റെ സാമ്പത്തികജീവിതത്തെ വിട്ടുകളഞ്ഞു.

വിശദചർച്ചയിലേക്കു കടക്കുന്നില്ലെങ്കിലും ഉണ്ണിയാടീചരിതത്തിലെ ദേശ-മാർഗവർണനയും ഒന്നു നോക്കേണ്ടതുണ്ട്. ചന്ദ്രനു കാമതാപമുണ്ടാക്കിയ പാട്ടിന്റെ പ്രഭവമറിയാൻപോയി തിരിച്ചെത്തിയ ഗന്ധർവന്മാർ നടത്തുന്ന യാത്രാവിവരണമാണ് ഉണ്ണിയാടീചരിതത്തിലെ മുക്കാൽ പങ്കം. പതിനൊന്നാം ഗദ്യത്തിലാണു ഗന്ധർവന്മാരുടെ വിവരണമാരംഭിക്കുന്നത്. മുപ്പത്തിയാറുമുതൽ നൂറ്റിത്തൊണ്ണൂറ്റിയഞ്ചുവരെ പദ്യങ്ങളും മുപ്പത്തിരണ്ടു ഗദ്യങ്ങളും ദൈർഘ്യമുള്ളതാണീ കൃതി[7]7.

## ഭാവനാദേശത്തിന്റെ തെളിമയും പൊലിമയും

ജന്മദേശത്തിന്റെ/ഇഷ്ടദേശത്തിന്റെ പെരുമയിൽ അഭിരമിക്കുന്നവരാണു മണിപ്രവാളകവികൾ പൊതുവേ. ദേശപ്പെരുമ പറഞ്ഞുറപ്പിക്കുന്നതിന് ഇവർ ഉപയോഗിക്കുന്ന തന്ത്രങ്ങൾ മുഖ്യമായും രണ്ടാണ്.

ഈരേഴുപതിനാലുലോകങ്ങൾ > ഭൂലോകം > സപ്തദ്വീപുകൾ > ജംബുദ്വീപ് > ഭാരതം എന്നൊരു ക്രമം പുരാണങ്ങളിലും ഭക്തികാവ്യങ്ങളിലും കാണാം. ഈ പൗരാണികഭൂമിശാസ്ത്രത്തെ പരിഷ്കരിച്ചുപയോഗിക്കുകയാണ് ഒന്ന്. ഭാരതത്തിന്റെ തുടർച്ചയായി കേരളം (കാവ്യനിർദ്ദിഷ്ടമായ)> നാട്/ദേശം എന്നു രണ്ടുസ്ഥലികാംശങ്ങളെക്കൂടി ചേർത്ത് പുനഃക്രമീകരിക്കുകയാണ് ഇവർ ചെയ്യുന്നത്. ഉദാഹരണത്തിന്, ഉണ്ണിയാടീചരിതത്തിൽ, ഭൂമിയെ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്

അസ്തി ഹി ഫണിപതിമസ്തകലസിതാ
ചുറ്റും നാൽക്കടലാലുപഗൂഢാ,
കുലശൈലാഷ്ടകകീലിതപൃഷ്ഠാ
മേരുമഹീധരദീപിതമദ്ധ്യാ
ഭാരതമുഖബഹുഖണ്ഡവിഭക്താ
ത്രിഭുവനസാരം ധരണീ നാമ.....(ഗദ്യം-8)

എന്നായപ്പോഴേക്കും ഈരേഴുപതിന്നാലു ലോകങ്ങളിൽനിന്ന് ഭാരതഖണ്ഡംവരെയെത്തി. ഇവിടെ നിർത്താതെ കേരളം, ഓടനാട്, കിണ്ടിയൂര്, നരയിങ്ങമണ്ണൂര് എന്ന് പുതിയ വാങ്മയഭൂപടം നിവർത്തുകയാണു കവി. പിന്നെ, മഹോദയപുരത്തിന്റെ പെരുമ:

കേരലക്ഷങ്ങളാലാവൃതം യത്രവാ
കേരളക്ഷ്മാഭൃതോ നാമ മഹോദയം
കേരളവിഷയം പാലിപ്പിനായ്
മഹിതമഹോദയനിലയേ മരുവും
നൃപസിംഹസ്യ പ്രാണൈരിവ.... (ഗദ്യം -9)

ഇവിടെ ഒന്നോർക്കുക. ഈ കൃതിയുടെ കാലമാവുമ്പോഴേയ്ക്ക്(14-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം) മഹോദയപുരം കേന്ദ്രമാക്കിയ ഭരണകൂടം അരങ്ങൊഴിഞ്ഞിരുന്നു; സ്വതന്ത്രരായ നാട്ടുകോയ്മകളും സ്ഥാനികളും ആരൂഢമുറപ്പിച്ചും കഴിഞ്ഞിരുന്നു. പക്ഷേ, ഭൂതകാലാനുഭവമായിട്ടല്ല, സമകാലവാസ്തവമായിട്ടാണ് കവി ഇവിടെ ഭരണകൂടത്തെ അവതരിപ്പിക്കുന്നത്. ചേരഭരണത്തിനുശേഷവും കൊടുങ്ങല്ലൂർ പുണ്യഭൂമിയെന്ന പദവി നിലനിർത്തിയതായി കേശവൻ വെളുത്താട്ട് നിരീക്ഷിച്ചത് ഇവിടെ പ്രസക്തമാണ്(2013: 57). കുലശേഖരകാലത്തെ എൺമർസാമന്തരെന്നപദവി നിലനിന്നുപോരുന്നതായാണ് കവിയുടെ വിഭാവനം. കേന്ദ്രഭരണം പോയി; പക്ഷേ സാമന്തപദവി നിലനില്ക്കുകയും ചെയ്യുന്നു. ഇതിലൊരു സാധൂകരണത്തിന്റെ പ്രശ്നമുണ്ട്.

ചരിത്രരേഖകളിൽ പലപാട്ട പ്രത്യക്ഷപ്പെടുന്നവരാണ് ഇപ്പറഞ്ഞ സാമന്തൻമാർ. ഇവരുടെ ആധികാരികതയെ ഒരു തുടർച്ചയായി(continuity) വ്യാഖ്യാനിക്കാനാണ് ഈ പ്രകരണം. ഇങ്ങനെ ഭരണകൂടത്തിന്റെ ആധികാരികത സ്ഥാപിച്ചെടുക്കുന്നതോടൊപ്പം നാടിന്റെ ഭൂമിശാസ്ത്രപരമായ എല്ലുകകൾ അടയാളപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് നാടിന്റെ മാഹാത്മ്യം പൊലിപ്പിച്ചെടുക്കാനുള്ള ശ്രമമായി. ഇതിന്ന് അവിടത്തെ ഭൗതികസമൃദ്ധിയുടെ വിവരണമാണ് ഒരു വഴി. മറ്റൊന്ന്, പ്രാദേശികക്ഷേത്രത്തെ / ക്ഷേത്രപരിസരങ്ങളിലെ ബ്രാഹ്മണരെ മുൻനിർത്തിയുള്ള വർണ്ണനയാണ്.

1. ആഖണ്ഡലപൂരീഗർവ-
ഖണ്ഡനാൽ കിയൂരിതി
പത്തിലും വിശ്രുതം ദിക്ഷു
പത്തനം തത്ര ശോഭതേ (ഉണ്ണിയാടീചരിതം, ശ്ലോ. 42.)

2. അതിഥിഷു വിരചിതപൂജാകൃതൈ്യർ
ഭാഗവതതൈഃ കുലയുഗവിശുദ്ധൈ്യർ-
വ്വിപ്രകുലൈരപി പൂർണ്ണോത്സംഗം (ഉണ്ണിയാടീചരിതം, ഗദ്യം -9)

സമ്പൽസമൃദ്ധികൊണ്ട് ഇന്ദ്രപുരിയുടെ ഗർവത്തെ ഖണ്ഡിക്കുന്ന ഊരായതു കൊണ്ടത്രേ കണ്ടിയൂരായത്. പേരിന്റെ വരവു കൊള്ളാം! ആന കയറിയ കര ആനക്കരയാവുന്നതുപോലെയുള്ള സ്ഥലനാമങ്ങളുടെ ലഘു നിഷ്പത്തിശ്രദ്ധിക്കുക. സങ്കല്പവും യാഥാർത്ഥ്യവുംതമ്മിൽ വലിയ ബന്ധം വേണമെന്നൊന്നും കവി ചിന്തിച്ചിട്ടില്ല എന്നർത്ഥം. ശൃംഗാരാവിഷ്കരണത്തിന്റെ പേരിൽ ഏറെ പഴികേട്ട ചന്ദ്രോത്സവവും ഈ ഘടന ഉൾക്കൊള്ളുന്നു:

പരഭൃതമൊഴി ചുറ്റും മറ്റുഖണ്ഡങ്ങളെട്ടു-
തിലുമധികഹൃദ്യം ദക്ഷിണം ഭാരതാഖ്യം
വളർനിലമലർമാതിന്നംഗജന്നും ത്രിലോകീ
ചെറുതൊടുകുറിപോലേ ചേരമാൻനാടു യസ്മിൻ.

തുടർന്നു തൃശ്ശിവപേരൂരും ചിറ്റിലപ്പിള്ളിയും വിവരണപരിധിയിലേക്കു വരും. പൗരാണികഭൂമിശാസ്ത്രത്തോട് പൗരാണികസ്ഥലബോധത്തോട് തത്കാലീനമായ പ്രാദേശികസ്ഥലബോധത്തെ ചേർത്തുവെച്ച് പുതിയ സാംസ്കാരികഭൂമിശാസ്ത്രം വിഭാവനം ചെയ്യുകയാണ് ഈ പ്രകരണം. ഇവിടെ വിവരണത്തിന്നു വൈശദ്യം കുറവാണ്. പക്ഷേ, നാട്ടഭിമാനത്തിന്നു കുറവൊന്നുമില്ല. നിറഞ്ഞുതുളുമ്പുന്ന ഘോഷാത്മകതയുടെ രംഗങ്ങളായിട്ടാണ് ഈ നാടുകൾ തെളിഞ്ഞുവരിക. അപ്പോൾ, പാടുകയും ആടുകയും ചെയ്യുന്ന

യുവത്വത്തിന്റെ ഊർജ്ജ്വസ്വലതയിലേക്കാണ ശ്രദ്ധപടരുക.

കൊടിയമുന ചേർന്നകൺതോമരംകൊണ്ടു പെൺ
കൊടികൾ ചാട്ടിന്റതത്തരുണർമേലേല്പെടം...

(ഉണ്ണിയാടീചരിതം, ഗദ്യം -9)

കറ്റവാർകുഴലിമാർ തരുണരോടിടകലർ-
ന്നത്തലീന്റിക്കളിച്ചൻപെഴച്ചേർവ്വെടം
തറ്റുടുത്തിളയപെൺകൊടികൾ വട്ടത്തിൽനി-
ന്റൊത്തിചകൾ പാടിയാടിക്കളിക്കിന്റെടം...

(ഉണ്ണിയാടീചരിതം, ഗദ്യം -11)

കുട്ടിൽവാഴംകുയിൽപ്പെൺ കുഴറ്റിന്റെടം
കോട്ടമുള്ളംഗനാ ചില്ലിവില്ലുമ്മുലൈ-
ക്കോട്ടയുംകൊണ്ടു പൊർതൊട്ടുവാൻകല്പിതം...

(ഉണ്ണിച്ചിരുതേവീചരിതം, ഗദ്യം-5)

കളകളമിളകിന വളയൊലി വിരവി-
ത്തളിരിളമദുകരകൃതഉടിതരളം... (ഉണ്ണിയച്ചീചരിതം, ഗദ്യം-5)

ഈ വ്യവഹാരങ്ങൾക്ക് തനതായ പശ്ചാത്തലബന്ധമില്ലാതെ ഒറ്റതിരിഞ്ഞു നില്ക്കാനാവില്ല. അതുകൊണ്ട് ഈ കോലാഹലങ്ങളോടു പൊരുത്തപ്പെടാൻ തക്കവണ്ണം കവികൾ പ്രകൃതിയെ പുനഃക്രമീകരിക്കുകയും ചെയ്യും.

നന്തിയാമാറു പത്മശ്രീയാ താൻചുവ-
ന്നന്തിയാമാറു ചുറ്റും വിളങ്ങിന്റെടം
ചിന്തുരത്തിൻകവിൾത്തേറലുടൻ
ചിന്തുരത്തിൻപമായ് വു പാടിന്റെടം

(ഉണ്ണിയാടീചരിതം, ഗദ്യം -9)

ദ്വിജസത്തമസു തൊടലാമള
വലയങ്ങളിൽ മദതോധിക
മധുരങ്ങളിൽ മധുരങ്ങളിൽ
മരുവും കളലപിതങ്ങളിൽ
ലപിതങ്ങളിലെഴുമംബുജ
മിളിതങ്ങളിൽ മിളിതങ്ങളിൽ..

(ഉണ്ണിച്ചിരുതേവീചരിതം, ഗദ്യം-9)

കുമ്പിന സരസിജവിമുഖതരഞ്ചെ-
ന്റാമ്പലിലനിശമകവിതൾതോറും

പൂമ്പൊടി സുരഭിതമൂമ്പിന പൂന്തേ-
നുമ്പിനമദകളത്ധംകൃതഭൃംഗം.. (ഉണ്ണിയച്ചീചരിതം, ഗദ്യം-6)

ഇത്തരത്തിൽ പ്രകൃതി അതിന്റെ എല്ലാ വശ്യതയോടുംകൂടിയാണ് മണിപ്രവാളകൃതികളിൽ കടന്നുവരുന്നത്. അതിന്റെ രൂക്ഷഭാവങ്ങൾ, അതിവർഷമോ കൊടുംവേനലോ മറ്റു പ്രകൃതികോപങ്ങളോ ഒന്നും വർണ്ണനയ്ക്കു വിഷയമാകാറില്ല. പ്രകൃതിയുടെ മാദകഭാവമാണ് വർണനീയം. ഇതിന്റെ തുടർച്ചയാണ് ഈ നാട്ടുകളിലെ അങ്ങാടികൾ.

**സമീപദൃശ്യവും വിദൂരദൃശ്യവും**

സന്ദേശത്തിലെ യാത്രകളിൽ വിവരിക്കുന്ന ദൃശ്യങ്ങൾ രണ്ടു തരത്തിലുണ്ട്– സമീപദൃശ്യങ്ങളും വിദൂരദൃശ്യങ്ങളും. ക്ഷേത്രദേവതാസ്ഥാനങ്ങൾ, കോവിലകങ്ങൾ, ചന്തകൾ തുടങ്ങിയവയുടെ വിവരണങ്ങൾ സാമാന്യേന ആദ്യത്തെ വകുപ്പിൽ പെടുന്നു. ഉണ്ണുനീലിസന്ദേശത്തിലെ മുതലപ്പൊഴി, ചെന്നിത്തല, പേർപറയാനരുതാത്ത ക്ഷേത്രം, കായംകുളത്തങ്ങാടി, കരിയനാട്ടുകാവ് എന്നിവയെല്ലാം ഒന്നു ചൂണ്ടിക്കാണിച്ചുപോവുകയാണ്. കോകസന്ദേശകാരനും ഗുണകയിലെ അങ്ങാടിയുടെ ദൂരദൃശ്യമാണ് തരുന്നത്. ബഹളം കേൾക്കാൻ തൊട്ടടുത്തു ചെല്ലേണ്ടകാര്യമില്ലല്ലോ. ചരക്കുകൾ വേർതിരിച്ചു കാണണമെങ്കിൽ അതു പോരാ.

ഏതാനും ക്ഷേത്രങ്ങൾ കഴിഞ്ഞാൽ, പുത്തിടം മുച്ചന്തിക്കൽ അങ്ങാടികളാണ് സമീപദൃശ്യങ്ങളായി കടന്നുവരുന്നത്. പുത്തിടത്തെ ചരക്കുകളുടെ സൂക്ഷ്മചിത്രണമില്ല. എന്നാൽ ആളുകൾതമ്മിലുള്ള സംഭാഷണം വളരെ വ്യക്തമായി കേൾക്കുന്ന തരത്തിൽ അത്രയ്ക്കടുത്തുകൂടിയാണ് സന്ദേശഹരൻ കടന്നുപോകുന്നത്. ഈ ഭാഷണങ്ങൾകേട്ട് അയാൾക്കു ചിരിവരണമെങ്കിൽ വിവിധഭാഷണങ്ങൾ വ്യക്തമായി കേൾക്കാൻ കഴിയണമല്ലോ.

പദ്മനാഭസ്വാമിക്ഷേത്രവും പരിസരവും, തൃപ്പാപ്പൂർ ശിവക്ഷേത്രവും പരിസരവും, മണികണ്ഠപുരം ക്ഷേത്രം, ഓടനാട് തുടങ്ങിയവ ഒന്നിലധികം ശ്ലോകങ്ങളിൽ വിസ്തരിക്കുന്നു. കടുത്തുരുത്തിയിലെത്തിയശേഷമുള്ള വർണ്ണനകളും സൂക്ഷ്മമാണ്. അതാണല്ലോ പ്രാപ്യസ്ഥാനം. അതുകൊണ്ട് പരമാവധി ഉദാരമാക്കിയാണ് കവിയുടെ വർണന.

കോകസന്ദേശത്തിൽ തിരുന്നാവായ വർണ്ണിക്കുന്നത് സൂക്ഷ്മമായിട്ടാണ്. ഏറാൾപ്പാടിന്റെ പടനീക്കം, പാളയത്തിന്റെ പരിസരം, തിരുവഞ്ചിക്കളത്തിന്റെ വിവരണം എന്നിവ വിസ്തൃതങ്ങളാണ്. അൻപത്തിയൊമ്പതുമുതൽ എഴുപത്തഞ്ചുവരെ ശ്ലോകങ്ങളിലാണ് തിരുവഞ്ചിക്കളം

തെളിയുന്നത്. ഗോവിന്ദപുരം, വേലത്തൂർ, ഗുണകയിലെ അങ്ങാടി, ചെറുമിക്കളം, ചിങ്ങപുരം, അരയക്കളം, ബാലക്രീഡേശ്വരം, വള്ളുളിക്ഷേത്രം എന്നിവ കേവലം പരാമൃഷ്ടമാത്രങ്ങളാണ്. ചുഴിഞ്ഞാലോചിച്ചാൽ തെളിയുന്നതിതാണ്–ഓരോരോസ്ഥലത്തേയും ഏതെങ്കിലും പ്രത്യേകതരത്തിൽ ക്രമീകരിച്ചാണ (framed) കവികൾ അവതരിപ്പിക്കുക. തങ്ങളുടെ മുൻഗണനകളാണ് ഇവിടെ ക്രമീകരണം സാധ്യമാക്കുന്നത്. മാത്രവുമല്ല, 'സ്ഥല' വിവരണത്തിലും മാർഗവിവരണത്തിലും ഏറക്കുറെ ഒരു സഞ്ചാരിയുടെ കൗതുകക്കണ്ണാണ (tourist gaze) തെളിയുന്നത് എന്നും തിരിഞ്ഞുകിട്ടും. വിസ്മയം ഒരു നേർത്ത നൂലുപോലെ ഇവയിലുടനീളം കാണാം.

### പിൻമൊഴി

മധുരോദാരമായ ഭാവനാദേശത്തിന്റെ വാങ്മയഭൂപടത്തിലാണ് യാത്രാമാർഗങ്ങളും വിവരണസ്ഥാനങ്ങളും അടയാളപ്പെടുന്നത്. വാസ്തവത്തിൽ, ഭൗതിക-രാഷ്ട്രീയഭൂപടങ്ങളിലെ രേഖകൾ ചെയ്യുന്ന ധർമങ്ങൾതന്നെയാണ് സഞ്ചാരകാവ്യങ്ങളിലെ വിവരണങ്ങൾക്കുമുള്ളത്. അന്നത്തെ രാഷ്ട്രീയ ഭൂപടം (political map) മാത്രമല്ല, ഭൗതികഭൂപടവും (physical map) വർണനകളിൽ തെളിയുന്നു. ഉണ്ണുനീലിസന്ദേശം ഓരോ നാട്ടുമൂപ്പൻമാരുടെയും അതിർത്തികളും ആസ്ഥാനമന്ദിരങ്ങളും അടയാളപ്പെടുത്തുമ്പോഴും കോകസന്ദേശം സാമൂതിരിയുടെ പടനീക്കങ്ങൾ കുറിക്കുമ്പോഴും ഇഷ്ടദേശത്തിലൂടെയുള്ള യാത്രയാണ വിവരണങ്ങളെ 'വിശ്വസനീയ'മാക്കുന്നത്. ചിറ്റിലപ്പള്ളിയോ നരയിങ്ങമണ്ണൂരോ ഈരേഴുലകത്തിലും വെച്ച് മികച്ചതാണെന്നോ അളകയെക്കാൾ ഗംഭീരമാണ് കണ്ടിയൂരിലേയോ കരിയനാട്ടേയോ ചന്തയെന്നോ മധ്യകാലകവി പറഞ്ഞാൽ, ഒന്നുറപ്പിച്ചോളൂ; പിന്നെ അപ്പീലില്ല. ചരിത്രപരമായി വിശകലനം ചെയ്താൽ അന്നന്നത്തെ നാട്ടുകളുടെയും നാട്ടുടയവരുടെയും തത്കാലീനജീവിതത്തിന്റെയും നാട്ടുകളെ ബന്ധിപ്പിക്കുന്ന മാർഗങ്ങളുടെയുമെല്ലാം നേർച്ചിത്രങ്ങൾതന്നെ ഇവ. വർണഭംഗി കുറച്ചേറിപ്പോയിട്ടുണ്ടെന്നു മാത്രം. കവികളല്ലേ?

### കുറിപ്പുകൾ

1 വൈദികസാഹിത്യംമുതൽക്കേ വാങ്മയങ്ങളിൽ യാത്ര വിഷയമായി വരുന്നു്. പുഴകൾ കടന്നും അല്ലാതേയുമുള്ള യാത്രകൾ ഇവയിൽ പരാമർശിക്കും. സഞ്ചാരസാഹിത്യത്തിന്ന് ഏറെ പഴക്കമുണ്ട് എന്നും ആ സാഹിത്യം ഇന്ത്യയിലുമുണ്ടായിരുന്നു എന്നുമല്ല ഇവിടെ വാദം. യാത്ര ഒരു ആഖ്യാനകമായി വളരെക്കാലം മുമ്പേതന്നെ മനുഷ്യാവിഷ്കാരങ്ങളിൽ വന്നിട്ടുണ്ടായിരുന്നു എന്നേ പറയുന്നുള്ളൂ.

കുതിരകളെപ്പറ്റിയ തേരുകളും കാളവണ്ടികളും പലപാടു പരാമൃഷ്ടങ്ങളാവുന്നുണ്ട്. ഒ. എം. സി നാരായണൻനമ്പൂതിരിപ്പാടിന്റെ ഋഗ്വേദം ദേവീസഹായം 1-5 വാല്യങ്ങൾ. ഭാഷാഭാഷ്യം നോക്കുക.

2 ഇങ്ങനെ രൂപപ്പെട്ടുവരുന്ന സ്ഥലനാമങ്ങളും പിൽക്കാലത്ത് സംസ്കൃതീകരണത്തിനു വിധേയമാവുന്നുണ്ട്. ഇന്നത്തെ ഗുരുവായൂരിന് പണ്ട് കുറുവയൂർ എന്നായിരുന്നു പേരെന്നു കോകസന്ദേശത്തിൽ പറയുന്നു. സംസ്കൃതകാവ്യങ്ങളിൽ മിഴാക്കുന്ന്, മൃദംഗശൈലമാവും. കോഴിക്കോട് കുക്കുഡക്രോഡവും കൊച്ചി ഗോശ്രീയുമാവും. കൊല്ലം കോളംബവും ദേശിങ്ങനാട് ജയസിംഹനാടും. പിന്നീടതിനു പണ്ഡിതന്മാർ നിഷ്പത്തികൾ കൽപിച്ചുണ്ടാക്കും.

3 Topography is the study of the shape and features of land surfaces. The topography of an area could refer to the surface shapes and features themselves, or a description (especially their depiction in maps). Topography is a field of geoscience and planetary science and is concerned with local detail in general, including not only relief but also natural and artificial features, and even local history and culture... Topography in a narrow sense involves the recording of relief or terrain, the three-dimensional quality of the surface, and the identification of specific landforms... The term topography originated in ancient Greece and continued in ancient Rome, as the detailed description of a place. The word comes from the Greek t?p?? (topos, 'place') and -??af?a (-graphia, 'writing').[4] In classical literature this refers to writing about a place or places, what is now largely called 'local history'. In Britain and in Europe in general, the word topography is still sometimes used in its original sense.[5] - https://en.wikipedia.org/wiki/Topography

4 ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ. രാജർഷി മാസികയിലെഴുതിയ, പ്രാചീനകേരളത്തിലെ രാജഭോഗങ്ങൾ എന്ന ലേഖനം കാണുക. അക്കാലങ്ങളിൽ കേരളത്തിലുണ്ടായിരുന്ന പലതരം നികുതികളെപ്പറ്റി ഈ ലേഖനം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. പെരുമാൾക്കാലത്തെ തലക്കാണം, മുലക്കാണം, ഏണിക്കാണം തുടങ്ങിയ പലതരം നികുതികളെപ്പറ്റി കേരളത്തിലെ പെരുമാക്കൻമാരെപ്പറ്റിയുള്ള പഠനത്തിൽ(Perumals of Kerala) എം. ജി. എസ് നാരായണൻ പറയുന്നതും നോക്കുക.

5 സ്വ/പരദേശങ്ങളെ വേർതിരിച്ചെണ്ണാൻ മണിപ്രവാളകവികൾ പണ്ടുമുതലേ ശ്രദ്ധിച്ചിരുന്നു. ഈ പൊതുബോധം ലീലാതിലകത്തിലെ ഭാഷാചർച്ചയിലും കാണാം. നാടും ഭാഷയും സാഹിത്യവും തമ്മിലുള്ള ഇഴയടുപ്പമാണ്, കുന്തൽവാദത്തിലുള്ളത് എന്നു സൂക്ഷ്മവിശകലനത്തിലറിയാം. അതായത്, സ്വഭാഷ/പരഭാഷ പോലെ സ്വദേശം/പരദേശം എന്നീ ദ്വന്ദത്തെ കൈകാര്യം ചെയ്യലും ലീലാതിലകകാരന്റെ ലക്ഷ്യം തന്നെയായിരുന്നു(രാഘവവാരിയർ, 2006: 97-98). ഉണ്ണിയച്ചി-ഉണ്ണിയാടീചരിതങ്ങളും ഈ സ്വത്വബോധം തന്നെയാണു പ്രകടിപ്പിക്കുന്നത്. പുറത്തുനിന്നു വന്നവരെ, പരദേശികളെന്ന് അനന്തപുരവർണ്ണനവും (ശ്ലോ. 23) പരാമർശിക്കും. കായംകുളത്തിന്നടുത്ത് ഉണിക്കച്ചവടത്തിന്നെത്തുന്ന തമിഴ്ബ്രാഹ്മണരെ ഉണ്ണുനീലിസന്ദേശവും വെറുതെ വിടുന്നില്ല(ശ്ലോ.93).

6 അതതുകാലത്തെ ചരിത്രസംഭവങ്ങൾ ചിലപ്പോഴൊക്കെ കൃതികളിൽനിന്നുവായിച്ചെടുക്കാമെങ്കിലും അക്കാലത്തോ അവയുടെ തൊട്ടു പിന്നാലെയോതന്നെ കാവ്യരചന

നടന്നു എന്നുമാനിച്ചുകൂടാ. തുല്യക്കരുടെ ഏതുകൊല്ലത്തെ പടയോട്ടമാണ് ഉണ്ണുനീലി സന്ദേശത്തിൽ പരാമൃഷ്ടമെന്നു വ്യക്തമല്ല. (പൂർവഭാഗത്തെ 16, 20, 21 ശ്ലോകങ്ങളും നോക്കുക). പടയോട്ടങ്ങളുടെ അന്തരീക്ഷം കോകസന്ദേശത്തിലുമുണ്ട്. രണ്ടിലേയും സമാനസന്ദർഭങ്ങൾ താരതമ്യം ചെയ്താൽ ഇതു വ്യക്തമാവും.

7 ഉണ്ണിയാടീചരിതത്തിലെ ആദ്യഭാഗങ്ങൾക്ക് കേരളവുമായി ബന്ധമില്ല. ഗന്ധർവ ലോകവും ചന്ദ്രലോകവുമാണവയിലെ ആഖ്യാനമണ്ഡലം.

## സഹായകഗ്രന്ഥങ്ങൾ/ലേഖനങ്ങൾ

അച്യുതനുണ്ണി, ചാത്തനാത്ത്; രാഘവവാരിയർ, എം. ആർ., 2007, കോകസന്ദേശം (വ്യാ.), ശുകപുരം, വള്ളത്തോൾ വിദ്യാപീഠം,

കുഞ്ഞൻപിള്ള, ശൂരനാട്ട്, 1996, ഉണ്ണുനീലിസന്ദേശം (വ്യാ), തിരുവനന്തപുരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

കേശവൻ വെളുത്താട്ട്, 2013, സാഹിത്യവും ചരിത്രവും, കോഴിക്കോട്, മാതൃഭൂമി.

ഗോപിനാഥൻനായർ, എൻ, 2005, ഉണ്ണിയച്ചീചരിതം(വ്യാ.), കാലിക്കറ്റ് സർവകലാശാല, പ്രസിദ്ധീകരണവിഭാഗം.

ഗോവിന്ദൻകുട്ടിനായർ. ഉള്ളാട്ടിൽ, പ്രാചീനകേരളത്തിലെ രാജഭോഗങ്ങൾ, രാജർഷി, 8/1, 1117ചിങ്ങം,

നാരായണൻകുട്ടി, മേലങ്ങത്ത്, 2000, പത്തുപ്പാട്ട് (വിവ.), തൃശ്ശൂർ, കേരളസാഹിത്യഅക്കാദമി.

പരമേശ്വരയ്യർ, ഉള്ളൂർ എസ്, 1996, തിരുവനന്തപുരം, ഉള്ളൂർ പബ്ളീഷേഴ്സ്

പൊറ്റെക്കാട്ട്, എസ്. കെ., 2003, സഞ്ചാരസാഹിത്യം സമ്പൂർണം, കോട്ടയം, ഡി. സി. ബുക്സ്

രാഘവവാരിയർ, എം. ആർ, 2006, പെൺമലയാളത്തിന്റെ ആന്തരം, താപസം, വാ.1, പു. 1, ജൂലൈ, ചങ്ങനാശ്ശേരി, താരതമ്യപഠനസംഘം.

രാഘവവാരിയർ, രാജൻ ഗുരുക്കൾ 1999. കേരളചരിത്രം. ശുകപുരം, വള്ളത്തോൾ വിദ്യാപീഠം.

രത്നമ്മ, കെ. 1997, അനന്തപുരവർണ്ണനം(വ്യാ.), തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാമചന്ദ്രൻ, പുതുശ്ശേരി, 2007, കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വേലായുധൻപിള്ള, പി. വി. 2004, മധ്യകാലമലയാളം, കോട്ടയം, കറന്റ് ബുക്സ്.

വൈദ്യനാഥയ്യർ, ജി.1961, പതിറ്റുപ്പത്ത്, (വിവ.), തൃശ്ശൂർ, കേരളസാഹിത്യഅക്കാദമി.

Narayanan, M. G. S., 2013, Perumals of Kerala, Thrissur, Cosmo Books.

https://en.wikipedia.org/wiki/Topography

*drkvdileep@gmail.com*

# യാത്രാനുഭവം–ചില ചിന്തകൾ

**ഡോ.പി.രൺജിത്**
അദ്ധ്യാപകൻ, പി.ജി. സെന്റർ, തൃശ്ശൂർ

സംഗ്രഹം

വ്യക്തിപരമായ യാത്രാനുഭവത്തിൽ ആരംഭിച്ച്, യാത്രാനുഭവത്തിന്റെ വ്യതിരിക്തത, സ്വത്വത്തിന്റെ അർത്ഥാന്വേഷണം, ഞാൻ – അപരൻ എന്ന താരതമ്യം, നാട് - മറുനാട് എന്ന പരികല്പനയുടെ ആപേക്ഷികത എന്നിവയിലൂടെ കടന്നുപോവുന്നു. സ്ഥലത്തിലൂടെയുള്ള സഞ്ചാരവും കാലത്തിലൂടെയുള്ള സഞ്ചാരവും തമ്മിലുള്ള ബന്ധം, അഭയാർത്ഥികളുടെ യാതനാപൂർണമായ യാത്ര – ഇവയും സൂചിപ്പിക്കുന്നു.

***താക്കോൽവാക്കുകൾ:*** യാത്രാനുഭവം–ഞാൻ– അപരൻ, നാട് - മറുനാട്, കുടിയേറ്റം, തീർത്ഥാടനം, കച്ചവടയാത്ര, അഭയാർത്ഥികൾ.

ഒന്ന്

പന്ത്രണ്ടുവർഷംമുമ്പ് ബീഹാറിൽ ബോധ്ഗയയിൽ നിന്ന് സുജാത എന്ന ഗ്രാമത്തിലേക്കുള്ള യാത്ര. ബോധ്ഗയയിൽ നിന്ന് ഷെയർ ഓട്ടോവിൽ കയറുമ്പോൾ എട്ടൊൻപതു പേരുണ്ടായിരുന്നെങ്കിലും എല്ലാവരും വഴിയിൽ അവരവർക്കുള്ള ഇടങ്ങളിൽ ഇറങ്ങി. വാരാണസിയിൽ നിന്നു ബീഹാറിലേക്ക് വണ്ടികയറുമ്പോൾ തന്നെ അവിടത്തെ മലയാളി സുഹൃത്തുക്കൾ ചോദിച്ചു, നിങ്ങളെന്തിനാണ് കൊള്ളയും കൊലയും നടന്നുകൊണ്ടിരിക്കുന്ന ആ സ്ഥലത്തേക്കു പോകുന്നത്, നഗരങ്ങളും ഗ്രാമങ്ങളും ഒന്നുമവിടെ സുരക്ഷിതമല്ല. കയ്യിലുള്ള പണം, ക്യാമറ എല്ലാം നഷ്ടപ്പെടും, ചിലപ്പോൾ ജീവനും. ഓട്ടോവിൽ ഞങ്ങൾ രണ്ടുപേർ മാത്രമായപ്പോൾ എന്തോ വിഹ്വലത. സുഹൃത്ത് സനോജ് ആശങ്കപ്പെട്ടു. അവൻ (ഡ്രൈവർ) എന്തോ

പ്ലാൻ ചെയ്ത പോലെയുണ്ട്. സ്ഥലം വിജനം. തിരിച്ചുപോകാം. പറയാൻ ശ്രമിച്ചപ്പോൾ ഡ്രൈവർ തിരിഞ്ഞുനോക്കി. മൈഥിലിയിൽ എന്തോപറഞ്ഞു. ചീത്ത പറയുന്നപോലെ. ഞങ്ങൾ ഇവിടെയിറങ്ങുകയാണ്. വണ്ടി നിർത്ത്. ഇറങ്ങിയപ്പോൾ ആശയക്കുഴപ്പമായി. എവിടെയാണ് സുജാത? പാടത്തിനപ്പുറത്തെ വിദൂരതയിലേക്ക് ഡ്രൈവർ കൈചൂണ്ടി. കുറെ ദൂരമുണ്ട്. മൈഥിലിഭാഷയിൽ വീണ്ടും. വണ്ടിക്കൂലി കൊടുത്തപ്പോൾ അയാൾക്ക് നിരാശയുടെ മുഖം. വിശാലമായ പാടത്ത് നേർത്ത വരമ്പിലൂടെ നടന്നു. ചുറ്റും മഞ്ഞപ്പൂക്കളുമായി കടുകുചെടികൾ. കടുകുപാടത്തിന്റെ നടുവിലൂടെ നടന്നുനടന്ന്, വരമ്പുകൾ ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞ്, ഒരു മേടു കയറിയിറങ്ങി വലഞ്ഞ്, പഴയൊരു ബുദ്ധസ്തൂപത്തിന്റെ അരികിലെത്തി. ഇതായിരിക്കണം സുജാതസ്തൂപം. ആർക്കിയോളജിക്കാരുടെ ബോർഡുണ്ട്. ഏഴുവർഷം ഉപവാസമിരുന്ന ബുദ്ധന് ആദ്യമായി പാൽച്ചോറു നല്കിയ സുജാതയുടെ വീടുണ്ടായിരുന്ന ഗ്രാമം. ഇപ്പോൾ ബക്രാവൂർ. ഏതാനും ആളുകൾ, വൃദ്ധന്മാരാണധികവും, അവിടവിടെ ഇരുന്നു വർത്തമാനം പറയുന്നു. അവർ ഞങ്ങളെ ആക്രമിക്കാൻ പദ്ധതിയിടുകയാണോ. പക്ഷേ സ്ഥലം ശാന്തം. ബുദ്ധമയമായ സായാഹ്നം. ഞങ്ങൾ ചുറ്റിനടന്നു, ഫോട്ടോ എടുത്തു, ഇടക്കിടെ ഒളികണ്ണിട്ട് അവരെ നോക്കിക്കൊണ്ട്. എന്നാൽ അവർ ഞങ്ങളെ നോക്കുന്നേയുണ്ടായിരുന്നില്ല. അവരുടെ ലോകം അത്ര അപരിചിതമല്ലാതായി. ഇന്ത്യയിൽ എല്ലായിടത്തും എല്ലാ കാലത്തും കാണാവുന്ന ഗ്രാമവൃദ്ധന്മാർ. 'ഉദയനകഥാ കോവിദ ഗ്രാമവൃദ്ധാൻ' എന്ന് കാളിദാസൻ (മേഘസന്ദേശം). പെട്ടെന്ന് ആശങ്കകൾ ഇല്ലാതെയായി. ബീഹാർ ഗ്രാമങ്ങളും ഇന്ത്യയിലെ ആയിരക്കണക്കിന് ഇതര ഗ്രാമങ്ങളെപ്പോലെത്തന്നെ. ഓട്ടോ ഡ്രൈവറോട് പെരുമാറിയതോർത്ത് ജാള്യത തോന്നി.

അപരിചിതമേഖലകൾ മിക്കവർക്കും വിഹ്വലതയുളവാക്കുന്നു. എന്നാൽ പരിചിതമേഖല വിട്ടുപോകാനുള്ള തൃഷ്ണ – യാത്ര ചെയ്യാനുള്ള അദമ്യമായ ആഗ്രഹം– തടുക്കാനാവുന്നതുമല്ല.

രണ്ട്

യാത്ര ഇഷ്ടപ്പെടാത്തവർ, യാത്ര ഒഴിവാക്കാനാവാത്തവർ, തീരെ ചുരുക്കം. നല്ല ഭക്ഷണവും വെള്ളവും സൗകര്യപ്രദമായ താമസവും തേടിയുള്ള യാത്രകൾ മനുഷ്യർക്കു മാത്രമല്ല, പക്ഷികൾക്കും മൃഗങ്ങൾക്കും ജലജീവികൾക്കും സസ്യങ്ങൾക്കുപോലും അനിവാര്യമാണ്. ഭാഷയിലൂടെ(ദൃശ്യങ്ങളും

ശബ്ദങ്ങളും കൂട്ടിച്ചേർത്തും) യാത്രാനുഭവങ്ങൾ പങ്കുവെക്കുമ്പോൾ മാത്രമേ യാത്രകൾ തിരിച്ചറിയപ്പെടുകയുള്ളൂ. മനുഷ്യയാത്രകളുടെ അനുഭവങ്ങളേ നമുക്കു പങ്കുവെക്കാനാവൂ, മറ്റു ജീവികളുടെ യാത്രാനുഭവങ്ങൾ അവർ പങ്കുവെക്കുന്നുണ്ടാകാം.

എങ്ങനെയാണ് മനുഷ്യന്റെ ഇതര അനുഭവങ്ങളിൽനിന്ന് യാത്രാനുഭവം വേർതിരിയുന്നത്? ഓരോ വ്യക്തിയും ഓരോ ചെറിയ വലിയ സമൂഹങ്ങളും തങ്ങളുടെ മേഖല (territory) നിർമിച്ചെടുക്കുന്നുണ്ട്. പരിചിത സ്ഥലങ്ങൾ മാത്രമല്ല, പരിചിതവസ്തുക്കൾ, ജീവികൾ, വ്യക്തികൾ –എല്ലാം കൂടിച്ചേർന്ന സ്വന്തംമേഖല. പരിചിതമേഖല–വിട്ടുപോകുമ്പോഴാണ് യാത്ര അനുഭവമാകുന്നത്. പരിചിതമേഖല എന്നത് ഒരു താരതമ്യാധിഷ്ഠിത പരികല്പനയാണ്. ഒരു വിദ്യാർത്ഥി സ്കൂൾവിട്ട് കോളേജിൽ എത്തുന്ന ആദ്യ ദിവസങ്ങളിൽ കോളേജ് അപരിചിതമേഖലയാണെങ്കിലും പിന്നീടത് പരിചിതമേഖലയിൽ ഉൾപ്പെടുത്തപ്പെടുന്നു. പക്ഷേ അങ്ങോട്ടുള്ള ബസ്സ് യാത്രകൾ, തീവണ്ടിയാത്രകൾ, പരിചിതത്വത്തിന്റെ ആവർത്തനമല്ല. അപരിചിതമുഖങ്ങൾ എന്നുമുണ്ടാകും. സ്വന്തം വാഹനമോ കോളേജ് ബസ്സോ ഉപയോഗിച്ച് അപരിചിതമേഖല ഒഴിവാക്കാൻ നാം ശ്രമിക്കാറുണ്ട്.

അപരിചിതമേഖലകൾ മിക്കവർക്കും വിഹ്വലതയുളവാക്കുന്നു. എന്നാൽ പരിചിതമേഖല വിട്ടുപോകാനുള്ള തൃഷ്ണ തടുക്കാനാവുന്നതുമല്ല. ഇതിനുള്ള പോംവഴികൾ യാത്രയിലുടനീളം നാം അവലംബിക്കാറുണ്ട്. വാഹനം വാടകക്കെടുത്ത് കൂട്ടുകാർക്കൊപ്പം, അല്ലെങ്കിൽ കുടുംബത്തിനൊപ്പം, നാട്ടുകാർക്കൊപ്പം, അതുമല്ലെങ്കിൽ പല പല ഗ്രൂപ്പുകൾ – എങ്ങനെയെങ്കിലും പരിചിതവലയം ഉണ്ടാക്കാമെന്ന് ഉറപ്പുള്ളവർ. പൂർണമായും അപരിചിതമേഖലയിലേക്ക് കടക്കുന്നവർ വളരെ അപൂർവ്വം. തപോവനസ്വാമികൾ, രാജൻ കാക്കനാടൻ... ... അധികം പേരില്ല. പണ്ട് എഴുത്തുകാരാകാൻ സാഹചര്യമില്ലാത്ത, വാമൊഴിക്കഥകളിലൂടെ തങ്ങളുടെ യാത്രാനുഭവം ആവിഷ്കരിച്ചുകൊണ്ടിരുന്ന സഞ്ചാരികൾ എത്രയോ ഏറെ. അപരിചിതമേഖലകളിലൂടെ ഒറ്റയ്ക്കു നിരന്തരം സഞ്ചരിക്കേണ്ടി വന്നവർ. അവരുടെ കഥകൾക്ക് കേൾവിക്കാർ അസംഖ്യം. യാത്രാകഥകൾ കേട്ടോ വായിച്ചോ മനോഗതസഞ്ചാരം നടത്തുന്ന ശീലം വളരെ ആദിമമാണ്.

പുറപ്പെട്ടിടത്ത് തിരിച്ചെത്തൽ യാത്രയുടെ ഭാഗം. എല്ലാ യാത്രകളിലും മടക്കയാത്രകളുമുണ്ട്. അന്നു തന്നെ, ചിലപ്പോൾ ഏതാനും ദിവസങ്ങൾ,

മറ്റു ചിലപ്പോൾ ആഴ്ചകൾ, അപൂർവ്വമായി മാസങ്ങൾ, വർഷങ്ങൾ. ഒന്നോ രണ്ടോ തലമുറ കഴിഞ്ഞു മടക്കയാത്രക്കു തുനിയുന്നവരും ഉണ്ടെന്നു നമ്മുടെ കുടിയേറ്റചരിത്രം പറയുന്നു. ഗയുത്ര ബഹാദൂർ കണ്ടെത്തുന്നതുപോലെ, പത്തൊൻപതാംനൂറ്റാണ്ടിൽ കരീബിയൻ ദ്വീപുകളിലേക്ക് കുടിയേറിയവരുടെ അടുത്ത തലമുറ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ഗ്രാമങ്ങളിലേക്കു തിരികെവന്നു സ്വന്തംനാട്ടിൽ തീർത്തും അപരിചിതമാവുക എന്ന സന്ദിഗ്ദ്ധാവസ്ഥ അഭിമുഖീകരിച്ചിരുന്നു (2013). കുടിയേറ്റക്കാർക്ക് ചില പൊതുസ്വഭാവങ്ങളുണ്ട്. വർഷത്തിലൊരിക്കൽ അല്ലെങ്കിൽ ഏതാനും വർഷം കഴിയുമ്പോൾ അവർ തങ്ങളുടെ പഴയദേശത്തേക്കു മടങ്ങിവരും, പുതിയ അനുഭവങ്ങൾ പഴയ ആളുകളുമായി പങ്കുവെക്കാനായി. എപ്പോഴും തിരിച്ചുപോകാനായി ധിറുതിപ്പെട്ട് എന്നാൽ സാവധാനത്തിൽ മടിച്ചു മടിച്ചു മാത്രമേ തിരിച്ചുപോകൂ. ഈ മടക്കങ്ങളും തിരിച്ചുപോക്കും ആണ് കുടിയേറ്റത്തെ സഹനീയമാക്കുന്നത് എന്നുതോന്നും.

ഓരോ യാത്രയും വ്യക്തികളിൽ ചെറിയ മാറ്റമെങ്കിലും വരുത്തുന്നുണ്ട്. സ്വന്തമായി കരുതുന്ന ലോകത്തിനു പുറത്തു മറ്റൊരു ലോകമുണ്ടെന്നതു നിസ്സാരമായ തിരിച്ചറിവല്ല. യാത്രയിലുടനീളം അപരലോകത്തെ അവഗണിക്കാൻ നാം പലപലമാർഗങ്ങൾ കണ്ടെത്തുമെങ്കിലും പെട്ടെന്ന് ഒരു നിമിഷം വാതിലിൽ പാതിമറഞ്ഞ് നിങ്ങളെ തറച്ചുനോക്കുന്ന കുട്ടിയുടെ കണ്ണുകൾ, ഏറെക്കാലം നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും; പലപല അർത്ഥങ്ങളോടെ. ഓരോ യാത്രയും ഞാൻ എന്ന ഭാവത്തെ, എന്റേത് എന്ന ചിന്തയെ പ്രതിസന്ധിയിലാക്കുന്നുണ്ട്. ആഗ്രഹമില്ലാതെ തന്നെ സ്വത്വത്തെ നിരന്തരം മാറ്റിനിർമിക്കേണ്ടി വരുന്നുണ്ട്. മനസ്സിൽ പതിയുന്ന അന്യർ എന്ന പരികല്പനയോടുള്ള പ്രതിപ്രവർത്തനത്തിലൂടെ സ്വത്വത്തെ അസ്ഥിരമാക്കുകയോ മാറ്റി മാറ്റി നിർവ്വചിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന യാത്രകൾ. അതുകൊണ്ട് എപ്പോഴും പരിചിതമേഖലയിൽ തുടരാനുള്ള ആഗ്രഹം പോലെത്തന്നെ പരിചിതലോകം വിട്ടുപോകാനുള്ള വ്യഗ്രതയും നമുക്കുണ്ട്. അവളോ അവനോ അവരോ ആയുള്ള നിരന്തര താരതമ്യത്തിലൂടെ ഞാനാര് അല്ലെങ്കിൽ ഞങ്ങളാര് എന്ന പ്രശ്നത്തിന് എല്ലായ്പ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഉത്തരങ്ങൾ തേടിക്കൊണ്ടിരിക്കുന്നു നാം.

നാട്–മറുനാട് എന്നീ പരികല്പനകൾ പരസ്പരാപേക്ഷികങ്ങളാണ്. സ്വന്തംനാട് മുഖപരിചയമുള്ള ഏതാനുംപേരുടെ ചുറ്റുവട്ടമോ

നൂറ്റിമുപ്പതുകോടിയിലധികം മുഖങ്ങൾ ഉള്ള ബൃഹത്തായ ഇന്ത്യയോ ആകാം. നാടിനോട് താരതമ്യപ്പെടുന്ന മറുനാട് ആ നാടിനനുസരിച്ച് മാറിക്കൊണ്ടേയിരിക്കുന്നു. അന്യർ നിങ്ങൾക്കുള്ളിലോ പുറത്തോ എന്ന ചോദ്യം പോലെ മറുനാട് നാടിനകത്തോ പുറത്തോ എന്നും ചോദിക്കാം. അത് അകത്തുനിന്നുകൊണ്ട് പുറത്തേക്കുള്ള നോട്ടമായും പിന്നെ പുറത്തേക്കുള്ള നോട്ടത്തിൽ നിന്നുകൊണ്ട് അകം കാണുന്ന കാഴ്ചയായും മാറാം. എന്തായാലും യാത്രകളിൽ നാം പൂർണമായും പുറത്തുമല്ല, പൂർണമായും അകത്തുമല്ല. അസ്വസ്ഥതയിൽ നിന്നുളവാകുന്ന ഒരു ആനന്ദം യാത്രയിലുണ്ട്.

മൂന്ന്

നീണ്ടപ്രയാണങ്ങളാണ് മനുഷ്യചരിത്രം മുഴുവൻ. കേരളം എന്ന ഭൂപ്രദേശം പരിഗണിക്കുമ്പോൾ ഏകദേശം മൂവായിരംവർഷമായി അനേകമനേകം സംഘങ്ങൾ ഇവിടെയെത്തി താമസമുറപ്പിച്ചതായി തെളിവുകളുണ്ട്. ഒരുപക്ഷേ ഒട്ടേറെസംഘങ്ങൾ ഇവിടെ നിന്ന് മറ്റിടങ്ങളിലേക്ക് യാത്രയാവുകയും ചെയ്തിരിക്കാം. കുറച്ചുകാലമെങ്കിലും സ്ഥിരമായി താമസിച്ചവരാണ് തെളിവുകൾ അവശേഷിപ്പിച്ചിട്ടുള്ളൂ. കേരളത്തിലുടനീളം കാണുന്ന മഹാശിലാസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ ഇത് സൂചിപ്പിക്കുന്നു.

നീണ്ടയാത്രകളെ സാധാരണയായി പലവിധത്തിൽ വ്യാഖ്യാനിച്ച് തിരിക്കാറുണ്ട്. അതിജീവനത്തിനായുള്ള കുടിയേറ്റങ്ങൾക്കാണ് ഏറ്റവും നീണ്ടചരിത്രമുള്ളത്. പിന്നെ കച്ചവടയാത്രകൾ, തീർത്ഥാടനങ്ങൾ. രണ്ടായിരംവർഷംമുമ്പുള്ള കുടിയേറ്റങ്ങളുടെ സ്വഭാവം ഇന്ന് കണ്ടെത്തുക എളുപ്പമല്ല. അത് ആഖ്യാനങ്ങളെന്തെങ്കിലും അവശേഷിപ്പിച്ചിട്ടുണ്ടെങ്കിൽതന്നെ നമ്മുടെ കൺമുന്നിലവ എത്തിയിട്ടില്ല. എന്നാൽ കച്ചവടയാത്രകളുടെ കാര്യമതല്ല. തമിഴകത്തിന്റെ കാഴ്ചപ്പാടിൽ സാർത്ഥവാഹകസംഘങ്ങളെ വിവരിക്കുന്ന ഒട്ടേറെ കവിതകൾ സംഘകാലകൃതികളുടെ കൂട്ടത്തിലുണ്ട്. ഗ്രീക്കുകാരുടെയോ റോമാക്കാരുടെയോ നിലപാടിൽ ഈ കച്ചവടയാത്രകൾ പരാമർശിക്കുന്ന പെരിപ്ലസ് മാരിസ് എറിത്രിയെയ് (എറിത്രിയൻ കടലിലൂടെയുള്ള കപ്പൽയാത്ര), മുസിരിസ് പേപ്പിറസ് പോലുള്ള രേഖകളുമുണ്ട്.

ഇതേ കാലത്തുതന്നെ തീർത്ഥാടനത്തെപ്പറ്റിയുള്ള സൂചനകളും ലഭിക്കുന്നു. കുമരി മുനമ്പിൽ സ്ത്രീകളും പുരുഷന്മാരും വന്ന് കുളിച്ച് വ്രതമനുഷ്ഠിക്കുന്നതായും പണ്ടൊരിക്കൽ ഒരു ദേവത അവിടെ കുളിച്ച് താമസിച്ചതിന്റെ സ്മരണയാണിതെന്നും പെരിപ്ലസ് (1982). തീർത്ഥാടനങ്ങൾക്ക്

ഇന്നത്തെ മതങ്ങളെക്കാൾ പഴക്കമുണ്ട്. ബുദ്ധന്റെ കാലത്തിനുമുന്നേ കാശി ഒരു തീർത്ഥാടനനഗരം ആയിരുന്നുവെന്നതിന് തെളിവുകൾ ഏറെ. ഹിന്ദു ദൈവങ്ങൾക്കും വളരെമുമ്പ് ഗംഗാനദി, സൂര്യൻ, യക്ഷന്മാർ, യക്ഷികൾ, രാക്ഷസർ, ഭൈരവന്മാർ – പലരും ആരാധിക്കപ്പെട്ടിരുന്നു അവിടെ (ഡയാന എക്ക് 1983). ബുദ്ധന്റെ കാലഘട്ടത്തിനുശേഷം അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടസ്ഥലങ്ങൾ പലതും തീർത്ഥാടനകേന്ദ്രങ്ങളായി മാറുന്നതു കാണാം. അശോകൻ സ്ഥാപിച്ച സ്മാരകസ്തൂപങ്ങൾ ഇതാണ് സൂചിപ്പിക്കുന്നത്. തീർത്ഥാടനകേന്ദ്രങ്ങൾ സാവകാശം കുടിയേറ്റനഗരങ്ങളായി മാറുന്ന കാഴ്ച നമ്മുടെ ചരിത്രത്തിലുടനീളമുണ്ട്.

ദക്ഷിണേന്ത്യയിൽ തമിഴകകാലഘട്ടത്തിലെ മധുരാനഗരം (മതുരൈ) ജനങ്ങളുടെ ഒരു യാത്രാലക്ഷ്യം ആയിരുന്നുവെന്ന് മതുരൈക്കാഞ്ചി സൂചിപ്പിക്കുന്നു. സഞ്ചാരം സംഘകാലകവിതയുടെ ഒരു പ്രധാനവിഷയമായിരുന്നല്ലോ. കവികളും കച്ചവടക്കാരും പടയാളികളും രാജാക്കന്മാരും എല്ലായ്പോഴും സഞ്ചാരത്തിലായിരുന്നു എന്നാണ് കവിതകളിൽ നിന്നു ലഭിക്കുന്ന ചിത്രം. സംഘകാലത്തിനുശേഷം ചിലപ്പതികാരവും മണിമേഖലയും കഥാപാത്രങ്ങളുടെ നീണ്ടയാത്രകളുടെ കഥയാണ് പാടുന്നത്. പിന്നീട് ഭക്തികാവ്യങ്ങളുടെ കാലഘട്ടത്തിൽ കുലശേഖര ആൾവാരും സുന്ദരമൂർത്തിയും ആണ്ടാളും മറ്റനേകം കവികളും തമിഴകത്തെ പുണ്യസ്ഥലങ്ങളിലുടനീളം സഞ്ചരിച്ച് ഗാനമാലപിക്കുന്നത് കാണാം (ആറ്റൂർ 2004). ചോളകാലത്തും തുടർന്നും നിർമിക്കപ്പെട്ട ബൃഹത്തായ ക്ഷേത്രങ്ങൾ ആയിരക്കണക്കിനു തീർത്ഥാടകരുടെ യാത്രാലക്ഷ്യമായിത്തീരുന്നു.

കുടിയേറ്റങ്ങളും തീർത്ഥാടനങ്ങളും കച്ചവടയാത്രകളും ധാരാളമായി നടന്നിരുന്നു എന്ന് ആവർത്തിക്കുന്നതിലല്ല നമ്മുടെ ശ്രദ്ധ, ആഖ്യാനം ചെയ്യപ്പെട്ട ഇത്തരം യാത്രാനുഭവങ്ങളിൽ സ്വത്വസംഘർഷങ്ങൾ എത്രത്തോളം പ്രതിഫലിക്കുന്നു എന്നതിലാണ്. സംഘകാലകവിതകളിൽ വേദനയുടെ, ആർദ്രതയുടെ ചില സ്പർശനിമിഷങ്ങളെയുള്ളൂ. എന്നാൽ ചിലപ്പതികാരത്തിൽ കണ്ണകിയുടെ കഠിനമായ മാനസികസംഘർഷവും, വേദനയിലൂടെയുള്ള ഭ്രാന്തമായ അലച്ചിലും നമ്മുടെ ഹൃദയത്തെ ഉലയ്ക്കും.

## നാല്

മലയാളത്തിലുള്ള യാത്രാനുഭവചിത്രീകരണങ്ങളിൽ ആദ്യപരിഗണന മണിപ്രവാളകൃതികൾക്കാണ്. മലയാളത്തിലെ മികച്ച യാത്രാവിവരണങ്ങളിൽ ആദ്യത്തേത് ഉണ്ണുനീലിസന്ദേശം, കോകസന്ദേശം എന്നീ

സന്ദേശകാവ്യങ്ങൾ തന്നെ. പല അർത്ഥതലങ്ങളുണ്ട് ഈ കൃതികൾക്ക്. പ്രണയവും സന്ദേശവും ആണ് പ്രാഥമികവായനയിൽ കണ്ടെത്താനാവുക. സന്ദേശം എത്തിക്കാനുള്ള യാത്രാമാർഗവും വഴിയിലെ സ്ഥലങ്ങളോരോന്നും പഴയ സഞ്ചാരികൾക്കുള്ള വഴികാട്ടികൾ (travel guide) ആയിത്തീരുന്നു. യാത്രചെയ്യുന്ന വ്യക്തിയുടെ നിരീക്ഷണങ്ങൾ, സ്ഥലങ്ങളുടെയും കാഴ്ചകളുടെയും മനോഹരവും വസ്തുനിഷ്ഠവും ഭാവനാപ്രചോദിതവുമായ വർണനകൾ – ആധുനികയാത്രാവിവരണങ്ങളുടെ ഘടകങ്ങളെല്ലാം കണ്ടെത്താനാവും ഇവിടെ. കാളിദാസന്റെ യക്ഷൻ മേഘമായി മാറി വിമാനയാത്രയുടെ അനുഭവം വായനക്കാർക്കു പകർന്നുകൊടുത്തതിന്റെ മികവ് നമ്മുടെ കൃതികൾക്ക് അവകാശപ്പെടാനാകില്ലെങ്കിലും. നാടൻപാട്ടുകളുടെ കൂട്ടത്തിൽ പരിഗണിക്കപ്പെടുന്ന പയ്യന്നൂർപാട്ട് കച്ചവടയാത്രകളുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഒരു കഥാകാവ്യമാണ്. മരക്കലത്തിൽ (കപ്പൽ) ഏറിയുള്ള യാത്രയും അഞ്ചുവണ്ണം, മണിഗ്രാമം പോലുള്ള ദീർഘദൂര കച്ചവടസംഘങ്ങളും അക്കാലത്തെ കച്ചവടസഞ്ചാരത്തെക്കുറിച്ച് ഒരു രേഖാചിത്രം അവതരിപ്പിക്കുന്നു. വടക്കൻപാട്ടുകളിലും തോറ്റംപാട്ടുകളിലും വഴിനടത്തം ഒരു പ്രധാനവർണനയാണെങ്കിലും യാത്രാനുഭവചിത്രീകരണം ഇവിടെയെല്ലാം ഒരു കൂട്ടത്തിനു പങ്കുവെക്കാവുന്ന പൊതുശീലുകളാണ്, വ്യക്തിയുടെ സൂക്ഷ്മാനുഭവങ്ങളല്ല.

വർത്തമാനപുസ്തകത്തിലെത്തുമ്പോൾ മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ സൂക്ഷ്മത നമുക്ക് തൊട്ടനുഭവിക്കാം. രസകരം, കൗതുകകരം, അത്ഭുതകരം, ആനന്ദകരം - എന്നിങ്ങനെ സ്ഥിരം പദങ്ങൾകൊണ്ട് വിശേഷിപ്പിക്കാവുന്ന സഞ്ചാരകൃതിയല്ല വർത്തമാനപുസ്തകം. യാത്രയിലുടനീളം അനുഭവിക്കുന്ന ക്ലേശങ്ങളും, തടസ്സങ്ങളും യാതനാപൂർണമായ അനുഭവമാണ് നൽകുന്നത്. പ്രതീക്ഷിച്ചവരിൽനിന്ന് സഹായം ലഭിക്കുന്നില്ലെന്നു മാത്രമല്ല കടുത്ത അവഗണനയും പീഡനങ്ങളും നേരിടേണ്ടിവരുക, യാത്രയുടെ ലക്ഷ്യം അല്പമെങ്കിലും നിറവേറാനായി സന്ദിഗ്ധതയോടെ വർഷങ്ങളോളം തങ്ങേണ്ടിവരുക, മരണത്തിന്റെ വക്കോളമെത്തുന്ന രോഗങ്ങൾക്ക് ഇരയാവുക, നിരന്തരം സ്വന്തംയാത്രയുടെ പരിണതികളെപ്പറ്റി പരിചിന്തനം നടത്തേണ്ടി വരുക – തോമ്മാ കത്തനാരുടെയും യൗസേഫ് മല്പാന്റെയും എട്ടുവർഷം നീണ്ടയാത്ര അപരലോകത്ത് എല്ലായ്പ്പോഴും സ്വയം അന്യമായിക്കൊണ്ടിരിക്കുക എന്ന വ്യക്തികളുടെ അനിവാര്യമായ പ്രതിസന്ധിയുടെ ചിത്രീകരണമാണ്.

കേരളക്കര ലക്ഷ്യമാക്കി വരുന്ന പുറംലോകത്തെ യാത്രക്കാർക്ക് ഉണ്ടായ അനുഭവങ്ങളുടെ ചില ചിത്രങ്ങൾ വരച്ചു വെക്കപ്പെട്ടിട്ടുണ്ട്. ക്രി.വ. നാലാം നൂറ്റാണ്ടിൽ മലബാർ കരയിൽ എവിടെയോ ആറു വർഷത്തോളം തടഞ്ഞുവെക്കപ്പെട്ട്, ഏതോ ഒരു നാടുവാഴിയുടെ അടുക്കളസഹായിയായി കഴിയേണ്ടിവന്ന ഒരു തീബ്സുകാരന്റെ (ഈജിപ്ഷ്യൻ ഗ്രീക്ക്) ഗ്രീക്ക് ഭാഷയിലുള്ള അനുഭവകഥ, കുരുമുളകു പറിക്കുന്ന ഉയരംകുറഞ്ഞ കാട്ടുവാസികളെയും പുഴയോരത്തെ കാടുകളിൽ കായ്കനികൾ കഴിച്ച് തപസ്സിരിക്കുന്ന ബ്രാഹ്മണരെയും നേർക്കാഴ്ച പോലെ വിവരിക്കാൻ ശ്രമിക്കുന്നു (ഡെററ്റ് 1962, മഡ്ഡി 2018). പില്ക്കാലത്ത് സമാഹരിക്കുകയും പകർത്തിയെഴുതി സംരക്ഷിക്കുകയും ചെയ്തവരുടെ കൂട്ടിച്ചേർക്കലുകൾ വേർതിരിക്കാകാത്തതിനാൽ മറ്റനേകം കൃതികളെപ്പോലെ ഇവയെയും ചരിത്രകാരന്മാർ വിശ്വാസയോഗ്യമായി കരുതുന്നില്ല.

മലബാർകരയെപ്പറ്റി വിവരിക്കുന്ന ഒട്ടനേകം യാത്രാകൃതികൾ ലഭ്യമാണ് നമുക്കിന്ന്. ഇബ്ൻ ബത്തൂത്ത, മാർക്കോ പോളോ, മാഹുവാൻ, ലുഡോവിക്കോ ഡി വർത്തേമ, ദ്വാർത്തേ ബർബോസ, ഫിലിപ്പ് ബൽദേ, കാന്റർ വിഷർ മുതലയാവരുടെ കൃതികൾ പ്രധാനമാണ്. രണ്ടായിരംവർഷം മുമ്പോ, അറുനൂറുവർഷം മുമ്പോ, ഇരുനൂറുവർഷം മുമ്പോ രേഖപ്പെടുത്തപ്പെട്ട യാത്രകളിൽ കടന്നുവരുന്ന മലബാർ, നമ്മുടെ നാട് എന്നു വിശേഷിപ്പിക്കാവുന്ന ഒന്നാണോ? അന്നത്തെ ജനങ്ങളുടെ സ്വഭാവം, അവരുടെ പരസ്പരബന്ധങ്ങൾ, അവരുപയോഗിച്ച ഭാഷാരീതികൾ ഒന്നുംതന്നെ നമുക്ക് തൊട്ടടുത്തറിടാൻ വഴിയില്ല. അതെങ്ങനെ നമ്മുടെ പരിചിതമേഖല ആയിത്തീരും? സ്വദേശമായിട്ടാണ് നാം കരുതിവരുന്നതെങ്കിലും പഴയ യാത്രാകഥളിലും ചരിത്രവിവരണങ്ങളിലും ആവിഷ്കരിക്കപ്പെയുന്ന മലബാർ/ കേരളം നമുക്കിന്നു മറുനാടാണ്. ഫ്രാൻസിസ് ബുക്കാനന്റെ വിവരണമോ വാർഡിന്റെയും കോണറിന്റെയും സർവ്വെ റിപ്പോർട്ടോ എടുത്തുനോക്കുക. വ്യത്യസ്തമായി ഉച്ചരിക്കപ്പെടുന്ന സ്ഥലനാമങ്ങൾ, ചില ക്ഷേത്രങ്ങളുടെയോ പള്ളികളുടെയോ ഭാഗങ്ങൾ, അപൂർവ്വം ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ – ഇരുനൂറുവർഷം മുമ്പുള്ള 'സ്വന്തം'നാട് ഇത്രത്തോളം പരിചിതത്വം മാത്രമേ നമുക്കുമുന്നിൽ അനാവരണം ചെയ്യുന്നുള്ളു. സ്ഥലത്തിലൂടെയുള്ള സഞ്ചാരവും കാലത്തിലൂടെയുള്ള സഞ്ചാരവും തമ്മിലുള്ള സാദൃശ്യവും വ്യത്യാസവും നമ്മുടെ പല ഉറച്ചധാരണകളേയും കടപുഴക്കും. വിവരണാത്മകചരിത്രകൃതികളുടെ പാരായണം യാത്രാവിവരണത്തിന്റെ അനുഭവം തന്നെയാണ് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം. യാത്രാവിവരണമാകട്ടെ

ഞാൻ – അപരൻ എന്നീ പരികല്പനകൾക്കിടയിലുള്ള ആന്ദോളനങ്ങളും.

അഞ്ച്

യാത്രയുടെ ഏറ്റവും ദൈന്യമായമുഖം അഭയാർത്ഥികൾ എന്ന നിലയ്ക്കുള്ള പലായനത്തിന്റേതാണ്. സ്വന്തംനാട്ടിൽനിന്ന് ബഹിഷ്കൃതരായി അശരണരായി അലയുന്നവരുടെ ദൃശ്യം ചരിത്രത്തിലുടനീളം കാണാം. യുദ്ധങ്ങൾ, ഏകപക്ഷീയമായ ആക്രമണങ്ങൾ, അടിച്ചമർത്തലുകൾ, വിഭജനങ്ങൾ, വംശഹത്യകൾ, ക്ഷാമങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, ഇപ്പോൾ കാലാവസ്ഥാപ്രതിസന്ധിയും - അഭയാർത്ഥിപ്രവാഹത്തിന്റെ നിദാനങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. ഉത്തരേന്ത്യയിലേതുപോലെ വലിയ അഭയാർത്ഥിപ്രവാഹങ്ങൾ കേരളക്കരയെ ഇതുവരെ ബാധിച്ചിട്ടില്ലെങ്കിലും കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ പതിനായിരക്കണക്കിന് ദളിതരും മറ്റുള്ളവരും ജാതിവ്യവസ്ഥയുടെ പീഡനങ്ങൾകൊണ്ടും ദാരിദ്ര്യംകൊണ്ടും നാട്ടിൽ നിൽക്കാനാവാതെ പരദേശങ്ങളിലേക്ക് പലായനം ചെയ്തിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മലബാർ കൂലികൾ എന്ന പേരിൽ ബ്രിട്ടീഷ്കോളനികളിലേക്ക് തോട്ടങ്ങളിലെ പണിക്കാരായി നാടുവിട്ടുപോയവർ, മൗറീഷ്യസ്, റീയൂണിയൻ ദ്വീപുകൾ, ദക്ഷിണാഫ്രിക്ക, സീഷെൽസ്, തെക്കെ അമേരിക്ക – ബ്രിട്ടീഷ് ഗയാന, ഫ്രഞ്ച് ഗയാന, സുരിനാം, ട്രിനിഡാഡ്- ടൊബാഗോ, മലേഷ്യ, സിലോൺ (ശ്രീലങ്ക), ഫിജി, ബർമ പലയിടങ്ങളിലായി അവരുണ്ടായിരുന്നതായി സൂചനകൾ അക്കാലത്തെ പത്രങ്ങളിലുണ്ട് (NLA). മലയാളത്തിൽ ഈ ആദ്യകാല കുടിയേറ്റക്കാരുടെ ആഖ്യാനങ്ങളൊന്നും ലഭ്യമല്ലെങ്കിലും പിൻതലമുറയുടെ ഓർമകൾ ഗയുത്രി ബഹാദൂറിനെപ്പോലുള്ളവർ സമാഹരിക്കാൻ ശ്രമിച്ചിരിക്കുന്നു (2013). മദ്രാസിൽനിന്നോ കൽക്കത്തയിൽനിന്നോ ആരംഭിച്ച് തെക്കെ അമേരിക്കയിലേക്കുള്ള മാസങ്ങൾനീളുന്ന കപ്പൽയാത്രയിൽത്തന്നെ ജാതി, സാമൂഹികപദവികൾ, സ്ത്രീപുരുഷബന്ധങ്ങൾ എല്ലാം എത്രത്തോളം മാറിത്തുടങ്ങുന്നു എന്ന് ഗയുത്രി കണ്ടെത്തുന്നു. എന്നാൽ അഭയാർത്ഥികൾക്കുണ്ടാകുന്ന ആലംബനമില്ലാത്ത സമ്പൂർണമായ അരക്ഷിതാവസ്ഥ ഈ തൊഴിലാളികൾക്കുണ്ടായിരുന്നില്ല.

രണ്ടാംലോകയുദ്ധത്തിനിടയ്ക്ക് ജപ്പാൻ, ബർമ പിടിച്ചെടുത്തപ്പോൾ (1941-42) റങ്കൂണിൽനിന്നും ഇൻസീനിൽനിന്നും നടന്ന പലായനം അപൂർവ്വമായേ ആഖ്യാനം ചെയ്യപ്പെട്ടിട്ടുള്ളൂ. സ്ത്രീകളെയും കുട്ടികളെയും കപ്പലുകളിൽ തിരികെ അയക്കുന്നതിനായിരുന്നു മുൻഗണന. പണമുള്ളവർക്കും കപ്പലുകളിൽ ഇടംകിട്ടി. അവശേഷിച്ച ആയിരത്തിലധികം മലയാളികളുടെ

(മുപ്പതിനായിരത്തോളം ഇന്ത്യക്കാരുടെയും) കഥ അതിദയനീയമായിരുന്നു. ഇരാവതീ നദിയുടെ ഗതിയിലൂടെയും നിബിഡവനത്തിലൂടെയും വടക്കോട്ട് ആസ്സാമിലോ ബംഗാളിലോ എത്തുന്നതുവരെ നടക്കാനാണ് അവർ തുനിഞ്ഞത്. ആയിരക്കണക്കിന് കിലോമീറ്റർ (ഹ്യൂ ടിങ്കർ 2011). ഭയവും പട്ടിണിയും രോഗങ്ങളും. വഴിയിൽ ഒട്ടനേകം പേർ വീണുമരിച്ചു. തിരികെ കേരളത്തിലെത്തിയവർ തങ്ങളുടെ അതികഠിനമായ അതിജീവനശ്രമത്തെപ്പറ്റി പിന്നീട് മൗനികളായി. ഓർക്കാൻ പോലും ഭയപ്പെടുന്നതു പോലെ. ഇരുപത്തൊന്നാംനൂറ്റാണ്ട് ഈ നാഗരികതയുടെ അവസാനനൂറ്റാണ്ടാണെന്ന് പ്രവചിക്കപ്പെടുന്നു. ടൂറിസമോ തീർത്ഥാടനമോ കച്ചവടയാത്രകളോ അല്ല അഭയാർത്ഥിപ്രവാഹമാണ് ഈ നൂറ്റാണ്ടിന്റെ തീഷ്ണമായ യാത്രാനുഭവം.

## ഗ്രന്ഥസൂചി

രവിവർമ്മ, ആറ്റൂർ (വിവ.) 2004. ഭക്തികാവ്യം. സമാ. എ.എ. മണവാളൻ. ബാംഗ്ലൂർ. സാഹിത്യഅക്കാദമി, വിവർത്തനകേന്ദ്രം.

പെരിപ്ലസ്, എറിത്രിയൻ കടൽത്തീരത്തിലൂടെ ഒരു കപ്പൽ യാത്ര. 1982. വിവ. പി.കെ. പത്മനാഭൻ നായ, തിരുവനന്തപുരം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

Derrett, M. & J. Duncan 1962. The Theban Scholasticus and Malabar in c. 355-60. Journal of the American Oriental Society, Vol. 82, No.1, (Jan.-Mar., 1962), pp.21–31

Diana L. Eck. 1983. Banaras: City of Light. New Delhi: Penguin.

Gaiutra Bahadur 2013. Coolie Woman: The Odyssey of Indenture. Hachette India

Hugh Tinker 2011. A Forgotten Long March: The Indian Exodus from Burma, 1942 Journal of Southeast Asian Studies DOI: ttps://doi.org/10.1017/S0022463400017069 Published online by Cambridge University Press: 07 April 2011

Maddy 2018. The Travails of a Theban Lawyer Dec. 2, 2018 Posted by Maddy https://maddy06.blogspot.com/2018/12/the-travails-of-theban-lawyer.html NLA-National Library of Australia http://nla.gov.au/nla.news-article27270801, 1328655 etc.

*panicker.ranjit@gmail.com*

# പെൺയാത്രക്കുറിപ്പുകളിലെ വിടവുകൾ

ഡോ. ജിസാ ജോസ്
അധ്യാപിക, ബ്രണ്ണൻ കോളേജ്, തലശ്ശേരി

സംഗ്രഹം

സാഹിത്യചരിത്രത്തിലും ചരിത്രപുസ്തകങ്ങളിലും ഇടം നഷ്ടപ്പെട്ട പെൺ യാത്രാക്കുറിപ്പുകളെക്കുറിച്ചുള്ള അന്വേഷണം. കണ്ടുപിടിക്കപ്പെടാത്ത ഒരു ഭൂഖണ്ഡംപോലെ സ്ത്രീകളുടെ യാത്രാനുഭവങ്ങൾ ചരിത്രത്തിൽ അജ്ഞാതമായിത്തുടർന്നു. സ്ത്രീയാത്രാക്കുറിപ്പുകൾ തമസ്കരിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്ത ഒരു കാലഘട്ടം സാഹിത്യത്തിനുണ്ടായിരുന്നു. സ്മാർത്തവിചാരത്തിനുശേഷം ഭ്രഷ്ടയായി കുറിയേടത്തു ഇല്ലം വിട്ടിറങ്ങിയ താത്രിയുടെ യാത്രാനുഭവങ്ങൾ എഴുതപ്പെട്ടിരുന്നുവെങ്കിൽ കേരളത്തിന്റെ ഒരു സ്ത്രീപക്ഷ സമുദായചരിത്രം തന്നെയാകുമായിരുന്നു അത്. നവോത്ഥാനസമരങ്ങളിലെ സ്ത്രീയനുഭങ്ങൾ പുറത്തേക്കുള്ള പെൺയാത്രകൂടിയാണ്.

***താക്കോൽവാക്കുകൾ:*** സഞ്ചാരിണി–ജ്ഞാനാർജ്ജനം–സംസ്കാരവിശകലനം–കുത്തകാധികം–ഗാർഹികവൃത്തം–സാഹിത്യവിചാരണകൾ–ലൈംഗികശുദ്ധി–ഉരുവപ്പെടുക.

*"ഇരിക്കേ മരിച്ച ഞാൻ.*
*എനിക്കില്ലിനി*
*മധു; മധുമക്ഷികകളും" ( സാഫോ: 2011 പു:52)*

മരണവും പ്രണയവുംചേർന്ന് ഉന്മത്തമാക്കിയ പെൺകവിതകളുടെ സമാഹാരമായിരുന്ന യവനസാഹിത്യത്തിലെ സ്ത്രീ സാന്നിദ്ധ്യമായ സാഫോയുടെ ഭാവഗീതങ്ങൾ (612-555 BC) ലെസ്ബോസ് ദ്വീപിലെ ഏകാധിപതിയായിരുന്ന പിറ്റാക്കസിനെ എതിർത്തതിന്റെ പേരിൽ നാടുകടത്തപ്പെട്ട

സുന്ദരിയായിരുന്ന അവർ. ഒരു പക്ഷേ കാവ്യചരിത്രത്തിലെ ആദ്യസഞ്ചാരിണി. സഞ്ചരിച്ചത് സ്വേച്ഛയോടെയല്ല, ആനന്ദത്തോടെയുമല്ല. ശിക്ഷയുടെ ഭാഗമായിരുന്ന ആ സഞ്ചാരങ്ങൾ. സ്വസ്ഥതയില്ലാത്ത അലഞ്ഞു നടത്തത്തിനിടയിൽ ഭർത്താവും മകളും എന്നേക്കുമായി നഷ്ടപ്പെട്ടു. ഏകാകിനിയായ സാഫോ പിന്നെയും യാത്രതുടർന്നു. തന്റെ കാമുകനെ കണ്ടെത്തുന്നതുവരെ. സഫലമാവാത്ത അനുരാഗത്തിനൊടുവിൽ സ്വയം ഇല്ലാതാവുന്നതുവരെ. അനിവാര്യമായ വിധിയുടെ ഇരയായി നിരന്തരം അലഞ്ഞുനടന്ന സാഫോ എഴുതിയ വരികൾ സ്ത്രീകളുടെ യാത്രയെക്കുറിച്ചുള്ള സൂചകവുമാവുന്നത് വിചിത്രമായിത്തോന്നാം. ഇരിക്കേ മരിച്ചു പോകുന്നവരാണവർ. സഞ്ചരിക്കുമ്പോഴോ നടക്കുമ്പോഴോ ഒന്നുമല്ല, ഇരിക്കേ മരിച്ചു പോവുന്നു. പരിമിതവൃത്തങ്ങൾക്കുള്ളിലെ കാഴ്ചകളല്ലാതെ മറ്റൊന്നും കാണാതെ, അറിയാതെ.

സ്ത്രീകളുടെ യാത്രകൾ വിരളമായതുകൊണ്ടാവാം സ്ത്രീ യാത്രാവിവരണങ്ങളും എണ്ണത്തിൽ കുറവാകുന്നത്. കൃത്യമായി ആസൂത്രണം ചെയ്തോ ചെയ്യാതെയോ സമയബന്ധിതമായോ അല്ലാതെയോ പുരുഷന്മാർ നടത്തുന്ന ദീർഘയാത്രകളുടെ (അവയിൽ ചിലതെങ്കിലും സാഹസികയാത്രകൾ കൂടിയാണ്, തിരിച്ചുവരുമെന്ന പോലുമുറപ്പില്ലാത്ത വിധം അനിശ്ചിതവുമാണ്) വിവരണങ്ങൾ എല്ലാ വിശദാംശങ്ങളോടും കൂടി അവരെഴുതിഫലിപ്പിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങളായി എണ്ണമറ്റ ഗ്രന്ഥങ്ങളുണ്ട് മലയാളത്തിൽ. സഞ്ചാരസാഹിത്യത്തെ പ്രധാനപ്പെട്ടതും ജനപ്രിയവുമായസാഹിത്യശാഖയാക്കുന്നതിൽ ഈ ഗ്രന്ഥങ്ങൾ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ലതാനും. പുരുഷന്മാരുടെ സഞ്ചാര വിവരണങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീയാത്രകൾ പൊതുവേ ഹ്രസ്വമായ യാത്രക്കുറിപ്പുകളാണെന്നു തോന്നാം. തീർത്തും വൈയക്തികമായ അനുഭവങ്ങളാവിഷ്കരിക്കുന്നതിനു വേണ്ടി മാത്രം യാത്രയെന്ന മാധ്യമം തെരഞ്ഞെടുത്തതാണെന്നും തോന്നാം. ആ ആത്മാഖ്യാനങ്ങൾക്ക് യാത്രയുടെ പശ്ചാത്തലം ഒരനിവാര്യതയൊന്നുമല്ലെന്നു കൂടി തോന്നിപ്പോവാം. രാഷ്ട്രീയമായ ഉള്ളൊഴുക്കുകളുള്ള, കാലത്തെയും ചരിത്രത്തെയും ഭൂമിശാസ്ത്രത്തെയും സമഗ്രമായുൾക്കൊള്ളുന്ന സംസ്കാരവിശകലനം കൂടിയാവുന്ന ആൺ യാത്രാവിവരണങ്ങൾക്കു മറുവശത്താണ് ആത്മനിഷ്ഠാനുഭവങ്ങളിൽ കുരുങ്ങിക്കിടക്കുന്ന, അതിവൈകാരികതയുടെ നിറച്ചാർത്തുകളധികമായി വാരിപ്പൂശിയ ചെറിയദൂരങ്ങൾ മാത്രം പോവുന്ന സഞ്ചാരിണികളുടെ യാത്രക്കുറിപ്പുകൾ. അവൾ പോകുന്ന യാത്രകളൊന്നും

അവളുടേതല്ല, സ്വന്തം ഇഷ്ടത്തിനവൾ തെരഞ്ഞെടുത്തതുമാവില്ല.

**പെൺസഞ്ചാര കഥകൾ – ചരിത്രം.**

സ്ത്രീയുടെ യാത്രകൾക്കുമേൽ എപ്പോഴും അദൃശ്യനിയന്ത്രണങ്ങളുണ്ടായിരുന്നു. അവൾ മിക്കവാറും യാത്രപോയ പുരുഷനെ കാത്തിരിക്കുന്നവളായിരുന്നു. അയാൾ തിരിച്ചെത്തുംവരെ അവൾക്ക് ഒരേയിടത്തു തന്നെ താമസിക്കേണ്ടതുമുണ്ടായിരുന്നു. പുതിയ കാഴ്ചകൾക്കും കീഴടക്കലുകൾക്കും ആത്മീയാനന്ദങ്ങൾക്കും നിത്യവൃത്തികൾക്കും വേട്ടയ്ക്കുമൊക്കെയായി പുരുഷൻ നിരന്തരം സഞ്ചരിച്ചു. സഞ്ചരിക്കുന്നവന്റെ ആനന്ദങ്ങൾ അവനെ കൂടുതൽ ജ്ഞാനിയാക്കി, ഉൾക്കാഴ്ചകളുള്ളവനാക്കി. ഇതൊന്നുമില്ലാതെ ഒരേയിടത്തു തന്നെ കാത്തിരുന്ന സ്ത്രീയുടെ മേൽ അധികാരം സ്ഥാപിക്കാൻ ഇതേ ജ്ഞാനം അവനെ സഹായിക്കുകയും ചെയ്തു. പ്രാചീനകാലത്ത് പുരുഷന്മാർ വേട്ടയ്ക്കായി പുറത്തു പോകുമ്പോൾ സ്ത്രീകൾ വിഭവശേഖരണത്തിനായി കാട്ടിലും മേട്ടിലും അലഞ്ഞു നടന്നിരുന്നു. അത്തരം സഞ്ചാരങ്ങളിലൂടെ അവർ തങ്ങളുടെ കാഴ്ചകളെ വിപുലമാക്കുകയും പുരുഷൻ വേട്ടയാടി കൊണ്ടു വരുന്നതിലധികം പെറുക്കി സമ്പാദിക്കുകയും ചെയ്തിരുന്നു.

കാർഷികസംസ്കാരത്തിന്റെ വ്യാപനകാലത്ത് വംശശുദ്ധി, കുലമഹിമ തുടങ്ങിയ ആശയങ്ങൾ സൃഷ്ടിക്കപ്പെടുകയും അവ സ്ത്രീയുടെ ലൈംഗികശുദ്ധി അഥവാ പാതിവ്രത്യവുമായി ബന്ധപ്പെട്ടതാണെന്നു സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ സ്ത്രീകളുടെ യാത്രകൾ ഗാർഹികവൃത്തങ്ങൾക്കുള്ളിലേക്കു ചുരുങ്ങുന്നു. അവളുടെ പരിമിതമായ യാത്രകളാവട്ടെ, പുരുഷനെ അനുസരണയോടെ പിന്തുടരൽ എന്നതു മാത്രമായിത്തീർന്നു. അനുഗമിക്കുന്നവൾ, അനുസരിക്കുന്നവൾ എന്നൊക്കെയുള്ള വിശേഷണങ്ങൾ അവളുടെ വിധേയത്വത്തിന്റെ ചിഹ്നങ്ങളാവുകയും എതിർദ്വന്ദ്വമായി സ്വേച്ഛാചാരിണി എന്ന പദം അടയാളപ്പെടുത്തപ്പെടുകയും ചെയ്തു. സ്ത്രീയുടെ അദ്ധ്വാനവും ലൈംഗികതയുമെന്ന പോലെ സഞ്ചാരസ്വാതന്ത്ര്യവും പുരുഷന്റെ ഉടമസ്ഥതയ്ക്കു കീഴിലായി. അവളുടെ എല്ലാത്തരം യാത്രകളിൽ നിന്നും സ്വേച്ഛ എന്ന പദം ആണധികാരവ്യവസ്ഥിതി മായ്ച്ചു കളഞ്ഞു.

സ്ത്രീകൾ ജ്ഞാനാർജ്ജനത്തിനോ, ആനന്ദത്തിനോ നൂതനമായ അനുഭവങ്ങൾക്കോ വേണ്ടി സ്വന്തമിഷ്ടത്തിനു യാത്ര ചെയ്യാത്തതുകൊണ്ട് അവരുടെ യാത്രക്കുറിപ്പുകൾക്കു സാഹിത്യചരിത്രത്തിലോ ചരിത്രപുസ്തകങ്ങളിലോ ഇടം കുറവാണ്. കെട്ടിലമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ, ഓന്തോടിയാൽ വേലിക്കലോളം, വേലിചാടിയ പശുവിന് കോലുകൊണ്ടു

മരണം തുടങ്ങി എണ്ണമറ്റ പഴഞ്ചൊല്ലുകൾ സ്ത്രീയാത്രകളുടെ ചരിത്രപരമായ അദൃശ്യത കേവലം യാദൃച്ഛികതയല്ലെന്നും ആസൂത്രിതമായിരുന്നുവെന്നും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. സ്ത്രീകൾ എങ്ങനെയാണ് പുതിയ സ്ഥലങ്ങൾ കണ്ടത്, ആ കാഴ്ചകളും അനുഭവങ്ങളും അവരെയെങ്ങനെയെല്ലാം നവീകരിച്ചു തുടങ്ങിയവയെക്കുറിച്ചറിയാൻ വളരെക്കാലം സാധ്യതകളൊന്നുമില്ലായിരുന്നു. കണ്ടു പിടിക്കപ്പെടാത്ത ഒരു ഭൂഖണ്ഡം പോലെ സ്ത്രീകളുടെ യാത്രാനുഭവങ്ങൾ ചരിത്രത്തിൽ അജ്ഞാതമായിത്തുടർന്നു.

സ്ത്രീകൾ അനുയാത്രികരായി പലപ്പോഴും ലോകസഞ്ചാരം നടത്തിയിട്ടുണ്ട്. ഒരുപക്ഷേ അപരിചിത ഭൂപ്രദേശങ്ങൾ അവരെങ്ങനെയാണു കണ്ടതെന്നും അനുഭവിച്ചതെന്നുമൊക്കെ എഴുതി വെച്ചിട്ടുമുണ്ടാവാം. കോളണി രാജ്യങ്ങളിലേക്ക് നിയമിക്കപ്പെട്ട ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ സഹചാരികളായിവന്ന സ്ത്രീകളുടെ അനുഭവക്കുറിപ്പുകൾ ഇക്കൂട്ടത്തിൽ പ്രമുഖമാണ്. പക്ഷേ അവ ഗൗരവമുള്ള രചനകളായി അക്കാലത്ത് പരിഗണിക്കപ്പെടുകയോ സൂക്ഷിക്കപ്പെടുകയോ ഉണ്ടായില്ല. "തലയ്ക്ക് സ്ഥിരതയില്ലാത്ത തൈക്കിളവികളായ സ്ത്രീകളാണ് യാത്രയും യാത്രാവിവരണവും നടത്തുന്നതെന്നായിരുന്നു യൂറോപ്യൻ ഭാഷ്യം. യാത്രക്കാരികളുടെ പരിഹാസദ്യോതകമായ ചിത്രങ്ങൾ പ്രദർശിപ്പിച്ച് സ്ത്രീകളുടെ സഞ്ചാരസാഹിത്യം പൈങ്കിളിയെഴുത്താണ് എന്നു വരുത്താൻ യത്നിക്കുക കൂടി ചെയ്യുന്നു അവർ. ... പുരുഷനെക്കാൾ ഭാഷ വഴങ്ങുന്നത് സ്ത്രീകൾക്കാണെന്നിരിക്കെ, അനുഭവങ്ങളും ആഹ്ലാദങ്ങളും തേടിയുള്ള സ്ത്രീയാത്രകളെ, എഴുത്തിനെ, നിസ്സാരവൽക്കരിക്കാൻ എല്ലാ നാട്ടിലും എല്ലാക്കാലത്തും വിപണിയുടെ സമൂഹം ശ്രമിച്ചുകൊണ്ടിരുന്നു" (ഗീതാഞ്ജലികൃഷ്ണൻ 2017: 39).

വിപണിയുടെ കുത്തകാധികാരം പുരുഷന്മാരുടേതായിരുന്നു താനും. ചുരുക്കത്തിൽ സ്വയം തെരഞ്ഞെടുത്ത യാത്രകളായിരുന്നില്ല എങ്കിലും സ്ത്രീകൾ സഞ്ചരിച്ചിരുന്നു, യാത്രക്കുറിപ്പുകളെഴുതുകയും ചെയ്തിരുന്നു. പക്ഷേ അവയ്ക്ക് ആധികാരികതയോ അംഗീകാരമോ കിട്ടിയില്ല. മറിച്ച് തമസ്കരിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്തു. സഞ്ചാരിയും പര്യവേക്ഷകനുമായ ജോർജ് കിങ്സ്‌ലിയുടെ മകൾ മേരി കിങ്സ്‌ലിയുടെ പടിഞ്ഞാറൻ ആഫ്രിക്കയിലെ സഞ്ചാരം (1897) എന്ന ഗ്രന്ഥമാണ് ലോക സാഹിത്യത്തിലെതന്നെ ശ്രദ്ധേയമായ ആദ്യകാല പെൺയാത്രാവിവരണം. ആഫ്രിക്കയുടെ അപകടകരവും ഇരുണ്ടതുമായ ഇടങ്ങളിലൂടെ പലപ്പോഴും കാൽനടയായി സഞ്ചരിച്ച മേരി തിരിച്ചു വന്ന് അവരുടെ യാത്രാനുഭവങ്ങൾ

തെളിഞ്ഞ ഭാഷയിൽ ക്രോഡീകരിച്ചു. ആ യാത്ര അവർ സ്വയം തെരഞ്ഞെടുത്തതുമായിരുന്നു. ആഫ്രിക്കയിലേക്കുള്ള രണ്ടാം യാത്രയിൽ അവിടെ വെച്ചു രോഗബാധിതയായാണവർ മരിച്ചത്. പൂർത്തിയാവാത്ത പെൺയാത്രകളുടെ, പക്ഷേ അദമ്യമായ യാത്രാവാഞ്ഛയുടെ നിത്യപ്രതീകമായിത്തീർന്നു അങ്ങനെ മേരി കിങ്സ്ലി. മേരി മൊണ്ടാഗുവിന്റെ തുർക്കിയാത്രാവിവരണമാണ് മറ്റൊരു ആദ്യകാല പെൺ യാത്രാനുഭവം. വോട്ടവകാശമോ സ്വത്തവകാശമോ ഇല്ലാതിരുന്ന തീർത്തും അസ്വതന്ത്രയായ ബ്രിട്ടീഷ് വനിത, തുർക്കിസ്ത്രീകൾ വസ്ത്രധാരണത്തിലടക്കം തങ്ങളെക്കാൾ സ്വതന്ത്രകളാണെന്നു കണ്ടു വിസ്മയിച്ചുപോയതായി ഗ്രന്ഥത്തിൽ സൂചനകളുണ്ട്.

1889-ൽ പണ്ഡിത രമാബായി മറാത്തി ഭാഷയിലെഴുതിയ ഇംഗ്ലണ്ട് കാപ്രവാസ് ആണ് ഇന്ത്യയിൽ നിന്നുണ്ടായ ആദ്യ പെൺ യാത്രാ വിവരണം. 1921-ൽ തരവത്ത് അമ്മാളുവമ്മ നടത്തിയ തീർത്ഥയാത്രയെക്കുറിച്ച് അവർ തന്നെയെഴുതിയ ഗ്രന്ഥമാവണം മലയാളത്തിലെ ആദ്യ യാത്രാവിവരണം. മിസ്സിസ്. സി. കുട്ടൻ നായരെന്ന കൊച്ചാട്ടിൽ കല്യാണിയമ്മ എഴുതിയ 'ഞാൻ കണ്ട യൂറോപ്പ്' ആദ്യവിദേശ യാത്രാവിവരണവും. സ്ത്രീസ്വാതന്ത്ര്യവാദിയും വിദ്യാഭ്യാസ പ്രവർത്തകയുമൊക്കെയായിരുന്ന മിസ്സിസ് കുട്ടൻ നായരുടെ യൂറോപ്പ് യാത്ര, ഹോളണ്ടിലെ അഖിലലോകവിദ്യാർത്ഥിസമ്മേളനത്തിൽ പങ്കെടുക്കാനായിരുന്നു. സ്ത്രീകളുടെ വ്യക്തിപരമായ വളർച്ചയ്ക്ക് സമത്വാധിഷ്ഠിതമായ സാമൂഹികനീതി അനിവാര്യമാണെന്നു തിരിച്ചറിഞ്ഞ, നിലനില്ക്കുന്ന പുരുഷകേന്ദ്രിതലിംഗ മൂല്യ സങ്കല്പങ്ങളെ ചോദ്യം ചെയ്യാൻ ശ്രമിച്ച ആ എഴുത്തുകാരിയുടെ യാത്രാവിവരണത്തെ പക്ഷേ സഹിഷ്ണുതയോടെ സ്വീകരിക്കാൻ കേരളത്തിന്റെ ആൺബോധത്തിനു കഴിഞ്ഞില്ല എന്നതിന്റെ തെളിവാണ് അതിനെ പരിഹസിച്ച് സഞ്ജയൻ എഴുതിയെന്നു പറയപ്പെടുന്ന 'എന്നെ കണ്ട യൂറോപ്പ്' എന്ന ഹാസ്യലേഖനം. മിസസ് കുട്ടൻനായരുടേത് കൃത്യമായ രാഷ്ട്രീയവും, ഗാംഭീര്യവും അനുഭവതീക്ഷ്ണതയുമുള്ള യാത്രാനുഭവങ്ങളായിരുന്നു. ഒരു മലയാളി സ്ത്രീ കാഴ്ച കാണാനും ഗൗരവവും ഔപചാരിക സ്വഭാവവുമുള്ള സമ്മേളനത്തിൽ പങ്കെടുക്കുന്നതിനും വേണ്ടിനടത്തിയ വിദേശയാത്രയിലെ സ്വാധികാരം, സ്വേച്ഛ തുടങ്ങിയ ഘടകങ്ങൾ പുരുഷ ലോകത്തിന് അസ്വീകാര്യമായതിൽ അത്ഭുതമില്ല.

### എഴുതപ്പെടാത്ത ചില പെൺയാത്രകൾ:

എഴുതപ്പെട്ടിരുന്നെങ്കിൽ മലയാളത്തിലെ ഏറ്റവും സംഭവബഹുലമായ പെൺയാത്രാവിവരണമാകേണ്ടിയിരുന്ന ഒരു യാത്രയെക്കുറിച്ചുള്ള

സൂചനകൾ ചരിത്രത്തിലുണ്ട്. 1905-ൽ അവസാനത്തെ സ്മാർത്തവിചാര ത്തിനു ശേഷം ഭ്രഷ്ടയായി കുറിയേടത്ത് ഇല്ലം വിട്ടിറങ്ങിയ താത്രിയുടേ താണ് ആ യാത്ര. അവർ തീവണ്ടികയറി കോയമ്പത്തൂർക്കു പോയെന്നാണ് വിശ്വസനീയമായ ധാരണകളിലൊന്ന്. ബഹിഷ്കൃതയായ സ്ത്രീയുടെ പ്രയാണം. ആണധികാര ലോകം നിർണയിച്ച അന്തർജനം എന്ന മൂല്യവ ത്തായ ഗാർഹികപദവിയിൽനിന്ന് ബഹിർജനമായി പുറത്തിറങ്ങുമ്പോൾ, യാത്ര ചെയ്യുമ്പോൾകണ്ടതും കേട്ടതും അനുഭവിച്ചതും അവർക്കെഴുതാനേ റെയുണ്ടാകുമായിരുന്നു. ഒരുപക്ഷേ കേരളത്തിന്റെ ഒരു സ്ത്രീപക്ഷസമുദായച രിത്രം തന്നെയാകുമായിരുന്ന യാത്രക്കുറിപ്പാണ് എഴുതപ്പെടാതെ പോയത്.

കീഴാളസ്ത്രീയവസ്ഥകളെക്കുറിച്ചുള്ള പാട്ടുകളിലും ഒട്ടനവധി ചരിത്ര സന്ദർഭങ്ങളിലും അപൂർണമെങ്കിലും പെൺയാത്രകളുടെ ലാഞ്ഛനകളുണ്ട്. പല ആവശ്യങ്ങൾക്കായി വീടുവിട്ടിറങ്ങുന്ന സ്ത്രീകളെ അവിടെ കാണാം. വീടാണ് സ്ത്രീയുടെ ഇടം എന്ന ആൺബോധത്തെ വെല്ലുവിളിക്കുന്നുവെ ന്നതു തന്നെയാണ് ഇത്തരം യാത്രകളുടെ പ്രസക്തി. വെള്ളംകോരാനും ഞാറുനടാനും വിറകുശേഖരിക്കാനുമൊക്കെ പുറത്തിറങ്ങുന്ന സ്ത്രീകൾ ഹ്രസ്വമെങ്കിലും അർത്ഥവത്തായ യാത്രകൾ തന്നെയാണു നടത്തിയിരു ന്നത്. അതിനെക്കുറിച്ച് അവർ പാട്ടുകളും കെട്ടിയുണ്ടാക്കിയിരുന്നു. എല്ലാ ജനപഥങ്ങളിലും അത്തരം സ്ത്രീ നാടോടിഗാനങ്ങൾ കണ്ടെത്താനാവും. മറ്റൊരുവിഭാഗം യാത്രകൾ സൂക്ഷ്മമായ സാമൂഹികബോധത്തിന്റെ അനിവാ ര്യഫലമായ സമരയാത്രകളാണ്. സ്ത്രീകൾ നടത്തിയ എത്രയോ സമരങ്ങൾ, മുലമാറാപ്പ് വഴക്ക്, കല്ലേം മാലേം അറക്കൽ, മുക്കുത്തി സമരം, അച്ചിപ്പുടവ സമരം. ഇത്തരം സമരചരിത്രങ്ങൾ സഞ്ചാരചരിതങ്ങൾ കൂടിയാവുന്നത് വീടടങ്ങിയിരുന്ന സ്ത്രീ പുറത്തേക്കു വരുന്നതുകൊണ്ടാണ്. സ്ത്രീകൾ തന്നെ എഴുതിയിരുന്നുവെങ്കിൽ ബഹുസ്വരമായ കീഴാളസ്ത്രീ പ്രതിരോധചരിത്ര മാവാൻ ശേഷിയുള്ള ലിഖിതങ്ങളായേനെ കലാപങ്ങൾക്കായുള്ള ആ യാത്രകൾ. വേറൊന്ന് നിർബന്ധിതമായ പറിച്ചുനടലുകളെക്കുറിച്ചുള്ള സൂചനകളാണ്. സ്വത്വബോധം, തുല്യനീതി, സമത്വം ഇവയെക്കുറിച്ചൊ ക്കെ കേട്ടുകേൾവിപോലുമില്ലാത്ത കീഴാളസ്ത്രീകളെ ജന്മിമാർ ബലമായി പിടിച്ചുകൊണ്ടുപോകുന്നതിന്റെ, വീട്ടിൽ നിന്നകറ്റുന്നതിന്റെ വേദനനിറഞ്ഞ കഥകൾ അവയും എഴുതപ്പെട്ടില്ല.

“ വാങ്ങിയവനെന്നെ കൊണ്ടു -
പോകുവാനായി തുടങ്ങുമ്പോൾ

കെട്ടിക്കുടിപ്പിച്ചുഞാൻകരഞ്ഞീടുന്നു.
കുളിപ്പിച്ചേ മകനേ ഞാൻ
ചോറുകൊടുത്തല്ലലോടെ
അവസാനത്തുരുളയും
നീയുണ്ടോടാ മകനേ
മൂത്തകുട്ടി, കണ്മണിയേ
പിരിഞ്ഞു ഞാൻ പോയിടട്ടെ."

(ദേവിക.പുറം 41: 2015)

പൊയ്കയിൽ അപ്പച്ചന്റെ ഈ പാട്ടിൽ നിർബന്ധിതവും അന്നത്തെ സാമൂഹ്യ സാഹചര്യങ്ങളിൽ അനിവാര്യവുമായ പെൺയാത്രയുണ്ട്. അവളുടെ യാത്രയുടെ കഥകളും നമുക്ക് അജ്ഞാതമാണ്. വടക്കേച്ചെരുവിൽ പി.കെ. കല്യാണി എന്ന ഈഴവസ്ത്രീ, മറ്റു രണ്ടു സ്നേഹിതമാരോടൊപ്പം മാവേലിക്കരയിൽ നിന്നുവന്ന് വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതായി രേഖകളുണ്ട്.എത്ര സാർത്ഥകമായൊരു യാത്രയായിരുന്നു അത്. അതും എഴുതപ്പെടാതെ പോയി. വൈക്കം സത്യാഗ്രഹഫയലിൽ മാത്രമാണ് ആ യാത്രയെക്കുറിച്ചുള്ള പരാമർശമുള്ളത്. "പ്രിയ സഹോദരികളേ, ഈയവസരത്തിൽ നമ്മുടെ കടമയെന്താണ്? സഞ്ചാരസ്വാതന്ത്ര്യം ആർക്കും ലഭിക്കേണ്ടതല്ലയോ? വഴിനടക്കേണ്ടതു സ്ത്രീകളുടെയും ആവശ്യമാണല്ലോ. സ്ത്രീകളിൽ ഒരു വലിയഭാഗത്തിനുള്ള ഈ അസ്വാതന്ത്ര്യം നീക്കിക്കൊടുക്കേണ്ടത് മറ്റുള്ളവരുടെ കടമയാണ്. മനുഷ്യ സഞ്ചാരസ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന നിയമങ്ങളെയും ആചാരങ്ങളെയും ഉച്ചാടനം ചെയ്യേണ്ടതു നമ്മുടെയും കടമയല്ലയോ? ...നമ്മുടെ കടമയെ നിറവേറ്റുന്നതിനു നാം തന്നെ വേല ചെയ്യേണ്ടിയിരിക്കുന്നു (ദേവിക 2011: 111). കേരളീയ ഹിന്ദുസ്ത്രീകളോട് കല്യാണി നടത്തിയ ഈ അഭ്യർത്ഥന സഞ്ചാരസ്വാതന്ത്ര്യത്തിനായുള്ള അഭിവാഞ്ഛയാണ്. വഴിനടപ്പിനുള്ള സ്വാതന്ത്ര്യം സ്ത്രീകളുടെ സർവ്വതോന്മുഖമായ വളർച്ചക്കു നിദാനമാകുമെന്നു കാണാനുള്ള ദീർഘവീക്ഷണം അവർക്കുണ്ടായിരുന്നു. നിശ്ചിതമായ ചില പാതകളിലൂടെയുള്ള നടപ്പവകാശം മാത്രമല്ല അവർ ലക്ഷ്യം വെച്ചത്. ഒരുപക്ഷേ, സഞ്ചാരസ്വാതന്ത്ര്യമൊരു അവകാശമായി ഉയർത്തിക്കാട്ടിയ ആദ്യത്തെ സ്ത്രീകളിലൊരുവളായിരുന്നു വടക്കേച്ചെരുവിൽ പി.കെ.കല്യാണി.

യാത്ര സ്ത്രീപക്ഷത്ത് പലപ്പോഴും ആനന്ദത്തിനോ അനുഭവങ്ങൾക്കോ ജ്ഞാനാർജ്ജനത്തിനോ ആയിരുന്നില്ല എന്ന് വ്യക്തമാണ്. കീഴാളസ്ത്രീ

പ്രതിരോധങ്ങൾ പോലെതന്നെ സവർണസ്ത്രീകൾ നേതൃത്വംകൊടുത്ത ഘോഷാബഹിഷ്കരണം പോലുള്ള സമരങ്ങളുമുണ്ടായിരുന്നു. പാർവ്വതി നെന്മിനിമംഗലം, ദേവകി നരിക്കാട്ടിരി തുടങ്ങി എത്രയോ സ്ത്രീകൾ വീട്ടു വിട്ടവരും ചെറുതുംവലുതുമായ യാത്രകൾ നടത്തിയവരുമാണ്. അതുകൊണ്ടുതന്നെ ഭ്രഷ്ടരായവരുമാണ്. വീട്ടിൽ നിന്നു പുറത്തുപോകുന്ന കന്യകയെ വിവാഹം ചെയ്യരുതെന്നനുശാസിക്കുന്ന (കാമസൂത്രം) സ്മൃതികളുടെയും പുരാണങ്ങളുടെയും നാട്ടിൽ വീടുവിട്ടു സാമൂഹികപ്രവർത്തനങ്ങൾക്കും നവോത്ഥാന സമരങ്ങൾക്കും പുറത്തേക്കിറങ്ങുന്ന സ്ത്രീകളുടെ ചെറിയ യാത്രകൾപോലും ദീർഘവും ക്ലേശകരവുമായ മഹായാത്രകളാണ്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ച സ്ത്രീകൾ വാർധായിലേക്കും സബർമതിയിലേക്കുമൊക്കെ നടത്തിയ യാത്രകളും ഇക്കൂട്ടത്തിൽ ചേർത്തു വെക്കേണ്ടതാണ്. കേരളത്തിൽ അക്കാലത്ത് ചുരുക്കം സ്ത്രീകൾ ചിലപ്പോഴൊക്കെ യാത്രകൾ നടത്തിയിരുന്നു, ഒന്നും വ്യക്തിനിഷ്ഠമായ ആഹ്ലാദാനുഭവങ്ങൾക്കായിരുന്നില്ല. അതുകൊണ്ടുതന്നെ അവയെക്കുറിച്ച് വിശദമായി എഴുതിവെക്കാനുള്ള അവസരങ്ങളോ സമയം തന്നെയോ അവർക്കുണ്ടായിരുന്നുമില്ല. അവരുടെ യാത്രകളും, അനുഭവങ്ങളുമെല്ലാം അവയുടെ രാഷ്ട്രീയത്തോടുകൂടിത്തന്നെ വിസ്മൃതമായിപ്പോയെന്നതാണ് ഇതിന്റെ ദുരന്തഫലം. സ്ത്രീകളെഴുതുമ്പോൾ യാത്രയെഴുത്തുപോലും രാഷ്ട്രീയപ്രവർത്തനമാണ്.

**സാഹിത്യത്തിലെ ഒരു പെൺയാത്ര:**

മണിപ്രവാളസാഹിത്യത്തിൽ സഞ്ചാരിണികളായ സ്ത്രീകളെ അങ്ങുമിങ്ങും കണ്ടെത്താനാവും. ചന്ദ്രോത്സവം എന്ന കാവ്യത്തിൽ ചന്ദ്രോത്സവാലോചനകൾക്കായി മേദിനി വെണ്ണിലാവ് വിളിച്ചുകൂട്ടുന്ന ചർച്ചായോഗത്തിൽ നാടിന്റെ പലഭാഗത്തുനിന്നും വരുന്ന സുന്ദരിമാരെക്കുറിച്ചു പേരെടുത്തു പരാമർശങ്ങളുണ്ട്. ചന്ദ്രോത്സവച്ചടങ്ങുകൾക്കും വിപുലമായ സ്ത്രീ പങ്കാളിത്തമുണ്ടുതാനും. ആ സ്ത്രീകൾ പുരുഷന്മാരെ പിന്തുടർന്നു വന്നവരല്ല, അവരാൽ ആനയിക്കപ്പെട്ടു വരുന്ന സ്വേച്ഛാചാരിണികളാണ്. പക്ഷേ അവരെ ദേവദാസികളെന്നും വേശ്യകളെന്നും കുറ്റപ്പെടുത്തി മാറ്റി നിർത്തുകയായിരുന്നു പില്ക്കാല സാഹിത്യവിചാരണകൾ ചെയ്തത്. പിന്നീട് വ്യത്യസ്തരായ സ്ത്രീകൾ കഥാപാത്രങ്ങളായി വരുന്ന സാഹിത്യശാഖ നോവലാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദം മുതൽ നോവലുകൾ ധാരാളമായുണ്ടായി. അവയിൽ മിക്കതിനും സ്ത്രീകളുടെ പേരായിരുന്നു താനും. അത്തരം

രചനകളിൽ യാത്രകൾ ആവർത്തിച്ചുവന്നു. സ്വത്വബോധ നിർമ്മിതിയിലും ദേശപരിചയത്തിനും അനുഭവസമ്പത്തിനും യാത്രകൾ അനിവാര്യമാണ് എന്ന ആശയം നായക കഥാപാത്രത്തിന്റെ യാത്രകളിലൂടെ ഇന്ദുലേഖയടക്കമുള്ള നോവലുകൾ സ്ഥാപിച്ചെടുത്തു. കാത്തിരിക്കുന്ന സ്ത്രീ/യാത്രചെയ്യുന്ന പുരുഷൻ എന്ന ദ്വന്ദ്വം ഈ നോവലുകളിൽ കൃത്യമായ ചിഹ്നങ്ങളായി. യാത്രകളിലൂടെ വികസിതമാവുന്ന രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക ബോധം പുരുഷന്റെ സംസ്കാരത്തെയും ജ്ഞാനമണ്ഡലത്തെയും വിശാലമാക്കി. സ്ത്രീപക്ഷത്ത് നിശ്ചലത/കാത്തിരിപ്പ് എന്നീ ചിഹ്നങ്ങൾ അവളുടെ സ്വത്വത്തെ ഇല്ലായ്മയായും അവളിലെ കർത്തൃത്വത്തെ ദുർബ്ബലമായും രേഖപ്പെടുത്തി. ജ്ഞാനപരമായ ഒരു വിനിമയത്തിനും സാധ്യതയില്ലാതെ, കേവലം അഴകളവുകളുടെ തികവുകൊണ്ടുമാത്രം വശീകരണശക്തിയുള്ളവളായി സ്ത്രീബിംബങ്ങൾ നോവലുകളിൽ നിരന്നു.

പത്തൊമ്പതാംനൂറ്റാണ്ടിലെ മലയാളനോവലുകളെക്കുറിച്ചുള്ള പഠനത്തിൽ ചീത്തനോവലെന്നും യാഥാർത്ഥ്യവും യുക്തിഭദ്രതയും കുറവെന്നും സഹതാപത്തോടെ നോക്കിക്കാണണമെന്നുമൊക്കെ (ജോർജ് ഇരുമ്പയം - മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ). വിശേഷിപ്പിക്കപ്പെട്ട ലക്ഷ്മീകേശവമെന്ന നോവൽ വ്യത്യസ്തമാവുന്നത് ഇവിടെയാണ്. കോമാട്ടിൽ പാഡുമേനോൻ എഴുതിയ ഈ നോവലിൽ പുരുഷന്മാരുടെ യാത്രയെക്കുറിച്ചു സൂചനകൾ മാത്രമേയുള്ളു. അതേസമയം നായികയായ ലക്ഷ്മി നടത്തുന്ന യാത്രകളെക്കുറിച്ചു വിശദാംശങ്ങൾ സഹിതം രണ്ടധ്യായങ്ങളിലായി വിവരിച്ചിരിക്കുന്നു. ഒന്ന് അച്ഛനമ്മമാരോടൊപ്പം സുരക്ഷിതമായും സംരക്ഷിതയായും നടത്തുന്ന മദിരാശി യാത്രയാണ്. രണ്ടാമത്തേത് അനിശ്ചിതമായ ദേശാന്തര യാത്രയും. "ഒരു കൊല്ലത്തേക്കു ദേശസഞ്ചാരത്തിനൊരുമ്പെട്ടിട്ടാകുന്നു ഞാൻ പോകുന്നത്. എനിക്ക് സഹായത്തിനായി മീനാക്ഷിയും എന്റെ കൂടെവരുന്നുണ്ട്. അച്ഛൻ എന്റെ പക്കൽ സൂക്ഷിക്കാനായി തന്നിരുന്ന അഞ്ഞൂറുറുപ്പികയുടെ നോട്ടുകളും ഒരുനൂറുറുപ്പികയും ഞാനെടുത്തിട്ടുണ്ട്. വഴിയാത്രയിൽ ഞങ്ങൾക്ക് വല്ല ബുദ്ധിമുട്ടോ ആപത്തോ സംഭവിക്കാതെ കാത്തുകൊള്ളേണ്ടതിനുള്ള സാമർത്ഥ്യവും അറിവും ഇനിക്കുള്ളതിനാൽ നിങ്ങൾ ഒട്ടും വ്യസനിക്കേണ്ടതില്ല." ( പാഡു മേനോൻ, 2013: 9) ആത്മവിശ്വാസം സ്ഫുരിക്കുന്ന ഇത്തരം വാക്കുകൾ മലയാളനോവലിനെ സംബന്ധിച്ച് വളരെ പുതുമയായിരുന്നു. അത്ഭുതകരമെന്നുതന്നെ വിശേഷിപ്പിക്കാവുന്ന കർത്തൃത്വസ്വരം. സാമൂഹ്യനിർമ്മിതമായ ലിംഗപദവിയുടെ

സാംസ്കാരികമൂല്യങ്ങളെയാണ് ലക്ഷ്മിയുടെ യാത്ര അപനിർമ്മിക്കാൻ ശ്രമിക്കുന്നത്. ആൺ-പെൺ വിവേചനവും ഓരോ വിഭാഗത്തിനും കൃത്യവും വ്യത്യസ്തവുമായ സാമൂഹികശീലങ്ങളും മൂല്യങ്ങളും സൃഷ്ടിച്ചുറപ്പിക്കുന്ന ലിംഗപദവീ നിയമങ്ങളെ അവൾ തകർക്കുന്നു. വ്യക്തിപരമായ ഒരു പ്രതിസന്ധിയെ മറികടക്കാനാണ് അവൾ ദേശസഞ്ചാരത്തിന്റെ പാത തെരഞ്ഞെടുക്കുന്നതെങ്കിലും ആ ഒരുവർഷം കാഴ്ചകൾകണ്ട്, ഫലപ്രദമായി വിനിയോഗിക്കണമെന്ന ദൃഢനിശ്ചയം അവൾക്കുണ്ട്. നഗരങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും അധോലോകസ്വഭാവമുള്ള ഇടങ്ങളിലൂടെയും ഇടത്താവളങ്ങളിലുമൊക്കെയായി അവളുടെ യാത്ര നീളുന്നു. യാത്രക്കിടയിൽ സ്നേഹിതയെ നഷ്ടപ്പെട്ട് അവൾ ഒറ്റയ്ക്കാവുന്നുമുണ്ട്. പക്ഷേ തന്റെ യാത്ര അവസാനിപ്പിക്കാനല്ല, തുടരാനാണ് അപ്പോഴുമവൾ തീരുമാനിക്കുന്നത്. മലയാള സാഹിത്യത്തിൽ ആദ്യമായി സ്വന്തം യാത്രാപഥങ്ങൾ സ്വയംനിശ്ചയിക്കുന്ന സ്ത്രീയാണ് ലക്ഷ്മിയെന്നു പറയാം. ഞാൻ എന്ന കർത്തൃത്വം, സ്വത്വബോധം അവളിൽ മുന്നിട്ടു നിൽക്കുന്നു. പുരുഷൻ നിർണയിച്ചുവെച്ച അതിരുകൾ മറികടക്കുന്ന സ്ത്രീ. പെണ്ണിടങ്ങൾ വീടും പരിസരവും മാത്രമല്ല, വിശാലമായ ലോകം മുഴുവനുമാണെന്നു പറയുന്ന വിപ്ലവ ബോധം അബോധമായിട്ടാണെങ്കിലും ലക്ഷ്മിയിൽ ജ്വലിക്കുന്നു.

നോവൽസാഹിത്യത്തിന്റെ പ്രാരംഭദശയിൽ പിന്നീട് യാത്രചെയ്യുന്ന സ്ത്രീകളെകാണുന്നത് സ്ത്രീകളെഴുതിയ നോവലുകളിലാണ്. ആധുനികതയുടെ കാലത്തെ സാഹിത്യമാകട്ടെ പെണ്ണിടങ്ങളെയും അവളുടെ സ്വത്വത്തെയും ലൈംഗികതയെയുമെല്ലാം തമസ്കരിക്കുവാനുള്ള ശ്രമങ്ങൾ മാത്രമാണു നടത്തിയത്. സ്ത്രീയുടെ യാത്രകൾ അതിജീവനത്തിന്റെ ഭാഗമാണെന്നും അത് അനുഭൂതിക്കോ അറിവിനോ വേണ്ടിയുള്ളതല്ലെന്നും അത്തരം യാത്രകൾ പുരുഷൻ മാത്രമാണ് നടത്തുകയെന്നും ആധുനികതയുടെ സാഹിത്യം കൃത്യമായി രേഖപ്പെടുത്തി. ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയ, ആഗോളവൽക്കരണം തുടങ്ങിയ ഒട്ടനവധി തുറസുകളുടെ വിശാലതയിൽ ഉരുവപ്പെട്ടുവന്ന ആധുനികാനന്തരകാലം സ്ത്രീ യാത്രയെഴുത്തുകൾക്ക് വലിയ സാധ്യതകളാണു തുറന്നിട്ടത്. ട്രാവൽമാഗസിനുകൾ, ടൂർപാക്കേജുകാർ, സ്ത്രീക്കൂട്ടായ്മകൾ, സ്ത്രീകളുടെ സാമ്പത്തികസ്വാതന്ത്ര്യം തുടങ്ങി ധാരാളം അനുകൂലഘടകങ്ങളും അവിടെയുണ്ടായിരുന്നു. യാത്രയ്ക്കുവേണ്ടിമാത്രം യാത്രചെയ്യുന്ന പ്രവണത സ്ത്രീകൾക്കിടയിലും സാധാരണമായി. അപൂർവ്വമാണെങ്കിലും അനിശ്ചിതമായ യാത്രകളെ, സാഹസികസഞ്ചാരങ്ങളെ

പ്രണയിക്കുന്ന പെണ്ണുങ്ങളുണ്ടായി. ഒറ്റയ്ക്കും കൂട്ടായും അവർ നടത്തുന്ന യാത്രകളുടെ വിവരണങ്ങൾ പ്രസിദ്ധീകരിക്കാനുള്ള ഇടങ്ങളും സുലഭമായി. പലപ്പോഴും ചെറുയാത്രകളായിരിക്കും അവളുടേത്. യാത്ര, കാഴ്ച, പുതിയപ്രദേശം എന്നിവയേക്കാൾ ആ യാത്രയുണ്ടാക്കുന്ന അനുഭവങ്ങളിൽ ഊന്നൽ കൊടുത്തുള്ള യാത്രാ വിവരണങ്ങളാണ് സ്ത്രീകളുടേതായി പ്രായേണ കണ്ടുവരുന്നത്. സ്ത്രീകളുടെ മാത്രം യാത്രാനുഭവങ്ങൾ സമാഹരിച്ചിട്ടുള്ള അരഡസനിലേറെ പുസ്തകങ്ങൾ മലയാളത്തിലുണ്ട്. പുറത്തിറങ്ങുന്ന സ്ത്രീയെ ഇര എന്ന രീതിയിൽ നോക്കിക്കാണുന്ന പുറംലോകനോട്ടങ്ങളെക്കുറിച്ചുള്ള ആകുലതകൾ അത്തരം യാത്രക്കുറിപ്പുകളുടെ പൊതുസ്വഭാവവുമാണ്. ഗൗരവമുള്ള, നീണ്ടയാത്രകൾ സ്ത്രീകൾ നടത്താത്തതാണോ എന്നു സ്വാഭാവികമായും സംശയവും തോന്നാം. പുതിയകാലത്ത് സ്ത്രീയാത്രകളിൽ ദൈർഘ്യമേറിയവയധികവും തീർത്ഥാടനങ്ങളാണ്. അതിൽത്തന്നെ ഹിമാലയയാത്രകൾ. വിദേശയാത്രാവിവരണങ്ങളുടെ എണ്ണം വളരെക്കുറവായിരിക്കുന്നു. കുഞ്ഞുയാത്രകളുടെ അതിവൈകാരികത നിറഞ്ഞ വർണനകളുടെ പുസ്തകങ്ങൾക്ക് ബെസ്റ്റ് സെല്ലർ ആവാൻ കഴിയുന്നുമുണ്ട്. ദൃശ്യമാധ്യമങ്ങൾ സീരിയലൈസ്ചെയ്ത് പ്രദർശിപ്പിക്കുന്ന പെൺ സഞ്ചാരങ്ങളുമുണ്ട്. ഓരോ ദേശത്തിന്റെയും സംസ്കാരം, രുചി, ജീവിതശൈലി ഇവയൊക്കെ തിരയുന്നുവെന്ന നാട്യത്തിൽ അവതരിപ്പിക്കപ്പെടുന്ന ഈ പെൺയാത്രകൾ സൃഷ്ടിക്കുന്ന ഭാവുകത്വത്തെ സമാനസാഹചര്യങ്ങളിൽ പുരുഷന്മാർ നടത്തുന്ന യാത്രകളുമായി താരതമ്യപ്പെടുത്തുമ്പോഴാണ് അവിടെ യാത്രചെയ്യുന്ന സ്ത്രീയുടെ ശരീരവും വസ്ത്രവുമൊക്കെയാണ് പലപ്പോഴും ആസ്വദിക്കപ്പെടുന്നതെന്നു തിരിച്ചറിയുക. പെൺ യാത്രകളെ ചലനാത്മകമായൊരു Female Space ഉണ്ടാക്കിയെടുക്കാനുള്ള ശ്രമമായി യാത്രക്കാരികളോ പ്രസാധകരോ വായനക്കാരോ, ടെലിവിഷൻ പ്രേക്ഷകരോ കാണുന്നില്ലെന്നത് അപകടകരമാണ്. ലളിതവായനക്കോ വിനോദത്തിനോ ഉള്ള ഉപാധികൾ മാത്രമായി പെൺയാത്രക്കുറിപ്പുകൾ മാറുന്നതിന്റെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടേണ്ടതാണെന്നു തോന്നുന്നു.

### പെൺയാത്രക്കുറിപ്പുകളിലെ വിടവുകൾ

യാത്ര എന്ന വാക്കിന് ചലിക്കുക, മാറിക്കൊണ്ടിരിക്കുക, പരിഷ്കരിക്കപ്പെടുക എന്നൊക്കെ ആശയപരമായ അർത്ഥങ്ങളുണ്ടെന്നു പറയാം. സ്ഥിരമായിരിക്കൽ അഥവാ നിശ്ചലത എന്ന ജഡികമായ അവസ്ഥയിൽനിന്ന് സർഗ്ഗപരം കൂടിയായ ചലനാത്മകതയിലേക്ക് പരിവർത്തിതരാവുകയാണ്

യാത്രകളിലൂടെ. വൈവിധ്യമാർന്ന അനുഭവങ്ങൾക്കു വേണ്ടിയുള്ള അന്വേഷണമാണ് ഓരോയാത്രയും .മനുഷ്യമനസ് വിജ്ഞാനം ആർജിക്കുന്നതിനും ക്രിയാത്മകമായതു വിനിമയം ചെയ്യുന്നതിനും യാത്രയെ ഉപയോഗപ്പെടുത്തുന്നു. യാത്രകളിലൂടെ രാഷ്ട്രീയവും സാമൂഹികവുമായ അവബോധങ്ങൾ വികസിതമാവുന്നു. യാത്ര ജ്ഞാനാർജ്ജനത്തിനായുള്ള ധൈഷണികക്രിയ ആകുമ്പോൾത്തന്നെ, എല്ലാ ഇന്ദ്രിയങ്ങൾകൊണ്ടും സ്വാംശീകരിക്കുന്ന അനുഭൂതികൂടിയാണ്. വൈകാരികതയും വൈചാരികതയും ഒന്നുപോലെ സമന്വയിക്കുന്ന ജൈവപ്രവൃത്തിയാണു യാത്രയെന്നു പറയുന്നതിനർത്ഥമിതാണ്. യാത്രചെയ്യാനുള്ള വാസന മനുഷ്യനിൽ സഹജമായിരിക്കുകയും ചെയ്യും. പുതിയ ആവാസസ്ഥലികളിലേക്ക്, അജ്ഞാതമായ ഭൂപ്രദേശങ്ങളിലേക്ക്, അറിയപ്പെടാത്ത സംസ്കാരങ്ങളിലേക്ക് കുതിച്ചുചെല്ലാൻവെമ്പുന്ന ചോദനയാണു മനുഷ്യന്റേത്. ചരിത്രത്തിന്റെ ഏറ്റവും പ്രാചീനമായ ഏടുകളിൽത്തന്നെ തുടങ്ങുന്നു മനുഷ്യയാത്രയുടെ ആരംഭവും. സഞ്ചരിച്ചവരിൽ പലരും അവർ കണ്ടതും അനുഭവിച്ചതും ഉൾക്കൊണ്ടതും ഗ്രന്ഥങ്ങളിലാക്കി സൂക്ഷിക്കുകയുംചെയ്തു. അവരെല്ലാവരുംതന്നെ പുരുഷന്മാരായിരുന്നു. അറിയപ്പെടാതിരുന്ന കാലത്തെയും ദേശത്തെയും ഭൂപ്രകൃതിയെയുമെല്ലാം പുന:സൃഷ്ടിക്കാൻ ഈ ഗ്രന്ഥങ്ങൾ പില്ക്കാലത്ത് സഹായകരമായി. ഈ പശ്ചാത്തലത്തിലാണ് സ്ത്രീയാത്രാവിവരണങ്ങൾ പരിമിതമായതിന്റെ കാരണങ്ങൾ തിരയേണ്ടിവരിക. ആ പരിമിതമായ ഗ്രന്ഥങ്ങൾ പോലും ആധികാരികമായി പരിഗണിക്കപ്പെടാത്തതും ലഘുവായനയ്ക്കു മാത്രമുള്ള വിഭവമാകുന്നതും ഇതോടൊപ്പം ശ്രദ്ധിക്കേണ്ടതാണ്.

യാത്രാവിവരണങ്ങളുടെ പ്രധാനസവിശേഷത ഞാൻ, എനിക്ക് അഥവാ കർത്തൃത്വത്തിനുള്ള പ്രാമുഖ്യമാണ്. ഞാൻ കണ്ടത്/അനുഭവിച്ചത്/ അറിഞ്ഞത് എന്നിങ്ങനെ കർത്തൃത്വസ്വരം അവയിൽ മുന്നിട്ടുനിൽക്കുന്നു. ഈ ആത്മാഖ്യാനസ്വഭാവം, സ്വയം ആധികാരികതയോടെ ആവിഷ്കരിക്കൽ, വസ്തുനിഷ്ഠത തുടങ്ങിയവ സ്ത്രീയുടെ സ്വത്വബോധത്തിൽ സ്വാഭാവികാവസ്ഥയിൽ നിലനിൽക്കുന്നില്ല. സഹജമായ ആത്മബോധത്തെ അടിച്ചമർത്തി പരിശീലിക്കപ്പെട്ടവർക്ക് ഞാൻ എന്ന കർത്തൃത്വസ്വരം ഉപയോഗിക്കുക ക്ലേശകരമാവുകയും ചെയ്യും. സ്ത്രൈണസംസ്കാരത്തിൽ നിശ്ശബ്ദതക്കുള്ള പ്രാധാന്യത്തെപ്പറ്റി റ്റിലി ഓൾസണെപ്പോലുള്ളവർ പറയുന്നുണ്ട്. അഭാവങ്ങളും നിഷേധങ്ങളുമാണ് അവളുടെ സ്വത്വത്തെയും രചനയെയും നിർണയിക്കുന്നത്. പുരുഷൻ ആധികാരികതയോടെ

സുതാര്യമായി എഴുതുമ്പോൾ സ്ത്രീരചനകളിൽ ഇതുരണ്ടും നഷ്ടമാവുകയാണ്. അവിടെ പകരം ശൂന്യതയും നിഗൂഢതയും തിങ്ങിനിറയുന്നു. തങ്ങളുടേതല്ലാത്ത യാത്രകൾമാത്രം നടത്താൻ വിധിക്കപ്പെട്ട സ്ത്രീകൾക്ക് അതിനെക്കുറിച്ചൊന്നും എഴുതാൻകഴിയാതെ പോകുന്നതിനൊരു കാരണവും ഇതു തന്നെയാണ്. സ്ത്രീകൾക്ക് തങ്ങളുടെ വ്യക്തിഗതാനുഭവങ്ങളെ രാഷ്ട്രീയ സ്വഭാവമുള്ളവയാക്കാൻ കഴിയാതെ പോകുന്നു. പുരുഷരചനകളിലെ കൃത്യത, സൂക്ഷ്മമായ കാഴ്ചശക്തി, നിരീക്ഷണപാടവം, സന്തുലിതാവസ്ഥ ഇവ പെൺയാത്രാവിവരണങ്ങളിൽ നിന്നു പ്രതീക്ഷിച്ചു കൂടെന്ന വിശ്വാസം പ്രബലമായുണ്ടുതാനും.

സ്വത്വനിർമ്മിതിയിൽ യാത്രക്ക് ഉള്ള പങ്കിനെപ്പറ്റി സംശയമേയില്ല. സാഹിത്യകൃതികളിലും ജീവിതത്തിലും ധാരാളം പുരുഷന്മാർ ലോകത്തെ അറിയാനും ഉന്നത വിദ്യാഭ്യാസത്തിനുമൊക്കെയായി യാത്രികരാവുന്നുണ്ട്. ഇന്ദുലേഖയിലെ മാധവൻ അക്കാലത്തെ ഏറ്റവും അഭിലഷണീയമായ ആദർശപുരുഷമാതൃകയാണല്ലോ. വിദ്യാഭ്യാസത്തിനും അനുഭവസമ്പത്തുണ്ടാക്കുന്നതിനുമൊക്കെയായി അയാൾ നടത്തുന്ന യാത്രകളാണ് പുതിയ ലോകവീക്ഷണം അയാളിലുല്പ്പാദിപ്പിക്കുന്നത്. പഴയതും പുതിയതുമായ കാഴ്ചകൾ തമ്മിൽ, മൂല്യബോധങ്ങൾ തമ്മിലുള്ള സംഘട്ടനം നോവലിലെ മുഖ്യപ്രമേയമാവുന്നതിനുള്ള കാരണവും മാധവൻ ദേശാന്തരഗമനങ്ങളിലൂടെ ആർജ്ജിച്ചെടുത്ത അറിവും ലോകപരിചയവുമാണ്. മിക്കവാറും ആദ്യകാല നോവലുകളിലെല്ലാം നായകന്മാർ സഞ്ചാരികളാവാനുള്ള കാരണവും ഇതുതന്നെയാണ്. നായികമാരായ സ്ത്രീകൾ (ലക്ഷ്മീകേശവം ഒഴിച്ച്) വീടടങ്ങിയിരിക്കുന്നതും അതേ കാരണങ്ങൾ കൊണ്ടു തന്നെയാണ്. പഴകിയ വ്യവസ്ഥകളോടു കലഹിക്കേണ്ടതു പുരുഷന്റെ ധർമ്മമാണ്. അതിനുവേണ്ടി അവനാവശ്യമായ പിന്തുണ നൽകൽപോലും സ്ത്രീയുടെ ഉത്തരവാദിത്വമാകുന്നില്ല. അവൾക്ക് സുന്ദരിയും കാത്തിരിക്കുന്നവളുമായി തുടർന്ന് നായകന്റെ വിശ്രമവേളകളെ ആസ്വാദ്യമാക്കിയാൽ മാത്രംമതി. പിയാനോവായനയും കാവ്യപരിചയവും തൊപ്പി തുന്നലുമൊക്കെ സ്ത്രീ വിദ്യാഭ്യാസത്തിൽ കടന്നു വരുന്നതങ്ങനെയാണ്. സഞ്ചാരങ്ങളുടെ ഇടവേളകളിൽ വീട്ടിലെത്തുന്ന പുരുഷനെ രസിപ്പിക്കാൻ ഇവയൊക്കെ അനിവാര്യമാകുന്നു.

സ്ത്രീസഞ്ചാരങ്ങളുടെ രാഷ്ട്രീയവും സ്ത്രീക്കായി നിർമ്മിച്ചിരിക്കുന്ന ലോകത്തിന്റെ വ്യാസവിസ്തീർണ പരിധികളും ആൺകോയ്മാവ്യവഹാരങ്ങളാണു തിട്ടപ്പെടുത്തുന്നത്. സംസ്കാരത്തിന്റെ ആധിപത്യഘടനകളെ

വിശകലനംചെയ്യുന്നതോ നിലനിൽക്കുന്ന വ്യവസ്ഥിതികളെ പുനർ നിർമ്മിക്കുന്നതോ ആൺകോയ്മ അഭിലഷിക്കുന്നില്ല. പെൺയാത്രകളെ പരിമിതപ്പെടുത്താൻ അതു ശ്രമിക്കുന്നതിനുള്ള പ്രധാനകാരണവും അതുത ന്നെയാണ്. സ്വത്വം/പൗരത്വം/ശരീരം തുടങ്ങി അനേകം തിരിച്ചറിയിലുക ളിലേക്കും അവകാശങ്ങളിലേക്കുമുള്ള നോട്ടങ്ങൾക്കുള്ള സാധ്യതകളാണ് യാത്രകൾ പെണ്ണുങ്ങൾക്ക് തുറന്നുതരുന്നത്. യാത്ര ചെയ്യുന്ന സ്ത്രീ സ്വയം നവീകരിക്കപ്പെടുന്നു. പ്രകൃതിയുമായി, അന്യസംസ്കാരങ്ങളുമായി നിരന്തര വിനിമയത്തിലേർപ്പെടുന്നു. ഏറ്റവും പ്രധാനമായി ആ യാത്രകളിൽ, അവയെ ക്കുറിച്ചുള്ള എഴുത്തുകളിൽ 'ഞാൻ' എന്ന കർത്തൃത്വസ്വരം ഉണ്ട്. ആത്മബോ ധത്തിന്റെ തിളച്ചുമറിയൽ ഉണ്ട്. ആണധികാരലോകം ആഗ്രഹിക്കാത്തത്. അതുകൊണ്ടു ബോധപൂർവ്വം തന്നെ അവളുടെയാത്രകൾ ചുരുക്കപ്പെടുന്നു. അവളുടെ എഴുത്തുകളിൽനിന്ന് ആത്മവിശ്വാസവും ആധികാരികതയും ചോർത്തിയെടുക്കുന്നു. കാല്പനികസ്വഭാവമുള്ള ചെറുയാത്രകളിൽ, അവയുടെ വർണശബളമായ ആഖ്യാനങ്ങളിൽ സ്ത്രീകൾ അഭിരമിച്ചുപോകുന്നത്, അവയെ സ്വാതന്ത്ര്യപ്രഖ്യാപനങ്ങളായി ആഘോഷിക്കുന്നത് പെൺയാത്ര ക്കുറിപ്പുകളുടെ സമാഹാരങ്ങളിലെ പൊതുപ്രവണതയാണ്, അപൂർവ്വമായി അങ്ങനെയല്ലാത്തവയും ഉണ്ടെങ്കിൽക്കൂടി.

'റാണിമാർ, പദ്മിനിമാർ–മലയാളി സ്ത്രീകളുടെ കൈവിട്ട സഞ്ചാര ങ്ങൾ' (എഡി. ദിലീപ് രാജ് 2016) എന്ന പുസ്തകം ഇത്തരം യാത്രാനുഭവ ങ്ങളുടെ ഒരു സമാഹാരമാണ്. എല്ലാം ചെറിയയാത്രകൾ. ചിലതൊന്നും യാത്രയുടെ നിർവ്വചനത്തിനു പോലും വഴങ്ങാത്തത്. പക്ഷേ ഏതെങ്കിലും തരത്തിൽ ഒരു പുറത്തിറങ്ങൽ (വീട്ടിൽ നിന്നോ അവനവനിൽ നിന്നോ ആവാം) നടക്കുന്നതു കൊണ്ട് സൂക്ഷമാർത്ഥത്തിൽ അവയൊക്കെ യാത്ര കളാണു താനും. ഈ പുസ്തകത്തിൽ ഷംഷാദ് ഹുസൈൻ എഴുതിയ "ഒരു 6 പി.എം. മുതൽ 6 എ.എം. വരെ" എന്ന അനുഭവം സ്ത്രീയാത്രയെക്കുറിച്ച് പുരുഷലോകം സൂക്ഷിക്കുന്ന, നിലനിർത്തുന്ന അഭിലഷണീയപ്രതികര ണങ്ങളുടെ (Desired Responses) മികച്ച മാതൃകയാണ്. പുരുഷന്മാരായ സുഹൃത്തുക്കൾക്കൊപ്പം നടത്തുന്ന ഒരു രാത്രി കാർ യാത്ര. കാർ ബിവറേ ജസിന്റെ മുന്നിലും അന്ന് എഴുത്തുകാരിക്ക് അജ്ഞാതനായ ഒരു ജയിൽ പ്പുള്ളിയുടെ വീടിനു മുന്നിലുമൊക്കെ നില്ക്കുന്നുണ്ട്. അപ്പോഴൊക്കെ എഴുത്തു കാരി കാറിനുള്ളിൽത്തന്നെയാണ്. പക്ഷേ, ഓരോ സമയത്തും അവൾ തനിക്കു നേരെ ഉണ്ടാകാനിടയുള്ള ആക്രമണങ്ങളെ സങ്കല്പിച്ചു ഭയപ്പെടുന്നു.

യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിൽ രാത്രി ആ യാത്ര അവസാനിക്കുന്നു. ഒരുപാട് ആണുങ്ങൾ നിലത്തു കിടക്കുമ്പോൾ മുറിയിലെ കട്ടിലിൽ രാജ്ഞിയെപ്പോലെ കിടക്കാൻ അവൾക്ക് അവസരം കിട്ടുന്നു. അത്രയും പരിചരിക്കപ്പെട്ടവളും പരിഗണിക്കപ്പെട്ടവളുമായി അവൾ ആ രാത്രി സ്വസ്ഥമായി ഉറങ്ങുന്നു. 2016-ൽ പുറത്തുവന്ന ഒരു യാത്രാനുഭവക്കുറിപ്പാണിതെന്നതാണ് വായനക്കാരെ അത്ഭുതപ്പെടുത്തുക. വളരെവിശ്വസ്തരായ രണ്ടാൺ സുഹൃത്തുക്കൾക്കൊപ്പമുള്ള കാർയാത്രയിൽ ഇത്രയേറെ ഭയപ്പെടാനുള്ളതെന്താണെന്നു സ്വാഭാവികമായും സംശയംതോന്നാം. എത്രയോ സാഹസികവും അനിശ്ചിതവുമായ യാത്രകൾ പെണ്ണുങ്ങൾ നടത്തിക്കഴിഞ്ഞ കാലത്ത്. ഷംഷാദ് ഹുസൈന്റെ യാത്രക്കുറിപ്പ് രസകരമായി വായിച്ചുതീർക്കുമ്പോൾ അതു വിനിമയംചെയ്യുന്ന പ്രതിലോമപരവും സ്ത്രീവിരുദ്ധവുമായ ആശയങ്ങൾ കാണാതെ പോകുന്നത് അപകടകരമാണ്. സ്ത്രീയെ ആത്യന്തികമായി ശരീരജീവിയായി പരിഗണിക്കുകയും മനുഷ്യജീവിയെന്ന പദവി അവൾക്കു നഷ്ടപ്പെടുകയും ചെയ്യുന്നതിന്റെ ദൃഷ്ടാന്തമാണ് ഈ ലേഖനം. സ്ത്രീശരീരത്തിന്റെ ഫ്ളെക്സിബിലിറ്റി, ചലനാത്മകതയൊക്കെ നിയന്ത്രിക്കപ്പെടുന്നു. യാത്രയ്ക്കനിവാര്യമായ ശേഷികളിലൊന്നാണ് നടത്തം/ചലനം. സ്ത്രീപക്ഷത്ത് ചലനസ്വാതന്ത്ര്യത്തെ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾ എക്കാലത്തുമുണ്ട്. 'ഗജരാജവിരാജിത മന്ദഗതി' എന്നൊക്കെയുള്ള വിശേഷണങ്ങൾ യഥാർത്ഥത്തിൽ അവളുടെ ചലനങ്ങളെ മന്ദീഭവിപ്പിക്കാൻ മാത്രമുദ്ദേശിച്ചുണ്ടായവയാണ്. ശരീരഭാഷയിലും വ്യവഹാരങ്ങളിലുമെല്ലാം അവളുടെ ചലനാത്മകത നിരീക്ഷിക്കപ്പെടുന്നു. പുരുഷൻ ഓടിക്കുന്ന കാറിൽ, നിശ്ചലയായിരിക്കുന്നതുപോലെയാണ് സ്ത്രീയുടെ യാത്രാസ്വാതന്ത്ര്യം. അവനാവശ്യമുള്ളിടത്ത് വാഹനം നിർത്തുന്നു, അവനു സൗകര്യമുള്ളിടത്ത് താമസിക്കുന്നു. നിഷ്ക്രിയയായ സ്ത്രീക്ക് തീരുമാനങ്ങളോ തീർപ്പുകളോ ഇല്ല. അവൾ വീട്ടിനുള്ളിലല്ല, ചലിക്കുന്ന വാഹനത്തിനുള്ളിലാണെന്ന ഭേദം മാത്രം. "വണ്ടി ഫറോക്ക്പാലത്തിനു മുകളിലൂടെ പോകുകയാണ്. നിലാവിൽ നിറഞ്ഞു കിടക്കുന്ന പുഴ എത്രയോ ആഗ്രഹിച്ച കാഴ്ചയാണ്. പുഴയുടെ തീരത്തെ നനഞ്ഞ മണ്ണ് നിലാവിൽ എങ്ങനെയായിരിക്കും? നിലാവ് തട്ടിതിളങ്ങുന്ന മണൽത്തിട്ട എന്നും സ്വപ്നമായിരുന്നു. പക്ഷേ വെറുതെ നോക്കാൻ മാത്രമേ പറ്റുന്നുള്ളു. കാണാൻ പോലുമുള്ള മനസാന്നിധ്യം കിട്ടുന്നില്ല. ... അവിടെ ഉള്ളവരൊക്കെ നല്ലയാളുകളായിരിക്കും എന്നു വിശ്വസിക്കാനോ ആഗ്രഹിക്കാനോപോലും എനിക്കു കഴിയുന്നില്ലല്ലോ." (അതേകൃതി, 39).

ശരീരഭാഷയിലും വ്യവഹാരങ്ങളിലും ചലനാത്മകത നഷ്ടപ്പെടുന്ന നിഷ്ക്രിയസ്വത്വമായ യാഥാസ്ഥിതികസ്ത്രീബിംബങ്ങളുടെ അതേ അച്ചിലാണ് എഴുത്തുകാരിതന്നെത്തന്നെ വാർത്തുവെച്ചിരിക്കുന്നത്. ശരീരംതന്നെ അവളുടെ തടവറയാകുന്നു. ലൈംഗികതയുമായി ബന്ധപ്പെട്ട അപകർഷതയും ഭീതിയും നിറഞ്ഞ പരമ്പരാഗത സ്ത്രീമനോഭാവം തന്നെയാണവരെയും നിയന്ത്രിക്കുന്നത്. യാത്ര, സ്ത്രീകൾക്ക് കാഴ്ചകൾ കാണാനല്ലെന്നും ലൈംഗികാതിക്രമഭീഷണികളെ ഭീതിയോടെ പ്രതീക്ഷിച്ചിരിക്കാനുള്ളതാണെന്നും എഴുത്തുകാരി സ്ഥാപിക്കുന്നു. തന്നെ ഉപദ്രവിക്കില്ലെന്നുറപ്പുള്ള ആൺകുട്ടുകാരോട്ടു താനുള്ളപ്പോൾ ഇത്തരം സ്ഥലങ്ങളിൽ പോകരുതെന്നു പറയാനുള്ള തന്റേടവും അവർക്കില്ല." അന്ന് ആ രാത്രി അവിടെയും തീർന്നില്ല. എന്നെ നേരെ എന്റെ വീട്ടിൽ കൊണ്ടുപോയി വിടുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഇന്നു വരില്ലെന്നു വീട്ടിൽ പറഞ്ഞതല്ലേ, ഇന്നെന്റെ വീട്ടിൽ കിടക്കാം എന്നായി ദീപക്ക്" (അതേ കൃതി. 41)

തീരുമാനങ്ങളെടുക്കാൻ കെല്പില്ലാത്ത, അവൾക്കുവേണ്ടി മറ്റുള്ളവർ നിശ്ചയിക്കുന്ന യാത്രാപഥങ്ങളിലൂടെ അനുസരണയോടെ നീങ്ങുന്ന വ്യവസ്ഥാനുസൃതമായ ശരീരം മാത്രമാവുന്നു ഈ യാത്രാനുഭവത്തിലെ എഴുത്തുകാരി. സ്വത്വപ്രകാശനത്തിനു പഴുതുകളില്ലാത്ത വിധം സമൂഹനിർമ്മിതമായ സദാചാരമൂല്യസംഹിതകളുടെ തടവുകാരിയാവുന്ന സ്ത്രീയുടെ ഈ യാത്ര പുസ്തകമവകാശപ്പെടുന്നതുപോലെ കൈവിട്ട യാത്രകളല്ല, പെൺസഞ്ചാരത്തിന്റെ നടവഴികളിൽ പ്രതീക്ഷിക്കാവുന്ന വിപ്ലവാത്മകതയോ മൗലികതയോ ഇല്ലാത്ത സാമ്പ്രദായികയാത്രമാത്രമാവുന്നു. അവൾ ലൈംഗികവസ്തുവൽക്കരണത്തിന്റെ ഇരയായി അടയാളപ്പെടുത്തുന്നു. ഇര എന്നു സ്വയം അംഗീകരിക്കുന്നതുകൊണ്ടുതന്നെ ഒരു വേട്ടക്കാരൻ അനിവാര്യമാണ്. ഇല്ലാത്ത വേട്ടക്കാരെ ഈ യാത്രിക സങ്കല്പിച്ചുണ്ടാക്കുന്നു. ഉടലനുഭവങ്ങളുടേതുകൂടിയാണ് യാത്രയെന്നും ശക്തമായ ഉടൽ രാഷ്ട്രീയത്തിന്റെ വെളിപ്പെടുത്തലാവണം അതെന്നും പറയാറുണ്ട്. പക്ഷേ സ്ത്രീകളുടെ യാത്രകളിൽ ഉടൽ അടിച്ചമർത്തപ്പെടുന്നു, ഉടലിനെ ഭയപ്പെടേണ്ടിവരുന്നു, അതിനെ മൂടിപ്പൊതിഞ്ഞുവെക്കേണ്ടിവരുന്നു. ശരീരംകൊണ്ടുകൂടി ആസ്വദിക്കേണ്ട യാത്രാനന്ദങ്ങൾ സ്ത്രീകൾക്കജ്ഞാതമായിത്തുടരുന്നു. ആ തുടർച്ചയിൽ അവർ ലജ്ജിക്കുന്നില്ല, പലപ്പോഴും അതു തിരിച്ചറിയപ്പെടുന്നുപോലുമില്ല എന്നതാണ് ദു:ഖകരമാവുന്നത്. രാത്രിയാത്ര ആസ്വദിക്കാനോ, നിലാവിൽ മണൽത്തിട്ട കാണാനോ മനസാന്നിധ്യമില്ലാത്തവിധം, കാമനകൾക്കു

വിലക്കുകല്പിച്ച് അധീശവ്യവഹാരം ഇച്ഛിക്കുന്ന തരം ശരീരങ്ങളായി അവർ തങ്ങളെത്തന്നെ യാത്രാനുഭവങ്ങളിൽ വരച്ചിടുന്നു. ഞാൻ എന്ന കർത്തൃത്വം അവിടെ നിഷ്ക്രിയമാവുന്നു.2011 ൽ പുറത്തിറങ്ങിയ ഒരു പെൺ യാത്രാ പുസ്തകത്തിന്റെ പേരുതന്നെ പെണ്ണിര (എഡി.റ്റിസി മറിയം തോമസ്) എന്നാണ്. പുറത്തിറങ്ങുന്ന പെണ്ണുങ്ങളെല്ലാം ഇരകളാണെന്ന ബോധം യഥാർത്ഥത്തിൽ അധീശ ശക്തികളുടെ ഇച്ഛാനുസരണം രൂപപ്പെടുത്തപ്പെട്ട ശരീരങ്ങളാണു തങ്ങളെന്ന പ്രഖ്യാപനത്തിൽ കവിഞ്ഞൊന്നുമില്ല. അവിടെ യാത്രയുടെ ആനന്ദങ്ങളുമില്ല, അനുഭവങ്ങളുമില്ല, നവീകരണവുമില്ല. പുരുഷ യാത്രകളിൽ ഇതൊക്കെയുള്ളതുകൊണ്ട് അവർ ആത്മവിശ്വാസത്തോടെ സ്വന്തംയാത്രകളെ രേഖപ്പെടുത്തുന്നു. യാത്രയെഴുത്ത് പുരുഷോചിതമായ സാഹിത്യരൂപമെന്ന തെറ്റായ ധാരണ സമൂഹമനസിൽ സൃഷ്ടിക്കുന്നു.

### ഉപസംഹാരം

സ്ത്രീയാത്രകൾക്ക് കൂടുതൽ ദൃശ്യത കൈവന്ന പുതിയകാലത്ത് ആനന്ദത്തിനും സ്വാതന്ത്ര്യത്തിനും ഈശ്വര ദർശനത്തിനും കലാപത്തിനുമൊക്കെയായി സ്ത്രീകൾ യാത്രകൾ നടത്തുന്നു. കൂട്ടുകൂടിയും ഒറ്റയ്ക്കും സാഹസിക -വിനോദ_ തീർത്ഥാടന യാത്രകൾ സാധാരണമാവുന്നു. മിക്കവാറും അതൊക്കെ കൃത്യമായി ആസൂത്രണം ചെയ്യപ്പെട്ട യാത്രകളുമാണ്. സ്വതന്ത്രമായ യാത്രകൾ, സ്വയം തെരഞ്ഞെടുത്ത യാത്രകൾ, അതിന്റെ ആനന്ദങ്ങൾ, അനിശ്ചിതത്വങ്ങൾ, ലഹരികൾ ഇതൊക്കെ സ്ത്രീകൾക്ക് ഏറെക്കുറെ അപരിചിതമായിത്തന്നെ തുടരുന്നു. കാര്യമാത്രപ്രസക്തവും അതുകൊണ്ടുതന്നെ തിരക്കുപിടിച്ചതുമാണ് അവളുടെ യാത്രകളേറെയും. അപൂർവ്വമായി ആകസ്മിക യാത്രകളുണ്ടാവുമ്പോഴാകട്ടെ സ്ത്രീകൾ ഭയചകിതരാവുകയും ചെയ്യുന്നു. അവർ ശരീരം മാത്രമായി തിരിച്ചറിയപ്പെടുന്നുവെന്ന ഭീതികൊണ്ട് സ്വയം ഇര എന്ന ബോധത്തെയാണ് യാത്രക്കുറിപ്പുകളിലൂടെ വിനിമയം ചെയ്യുന്നതും. ആണധികാരലോകത്തിന്റെ യുക്തികളെ, ഭീഷണികളെ അതേപടി സംരക്ഷിക്കുന്നവയായിത്തീരുന്നു അപ്പോഴവരുടെ യാത്രയെഴുത്തും.

### ഗ്രന്ഥസൂചി

ഗീതാഞ്ജലികൃഷ്ണൻ, 2017 പെൺ സഞ്ചാരങ്ങൾ, ഗ്രാസ്റ്റൂട്സ്
എൻ.പി. ചന്ദ്രശേഖരൻ, 2011 (വിവ.) സാഫോ - ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
ദേവിക, ജെ, 2015 കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ, കേരള ശാസ്ത്രസാഹി

ത്യ പരിഷത്ത്, പാലക്കാട് 2011
കല്പനയുടെ മാറ്റൊലി, ശാസ്ത്രസാഹിത്യ പരിഷത്ത് പാലക്കാട്
ദിലീപ് രാജ് (എഡി) 2016 റാണിമാർ പത്മിനിമാർ - മലയാളി സ്ത്രീകളുടെ കൈവിട്ട സഞ്ചാരങ്ങൾ, ഡിസി ബുക്സ്, കോട്ടയം.
പാഡുമേനോൻ കോമാട്ടിൽ 2013 ലക്ഷ്മീ കേശവം - ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
Sara Mills 1991 Discourse Difference, Routledge.

*jisa.silvia@gmail.com*

# സഞ്ചാരാധുനികതയും കുടിയേറ്റവും

**യാക്കോബ് തോമസ്**
അസി. പ്രൊഫസർ, കെ. കെ. ടി. എം. ഗവ.കോളേജ്, പുല്ലൂറ്റ്

**സംഗ്രഹം**

ജാതിസമൂഹമായിരുന്ന കേരളത്തിൽ അയിത്തംപോലുള്ളവ കാരണം റോഡുകളിൽ യാത്രകൾ കാര്യമായി നടന്നിരുന്നില്ല. ആധുനികത വരുന്നതോടെ റോഡുകൾ വ്യാപകമാവുകയും ജാതിയെ നിരാകരിച്ച് ജനങ്ങൾ പ്രത്യേകിച്ച് കീഴാളർ സഞ്ചരിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയയാണ് സഞ്ചാരാധുനികതയെന്നു പറയുന്നത്. റോഡുകളും നഗരീകരണവും വ്യാപകമായപ്പോൾ സംഭവിച്ച കുടിയേറ്റം എന്ന പ്രക്രിയ സഞ്ചാരാധുനികതയെ മുന്നോട്ടുകൊണ്ടുപോയ ഒന്നാണ്. മനുഷ്യരെ നിഷേധിച്ച് കാടും മലയും ഉള്ള പ്രദേശങ്ങൾ അധ്വാനംകൊണ്ട് കീഴടക്കി സാമൂഹികജീവിതം സാധ്യമാക്കിയ കുടിയേറ്റം പട്ടണങ്ങളും അവയെ ബന്ധിപ്പിച്ചുകൊണ്ട് റോഡുകളും പണിത് സഞ്ചാരപ്രവണതകൾക്ക് പുതിയമാനം നല്കുന്നു. ആധുനികകേരളത്തെ സാധ്യമാക്കിയതിൽ സഞ്ചാരാധുനികതയ്ക്ക് വ്യക്തമായ പങ്കുണ്ടെന്നു വാദിക്കുകയാണ് ഈ പഠനം.

***താക്കോൽവാക്കുകൾ***: സഞ്ചാരാധുനികത, ജാതി, ഫ്യൂഡലിസം, കുടിയേറ്റം, കോളണീകരണം

**ആമുഖം**

യാത്രയെന്നു പറയുന്നത് സമൂഹത്തിലെ വിവിധ ഘടനകളിലൂടെ സംഭവിക്കുന്ന സാംസ്കാരികപ്രക്രിയയാണെന്നു പറയാം. വർഗപരവും ലിംഗപരവും ജാതിപരവുമായ അതിരുകൾക്കകത്താണ് ഓരോരുത്തരുടെയും യാത്രകൾ നടക്കുന്നത്. ഉദാഹരണമായി സ്ത്രീയാത്രകളെയെടുത്താലിതു വ്യക്തമായിക്കാണാം. എപ്പോഴൊക്കെ സഞ്ചരിക്കണമെന്നും എപ്പോഴൊക്കെ വീട്ടിലിരിക്കണമെന്നും ഉള്ള അനുശാസന മിക്ക സ്ത്രീകളുടെയും മേൽ

സമൂഹം അടിച്ചേല്പിച്ചിട്ടുണ്ട്. അത്തരം മർദ്ദനസമ്മർദ്ദങ്ങളെ അതിജീവിച്ച വേണം സ്ത്രീക്ക് യാത്രചെയ്യാൻ. എന്നാൽ പുരുഷനെയെടുത്താൽ ഇത്തരം വിലക്കുകകൾ കാര്യമായിട്ടില്ലെന്നുകാണാം. അതായത് സമൂഹത്തിലെ വഴക്കങ്ങളും നിയന്ത്രണങ്ങളും യാത്രയെന്ന സംവിധാനത്തെ സവിശേഷം രൂപപ്പെടുത്തുന്നുണ്ട്. ലിംഗപരവും വർഗ്ഗപരവും ജാതിപരവുമായ ഘടകങ്ങൾ യാത്രയെ നിർണയിച്ചത് നമ്മുടെ സമൂഹത്തിൽ കാണാം. വ്യക്തിയെ രൂപപ്പെടുത്തുന്നത് സമൂഹികവ്യവഹാരങ്ങളായതിനാൽ യാത്രയിലെ ആഹ്ലാദത്തെയും കാഴ്ചയെയും നിർവചിക്കുന്നതും ഇത്തരത്തിൽ പലതരം ഘടകങ്ങളാണ്. സ്ത്രീയുടെ യാത്രയും പുരുഷന്റെ യാത്രയും കറുത്തവർഗക്കാരന്റെ യാത്രയും വെളുത്തവർഗക്കാരന്റെ യാത്രയും തീർത്തും വ്യത്യസ്തമായ അനുഭവങ്ങളാണെന്നു വ്യക്തം. അതിനാൽ യാത്രയെ കേവലമായ ആഹ്ലാദമായിട്ടുകാണുന്നതിലുപരി സങ്കീർണമായ സാമൂഹികതയായിക്കാണുകയും വിശകലനംചെയ്യുകയുമാണ് വേണ്ടത്. സാമൂഹികാധികാരബന്ധങ്ങളെങ്ങനെ യാത്രയെ ചരിത്രപരമായ രൂപപ്പെടുത്തിയെന്ന പരിശോധന കേരളത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ നോക്കിക്കാണുകാണുകയാണ് ഈ പഠനം. കേരളചരിത്രത്തിൽ യാത്ര പ്രധാനപ്പെട്ട പ്രവർത്തനമായി മാറുന്നത് കൊളോണിയൽ ഭരണത്തോടെ രൂപപ്പെടുന്ന ആധുനികതയിലാണ്. ആധുനികമായ വാഹനങ്ങളും മറ്റും പ്രത്യക്ഷപ്പെടുന്നതോടെ ഫ്യൂഡൽ സാമൂഹികത ഭേദിച്ച് മനുഷ്യർ സഞ്ചരിക്കുന്നു. ഇതിനെ മലയാളിയുടെ സഞ്ചാരാധുനികതയെന്ന്[1] പറയാം. സഞ്ചാരാധുനികതയിലൂടെയാണ് മലയാളി കുടിയേറ്റത്തിലൂടെയും പ്രവാസത്തിലൂടെയും സഞ്ചരിച്ച് ആഗോളപൗരരായി മാറുന്നത്.

## ചരിത്രത്തിലെ ജാതിയാത്രകൾ

ചരിത്രപരമായി കേരളത്തിലെ യാത്രയെ നിശ്ചയിച്ചത് ജാതിവ്യവസ്ഥയായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭകാലം വരെ കേരളത്തിലെ ഓരോ ജാതിയും ഒരു പ്രദേശത്തിലെ ഓരോ സ്ഥലത്തായിരുന്നു പാർത്തിരുന്നത്. അവർതമ്മിൽ പരസ്പരം വർജിക്കുകയും തീണ്ടലും തൊടീലും ആചരിക്കുകയും ചെയ്തുവന്നു. അതായത് പൊതുവായ ഒരിടത്തുവച്ച് മനുഷ്യർതമ്മിൽ കൂടിക്കാണുക സാധ്യമല്ലെന്നുള്ള നിലയാണ് ജാതിവ്യവസ്ഥയിലൂടെ രൂപപ്പെട്ടിരുന്നത്. പഴയകാലത്ത് കേരളത്തിൽ റോഡുകളോ മറ്റ് യാത്രാ സംവിധാനങ്ങളോ ഇല്ലായിരുന്നുവെന്ന് കാണാം. മൃഗങ്ങൾ വഹിക്കുന്ന വാഹനങ്ങൾ കേരളത്തിൽ വന്നത് കൊളോണിയൽകാലത്തിനുശേഷമാണ്. റോഡ് വെട്ടിയത് ടിപ്പുവിന്റെ വരവിനുശേഷമാണ് (ഭാസ്കരനുണ്ണി,

2000:1150). പൊതുവിൽ കേരളത്തിൽ യാത്രകൾക്കായി ഉപയോഗിച്ചിരുന്നത് നദികളെയാണ്. വഞ്ചികളിലൂടെയുള്ള യാത്രകളും ചരക്കുനീക്കവുമാണ് നടന്നിരുന്നത്. അതിനുശേഷം കരയിലൂടെ ഒറ്റയടിപ്പാതികളിലൂടെ നടക്കുക എന്നതായിരുന്നു. ഇത്തരത്തിൽ റോഡും മറ്റു സൗകര്യങ്ങളുമില്ലാതിരുന്നതിനുകാരണം പരസ്പരം ബന്ധം അനുവദിക്കാത്ത ജാതിവ്യവസ്ഥയായിരുന്നു (അതേകൃതി:1149). പലരുകൂടി യാത്രചെയ്യുമ്പോൾ തീണ്ടൽ സംഭവിക്കുകയും അശുദ്ധിക്കുകാരണമാവുകയും ചെയ്യും. ഇതുകാരണം ഹോയ് എന്ന് ഒച്ചയാട്ടിയാണ് ഓരോ ജാതിക്കാരും ഒറ്റയടിപ്പാതകളിലൂടെ നടന്നിരുന്നത്. ഓരോ ദേശത്തിലേക്കും പോകുമ്പോൾ അശുദ്ധിയാകുമെന്ന വിശ്വാസം പല ജാതിക്കാർക്കും ഉണ്ടായിരുന്നതായി കാണാം. ഇങ്ങനെ യാത്രചെയ്യാനനുവദിക്കതെ മലയാളിയെ ജാതിവ്യവസ്ഥ കെട്ടിയിട്ടതിന്റെ ചരിത്രം പി കെ ബാലകൃഷ്ണൻ വിശദീകരിക്കുന്നുണ്ട് (1992: 212-220). ജാതിവ്യവസ്ഥയിലൂടെ അർദ്ധട്രൈബൽ സമൂഹങ്ങളായി ജീവിച്ച കേരളീയർ പ്രകൃതിയെ കീഴടക്കി നിർമാണപ്രവർത്തനങ്ങൾ നടത്താനുള്ള സാങ്കേതികവൈഭവമുള്ളവരായിരുന്നില്ലെന്നും വൻതോതിൽ കാടെരിച്ച് കൃഷിനടത്താനോ റോഡുപോലെയുള്ളവ നിർമിക്കാനോ ശ്രമിച്ചില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അങ്ങനെ പുഴയിലൂടെ മാത്രം വള്ളങ്ങളിലൂടെ സഞ്ചരിച്ച് ഒറ്റയടിപ്പാതകളിലൂടെ നടന്ന് തന്റെ ദേശത്തിനകത്ത് ഓരോ ജാതിയും ജീവിച്ചു. റോഡുപോലുള്ളവ ഭരണകൂടത്തിന്റെ വിപുലമായ വികസനചിന്തകളിലൂടെ രൂപപ്പെടുന്നവയായിരിക്കെ അത്തരത്തിലൊന്നും ഇവിടെ നടന്നില്ലെന്നുള്ളതിന്റെ കാരണം പ്രകൃതിയെ കീഴടക്കി നിർമാണം നടത്താനുള്ള പ്രക്രിയകളെയാകെ ജാതി ഭിന്നിപ്പിച്ചു നിർത്തിയെന്നുള്ളതാണ്. കാടുകളെ കീഴടക്കാനാവാതെ കാടുകൾക്കിടയിൽ അപരസമൂഹങ്ങളെ വർജ്ജിച്ച് പ്രകൃതിയിൽനിന്നു കിട്ടുന്നതുകൊണ്ട് ഏറിയപങ്കും ഭക്ഷിച്ചു ജീവിച്ച കേരളീയഫ്യൂഡൽസമൂഹം ആധുനികതയിലേക്കു കടന്നപ്പോൾ കാടുകളെ യന്ത്രങ്ങൾക്കൊണ്ട് ഇല്ലാതാക്കി നഗരങ്ങളാക്കുകയായിരുന്നു. ഈ പ്രക്രിയയാണ് കുടിയേറ്റത്തിലൂടെ തുടർന്നതെന്നും ശ്രദ്ധിക്കണം.

### റോഡുകളും സഞ്ചാരാധുനികതയും

കോളനീകരണം ശക്തിപ്പെടുമ്പോൾ ടിപ്പുവിന്റെ പിന്നാലെ നാടുനീളെ റോഡുകൾ വെട്ടുന്നു. അതിനായി എഞ്ചിനീയർ വകുപ്പു തുടങ്ങുകയും വിപുലമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു (ഭാസ്കരനുണ്ണി, 2000: 1153). നദീയാത്രകളിൽനിന്ന് കേരളത്തെ മോചിപ്പിച്ചത് റോഡുകളാണ് . അതോടുകൂടി നദികളെയും വഞ്ചികളെയും

മറന്നുപോകുന്നവിധത്തിൽ റോഡുകൾ സമൂഹത്തിന്റെ ചലനത്തിന്റെ അടയാളങ്ങളായി മാറുന്നു (രാജഗോപാലൻ, 2015: 49). ആധുനികത വരികയും പലതരത്തിൽ റോഡുകൾ നിർമിക്കുകയും ചെയ്തപ്പോൾ ആ റോഡുകളിൽ എല്ലാവരെയും നടത്തുവാൻ സവർണ്ണർ സമ്മതിച്ചില്ല. റോഡിലൂടെ നടക്കുവാനവകാശം സവർണ്ണർക്കുമാത്രമായി നല്കപ്പെട്ടു. റോഡുകൾ ഉപയോഗിക്കുവാൻ കീഴാളർ ശ്രമിച്ചപ്പൊഴൊക്കെ കലാപങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിലെ ക്ഷേത്രങ്ങളുടെ സമീപത്തുള്ള റോഡുകളുപയോഗിക്കാൻ സവർണ്ണർക്കൊഴികെയുള്ളവർക്ക് പറ്റില്ലായിരുന്നു. അതിനെതിരേയാണ് പലതരം സമരങ്ങൾ നടന്നത്. സവർണക്ഷേത്രങ്ങളിൽ ഉത്സവം നടന്നാൽ സമീപത്തുള്ള കീഴാളരെയെല്ലാം ഉത്സവം കഴിയുന്നവരെയും ഒഴിപ്പിച്ചിരുന്നു. 1858ൽ തിരുനെൽവേലിയിൽ വഴിയെച്ചൊല്ലി ഹിന്ദുക്കളും ക്രിസ്ത്യാനികളും കലഹം നടന്നപ്പോൾ ബ്രിട്ടീഷ് സർക്കാർ എല്ലാവഴികളും പൊതുസ്വത്താണെന്നും എല്ലാ ജാതിമതസ്ഥർക്കും അവ ഉപയോഗിപ്പാൻ അവകാശമുണ്ടെന്നുമുള്ള ഉത്തരവ് നല്കി (ഭാസ്കരനുണ്ണി, 2000;141). പക്ഷേ ഇത്തരം ഉത്തരവുകൾ അന്ന് സവർണരായ ഉദ്യോഗസ്ഥർ നടപ്പിക്കില്ലായിരുന്നുവത്രേ. റോഡ് എല്ലാവർക്കുമാകുന്നതോടെയാണ് യാത്ര ആരംഭിക്കുന്നത്. മലയാളിയുടെ ആധുനികമായ യാത്രകളൊക്കെ സംഭവിച്ചത് ആധുനികമായ റോഡും അതിൽ സഞ്ചരിക്കുവാൻ എല്ലാവർക്കും സ്വാതന്ത്ര്യവും ലഭ്യമായപ്പോഴാണ്. അത് ലഭ്യമാക്കിയ പ്രക്രിയയാണ് നവോത്ഥാനം എന്നു പറയുന്നത്.

കൊളോണിയലാധിപത്യം കാരണം നാടുനീളെ വലിയ റോഡുകൾ നിർമിച്ചപ്പോൾ ആ റോഡുകളിലൂടെ സഞ്ചരിക്കുവാൻ കീഴാളർക്ക് സമരം ചെയ്യേണ്ടിവന്നു. സവർണർക്കു ലഭ്യമായിരുന്ന വഴികൾ അവർണർ പിടിച്ചെടുക്കാനുള്ള പോരാട്ടങ്ങളാണ് ഇരുപതാംനൂറ്റാണ്ടിനെ കലുഷമാക്കുന്നത്. കീഴാളർ പോതുവഴികളിലോ ക്ഷേത്രവഴികളിലോ പ്രവേശിച്ചാൽ അവിടെ കലാപംനടന്ന നൂറുകണക്കിനു സംഭവങ്ങൾ ചരിത്രത്തിൽക്കാണാം. കീഴാളരുടെ ശവം തെരുവിൽക്കൂടികൊണ്ടുപോയാൽ അശുദ്ധിയായെന്നുപറഞ്ഞ് കീഴാളരെ മർദ്ദിച്ച സംഭവങ്ങൾ നിരവധിയാണ്. വഴിയിലൂടെ നടക്കുമ്പോൾ ഒച്ചയാട്ടുന്നത് നിർത്തിക്കുന്നതിന് ബ്രിട്ടീഷുകാർ പലവട്ടം നിർത്തിക്കാൻ ശ്രമിച്ചിട്ടും നടന്നില്ല എന്നത് ജാതിവ്യവസ്ഥ എങ്ങനെ യാത്രയെ ബാധിച്ചുവെന്നത് തെളിയിക്കുന്നു. കേരളത്തിൽ നടന്നിട്ടുള്ള സമരങ്ങളിലൊരുപങ്ക് സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ളതായിരുന്നു. അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്രയും വൈക്കംസത്യഗ്രവും

പാലിയംക്ഷേത്രസമരവും പോലെ നൂറുകണക്കിന് ചെറുതും വലുതുമായ സമരങ്ങൾ പൊതുവഴി എല്ലാവർക്കും ഉപയോഗിക്കുന്നതിനായി നടന്നു. അതായത് കേരളത്തിൽ യാത്രയെന്നത് ജാതിപരമായ പ്രക്രിയയായിരുന്നുവെന്നും അത് തിരുത്തിയത് ആധുനികതയാണെന്നുമാണ്.

വ്യക്തികളുടെ സ്വാതന്ത്ര്യബോധത്തിൽ അധിഷ്ഠിതമായ ചലനമാണ് ആധുനികതയുടെ കാതൽ. ഇതിനെ തടയുകയായിരുന്നു ജാതിവ്യവസ്ഥ. അവിടെയാണ് നവോത്ഥാനത്തിന്റെ സംഘർഷം രൂപപ്പെടുന്നത്. അയ്യൻകാളിയുടെ വില്ലുവണ്ടിസമരത്തെ സഞ്ചാരാധുനികതയുടെ ശക്തമായരൂപമായി കരുതാം. ചെന്താരശേരി അതിങ്ങനെ വിവരിക്കുന്നു- വില്ലുവണ്ടിസമരത്തോടുകൂടി വെങ്ങാന്നൂരിലുള്ള അയിത്തജാതിക്കാർ അയ്യൻകാളിയെ അവരുടെ നേതാവായി അംഗീകരിച്ചു. വഴിനടക്കുവാനുള്ള പ്രാഥമികമായ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കുന്നതിന് പരിപാടികൾ തയാറാക്കിയിട്ട് അതിന്റെ അനുയായികളെ വിളിച്ചുകൂട്ടിയിട്ട് അയ്യൻകാളിപ്പട എന്ന് പ്രസിദ്ധിയാർജ്ജിച്ചിരുന്ന പ്രസ്തുസംഘം 1898ൽ വെങ്ങാന്നൂർ ചന്തയിൽനിന്നും ബാലരാമപുരത്തു ആറാലുംമൂട്ട പുത്തൻകടചന്തയിലേക്ക് പൊതുനിരത്തിലൂടെ ഒരു പദയാത്രയാരംഭിച്ചു. ബാലരാമപുരം ചാലിയത്തെരുവിലെത്തിയപ്പോൾ ഒരടി മുന്നോട്ടുനീങ്ങാനാകാത്തവണ്ണം എതിർപ്പുണ്ടായി. അതുവലിയ സംഘട്ടത്തിനു വഴിയൊരുക്കി (1991;6). രക്തരൂക്ഷമായ സംഘട്ടനങ്ങളിലൂടെയാണ് കേരളത്തിൽ കീഴാളർ വഴിയിലൂടെ നടക്കാനും പൊതുവാഹനങ്ങളും സ്ഥാപനങ്ങളും ഉപയോഗിക്കുവാനും അവകാശം നേടിയെടുത്തതെന്നു വ്യക്തം. അതായത് സഞ്ചാരാധുനികതയുടെ പ്രയോഗം കേരളത്തിന്റെ ഫ്യൂഡൽസ്ഥലരാശിയെ മാറ്റിമറിക്കുകയും പുതിയ, ജാതിവരുദ്ധമായ പൊതുവിടങ്ങൾ സാധ്യമാക്കുകയും ചെയ്തു.

ഇത്തരത്തിൽ യാത്രചെയ്തു കീഴാളർ ഇടങ്ങൾ പിടിച്ചെടുത്തതിന്റെ വിവരണം പ്രത്യക്ഷരക്ഷാദൈവസഭയുടെ പ്രവർത്തനങ്ങളിൽകാണാം. പൊയ്കയിൽ അപ്പച്ചൻ നിരന്തരം സഞ്ചരിച്ച് യോഗങ്ങൾ നടത്തിയാണ് തന്റെ പ്രസ്ഥാനം കെട്ടിപ്പടുത്തത് ഇതിനെയാണ് സഞ്ചാരപ്രസംഗങ്ങൾ എന്നു വിളിക്കുന്നത് (സ്വാമി, അനിൽ, 2010: 39). സഞ്ചരിച്ചുകൊണ്ട് നടത്തിയ പ്രസംഗങ്ങളിലൂടെ തിരുവിതാംകൂറിലെ സ്വകാര്യവഴികൾ പൊതുവഴികളാക്കുകയും കീഴാളരുടെ ഇടങ്ങളെ കൂടുതൽ തെളിച്ചത്താക്കുകയും ചെയ്തതായി നിരീക്ഷിക്കപ്പെടുന്നു. ചന്തകൾപോലെയുള്ള പൊതുസ്ഥലങ്ങളിലേക്ക് കീഴാളർ കൂടുതൽ പ്രവേശിക്കുന്നു. ഇതിന്റെ ശക്തമായൊരു പ്രകാശനമാണ് പ്രത്യക്ഷരക്ഷദൈവസഭ 1912 ൽ കോഴഞ്ചേരിയിൽനിന്ന്

ഇരവിപേരൂരിലേക്ക് നടത്തിയ ലക്ഷക്കണക്കിനാൾക്കാർ പങ്കെടുത്ത പദയാത്ര. ഇത്തരത്തിലുള്ള ഇടപടലുകൾ സഞ്ചാരമെന്നതിനെ സാമൂഹികചലനാത്മകതയുടെ ലക്ഷണമാക്കുകയും സമൂഹത്തെ നിരന്തരം സഞ്ചരിച്ചുതീർക്കാവുന്ന ആധുനിക ഇടമാക്കുകയും ചെയ്തു. എല്ലാവരും മനുഷ്യരാകുന്ന നവോത്ഥാനബോധ്യങ്ങളിലൂടെ ജാതിയെ വെല്ലുവിളിക്കുന്ന രാഷ്ട്രീയമാണ് സഞ്ചാരാധുനികതയെന്നത്.

സഞ്ചാരം ചരിത്രപരമായി ലിംഗപരമായി സങ്കീർണമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നു. എല്ലാ അർഥത്തിലും സ്ത്രീകൾക്ക് യാത്ര എന്ന ആശയം തന്നെ പരിമിതമായ ചുറ്റുവട്ടത്തിലുള്ള നടപ്പായിരുന്നുവെന്ന് കോരപ്പുഴവിലക്കും മറ്റനേകം പുഴവിലക്കുകളും മണ്ണാപ്പേടി, പുലപ്പേടി പോലുള്ള ആചാരങ്ങളും സൂചിപ്പിക്കുന്നു (ബാലകൃഷ്ണൻ, 1992: 209). വ്യാപാരവും മറ്റും പുരോഗതി പ്രാപിക്കുന്ന, വിദ്യാഭ്യാസരീതികൾ വളരുന്ന കാലത്തും തീവണ്ടി പോലുള്ള ആധുനിക യാത്രാവാഹനങ്ങൾ യഥേഷ്ടം പുറത്തിറങ്ങുന്ന കാലത്തും സ്ത്രീകളുടെ യാത്രയെന്നത് എതിർക്കപ്പെട്ടിരുന്നുവെന്നുകാണാം. തന്റെ കുട്ടിക്കാലത്തെ യാത്രകളെക്കുറിച്ചോർക്കുന്ന കാണിപ്പയ്യൂർ തീവണ്ടിയിൽ അന്തർജനങ്ങളെ യാത്രചെയ്യാൻ അനുവദിക്കാതിരുന്നത് എഴുതുന്നുണ്ട്. ഷോർണ്ണൂരിൽനിന്ന് തൃശ്ശൂരിലേക്കു യാത്രനടത്തിയത് ആദ്യകാലത്ത് നടന്നായിരുന്നു. ഏതാണ്ട് നാലുദിവസം നടക്കണമായിരുന്നു. തീവണ്ടിവന്നപ്പോൾ അത് ഏതാനും മണിക്കൂറായി ചുരുങ്ങി. എന്നാൽ തീവണ്ടിവന്നപ്പോൾ നമ്പൂതിരി പുരുഷന്മാർ തീവണ്ടികളിൽ യാത്രചെയ്യുകയും സ്ത്രീകൾ കുട്ടികളെയുംമെടുത്ത് പഴയപോലെ നടക്കുകയും ചെയ്തുവെന്നാണ് അദ്ദേഹം പറയുന്നത്. ഇക്കാലത്ത് സ്ത്രീകൾ കാളവണ്ടി കയറിയപ്പോൾ അതും വിലക്കിയതായും അദ്ദേഹം പറയുന്നു (2005:12). ഇതെല്ലാം വിരൽചൂണ്ടുന്നത് ദേശംവിട്ടു യാത്രയെന്നത് ആധുനികതയുടെ പ്രക്രിയായിരുന്നുവെന്നും കേരളത്തിൽ നവോത്ഥാനം സാധ്യമാക്കിയതിൽ യാത്രയ്ക്കും പുതിയ വാഹനങ്ങൾക്കും വലിയപങ്കുണ്ടായിരുന്നുവെന്നുമാണ്.

ജാതിനിശ്ചയിച്ചിരുന്ന സ്ഥലങ്ങളിൽനിന്ന് ഓരോരുത്തരും വ്യക്തികളായി അവരവർക്ക് ഇഷ്ടമുള്ള സ്ഥലങ്ങളിലേക്ക് നിരന്തരം സഞ്ചരിച്ചുകൊണ്ട് പുതിയപുതിയ സ്ഥലങ്ങളും ഇടങ്ങളും പിടിച്ചെടുക്കുകയും സ്ഥലത്തെക്കുറിച്ചുതന്നെയുള്ള ജാതിബോധത്തെ മാറ്റിയെടുക്കുകയുംചെയ്ത പ്രക്രിയയാണ് സഞ്ചാരാധുനികതയുടെ കാതൽ. ജാതിവിരുദ്ധമായ സഞ്ചാരാധുനികതയാണ് പല നാട്ടുരാജ്യങ്ങളായി മുറിഞ്ഞുകിടന്ന, നദികളാലും കായലുകളാലും വിഭജിക്കപ്പെട്ടുകിടന്ന കേരളത്തെ ഒരുപ്രദേശമാക്കി

നവോത്ഥാനകേരളം സൃഷ്ടിച്ചത്. ജാതിയുടെ അപരത്വചിന്തയെ റദ്ദാക്കി എല്ലാവരെയും മനുഷ്യരായിക്കണ്ടുകൊണ്ട് പാരസ്പര്യമുള്ള മനുഷ്യരിലേക്കുള്ള സഞ്ചാരവും ഇവിടെയുണ്ടാകുന്നു. കീഴാളർ സ്കൂളിൽ പ്രവേശിക്കുന്നതും സർക്കാർ ജോലിയിൽ പ്രവേശിക്കുന്നതും ആധുനികമായ ഈ ചലനത്തിലൂടെയാണ്.

### കുടിയേറ്റത്തിന്റെ സാമൂഹികപശ്ചാത്തലം

കേരളസമൂഹം ജാതിവ്യവസ്ഥയിൽനിന്ന് ആധുനികതയിലേക്ക് പ്രവേശിക്കുന്നത് നാണയസമ്പദ്‌വ്യവസ്ഥയിലൂടെയാണ്. നെല്ക്കൃഷിമാത്രം ചെയ്തിരുന്ന മലയാളി കോളനീകരണത്തിലൂടെ നാണ്യവിളകളിലേക്കും തോട്ടങ്ങളിലേക്കും ഫാക്ടറികളിലേക്കും പ്രവേശിച്ചതിലൂടെയാണ് ഇത് സാധ്യമായത്. ഇത്തരം മാറ്റങ്ങളിലൂടെ സംഭവിക്കുന്ന നവോത്ഥാനപ്രസ്ഥാനങ്ങൾ പുതിയമാറ്റങ്ങളെ ത്വരിതപ്പെടുത്തുന്നു. നാണയസമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളസമൂഹപരിണാമത്തിന്റെ നിർണായകമായ സന്ധിയാണ് 1930-40കാലം. 1930കളിലെ സാമ്പത്തികതകർച്ച ലോകത്താകെ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചപോലെ കേരളത്തിലും പ്രതികരണം സൃഷ്ടിച്ചിരുന്നു. സാമ്പത്തികതകർച്ചയും അതിനു പിന്നാലെ ലോകമഹായുദ്ധവും ഭക്ഷ്യക്ഷാമവും ഇവിടെ സംഭവിക്കുന്നു. ആധുനികതയുടെ ശക്തിപ്പെടലോടെ ഫ്യൂഡൽ തൊഴിൽ, കുടുംബസംവിധാനങ്ങളാകെ ഉലയുകയും പാരമ്പര്യസ്വത്തുകൊണ്ട് ജീവിക്കാനാവുകയില്ലെന്ന് തിരിച്ചറിവുണ്ടാവുകയും ചെയ്തു. പ്രവാസം ശക്തിപ്പെടുന്നതും കേരളത്തിന്റെ തന്നെ പല ഭാഗങ്ങളിലേക്കുമുള്ള കുടിയേറ്റം വ്യാപമാകുന്നതും ഇക്കാലത്താണ്. കോളറയും വസൂരിയും വ്യാപകമായി പടർന്നുപിടിച്ച കേരളത്തിൽ 1943-44 കാലത്ത് ഏതാണ്ട് ഒരുലക്ഷത്തോളം ആളുകൾ മരിച്ചുവെന്നു കണക്കാക്കപ്പെടുന്നു (ഇ എം എസ്, 1946:9). ഇങ്ങനെ ഭക്ഷ്യക്ഷാമവും ഇതരദുരിതങ്ങളും ജനജീവിതത്തെ ഉലച്ചപ്പോഴാണ് കൃഷിക്കായി മറ്റിടങ്ങളിലേക്ക് കുടിയേറുന്നചിന്തകൾ ശക്തിപ്പെട്ടതും മധ്യതിരുവിതാംകൂറിൽനിന്നും മറ്റും മലബാറിലേക്ക് കുടിയേറ്റം രൂപപ്പെടുന്നതും. കേരളത്തിലെ കുടിയേറ്റത്തിന്റെ ചരിത്രം ബ്രിട്ടീഷുകാർ തുടങ്ങുന്ന തോട്ടങ്ങളിൽനിന്നാണെന്നു പറയാം. തോട്ടംരീതികളിലുള്ള വാണിജ്യകൃഷിയുടെ വ്യാപനമാണ് കുടിയേറ്റത്തിന്റെ ആദിമരൂപം. കുടിയേറ്റത്തെക്കുറിച്ച് വിശദമായ പഠിച്ച മൈക്കൾ തരകൻ കുടിയേറ്റത്തിന് റബർകൃഷിയുമായുള്ള ബന്ധം ചൂണ്ടിക്കാട്ടുന്നുണ്ട്. ചെറിയരീതിയിൽ ചെയ്താലും ലാഭകരമാക്കാൻ കഴിയുന്ന റബർകൃഷിയുടെ പ്രത്യേകത വാണിജ്യകൃഷിയുടെ സാധ്യതവർധിപ്പിക്കുകയും കർഷകരെ

ആകർഷിക്കുകയും ചെയ്തു (വർഗീസ് തോട്ടയ്ക്കാട്, 2015: 21). 1930കളിലെ സാമ്പത്തികമാന്ദ്യം വാണിജ്യകൃഷിയെ പ്രതിസന്ധിയിലാക്കിയപ്പോളാണ് കർഷകർ മലബാറിലെ മണ്ണ് ലക്ഷ്യംവച്ചതും യാത്രചെയ്തതും. കുടിയേറ്റം മലബാറിലേക്കും ഹൈറേഞ്ചിലേക്കുമാണ് പ്രധാനമായി നടന്നിട്ടുള്ളത്.[2]2 ക്രിസ്ത്യാനികളാണ് ഏറെയെങ്കിലും മറ്റു സമുദായങ്ങളും കുടിയേറ്റത്തിൽ സജീവമായിരുന്നു. ഏകപക്ഷീയമായി, കുടിയേറ്റക്കാരാൽ നടന്ന വികസനപരമായ ഒന്നായിരുന്നില്ല കുടിയേറ്റമെന്നു വ്യക്തം. തദ്ദേശീയ സമൂഹവും ആദിവാസികളുമായുള്ള സംഘർഷവും കൂടിക്കുഴയുന്ന സങ്കീർണമായ ഒരുപ്രക്രിയയാണിത്.

### തലച്ചുമടിൽനിന്ന് കാറിലേക്ക്

കുടിയേറ്റത്തെ സി ജെ ജോർജ് ഇങ്ങനെ നിർവചിക്കുന്നു: ജനിച്ചുവളർന്ന ഊരുവിട്ടുള്ള യാത്ര. മറുനാട്ടിലെവിടെയെങ്കിലും വാസമുറപ്പിക്കൽ. ഇതാണ് ലളിതമായി പറഞ്ഞാൽ കുടിയേറ്റം (അതേകൃതി: 152). മറ്റൊരു നിരീക്ഷണം ഇങ്ങനെയാണ്-കുടിയേറ്റം എന്നാൽ വികസിത മേഖലയിൽ നിന്ന് ഒരു ജനസമൂഹം അവികസിതമായ മേഖലയിലേക്ക് നടത്തിയ അതിസാഹസികമായ മഹാപ്രവാഹമാണ് (അതേകൃതി, 92). ഒരു കാലത്ത് പലതരം കാരണങ്ങളാൽ മെച്ചപ്പെട്ട അഥവാ അതിജീവനം ലക്ഷ്യമിട്ട് ഒരു ജനസമൂഹം/ കൂട്ടം ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് പലായനം ചെയ്ത് ജീവിതമുറപ്പിക്കുന്നതാണ് കുടിയേറ്റം. കേരളത്തിൽ നടന്ന കുടിയേറ്റങ്ങൾ പ്രധാനമായും മധ്യതിരുവിതാംകൂറിൽനിന്ന് മലബാർ- വയനാട്- ഹൈറേഞ്ച് പ്രദേശത്തെ ഭൂമിതേടിയായിരുന്നു. ജനവാസം അധികമില്ലാത്ത ഭൂപ്രദേശങ്ങൾ വാങ്ങി കൃഷിക്കുപയുക്തമാക്കിയാൽ ഭക്ഷ്യക്ഷാമത്തെ അതിജീവിക്കാമെന്നും സാമ്പത്തികമായി വളരാമെന്നുമുള്ള ചിന്തയാണ് ഈ കുടിയേറ്റത്തെ അനിവാര്യമാക്കിയത്. ഏറെ ഭൂമി സ്വന്തമാക്കി കൃഷിനടത്തി സാമ്പത്തികവളർച്ച കൈവരിക്കാനാകും എന്ന ലക്ഷ്യം അർഥവത്തായി പരിണമിച്ചുവെന്ന് കുടിയേറ്റത്തിന്റെ ചരിത്രം വ്യക്തമാക്കുന്നു. മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ കുടിയേറിയ മേഖലകൾ പലതും പട്ടണങ്ങളായി വളരുകയും ആധുനികീകരണം സാധ്യമാക്കുകയും മലബാറിലെ പരമ്പരാഗത തൊഴിൽമേഖലയിൽ നിരവധി പരിവർത്തനങ്ങൾ സാധ്യമാവുകയും ചെയ്തു.

കാടും മലയുമായിരുന്ന പല പ്രദേശങ്ങളും ആധുനികകേരളത്തിന്റെ സാമൂഹികഭൂപടത്തിലേക്കുവന്നത് കുടിയേറ്റത്തിലൂടെയാണെന്നു വ്യക്തം. യാത്രയുമായി ബന്ധിപ്പിക്കുമ്പോൾ കുടിയേറ്റപ്രക്രിയ കേരളനവോത്ഥാനത്തിലെ സഞ്ചാരാധുനികതയെ വിപുലമാക്കുന്ന ഒന്നാണെന്നു കാണാം.

മനുഷ്യർ സഞ്ചരിക്കാൻ മടിച്ച ഇടങ്ങൾ സഞ്ചാരയോഗ്യമാക്കുകയും പുതിയ ടൗണുകളും മറ്റും സൃഷ്ടിച്ച് ധാരാളം റോഡുകൾ വെട്ടി പുതിയ ഇടങ്ങളിലേക്ക് വഴികൾ വെട്ടുകയും യാത്ര എന്ന സങ്കല്പത്തെ കൂടുതൽ വിശാലമായ ലോകത്തിലേക്കു തുറന്നിടുകയും ചെയ്തു. പുഴയുടെ വക്കത്ത് അവസാനിച്ചിരുന്ന കേരളത്തിലെ റോഡുകളെ പുഴക്കക്കരയിലേക്ക് പാലത്തിലൂടെ ബന്ധിച്ച് എല്ലാവർക്കും അതിലൂടെ സഞ്ചരിക്കാനുള്ള വഴിതുറന്നിടുകയാണ് സഞ്ചാരാധുനികത ചെയ്തതെങ്കിൽ കാടുകൾക്കടുത്തും മനുഷ്യവാസമില്ലാത്ത പ്രദേശത്തും മനുഷ്യരെ കടത്തിവിട്ട് സഞ്ചാരത്തെ വികസിപ്പിച്ചതാണ് കുടിയേറ്റം.[3] കുടിയേറ്റംകൂടി ചേരുന്ന വിശാലമായ സഞ്ചാരത്തിന്റെയും മനുഷ്യ ഇടപടലിന്റെയും സാമൂഹികതയാണ് സഞ്ചാരാധുനികതയെന്നു പറയുന്നത്. ജാതി, ലിംഗ, വർഗ്ഗ, പ്രാദേശിക പരിമിതികൾക്കുള്ളിൽ വിറങ്ങലിച്ചുനിന്ന മനുഷ്യരെ പുറത്തേക്ക് ആനയിച്ച വലിയൊരു പ്രവർത്തനമാണ് ഇതിലൂടെ നടന്നത്. കേരളത്തിൽ വ്യാപകമായ ആധുനികവിദ്യാഭ്യാസവും ആരോഗ്യരംഗവും ഇത്തരം പ്രക്രിയകളെ മുന്നോട്ടുനയിച്ചു.

1926 മുതൽ കോഴിക്കോട്ടുഭാഗത്ത് കുടിയേറ്റം ആരംഭിക്കുന്നുണ്ട് (അതേകൃതി, 30). തുടർന്ന് കണ്ണൂർ, വയനാട്, കാസർഗോഡ് തുടങ്ങിയ ഇടങ്ങളിലേക്കും വ്യാപിക്കുന്നു. 1940- 50കളിൽ മലബാറിലെ മിക്കമേഖലകളിലും കുടിയേറ്റക്കാർ വലിയൊരു സാന്നിധ്യമായിക്കഴിഞ്ഞിരുന്നു. ആദ്യഘട്ടത്തിൽ കുടിയേറിയവർ മലമ്പനിമൂലവും കാട്ടുമൃഗങ്ങളുടെ ആക്രമണംമൂലവും തിരിച്ചുപോവുകയും മരിക്കുകയും ചെയ്തുവെങ്കിലും മലബാറിൽ ചുരുങ്ങിയ തുകയ്ക്ക് കൂടുതൽ ഭൂമികിട്ടുമെന്ന ചിന്തയിൽ നിരവധിപേർ വരുകയും വളരെപ്പേർക്ക് വരാനുള്ള പ്രേരണയാവുകയും ചെയ്തു. തരിശുഭൂമികളും വനഭൂമികളും കൃഷിയിടമാക്കി പ്രകൃതിയോടും രോഗത്തോടും പോരാടി പുതിയജീവിതം കുടിയേറ്റക്കാർ കെട്ടിപ്പടുത്തു. മിക്കവരും വലിയ സമ്പന്നതയിലേക്കുയർന്നു. കുടിയേറ്റപ്രദേശങ്ങൾ പട്ടണങ്ങളാവുകയും അവിടെ സ്കൂളും ആശുപത്രികളും മറ്റനേകം സൗകര്യങ്ങളും വരികയും ചെയ്തു. ആദ്യകാലകുടിയേറ്റ പ്രദേശമായ തിരുവമ്പാടിയെ മുൻനിർത്തി ജിസ് മാൻ ചെറിയാനിതു പറയുന്നുണ്ട്–1942-ൽ ഒറ്റപ്പെട്ട കുടിയേറ്റമാരംഭിച്ച തിരുവമ്പാടി ഇന്ന് ജനനിബിഡമാണ്. കോഴിക്കോടുനിന്നു തലച്ചുമടുമായി 22 മൈൽ നടന്ന് തിരുവമ്പാടിയിലെത്തിയ പലരും ഇന്നു കോഴിക്കോടിനു പോകുന്നത് സ്വന്തം കാറിലും ജീപ്പിലുമാണ് (അതേകൃതി, 68). ഇവിടെ വിവരിച്ച സൂചനകളെല്ലാം യാത്രയുമായി ബന്ധപ്പെട്ടാണെന്നുള്ളത് ശ്രദ്ധിക്കണം. കുടിയേറ്റം കഷ്ടപ്പാടുകൾ നിറഞ്ഞ യാത്രയായിരുന്നു. കുടിയേറ്റം ദുരിതപൂർണമായ യാത്രയാണ്.

വാഹനങ്ങൾ കാര്യമായി ഇല്ലാതിരുന്ന അക്കാലത്ത് കൊടുംകാടുകളിലൂടെ നടന്നാണ് ലക്ഷ്യസ്ഥാനത്ത് എത്തിയിരുന്നത്. കക്കാടംപൊയിലിലേക്കുള്ള കുടിയേറ്റം ഉദാഹരണമാണ്. കാട്ടിലൂടെയുള്ള ഒറ്റയടിപ്പാതയിലൂടെയുള്ള യാത്രകളും തണുപ്പും ശീതക്കാറ്റും കുടിയേറ്റക്കാരെ തളർത്തി (അതേകൃതി, 71). എന്നാലിന്ന് കുടിയേറ്റക്കാർക്ക് ആധുനികീകരിക്കപ്പെട്ട യാത്രാസംവിധാനങ്ങൾ ലഭ്യമായിരിക്കുന്നു. നടപ്പിൽ നിന്ന് കാളവണ്ടിയിലേക്കും അവിടെനിന്ന് മോട്ടാർവാഹനങ്ങളിലേക്കും പരിണമിച്ച മലയാളിയെ സവിശേഷം വളർത്തിയ പ്രക്രിയായിരുന്നു കുടിയേറ്റം.

### കാളവണ്ടിയും തീവണ്ടിയും

കുടിയേറ്റം അടിസ്ഥാനപരമായി ഒരു യാത്രാബിംബമാണെന്ന് കുടിയേറ്റ നോവലായ ഒറോത വ്യക്തമാക്കുന്നുണ്ട്. ഒറോതയും കുടുംബവും പാലായിൽനിന്ന് കണ്ണൂരിലെ ചെമ്പേരിയിലേക്ക് കുടിയേറുന്ന കഥയാണിത്. കാളവണ്ടികളിലാണ് അവർ കൊച്ചിവരെ യാത്രചെയ്തത്. വഴിക്കു ചുങ്കംപിരിവും അതിർത്തികടക്കലും മറ്റും ഒറോതയ്ക്കു രസകരമായി തോന്നി. സ്വന്തം വീടുവിട്ടുപോവുന്നതിലുള്ള ദുഃഖത്തേക്കാളേറെ പുതിയതേതോ തേടിപ്പോവുന്നു എന്ന ആവേശമാണ് അവളിൽ മുന്തിനിന്നത് (2017;47). ചിലതൊക്കെ നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റുചിലതൊക്കെ നേടാനുള്ള യാത്രയാണത്. പലയാനസ്വഭാവം ഇതിനുണ്ട്. മിക്കവരും നിലവിലുള്ള സ്ഥലത്തെ വസ്തുവൊക്കെ വിറ്റിട്ടാവും കുടിയേറ്റത്തിനൊരുങ്ങുന്നത്. തിരിച്ചുവരവില്ലാത്ത യാത്രയാണത്. കുഗ്രാമങ്ങളിൽ അക്കാലത്ത് പ്രധാനപ്പെട്ട റോഡുവാഹനം കാളവണ്ടിയാണ്. നഗരത്തിലെത്തുന്നതോടെ കാളവണ്ടികൾ മോട്ടോർവാഹനങ്ങൾക്കു വഴിമാറുന്നു.

ഒറോത യാത്രയ്ക്കിടയിൽ നഗരം കാണുന്നു: എറണാകുളം പട്ടണം കണ്ടപ്പോൾ അവൾ അന്തംവിട്ടുപോയി. അവൾ അന്നോളം കണ്ടിട്ടുള്ളതിൽവച്ചേറ്റവും വലിയ പട്ടണം പാലായായിരുന്നു. എറണാകുളം കണ്ടുകഴിഞ്ഞപ്പോൾ പാലാ വെറുമൊരു കാലിത്തൊഴുത്താണെന്നുപോലും ഒറോതയ്ക്കു തോന്നി. കൂറ്റൻ കെട്ടിടങ്ങൾ, വീതിയേറിയ നിരത്തുകൾ, നിരത്തുകളിൽ തിരക്കിട്ടൊഴുകുന്ന വാഹനങ്ങൾ ആൾക്കാരുടെ തിരക്ക്... (അതേകൃതി, 46). തീവണ്ടി അതിലേറെ അത്ഭുതമായിരുന്നു. നാലരവയസ്സുള്ള വക്കച്ചൻ അലറിവിളിച്ച് തീ തുപ്പി. അത്യുച്ചത്തിൽ ഛക്- ഛക് ശബ്ദം പുറപ്പെടുവിച്ച് ചീറി, ചീറ്റിനില്ക്കുന്ന ഈ അപരിചിത മൃഗത്തെ കണ്ടപ്പോൾ പേടിച്ചരണ്ട് അമ്മയെ കെട്ടിപ്പിടിച്ച് നിലവിളിക്കാൻ തുടങ്ങി.....പല സ്റ്റേഷനികളിലും വണ്ടി നിന്നു. ചില സ്റ്റേഷനുകളിൽ വണ്ടികൾ കാത്തുനില്ക്കുന്നുണ്ടായിരുന്നു.

റയിൽവേസ്റ്റഷനുകളുടെ പേരുകൾ വായിച്ചുകൊണ്ട് കല്ക്കരിക്കഷണങ്ങളെ കയ്യാൽ തടഞ്ഞുകൊണ്ട് ഒറോത വണ്ടിയുടെ ഓരം ചേർന്നുതന്നെ നിന്നു (അതേകൃതി, 47). പിറ്റേന്ന് ഉച്ചയ്ക്ക് കണ്ണൂരിൽ വണ്ടിയിറങ്ങി കരിഗ്യാസ് കൊണ്ടോടുന്ന ലൈൻബസ് പിടിച്ച് പിന്നെ കാളവണ്ടി പിടിച്ച് പിന്നെ നടന്ന് നേരമിരുട്ടിയപ്പോഴേക്കും അവർ ചെമ്പേരിയിൽ വട്ടയ്ക്കാട്ട് ഇട്ടിവിരാച്ചേട്ടന്റെ സ്ഥലത്ത് എത്തി (അതേകൃതി, 48). നീണ്ടൊരുയാത്രയായിരുന്നു അവരുടെ കുടിയേറ്റം. മലമ്പനിയെയും കാട്ടുമൃഗങ്ങളെയും അതിജീവിച്ച് കൃഷിചെയ്ത് അവിടെ കുടിയേറിയവർ ചെമ്പേരി ഒരു പട്ടണമാക്കുന്നു. അവിടെ പുതിയ റോഡുകളും ആശുപത്രികളും നിർമിക്കുകയും കൂട്ടുതലാളുകൾ കുടിയേറുകയും ചെയ്യുന്നു. മനുഷ്യവാസമില്ലാത്ത പ്രദേശം മനുഷ്യർപാർത്ത് ആ പ്രദേശത്തെ മറ്റിടങ്ങളിലേക്കു തുറന്നുവിടുന്ന പ്രക്രിയയാണ് കുടിയേറ്റം.

വിവിധയിടങ്ങളിൽ കിടന്നവർ പലയിടത്തായി കൂടിച്ചേരുകയും പലദേശങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടകലരൽ സംഭവിക്കുകയും ചെയ്യുന്നു. തദ്ദേശീയരുമായിപ്പോലും ആഴത്തിലുള്ള ബന്ധങ്ങൾ സൃഷ്ടിക്കപ്പെടുകയും ജാതി, പ്രാദേശിക വ്യത്യാസങ്ങൾ മെല്ലെമെല്ലെ മായിച്ചുകളയുകയും ചെയ്യുന്നു. നഗരവല്ക്കരണപ്രക്രിയകൾ ഇതിനാക്കംകൂട്ടുകയും ചെയ്യുന്നു. വർഗീസ് തോട്ടയ്ക്കാട് ഇതിന്റെയൊരു ചിത്രം ഇങ്ങനെ വിവരിക്കുന്നു: 1950 കളോടെ ഏതാണ്ട് 5 ലക്ഷത്തിലധികം കുടിയേറ്റക്കാർ വന്നു കഴിഞ്ഞു....കാസർഗോഡ് ജില്ലയിലെ മുള്ളേരിയ, ബന്തടുക്ക, രാജപുരം, തോമാപുരം, പാലവയൽ തുടങ്ങിയ മലയോരമേഖലകൾ തുടങ്ങി കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കിഴക്കൻ മലയോര വിഭാഗങ്ങൾ - തെക്ക് മണ്ണാർക്കാട്, പാലക്കയം, പൊറ്റശ്ശേരി മുതൽ സ്ഥലങ്ങളും ഇന്ന് മധ്യതിരുവിതാംകൂറിലെ ചെറുഗ്രാമങ്ങളായ പൊൻകുന്നം, കറുകച്ചാൽ, ഏറ്റുമാനൂർ, പുതുപ്പള്ളി മുതലായവ പറിച്ചുനട്ടപോലെ തോന്നും (അതേകൃതി, 33). ഇങ്ങനെ കുടിയേറുന്നവർ ദേശങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ ഇല്ലാതാക്കുന്നു.

### ചലനങ്ങളും പാതകളും

കുടിയേറ്റം കേരളീയജാതിസമൂഹത്തിന്റെ അടിസ്ഥാനസ്വഭാവമായ നിശ്ചലതയ്ക്കു നേരെ വിരുദ്ധമായ ചലനത്തിന്റെ രൂപമായിരുന്നു[4]. ചലനത്തെ രണ്ടുരീതിയിലാണ് കുടിയേറ്റസ്ഥലങ്ങൾ നിർമിച്ചതെന്നു പറയാം. ഒന്ന്, തദ്ദേശീയ ഇടങ്ങളിലെ ജാതിയടിസ്ഥാനപ്പെട്ട കാർഷികോല്പാദനക്രമങ്ങളെ മാറ്റിമറിക്കുന്നതിലൂടെ. രണ്ടാമത്, കാടുകളും മറ്റുമായിരുന്ന പ്രദേശത്ത് പുതിയ

റോഡുകൾ വെട്ടുകയും അവയെ ഇതര നഗരങ്ങളിലേക്കു ബന്ധിപ്പിക്കുകയും ചെയ്തതിലൂടെ. റോഡുകൾ കുടിയേറ്റക്കാർക്കും തദ്ദേശീയർക്കും പുതിയ സ്ഥലങ്ങളിലേക്ക് വഴികാട്ടുന്നു, അവരുടെ ഉല്പന്നങ്ങളെ വിപണിയിലേക്ക് എത്തിക്കാൻ വഴിയൊരുക്കുന്നു. പുതിയ വിപണികളും അതിനോടനുബന്ധിച്ച് വാഹനസൗകര്യങ്ങളും ഉണ്ടാവുകയും ഗ്രാമം പട്ടണമായി മാറുകയും ചെയ്യുന്നു. അങ്ങനെ റോഡുകളുടെ ചങ്ങലകൾ രൂപപ്പെടുകയും പ്രധാനപ്പെട്ട പാതകളുമായി ഇവ ബന്ധിക്കപ്പെടുകയും കേരളമൊന്നാകെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു. അതിലൂടെ മറ്റിടങ്ങളിലേക്ക് നിരന്തരം സഞ്ചരിക്കാനുള്ള പ്രവണതകൾ സൃഷ്ടിക്കുകയും പുതിയ തൊഴിലിടങ്ങളിലേക്കു പോകുവാനും മറ്റും വഴിയൊരുങ്ങുകയും ചെയ്യുന്നു.

കുടിയേറ്റക്കാർ വഴിനിർമിച്ചതിന്റെ സൂചനകൾ മേല്പറഞ്ഞ പുസ്തകത്തിലുള്ള ചിലത് ഇവയാണ്: 1944 ൽ കള്ളിവയലിൽ ചാക്കോച്ചൻ മുൻകൈയെടുത്ത് കുടിയേറ്റക്കാരുടെ സഹകരണത്തോടെ പാലേരിയിൽനിന്നും ചെമ്പനോടയ്ക്ക് മൂന്നാഴ്ചകൊണ്ട് ഒരു റോഡ് വെട്ടിത്തീർത്തു (അതേകൃതി, 56). കോടഞ്ചിരിയിൽ ആയിരക്കണക്ക് ആൾക്കാർ ഒരു ദിവസംകൊണ്ട് പുതിയറോഡ് വെട്ടി പുറംലോകത്തേക്ക് വഴിയുണ്ടാക്കുന്നു (അതേകൃതി, 75). റോഡുകളാണ് വയനാട്ടിലേക്കുള്ള കുടിയേറ്റത്തെ സൃഷ്ടിക്കുന്നത്. വയനാടൻ ചുരത്തിലൂടെയുള്ള റോഡുനിർമാണത്തിനു ശേഷം വയനാട്ടിലേക്കുള്ള യാത്ര സുഗമമാവുകയും കുടിയേറ്റം നടക്കുകയും ചെയ്തു (അതേകൃതി, 92) വയനാട്ടിലെ നടവയലിൽ നിന്ന് പനമരത്തേക്ക് റോഡ് വെട്ടിയത് നടവയൽ കുടിയേറ്റത്തിലെ പ്രധാനപ്പെട്ട അധ്യായമാണ്. തദ്ദേശീയരായ ഭൂവുടമകളുടെ എതിർപ്പ് അവഗണിച്ച് നിർമിച്ച ഈ റോഡ് പിന്നീട് സർക്കാർ ഏറ്റെടുക്കുകയും ചെയ്തു (അതേകൃതി,107). കുടിയേറ്റ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വലിയൊരു ശക്തിയായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. അതിലൂടെ മറ്റിടങ്ങളിലുള്ളവർ പലസ്ഥലങ്ങളിലേക്കു സഞ്ചരിക്കുകയും വിദ്യാർഥികൾക്ക് കോളജിലേക്കും മറ്റും പോകുവാനും കഴിയുകയും വാണിജ്യവും വ്യവസായങ്ങളും വ്യാപിക്കാൻ വഴിയൊരുങ്ങുകയും ചെയ്തു. ഈ ആധുനികീകരണം ജാതിയെ ഇല്ലാതാക്കുകയും എല്ലാവർക്കും ഒന്നിച്ചു യാത്രചെയ്യുവാനും ജീവിക്കാനുമുള്ള പരിതസ്ഥിതികളെ സാധ്യമാക്കുകയും ചെയ്തു. ക്രമേണ ഈ വഴികൾ ടാറുചെയ്യപ്പെടുകയും പ്രധാനപ്പെട്ട വഴികളായി മാറുകയും ഗതാഗത സൗകര്യങ്ങൾ പെരുകുകയും ചെയ്യുന്നു. അങ്ങനെ ആ കുടിയേറ്റസ്ഥലം പ്രധാനപ്പെട്ട പട്ടണമായി മാറുകയും ജന്മിത്വത്തിന്റെ യുക്തികളെ നിരാകരിക്കുന്ന ആധുനികവാണിജ്യസമൂഹമായി മാറുകയും ചെയ്തു.

## അടിക്കുറിപ്പുകൾ

1 ആധുനികതയെന്ന സങ്കല്പനം കേരളത്തിന്റെ പൊതുമണ്ഡലത്തിൽ സജീവമാണ്. കോളണീകരണത്തിലൂടെ സംഭവിച്ച സാമൂഹികപരിണാമങ്ങളെയാണ് ഈ സങ്കല്പനം സൂചിപ്പിക്കുന്നത്. കോളോണിയൽ ആധുനികതയെന്നൊക്കെ പറയും. ഫ്യൂഡലിസത്തിന്റെ നിരാകരണമാണ് അതിന്റെ കാതൽ. ഇതിനെയാണ് നവോത്ഥാനമെന്നും പൊതുവിൽ പറയുന്നത്. ഇതിന്റെ ഒരു ഭാഗമായിട്ടാണ് സഞ്ചാരാധുനികതയെ കാണുന്നത്. സഞ്ചാരം, ആധുനികത എന്നീ പദങ്ങളെ കൂട്ടിച്ചേർത്താണ് സഞ്ചാരാധുനികതയെന്നു പറയുന്നത്. ജാതിയെ നിരാകരിച്ച് ഒരു സമൂഹത്തിനുള്ളിൽ യാത്ര എന്നത് സവിശേഷപ്രശ്നമായത് ഇത്തരമൊരു സങ്കല്പനത്തിൽ മറ്റാരെങ്കിലും വിശദീകരിച്ചതായി അറിയില്ല. കീഴാളാധുനികതപോലുള്ള സങ്കല്പനങ്ങളുമായി ഇവയ്ക്ക് സാധർമ്യവുമുണ്ട്. കേരളനവോത്ഥാനത്തെയും ആധുനികതയെന്ന പ്രക്രിയയെയും കൂട്ടുതലായി വിശദീകരിക്കുവാൻ സഞ്ചാരാധുനികതയെന്ന സങ്കല്പനത്തിനു കഴിയും.

2 കുടിയേറ്റം വളരെ ആഴമുള്ള സാമൂഹികവിശകലനം ആവശ്യപ്പെടുന്ന ഒന്നാണ്. മലയാളത്തിൽ അത് ചുരുക്കം ചിലതിൽ ഒതുങ്ങി നിൽക്കുന്നു. പ്രധാനമായും രണ്ട് വാദങ്ങൾ കുടിയേറ്റത്തിന്റെ കാര്യത്തിലുണ്ട്. ഒന്നാമത്, കുടിയേറ്റം സാമൂഹികപുരോഗതി സാധ്യമാക്കിയെന്നുള്ള വാദമാണ്. രണ്ടാമത്, കുടിയേറ്റത്തിന്റെ പ്രതിസന്ധിയനുഭവിച്ച് തദ്ദേശീയരുടെയും കീഴാളരുടെയും പരിസ്ഥിതിയുടെയും വിശകലനമാണ്. കുടിയേറ്റം പ്രധാനമായും ക്രൈസ്തവരിലെ സുറിയാനികളുടെ വിജയമായിട്ടാണ് പറയപ്പെടുന്നത്. കീഴാളരായവർ കുടിയേറ്റത്തിൽ കാര്യമായ നേട്ടം നേടിയില്ലെന്ന വസ്തുത ഉയരുന്നു. കീഴാളരോടു വലിയ വെറുപ്പുകാണിക്കുന്നവരാണ് സുറിയാനി ക്രിസ്ത്യാനികളെന്നതും പ്രധാനമാണ്. കുടിയേറ്റം നടന്ന മേഖലകളില ആദിവാസികൾക്കുണ്ടായ സാമൂഹികവും പാരിസ്ഥിതികവുമായ കോട്ടങ്ങളെ ഗൗരവമായി വിലയിരുത്തേണ്ടതുണ്ട്. ആദിവാസികളെ അടിമകളാക്കുകയായിരുന്നു കുടിയേറ്റക്കാരെന്നും അവരുടെ ഭൂമി തട്ടിപ്പറിക്കുന്നതിൽ അവർ മുന്നിലുണ്ടായിരുന്നുവെന്നുമുള്ള വിമർശനങ്ങൾ ശക്തവുമാണ്. ആദിവാസികൾക്ക് വിദ്യാഭ്യാസവും തൊഴിലാളികളെന്ന നിലയിലുള്ള പരിഗണനയും നല്കിയതിൽ കുടിയേറ്റത്തിനു പങ്കുണ്ടെന്ന വാദവും ഉണ്ട്. പ്രബന്ധം പ്രധാനമായും കാടുവെട്ടിത്തെളിച്ച് പട്ടണങ്ങൾ രൂപപ്പെടുത്തിയതിലൂടെ സംഭവിച്ച നഗരീകരണത്തിലാണ് ഊന്നുന്നത്.

3 കാടുവെട്ടിത്തെളിച്ചതിലൂടെ സംഭവിച്ച് പാരിസ്ഥിതികനാശം കുടിയേറ്റക്കാരെ പൊതുസമൂഹത്തിന്റെ മുന്നിൽ വലിയ കുറ്റവാളികളാക്കി നിർത്തുന്നുണ്ട്. പരിസ്ഥിതിവാദികളുടെ ശത്രുവായിട്ടാണ് പൊതുവിൽ കുടിയേറ്റക്കാർ നില്ക്കുന്നത്. കേരളത്തിലെ പൊതുപരിസ്ഥിതിവാദത്തിന്റെ സമീപനങ്ങൾ പ്രശ്നവല്കരിക്കേണ്ടതുമുണ്ട്. ആധുനികതയും നഗരീകരണവും നാശമാണെന്നും പഴമയാണ് നല്ലതെന്നുമുള്ള വാദങ്ങൾ ജാതിപ്രത്യയശാസ്ത്രം നിറഞ്ഞിരിക്കുന്നതാണെന്ന് വ്യക്തം. ആദിവാസികൾ വസിച്ചിരുന്ന കാടും സ്ഥലങ്ങളും സ്വന്തമാക്കിയതിലൂടെ ആദിവാസികളുടെ ഇടം നഷ്ടപ്പെട്ടതൊക്കെ നിരവധി ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. കുടിയേറ്റക്കാരും കാടും തദ്ദേശീയരും തമ്മിലുള്ള സംഘർഷം ചരിത്രപരമായിത്തുടരുന്നതാണ്. കുടിയേറ്റം ഏകപക്ഷീയമായി ചിലർക്ക് നേട്ടങ്ങളും ചിലർക്ക് നാശങ്ങളും വരുത്തിവച്ചുവെന്ന വാദം നിരർഥകമാണ്. ആധുനികീകരണവുമായി തദ്ദേശീയസമൂഹം പ്രതിപ്രവർത്തിച്ചത് മനസ്സിലാക്കുകയാണ് വേണ്ടത്.

4 ജാതിയെക്കുറിച്ചുള്ള പൊതുവായ നിരീക്ഷണം അത് നിശ്ചലമായ വ്യവസ്ഥയാണെന്നാണ്. എന്നാൽ ജാതി പലരൂപത്തിലും പലതരം പരിണാമത്തിനും വിധേയമാണെന്നാണ് ചരിത്രസൂചനകൾ. ബാഹ്യമായി വരുന്ന മാറ്റങ്ങൾക്കനുസരിച്ച് ജാതി- ഉപജാതി ഘടനകൾക്കും അതിന്റെ ക്രമങ്ങൾക്കും പുറമേ മാറ്റം

വരുന്നതായിക്കാണാം. എന്നാൽ ജാതിയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന സാമൂഹികതയിലെ ആചാരങ്ങളും ഉല്പാദനവ്യവസ്ഥയും കാര്യമായി മാറ്റങ്ങൾ പ്രകടിപ്പിക്കുന്നില്ലെന്നും കാണാം. ആധുനികത വന്നപ്പോൾ മിക്കപ്പോഴും ജാതി ആധുനികതയെ ചെറുക്കുകയായിരുന്നുവെന്നും കാണണം. ആ അർഥത്തിലാണ് നിശ്ചലത കാണപ്പെടുന്നത്.

## ഗ്രന്ഥസൂചി

1. കാക്കനാടൻ 2017 ഒറോത, പൂർണപബ്ലിക്കേഷൻസ്, കോഴിക്കോട്
2. കാണിപ്പയ്യൂർ 2005 എന്റെ സ്മരണകൾ, പഞ്ചാംഗംപുസ്തകശാല, കുന്ദംകുളം.
3. കുന്നുകുഴി എസ് മണി, അനിരുദ്ധൻ പി എസ് 2013 മഹാത്മാ ആയ്യൻകാളി, ഡി സി ബുക്സ്, കോട്ടയം.
4. ഗണേഷ് കെ. എൻ 2017 കേരളത്തിന്റെ ഇന്നലെകൾ, കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം.
5. ചെന്താരശ്ശേരി, ടി.എച്ച്.പി. 1991 അയ്യൻകാളി നടത്തിയ സ്വാതന്ത്ര്യസമരങ്ങൾ, മാതൃഭൂമി, കോഴിക്കോട്.
6. … …. ….2009 അയ്യങ്കാളി, പ്രഭാത് ബുക്ഹൗസ്, തിരുവനന്തപുരം.
7. ബാലകൃഷ്ണൻ പി.കെ. 1992 ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.
8. ഭാസ്കരനുണ്ണി, പി. 2000 പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
9. രാജഗോപാലൻ, സി ആർ 2015 പാമരം- കേരളത്തിന്റെ ഉൾനാടൻ ഗതാഗതം: ചരിത്രം സംസ്കാരം ജൈവവൈവിധ്യം, പ്രകാശനവിഭാഗം, കേരളസർവകലാശാല, തിരുവനന്തപുരം.
10. വർഗീസ് തോട്ടയ്ക്കാട് 2015 മലബാർ കുടിയേറ്റം- ചരിത്രം വർത്തമാനം, കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം.
11. സ്വാമി, വി.വി, & അനിൽ ഇ വി 2010 പ്രത്യക്ഷരക്ഷാദൈവസഭ: ഓർമ്മ പാട്ട് ചരിത്രരേഖകൾ, ആദിയർദീപം പബ്ലിക്കേഷൻ, ഇരവിപേരൂർ.

*yacobthom6@gmail.com*

# ഹൈറേഞ്ച്: അപരദേശത്തിന്റെ ഭൂപടം

കെ പി ജയകുമാർ

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, എൻ.എസ്.എസ്. കോളേജ്, ചേർത്തല.

സംഗ്രഹം

കേരളത്തിന്റെ സാംസ്കാരിക ചരിത്രരചനകളിൽ ഹൈറേഞ്ചിന്റെ ഗോത്ര ചരിത്രം അപഭ്രംശമായും അസാന്നിധ്യമായുമാണ് കൈകാര്യം ചെയ്യപ്പെടുന്നത്. ചരിത്രാതീതം എന്ന പരികല്പനയ്ക്കുള്ളിൽ ഉറപ്പിക്കാനാവാത്ത അനുമാനങ്ങളിലാണ് ഹൈറേഞ്ചിന്റെ പ്രാക്തനകാലത്തിന്റെ നിലനിൽപ്പ്. ഓരോ വ്യക്തിയും ഒരുപാട് വ്യക്തികളാൽ നിർണ്ണയിക്കപ്പെടുന്ന ഒരു സാമൂഹ്യവ്യവസ്ഥയ്ക്കുള്ളിൽ ജീവിതം തേടിയുള്ള ഓരോ അടർന്നുപോകലും കുടിയേറ്റവും വലിയൊരു സാംസ്കാരിക പ്രശ്നമായി മാറുന്നുണ്ട്. സംസ്കാരങ്ങളുടെയും പൈതൃകങ്ങളുടെയും പാരമ്പര്യങ്ങളുടെയും തുടർച്ചകളെ അതിന്റെ സൂക്ഷ്മകോശങ്ങളിൽ നിന്ന് വീണ്ടെടുക്കുന്ന മറ്റൊരു ചരിവിലേക്കാണ് കുടിയേറ്റ ആഖ്യാനങ്ങളുടെ പുതുകാലം നോട്ടമെറിയുന്നത്. ഔദ്യോഗിക ചരിത്ര- പുരാവൃത്ത- ഭൂതകാലങ്ങളെയും പൂർവനിശ്ചിത വ്യവഹാരങ്ങളെയും വ്യാഖ്യാനിച്ചുക്കൊണ്ടാണ് കുടിയേറ്റത്തിന്റെ പ്രതിവ്യവഹാരങ്ങൾ ആഖ്യാനങ്ങളിൽ പ്രവർത്തിക്കുന്നത്.

***താക്കോൽവാക്കുകൾ:*** അഭാവം–അധിനിവേശം–ഗോത്രചരിത്രം–ചരിത്രഗതി–പാത്രമാതൃക–വാർഷികവലയം–പൗരത്വസംഘർഷം –ഗൃഹാതുരം–സൂക്ഷ്മലോകം–അതിജീവനം.

> *"It is said that the history of peoples who have a history is the history of class struggle. It might be said, with at least as much truthfulness, that the history of peoples without history is the history of their struggle against the State"*
>
> *–Pierre Clastres. Society Against the State.* 1989: 218

'കുടി' അഥവാ ആവാസവ്യവസ്ഥ. കുടിയിൽനിന്നുള്ള നിന്നുള്ള അടരൽ/അടർത്തലിനെയാണ് കുടിയിറക്കം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരു 'കുടി' തേടൽ അഥവാ കുടിയേറ്റം അതിന്റെ തുടർച്ചയാണ്. അതോടെ കുടിയേറ്റം എന്ന വാക്കിന് അതിജീവനം എന്നൊരനുഭവാർത്ഥം കൂടി വന്നുചേരുന്നു. കുടിയിറക്കവും കുടിയേറ്റവും ഒന്നിനൊന്ന് കലർന്നുകിടക്കുന്ന അതിജീവനത്തിന്റെ സമരസന്ദർഭങ്ങളാണ്. 'സ്വദേശം' എന്ന 'കുടി'യിൽനിന്നും നാലു തരത്തിലുള്ള അടരലുകൾ/അടർത്തലുകൾ ഹൈറേഞ്ച് ചരിത്രത്തിൽ കാണാം. ഒന്ന്, ആവാസവ്യവസ്ഥയിൽനിന്നുള്ള ഗോത്ര-ആദിമ ജനതയുടെ ശിഥിലീകരണം. രണ്ട്, കൊളോണിയൽ മദ്രാസ് പ്രവിശ്യയിൽനിന്ന് നാണ്യവിളത്തോട്ടങ്ങളിലേയ്ക്ക് നടന്ന/നടത്തിയ തൊഴിലാളി കുടിയേറ്റം. മൂന്ന്, ഭാഷാസംസ്ഥാനരൂപീകരണത്തിന്റെ ഭാഗമായി തിരുവിതാംകൂർ പ്രദേശത്തുനിന്നും കിഴക്കൻ മലയോരങ്ങളിലേക്ക് ഭരണകൂടം പ്രോത്സാഹിപ്പിച്ച കുടിയേറ്റം. നാല് പുരോഗതിയുടെയും ആധുനികതയുടെയും ഭാഗമായി കാണാവുന്ന വികസനത്തിനുവേണ്ടിയുള്ള കുടിയൊഴിക്കലും പുനരധിവാസവും. ഹൈറേഞ്ചിനെ സംബന്ധിച്ചിടത്തോളം കുടിയേറ്റം ഏകവചനമല്ല. കുടിയേറ്റങ്ങൾ എന്ന ബഹുരൂപമാണ് ഹൈറേഞ്ചിന്റെ സാംസ്കാരികചരിത്രത്തിന്റെ ഉള്ളടക്കം. അതാവട്ടെ, പരസ്പരപൂരകവും ഭിന്നവും സംഘർഷഭരിതവുമാണ്.

### അഭാവങ്ങളുടെ ഗോത്രചരിത്രം

വനനിബിഡമായിരുന്ന പശ്ചിമഘട്ടം വനരഹിതമായി, ഏകവിളത്തോട്ടങ്ങളായി പരിണമിച്ചപ്പോൾ ഭൂമിയുടെ ഉടമകളായിരുന്ന ഗോത്രജനത അടിമകളായി. വനഭൂമിയിൽനിന്ന് ആട്ടിയോടിക്കപ്പെട്ട് ഗിരിവർഗ കോളനികളിൽ കുടിയിരുത്തിയ അധിനിവേശ, ദേശീയതയുടെ വംശീയ ഗൂഢാലോചനയുടെ ചരിത്രം കൂടുതൽ ആഴമേറിയതാണ്. ആധുനിക കേരളത്തിന്റെ സാംസ്കാരികചരിത്രരചനകളിൽ ഹൈറേഞ്ചിന്റെ ഗോത്രചരിത്രം അപഭ്രംശമായും അസാന്നിധ്യമായുമാണ് കൈകാര്യം ചെയ്യപ്പെടുന്നത്. അപഭ്രംശമെന്നാൽ ചരിത്രത്തിന്റെ മുഖ്യധാരയിൽ നിന്ന് വിട്ടുനിൽക്കുന്ന എന്തോ ഒന്ന് എന്ന അർത്ഥത്തിൽ. വരേണ്യചരിത്രത്തിന് സമാന്തരമായി ആദിവാസികളെ പ്രതിഷ്ഠിക്കുന്ന രീതി. വേട്ടയാടിയും പെറുക്കിത്തിന്നും തലമുറകളിലൂടെ അവരങ്ങനെ സമാന്തരമായി പുലർന്നുപോന്നു/പോരുന്നു എന്ന മട്ടിലുള്ള ചരിത്രാഖ്യാനങ്ങൾ. യഥാർത്ഥമോ ചരിത്രമോ അല്ലാത്ത ഒന്ന് എന്നതരത്തിൽ ഗോത്രങ്ങളെ പൊതുധാരയ്ക്കു പുറത്ത് സങ്കല്പിക്കുന്നു.

മറ്റൊന്ന്, കരുതിക്കൂട്ടിയുള്ള അസാന്നിധ്യമാണ്. ഗോത്രസംസ്കാരത്തെയും സ്വത്വത്തെയും സംശയത്തോടെ വീക്ഷിക്കുന്ന ഭരണകൂടനോട്ടങ്ങളെ സാധൂകരിക്കുന്ന ചരിത്രനിർമ്മിതികളിൽ കടുത്ത ബുദ്ധിമുട്ടോടെയാണ് ഹൈറേഞ്ച് ആദിവാസി ചരിത്രം പ്രതിനിധാനം ചെയ്യപ്പെടുന്നത്.

ഹൈറേഞ്ചിലെ മനുഷ്യാധിവാസചരിത്രത്തിന് ശിലായുഗത്തോളം പഴക്കമുണ്ട്. കേരളത്തിന് ലോക ശിലായുഗഭൂപടത്തിൽ സ്ഥാനം നേടിക്കൊടുക്കുന്നതിൽ ഈ പ്രദേശം വലിയ പങ്കുവഹിച്ചു. കേരളത്തിൽ ശിലായുഗമനുഷ്യർ ഉണ്ടായിരുന്നില്ലെന്ന ധാരണയെ തിരുത്തിയാണ് ഹൈറേഞ്ചിന്റെ കിഴക്കൻ ഭൂപ്രദേശമായ മറയൂരിൽനിന്ന് മധ്യശിലായുഗകാലത്തെ മനുഷ്യവാസ സൂചനകൾ കണ്ടെത്തിയത്. ലഭ്യമായ തെളിവുകൾ മാത്രം വെച്ച് ഒരു ശിലായുഗ ജനതയുടെ ജീവചരിത്രം പുനഃസൃഷ്ടിക്കാനാവില്ല. എന്നാൽ, കേരളത്തിലെ അനുയോജ്യമായ ഭൗമ-പാരിസ്ഥിതിക ചുറ്റുപാടുകളിൽ ശിലായുഗമനുഷ്യർ നിലനിന്നിരുന്നുവെന്ന് അതാതിടങ്ങളിൽനിന്നു ലഭിച്ച ആയുധങ്ങളും ഉപകരണങ്ങളും അടയാളങ്ങളും സാക്ഷ്യപ്പെടുത്തുന്നു. കാർഷികവിദ്യയുടെ ഉപജ്ഞാതാക്കളെന്ന് അറിയപ്പെടുന്ന നവീന ശിലായുഗഘട്ടത്തെക്കുറിച്ചുള്ള സൂചനകളും പശ്ചിമഘട്ടത്തിൽനിന്ന് ലഭിച്ചിട്ടുണ്ട്[1]. മലയോരങ്ങളിലെ കുറ്റിക്കാടുകൾക്കും പുൽമേടുകളും കരിച്ച് കൃഷിചെയ്തും കാലിവളർത്തിയും നവീനശിലായുഗമനുഷ്യർ പുലർന്നിരുന്നതായി ചരിത്രപഠനങ്ങൾ അനുമാനിക്കുന്നു. പശ്ചിമഘട്ടത്തിലെ അനുയോജ്യമായ പ്രദേശങ്ങൾ ഒരു കാലത്ത് ഇവരുടെ വിളനിലങ്ങളായിരുന്നിരിക്കാമെന്ന് ഊഹിക്കാം. മധ്യകാല/നവീനശിലായുഗ സംസ്കൃതിയെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് പ്രമാണമായി ചില ചരിത്രാവശിഷ്ടങ്ങൾ നമുക്ക് മുന്നിലുണ്ട്.

ഡോ. രാജേന്ദ്രൻ, ഡോ. പത്മനാഭൻ തമ്പി എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ മറയൂരിലെ കുടക്കാട് റിസർവ് വനമേഖലയിൽ കണ്ടെത്തിയ പാറച്ചിത്രങ്ങൾ ഈ പ്രദേശത്തെ മധ്യകാല ശിലായുഗ മനുഷ്യവാസവുമായി ബന്ധിപ്പിക്കുന്നു. ഫണാകൃതിയിലുള്ള ഒരു കൂറ്റൻ പാറയുടെ ഉൾവശത്ത് മേൽക്കുമേലായി വരച്ചിരിക്കുന്ന രീതിയിലാണ് ചിത്രങ്ങളുള്ളത്. അവയുടെ പഴക്കം ഏകദേശം എണ്ണായിരം വർഷത്തോളം വരും. പ്രകൃതിദത്തമായ വർണങ്ങളും സസ്യചായങ്ങളും ഉപയോഗിച്ച് ചുവപ്പിലും മഞ്ഞയിലും വെളുപ്പിലും തീർത്ത ചിത്രങ്ങളിൽ മനുഷ്യനും മൃഗവും വേട്ടയുമൊക്കെയാണ് ചിത്രീകരിച്ചിരിക്കുന്നത്. ഏറ്റവും താഴെയുള്ള ഭാഗത്ത് ഒരു കാളയുടെ തലയും കൊമ്പും പൂഞ്ഞയും കനത്തവൃഷണവും

വ്യക്തമായി കാണാം. വയറിന്റെ ഭാഗത്തുകൂടി ഒരു കുതിരയുടെ പിൻഭാഗം വരച്ചിരിക്കുന്നു. കാളയുടെയും കുതിരയുടെയും രൂപങ്ങളെ വിഭജിച്ച് ഒരു വലിയ മനുഷ്യരൂപവും കാണാം. ഇതിനോടുചേർന്ന് വേറെയും രണ്ട് മനുഷ്യ രൂപങ്ങൾ. ഈ ചിത്രങ്ങൾക്കെല്ലാം താഴെ വലത്തേമൂലയിൽ ഒരാനയുടെ പുറത്ത് വാളേന്തിയ ഒരു മനുഷ്യരൂപവും കാണാം. ദക്ഷിണേന്ത്യയിൽ കണ്ടെത്തിയിട്ടുള്ള സമാനചിത്രങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കാളയുടെ ചിത്രം നവീനശിലായുഗത്തിലേത് ആവാം. ഇതിവൃത്തപരമായും ശൈലീപരമായും മറയൂരിലെ ചിത്രങ്ങൾക്ക് ഈ കാലഘട്ടവുമായുള്ള ബന്ധം പ്രകടമാണെന്ന് ചരിത്ര ഗവേഷകർ പറയുന്നു. കുതിരയുടെ ചിത്രം സാധാരണയായി ഇരുമ്പുയുഗത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെടുത്തിയാണ് വിവരിക്കുന്നത്. ഇവിടെ കാണുന്ന മനുഷ്യചിത്രങ്ങൾ, തരംഗരേഖകൾ (wave lines) കൊണ്ട് ശാലീകൃതമാക്കിയിരിക്കുന്നു. തരംഗരേഖാശൈലി ഇരുമ്പുയുഗത്തിന്റെ ആവിർഭാവകാലത്തെ ഒരു പ്രത്യേക പാത്രമാതൃക (Russet coated Ware)യിലെ അലങ്കാരശൈലിയാണ്. ആനപ്പുറത്ത് വാളേന്തി നിൽക്കുന്ന രൂപവും ഇരുമ്പുയുഗത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്[2]. ലഭ്യമായ തെളിവുകൾ അനുസരിച്ച് മധ്യശിലായുഗത്തിൽ ആരംഭിച്ച് ഇരുമ്പിന്റെ ആവിർഭാവഘട്ടംവരെ വിപുലമായ ഒരു ചരിത്രഗതിയുടെ അടയാളങ്ങൾ വഹിക്കുന്നതാണ് പ്രാചീന ഹൈറേഞ്ച്.

മധ്യശിലായുഗചിത്രങ്ങൾ കഴിഞ്ഞാൽ പിന്നെ ഹൈറേഞ്ചിലെ മുഖ്യ ചരിത്രാവശിഷ്ടങ്ങൾ ഇരുമ്പിന്റെ ആവിർഭാവഘട്ടത്തിലേതാണ്. മുനിയറകൾ എന്നറിയപ്പെടുന്ന ശവക്കല്ലറകളാണ് അധികവും. മുനിയറകൾ, മറയൂരിലെ ഗുഹാചിത്രങ്ങൾക്ക് ചുറ്റും മാത്രമല്ല, ഹൈറേഞ്ചിലുടനീളമുണ്ട്. വലിയ കരിങ്കൽ പലകകൾ പാറപ്പുറത്ത് പെട്ടിപോലെ ചേർത്തുണ്ടാക്കിയതും മണ്ണിലിറക്കി അറപോലെ വെച്ചുണ്ടാക്കിയതുമായ നൂറുകണക്കിന് മുനിയറകൾ ഹൈറേഞ്ചിലെ പാറപ്രദേശങ്ങളിൽ ഇടിഞ്ഞുപൊളിഞ്ഞും മൺമറഞ്ഞും കിടക്കുന്നുണ്ട്. രണ്ടായിരം മുതൽ മൂവായിരം വർഷത്തെ പഴക്കം ഇവയ്ക്കുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. വളരെ വ്യാപകമായിരുന്ന സംസ്കൃതിയുടെ സൂചനയാണിത് നൽകുന്നത്. കേരളത്തിൽ മാത്രമല്ല, ദക്ഷിണേന്ത്യൻ ഉപദ്വീപു മുഴുവൻ ഈ സംസ്കൃതിയുടെ അവശിഷ്ടങ്ങൾ കണ്ടെത്താനായിട്ടുണ്ട്. മിക്കയിടങ്ങളിലും ശ്മശാനങ്ങളാണത്. കല്ലിന്റെയും മണ്ണിന്റെയും സ്വഭാവമനുസരിച്ച് വ്യത്യാസങ്ങളോടെ ദക്ഷിണേന്ത്യമുഴുവൻ വ്യാപിച്ചുകിടക്കുന്നു. എല്ലായിടത്തും ഇരുമ്പായുധങ്ങളുടെ സാന്നിധ്യവും

കണ്ടെത്തിയിട്ടുണ്ട്. ഇരുമ്പായുധങ്ങളുടെ കാര്യത്തിൽമാത്രമല്ല, ഇവർ ഉപയോഗിച്ചിരുന്ന പലതരം മൺപാത്രങ്ങളുടെ കാര്യത്തിലും ഈ പ്രദേശങ്ങളൊക്കെ തമ്മിൽ അത്ഭുതകരമായ സാമ്യം തിരിച്ചറിയപ്പെട്ടിട്ടുണ്ട്. ഹൈറേഞ്ചിൽ വിവിധ ഇടങ്ങളിൽ കണ്ടെത്തിയ മുനിയറകൾക്ക് രൂപസാദൃശ്യം തന്നെയുണ്ട്[3]. ശിലായുഗമനുഷ്യരുടെ സഞ്ചാരങ്ങളുടെയും വ്യാപനത്തിന്റെയും സ്മരണകൾ ഈ ശിലാ-ലോഹ സ്മാരകങ്ങളിൽനിന്ന് വായിച്ചെടുക്കാനാവും. ഇനിയും പൂരിപ്പിക്കപ്പെടാത്ത നിരവധി ചോദ്യങ്ങൾ ഈ ശിലാകാലം ബാക്കിവയ്ക്കുന്നു. ആരാണിവ നിർമ്മിച്ചത്? എന്തായിരുന്നു ഈ മനുഷ്യരുടെ ഉപജീവന രീതി? അവരുടെ യാത്രകളെയും വ്യാപനത്തെയും നിശ്ചയിച്ച ഘടകങ്ങൾ? സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഇനിയും പൂർണ്ണമായും അഴിഞ്ഞു കിട്ടിയിട്ടില്ല. പ്രാകൃത ഗോത്രവർഗ ജീവിതസാഹചര്യം മുൻനിർത്തി ഈ ചോദ്യങ്ങളെ നേരിടാൻ പലരും ശ്രമിച്ചുകാണുന്നു. എ.എൽ. കൃഷ്ണയ്യരെപ്പോലുള്ള ചരിത്രകാരൻമാർ ഇന്നത്തെ ആദിവാസികളുടെ പൂർവികരുമായി ഈ ശിലാകാലത്തെ ബന്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്[4]. നായാട്ടുകാരായിരുന്നു ഇവരെന്ന് ചിലർ നിരീക്ഷിക്കുന്നു. പശ്ചിമഘട്ടത്തിലേക്ക് വ്യാപിക്കുന്ന ഒരു നായാട്ട് ചരിത്രം ആരോപിക്കപ്പെടുന്നുണ്ട്. പ്രാകൃത കൃഷിക്കാരായും ഇടയ ഗോത്രക്കാരായും ചിലർ നിരീക്ഷിക്കുന്നു. ഈ നിരീക്ഷണങ്ങൾ ചേർത്തുവെച്ച് ചിലനിഗമനങ്ങളിൽ എത്തിച്ചേരാം, ചിലത് പാടെ നിരാകരിക്കപ്പെടുമ്പോൾ, ചില കൂട്ടിച്ചേർക്കലുകളോടെ ചിലത് അംഗീകരിക്കപ്പെടുന്നു. തികച്ചും വിഭിന്നമായ ആശയങ്ങളിലേക്ക് എത്തിച്ചേർന്നെന്നും വരാം.

ഹൈറേഞ്ചിൽ ഇന്ന് അധിവസിക്കുന്ന തനത് ജനത എന്നുകരുതാവുന്ന വിവിധ ആദിവാസി ഗോത്രസമൂഹങ്ങൾ ഈ ശിലായുഗസംസ്കൃതിയുടെ തുടർച്ചയാണെന്ന് പറയാനാവില്ല. മധ്യശിലായുഗത്തിൽ ആരംഭിച്ച് ഇരുമ്പ് യുഗത്തിലൂടെ കടന്നുപോയ ജനതയുടെ സാങ്കേതിക സാംസ്കാരികവളർച്ചയുടെ തോതുമായി താരതമ്യം ചെയ്യുമ്പോഴാണ് ഇത് വ്യക്തമാകുന്നത്. ആദിമമനുഷ്യർ എന്നുവിളിക്കാവുന്ന ഇവർക്ക് ഇരുമ്പിന്റെ സാങ്കേതിക വിദ്യ അറിയാമായിരുന്നു. പല ആകൃതിയിലും വലുപ്പത്തിലും നിറത്തിലും മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നു. കുറച്ചൊക്കെ വാസ്തുവിദ്യയും വശമുണ്ടായിരുന്നു. ഇവരുടെ ശ്മശാന അവശിഷ്ടങ്ങളിൽനിന്ന് വിവിധതരം ഇരുമ്പായുധങ്ങളും മൺപാത്രങ്ങളും കാർണീലിയൻ മാലക്കല്ലുകളും പളുങ്കുമണികളും അപൂർവമായി ഓട്ടുപാത്രങ്ങളും ചെമ്പും കണ്ടെത്തിയിട്ടുണ്ട്. സാധാരണ

ഗോത്രജനതയിൽനിന്ന് വ്യത്യസ്തമായ പുരോഗതി അവരുടെ ജീവിതത്തിൽ പ്രകടമായിരുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇന്നത്തെ ആദിവാസികളുടേത് പോലുള്ള അതിലളിതമായ ജീവിതത്തിന്റെ ചിത്രമല്ലത്. ഡോ രാജൻ ഗുരുക്കൾ സൂചിപ്പിക്കുന്നതുപോലെ ഒരു ഗോത്രാധിപത്യകാലത്തേക്കാണ് ഇത് വിരൽചൂണ്ടുന്നത്. മുനിയറകൾ ഒരുപാടുപേരുടെ അധ്വാനമുണ്ടെങ്കിലേ നിർമ്മിക്കാനാകൂ. വളരെ സംഘടിതവും ഉറച്ചതുമായി ഒരു സാമൂഹികഘടനയും ഭരണക്രമവും ഉണ്ടായിരുന്ന കാലത്തെക്കുറിച്ചാണ് ഈ അധ്വാന അവശിഷ്ടങ്ങൾ പറയുന്നത്.

ഇപ്പോഴത്തെ ആദിവാസിഗോത്രങ്ങൾക്ക് ഈ സംസ്കൃതിയുമായി ബന്ധമൊന്നും കണ്ടെത്താനാവില്ല. ഒരു വലിയ സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിന്റെ ഭാഗമായി ഇവർ പുതിയ അധിവാസമേഖലയിലേക്ക് മാറിയപ്പോയതാകാമെന്ന് ഡോ. രാജൻ ഗുരുക്കൾ വിലയിരുത്തുന്നു. 'സമതലകേരളം പരിഷ്കൃതമാകുന്നതിനുമുമ്പ് ആളും കോളും അധികാരവുമായി ഗോത്രത്തലവൻമാരുടെ ആധിപത്യം നിലനിന്നിരുന്ന പ്രദേശമാണ് ഹൈറേഞ്ച് മേഖല. താഴ്‌വാരങ്ങളിൽ പാടങ്ങളുണ്ടാവുകയും നെല്ലും കൃഷിഭൂമിയും മുഖ്യസമ്പത്തായി മാറുകയും ചെയ്തതോടെ പരിഷ്കൃതിയുടെ സ്ഥാനം സമതല കേരളമായി തീർന്നു. സാംസ്കാരിക പരിവർത്തനത്തിൽ ഒരവരോഹണക്രമമാണ് നാം കാണുന്നത്". ഒന്നുകിൽ വലിയ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ പരിവർത്തനങ്ങളുടെ ഭാഗമായി നാഗരികതയുടെ പതാകവാഹകരായിത്തീരുകയോ അല്ലെങ്കിൽ നാഗരികസമൂഹത്തിന്റെ സാംസ്കാരികധാരയിൽ ലയിക്കുകയോ ചെയ്തിരിക്കാം. ഇതേ കാരണങ്ങൾ കൊണ്ടുതന്നെ ഗോത്രങ്ങൾ ശിഥിലമാവുകയോ ദലിതമാക്കപ്പെടുകയോ ചെയ്തിരിക്കാമെന്ന സാധ്യതയുമുണ്ട്. മറ്റൊരർത്ഥത്തിൽ ചരിത്രാതീതം എന്ന പരികൽപ്പനക്കുള്ളിൽ ഉറപ്പിക്കാനാവാത്ത അനുമാനങ്ങളുടെ സാധ്യതകളിലാണ് ഹൈറേഞ്ചിന്റെ പ്രാക്തനകാലം അടയാളപ്പെടുന്നത്. രാജൻ ഗുരുക്കൾ നിരീക്ഷിക്കുന്നതുപോലെ സംസ്കൃതിയുടെ ഒരവരോഹണക്രമം ഹൈറേഞ്ചിന്റെ പ്രാക്തന ചരിത്രത്തിലുണ്ട്. അത് ഒരേസമയം മലമുകളിൽ നിന്ന് സമതലത്തിലേക്കുള്ള മനുഷ്യരുടെ ഇറക്കമായും സംസ്കാരത്തിന്റെ ഉച്ചസ്ഥായിയിൽനിന്ന് തകർച്ചയിലേക്കുള്ള ഇറക്കമായും വായിക്കാം. ഹൈറേഞ്ചിന്റെ കാര്യത്തിൽ ഇത് രണ്ടും സംഭവിച്ചിരിക്കുന്നു.

അപ്പോൾ ചരിത്രം എവിടെനിന്നു വായിക്കണം? ഓർമ്മയുടെ കാതലുകളിൽ കൊത്തിവെച്ച വാർഷികവലയങ്ങളിൽ നിന്നുതന്നെ.

ഹൈറേഞ്ചിലെ അതിർത്തി പ്രദേശമായ മറയൂരിനെ ചുറ്റിയാണ് അഞ്ചുനാട് ഗോത്രഗ്രാമങ്ങൾ സ്ഥിതി ചെയ്യുന്നത്. ശിലായുഗത്തോളം പഴക്കമേറിയ സ്മാരകശിലകളായി മുനിയറകൾ. അഞ്ചുനാട്ട് ഗ്രാമക്കാർ എന്ന ഗോത്രവിഭാഗത്തിൽപ്പെട്ട സുഹൃത്ത് കതിരേശനുമൊത്ത് അഞ്ചുനാടുകളിൽ സഞ്ചരിച്ച് മറയൂർഗ്രാമത്തിൽ മടങ്ങിയെത്തിയ ഒരു സായാഹ്നം. "മറയൂരിലെത്തുവർ ചന്ദനക്കാട് കണ്ടിരിക്കണം..." ഓട്ടോറിക്ഷയിലേക്ക് വിളിച്ചുകയറ്റി ചന്ദനക്കാടിനുനടുവിൽ ഇറക്കുമ്പോൾ കതിരേശൻ പറഞ്ഞു. കാടിന്റെ ഘനഗംഭീരമൗനത്തിലൂടെ ഞങ്ങൾ ഇടവഴികൾ പിന്നിട്ട് ഒരുപാട് നടന്നു. ഇരുൾ പരന്നുതുടങ്ങിയിരുന്നു.

കാട്ടുപോത്തുകൾ മേയാനിറങ്ങുന്ന നേരമായെന്ന് കതിരേശൻ ഓർമ്മിപ്പിച്ചു. "ഇവിടെ നിന്നാൽ അടുത്തു കാണാം..." ഉള്ളൊന്നു കാളി. ഏറെനേരം കാത്തുനിന്നിട്ടും അവ വന്നില്ല. ചന്ദനമരങ്ങൾക്കിടയിലെ വീതികുറഞ്ഞ പാതയിലൂടെ മടക്കം. വളവുതിരിഞ്ഞ് കയറ്റംകയറുമ്പോൾ റോഡിന് വലതുവശത്ത് അടിക്കാടുകളിൽ ഒരിളക്കം. ചകിതരായ ഒരുപറ്റം കാട്ടുപോത്തുകൾ മുന്നിലൂടെ നിരത്തു മുറിച്ചുകടന്നുപോയി. പത്തുവാരമാത്രം അകലെ! ഭയത്താൽ ഉറഞ്ഞുപോയ ഞങ്ങളെ നോക്കി കതിരേശൻ പറഞ്ഞു. "പോത്തുകൾ ആരേയും ഒന്നും ചെയ്യത്തില്ല.... പാവങ്ങൾ..."

ശിഖരം മുറിഞ്ഞുപോയ ഒരുചന്ദനമരത്തിന്റെ മുറിപ്പാടിൽ മണത്തു നോക്കി. കാറ്റ് ചന്ദനം മണത്തു. ഒരു ചെറിയ മരം തൊട്ട് കതിരേശൻ പറഞ്ഞു. "ഒരു ചന്ദനമരം ഇത്രയുമാകാൻ നൂറു വർഷമെങ്കിലും വേണം. നൂറും ഇരുന്നൂറും മുന്നൂറും വർഷം പഴക്കമുള്ള മരങ്ങളാണ് ഈ കാട്ടിലുള്ളത്." പിന്നീട് ആത്മഗതംപോലെ കതിരേശൻ ഇത്രയുംകൂടി പറഞ്ഞു. "ഒരു ചന്ദനമരം മുറിച്ചുകൊണ്ടുപോകുമ്പോൾ നൂറു കണക്കിനു വർഷങ്ങളാണ് സാർ മുറിഞ്ഞുപോകുന്നത്..."[5] ചരിത്രം ആലേഖനം ചെയ്ത ഉടലാണ് വൃക്ഷങ്ങളുടേത്. വാർഷികവലയങ്ങളിൽ സൂക്ഷ്മ ലിപികളിൽ അത് പ്രപഞ്ചത്തിന്റെ ചരിത്രമെഴുതിവെച്ചിരിക്കുന്നു. വരാനിരിക്കുന്ന കാലത്തെപ്രവചിക്കുന്നു. ഒരു മരം മുറിഞ്ഞുവീഴുമ്പോൾ പോയകാലത്തിന്റെ സ്മൃതികളും വരാനിരിക്കുന്ന കാലത്തെക്കുറിച്ചുള്ള അറിവുകളുമാണ് ഇല്ലാതാകുത്. കതിരേശന്റെ അഗാധമായ കാട്ടറിവിന്റെ ദർശനമാണ് ഗോത്രസംസ്കൃതിയുടെ കാതൽ. അവിടെനിന്നുമാണ് ചരിത്രം കണ്ടെടുക്കേണ്ടത്.

ഗോത്രജനതയുടെ പഴങ്കഥകളിലും മിത്തുകളിലും യാത്രകളുടെ ചരിത്രം ആണ്ടു കിടക്കുന്നു. അനവധി ഇടപെടലുകളും ഇടപാടുകളും അവയെ

പലമാതിരി മാറ്റിത്തീർത്തിരിക്കാം. നശിപ്പിക്കപ്പെട്ട വനത്തിനൊപ്പം ചരിത്രം രേഖപ്പെടുത്തിയ അനവധിചുരുളുകളും നഷ്ടമായി. ഈ ചുരുളുകൾ നിവർത്തി വായിക്കുകയാണ് അശോകൻ മറയൂരിന്റെ കവിതകൾ. പ്രാക്തന ഭൂതകാലത്തുനിന്നും ഗോത്രവർത്തമാനത്തിലേയ്ക്ക് സംസ്കൃതിയുടെ ജനിതക ചരിത്രം നിർമ്മിയ്ക്കാൻ ആ കവിതകൾക്കാകുന്നു.

#### പ്രജ-പൗരത്വ സംഘർഷം

തമിഴ് കീഴാള തൊഴിലാളി ജനതയുടെ ജീവിതാനുഭവങ്ങളുടെ അഭാവമാണ് അധിനിവേശകാർഷികചരിത്രം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപംകൊണ്ടപ്പോൾ ഹൈറേഞ്ച്മേഖലയെ മലയാളി ഭൂപരിപക്ഷ പ്രദേശമാക്കിമാറ്റുകയെന്ന ഉദ്ദേശ്യത്തോടെ ഭരണകൂടം പ്രോത്സാഹിപ്പിച്ച കുടിയേറ്റമാണ് കാർഷിക കുടിയേറ്റം. അതിനർത്ഥം അക്കാലത്ത് ഇവിടെ ഒരു ജനത ഉണ്ടായിരുന്നു എന്നാണ്. അവരെ ന്യൂനപക്ഷമാക്കിമാറ്റുക എന്നതായിരുന്നു ഭരണകൂട താല്പര്യം. തമിഴ്തൊഴിലാളി ജനതയുടെ കുടിയേറ്റവും ചേരുന്നതാണ് ഹൈറേഞ്ചിന്റെ കുടിയേറ്റചരിത്രം. അഥവാ പിൽക്കാല കാർഷിക കുടിയേറ്റത്തേക്കാൾ സമരോജ്വലമായിരുന്നു തമിഴ്വരവിന്റെ രാഷ്ട്രീയം. അത് ബ്രിട്ടീഷ് കാർഷിക അധിനിവേശ ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. പതിനെട്ടാം ശതകത്തിന്റെ അന്ത്യത്തിൽ ഹൈറേഞ്ചിലെത്തിയ ഇംഗ്ലീഷുകാർ വൻകിടനാണ്യവിള തോട്ടങ്ങൾക്കായി പശ്ചിമഘട്ട ജൈവഭൂമി വെട്ടിവെളുപ്പിക്കുന്നു. ഇതിന് വലിയ മനുഷ്യാധ്വാനം ആവശ്യമായിരുന്നു. അക്കാലം മദ്രാസ് ഭരിച്ചിരുന്നത് ബ്രിട്ടീഷുകാരാണ്. തമിഴ് ഗ്രാമങ്ങളിൽനിന്ന് തോട്ടം പണിക്കായി ജനതയെ മലമുകളിലേക്ക് ആട്ടിത്തെളിച്ചു. ആസാമിലെയും ശ്രീലങ്കയിലെയും വടക്കുകിഴക്കൻ പ്രദേശങ്ങളിലെ തേയിലത്തോട്ടങ്ങളിലേക്കും തൊഴിലാളികളെ അടിമകളാക്കി കൊണ്ടുപോയതിന് സമാനമായിരുന്നു ഈ തമിഴ് വരവ്. തോട്ടമുടമകൾ നിർമ്മിച്ചുനൽകിയ ലയങ്ങളിൽ (താൽക്കാലിക വാസസ്ഥലങ്ങളിൽ) അവരെ കൂട്ടമായി പാർപ്പിച്ച് പണിയെടുപ്പിച്ചാണ് വൻകിട തോട്ടങ്ങൾ നിർമ്മിച്ചത്. പീരുമേട്ടിലെയും ദേവികുളം താലൂക്കിലെ മൂന്നാർ മലനിരകളിലെയും തമിഴ് ജനത ഇവരുടെ പിൻമുറക്കാരാണ്. 1877 മുതൽ 1964വരെ പൂർണമായും 1983വരെ ഭാഗികമായും വൈദേശികാധിപത്യത്തിൻ കീഴിലായിരുന്നു കണ്ണൻദേവൻ മലനിരകൾ. 1983ൽ വിദേശ കമ്പനികൾ പൂർണമായും പിൻവാങ്ങി. കണ്ണൻദേവൻ കുന്നുകൾ ടാറ്റയുടെ അധീനതയിലായി.

ഒന്നിലധികം പ്രജാത്വവും പൗരത്വവും ഒരേസമയം വഹിക്കേണ്ടി വന്നവരാണ് തമിഴ് തൊഴിലാളി ജനത. അധിനിവേശത്തിന്റെയും മുതലാളിത്തത്തിന്റെയും ഇരകളായി കഴിയേണ്ടിവന്ന ജനത. കാർഷിക മുതലാളിത്തത്തിന്റെയും ദേശീയ ഭരണകൂടത്തിന്റെയും ഉഭയപൗരത്വത്തിന്റെ സംഘർഷങ്ങളാണ് അവരുടെ അതിജീവനത്തിന്റെ കാതൽ. എന്നിട്ടും ചരിത്രത്തിന്റെ വരമൊഴികളിൽ തമിഴ് ജീവിതാനുഭവങ്ങൾ വേണ്ടവിധം രേഖപ്പെട്ടില്ല. കാർഷിക ചരിത്രമെന്നാൽ വൻകിടതോട്ടങ്ങളുടെയും തോട്ടമുടമകളുടെയും കമ്പനികളുടെയും ചരിത്രമായിരുന്നു. കാർഷിക ഭൂപ്രദേശത്തിന്റെ നിർമ്മാണത്തിലും തുടർച്ചയിലും വലിയപങ്കുവഹിച്ച തൊഴിലാളികളുടെ ഓർമ്മകൾക്ക് ചരിത്രത്തിൽ ഇടം കിട്ടിയില്ല. ആ നിലയ്ക്കാണ് 2015ൽ മൂന്നാറിലെ സ്ത്രീ തൊഴിലാളികൾ നടത്തിയ 'പൊമ്പിള ഒരുമൈ' തൊഴിൽ സമരം മാത്രമല്ലാതാകുന്നത്. കണ്ണൻദേവൻ മലനിരകളിൽ ഒന്നര നൂറ്റാണ്ടിലധികമായി അധിവസിക്കുന്ന ജനതയുടെ അതിജീവന സമരംകൂടിയായിരുന്നു അത്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവർ. തൊഴിലാളി ലയങ്ങളിൽ തലമുറകളായി അധിവസിക്കുമ്പോഴും വീട് സ്വന്തമല്ലാത്തവർ. കുടുംബത്തിൽ ഒരാൾക്കെങ്കിലും തോട്ടങ്ങളിൽ ജോലിയുള്ള കാലത്തോളം മാത്രം താമസിക്കാവുന്ന ഇടം മാത്രമാണ് ലയങ്ങൾ. 'ഗൃഹാതുര'ത്വത്തിനുമേൽ അവകാശം നിഷേധിക്കപ്പെടുന്ന തമിഴ് തൊഴിലാളികളുടെ ഈ പ്രജാ- പൗരത്വ സംഘർഷമാണ് അവരുടെ ജീവിത-സമരങ്ങളെ രാഷ്ട്രീയമാക്കുന്നത്.

### കാർഷിക കുടിയേറ്റം

തൊള്ളായിരത്തി അമ്പതുകൾ മുതൽ ആരംഭിക്കുന്ന ഹൈറേഞ്ച് കാർഷിക കുടിയേറ്റത്തിലും അതിജീവനത്തിന്റെ മനുഷ്യഗാഥകൾ തന്നെയാണ് കാണാനാവുക. എന്നാൽ സ്വയം ഒഴിഞ്ഞുപോകുന്നവരുടെ അധിവാസവും അതിജീവനവും നമ്മുടെ സാംസ്കാരിക-രാഷ്ട്രീയ സംവാദങ്ങളിലേക്ക് എന്തുകൊണ്ടോ കയറിനിൽക്കുന്നില്ല. 'സ്വയം ഒഴിഞ്ഞുപോകൽ' തികച്ചും വ്യക്തിപരമാണ്. പരമാവധി ഒരു കുടുംബത്തിന്റെ മാത്രം പ്രശ്നവും. എന്നാൽ തികച്ചും വ്യക്തിപരമായ ഒന്നിന്റെ രാഷ്ട്രീയ വിവക്ഷകൾ കാണാതിരുന്നുകൂട. അതിന്റെ സാമൂഹിക സാമ്പത്തിക കാരണങ്ങൾ അതുകൊണ്ടുതന്നെ രാഷ്ട്രീയമായ അർത്ഥങ്ങൾ വഹിക്കുന്നു. ഓരോ വ്യക്തിയും മറ്റൊരുപാട് വ്യക്തികളാൽ നിർണ്ണയിക്കപ്പെടുന്ന ഒരു സാമൂഹികവ്യവസ്ഥയ്ക്കുള്ളിൽ, ജീവിതം തേടിയുള്ള ഓരോ അടർന്നുപോകലും കുടിയേറ്റവും വലിയൊരു

സാംസ്കാരിക പ്രശ്നമായി മാറുന്നുണ്ട്.

തൊള്ളായിരത്തി അമ്പതുകളിൽ ഹൈറേഞ്ചിലേക്ക് നടന്ന കാർഷികകുടിയേറ്റം ഭരണകൂടസാമ്പത്തിക താല്പര്യങ്ങളാൽ മെനഞ്ഞെടുത്ത ദേശഭൂപടമായിരുന്നു. കേരളത്തിന്റെ പ്രത്യേകിച്ച് തിരുവിതാംകൂറിന്റെ ദേശസ്വത്വവുമായി ആഴത്തിൽ കെട്ടുപിണഞ്ഞുകിടക്കുന്ന തെക്കൻ പ്രദേശങ്ങൾ തമിഴകത്തിന് വിട്ടുകൊടുത്തുകൊണ്ടാണ് പൊന്നുവിളയുന്ന ഹൈറേഞ്ചിന്റെ കാർഷികഭൂപ്രദേശത്തെ ഭൂപടത്തോടു ചേർക്കാൻ അന്നത്തെ ഭരണകൂടം ശ്രമിച്ചത്. അതിന്റെ ഭാഗമായിരുന്നു ഹൈറേഞ്ചിലേക്കുള്ള മലയാളി കാർഷിക കുടിയേറ്റം. തൊള്ളായിരത്തി നാൽപതുകളുടെ ആദ്യപകുതി മുതൽ ആരംഭിക്കുന്ന ഈ കാർഷിക കുടിയേറ്റമാണ് ഹൈറേഞ്ചിനെ ജനസാന്ദ്രമാക്കിയത്. കുടിയേറ്റം സ്വയം ഒഴിഞ്ഞപോയവരുടെ, തേടിപ്പോയവരുടെ മാത്രം ജീവിതമായിരുന്നോ? അന്വേഷണങ്ങളധികവും കുടിയേറ്റത്തിന്റെ രാഷ്ട്രീയസാമ്പത്തിക ജാതീയ കാരണങ്ങളെ വിട്ടുകളയുന്നതായിരുന്നു. ഭൂരഹിതരിൽനിന്ന് ഭൂമിയുടെ അവകാശികളെന്ന തലത്തിലേക്ക് കീഴാള ജനതയുടെ ഉയിർപ്പ് കുടിയേറ്റങ്ങളിൽ കാണാം. കാർഷിക കുടിയേറ്റങ്ങളിൽ ഭൂരിഭാഗവും ദലിതരും ഈഴവരും ക്രിസ്ത്യൻ, മുസ്ലിം ന്യൂനപക്ഷങ്ങളുമായിരുന്നു. കേരളത്തിൽ മറ്റെവിടെയും സ്വന്തം പേരിൽ ഒരുതുണ്ട് ഭൂമിയില്ലാത്തവർ എന്ന 'യോഗ്യത'യായിരുന്നു അപേക്ഷകർക്കാവശ്യം. അങ്ങനെയാണ് സ്വന്തമായി ഭൂമിയെന്ന സ്വപ്നവുമായി സമതലങ്ങളിൽനിന്ന് കിഴക്കൻ മലയിലെ കൊടുതണുപ്പിലേക്ക് മനുഷ്യർ പറ്റംപറ്റമായി വന്നുചേർന്നത്.

ഹൈന്ദവദേശീയതയിൽ അധിഷ്ഠിതമായ പൊതുബോധത്തിന്റെ ഇരകളായാണ് മുഖ്യധാരാവ്യവഹാരങ്ങളിൽ കുടിയേറ്റക്കാർ പ്രതിനിധാനം ചെയ്യപ്പെട്ടത്. സമതല വരേണ്യതയുടെ 'കുടിയേറ്റ'വിരുദ്ധ പൊതുബോധം കാർഷിക കുടിയേറ്റക്കാരായ കീഴാള, ക്രിസ്ത്യൻ, ന്യൂനപക്ഷ, പിന്നോക്ക ജീവിതങ്ങളെ അപരമാക്കുന്നു. കയ്യേറ്റക്കാർ, കാട്ടുകള്ളൻമാർ, വേട്ടക്കാർ, ചരിത്രവും ഭൂതകാലവും പാരമ്പര്യവുമില്ലാത്തവർ, കുറ്റവാളികൾ, നിഷ്കളങ്കർ, ഉറക്കെ സംസാരിക്കുന്നവർ, അപരിഷ്കൃതർ....എന്നിങ്ങനെ അനവധി വിശേഷണങ്ങളാലും വ്യാഖ്യാനങ്ങളാലും സമതല സമൂഹം നിർമ്മിച്ചെടുത്തതാണ് ഹൈറേഞ്ചിലെ മനുഷ്യർ. തെറ്റായി വ്യാഖ്യാനിച്ച് ഉറപ്പിക്കപ്പെട്ട ധാരണകൾ കാലക്രമേണ സാമാന്യബോധത്തിന്റെ ഭാഗമാവുകയും അത് പലതരം മാധ്യമങ്ങളിലേക്കും ആഖ്യാനങ്ങളിലേക്കും

സംക്രമിക്കുകയും ചെയ്യുന്നു. ദേശീയതയുടെ വ്യവഹാരങ്ങൾക്കുപുറത്ത് നിൽക്കുന്ന, ദേശരാഷ്ട്രങ്ങളാൽ തിരസ്കൃതരായവരുടെ വലിയൊരുസമൂഹത്തെ ആഖ്യാനങ്ങളിലേക്ക് കൊണ്ടുവരുന്നതിലൂടെയാണ് പ്രതിരോധസമരങ്ങൾ മുന്നോട്ടുപോകുന്നത്. പരിമിതപ്പെടുത്തുകയാണ് ഇത്തരം ആഖ്യാനങ്ങൾ. കേരളരൂപീകരണത്തെത്തുടർന്ന് ഇടുക്കിയിലേക്കുനടന്ന കാർഷികകുടിയേറ്റവും മലമുകളിലെ ജീവിതസമരവുമാണ് എ.പി കളയ്ക്കാടിന്റെ 'ഇടുക്കി' എന്ന നോവൽ. സുസ്മേഷ് ചന്ത്രോത്തിന്റെ 'ഒമ്പത്' ' ഒരു ദേശത്തിന്റെ, ജനതയുടെ, സഹനത്തിന്റെയും അതിജീവനത്തിന്റെയും ചരിത്രവും പുരാവൃത്തവും ഓർമ്മകളും തിരികെപിടിക്കാനുള്ളശ്രമമാണ്.

വിസ്തൃതിയേക്കാൾ വിസ്മൃതിയുടെ ഭൂഖണ്ഡമാണ് ഹൈറേഞ്ച്. ഹൈറേഞ്ച് എന്ന പദംതന്നെ അധിനിവേശ സംഭാവനയാണ്. കിഴക്കൻ പർവതനിരകൾ എന്നവാക്കിനൊപ്പം കടന്നുവരുന്നത് മനോഹരമായ ഭൂപ്രകൃതിയുടെ ദൃശ്യങ്ങളാണ്. സിനിമകളിലും യാത്രാവിവരണങ്ങളിലും പ്രകൃതി ഫോട്ടോഗ്രാഫുകളിലും വിടരുന്ന ദൃശ്യവിസ്മയം. സഹ്യഗിരികളുടെ സൗന്ദര്യത്തിൽ വിരിയുന്ന പ്രണയഗാനങ്ങൾക്കുവേണ്ടിയായിരിക്കണം മലയാള സിനിമ ആദ്യമായി കിഴക്കൻ മലകയറിയത്. പൂക്കളും താഴ്വരകളും കുന്നുകളും കാട്ടരുവികളും ചോലമരങ്ങളും തേയിലത്തോട്ടങ്ങളും കരിമ്പുപാടങ്ങളും യുഗ്മഗാനങ്ങൾക്ക് അകമ്പടിയായി. സഞ്ചാരികൾ നൂറ്റാണ്ടുകളുടെ കൊളോണിയൽ എടുപ്പുകളിൽനിന്ന് ചരിത്രം വായിച്ചു. ശീതം തുന്നിയ കാറ്റിനെക്കുറിച്ച് എഴുതി നിർവൃതികൊണ്ടു. 'ലാന്റ് സ്കേപ്പുകളും' വരയാടുകളും മലമുഴക്കി വേഴാമ്പലുകളും അമ്പരന്ന ഗോത്രമുഖങ്ങളും ഫോട്ടോഗ്രാഫുകൾക്ക് വിഷയങ്ങളായി. എന്നാൽ നൂറ്റാണ്ടുകളുടെ ചരിത്രം ഖനീഭവിച്ച ഹൈറേഞ്ച് എന്ന ഭൂപ്രദേശത്തിന്റെ അകംകാഴ്ചകളിലേക്ക് നോട്ടങ്ങൾ കടന്നുചെന്നില്ല. ചരിത്രപാഠങ്ങളുടെ തമസ്കരണത്തിലൂടെയും ആദിമനിവാസികളായ പരശതംമനുഷ്യരുടെ അസാന്നിധ്യത്തിലൂടെയും കർഷിക-തൊഴിലാളികളുടെ അനുഭവസ്മരണകളുടെ നിരാകരണത്തിലൂടെയും കാർഷികകുടിയേറ്റത്തിന്റെ അപമാനവീകരണത്തിലൂടെയും തരിശാക്കപ്പെടുന്ന ഭൂപ്രദേശമാണ് ഹൈറേഞ്ച്. ഹൈറേഞ്ചിന്റെ കാർഷിക അതിജീവന അനുഭവങ്ങൾക്ക് മുഖ്യധാരാ സാംസ്കാരിക ചരിത്ര/ആഖ്യാനങ്ങളിൽ ഇടം ലഭിക്കുന്നില്ല.

മുഖ്യധാരാചരിത്ര/ ആഖ്യാനങ്ങളിൽനിന്ന് പുറത്താവുകമാത്രമല്ല, സാമൂഹിക 'പൊതുബോധ'ത്തിന്റെ ഇരകളായി തീരേണ്ടിയും

വന്നിട്ടുണ്ട് ഹൈറേഞ്ച് നിവാസികൾക്ക്. ഈ പൊതുബോധത്തിന്റെ നിർമ്മിതിയിൽ ജനപ്രിയസാഹിത്യത്തിനും ('പൈങ്കിളി നോവലുകൾ' എന്ന വിശേഷിപ്പിക്കപ്പെടുന്ന നോവലുകളിൽ മഹാഭൂരിപക്ഷവും നടക്കുന്നത് ഹൈറേഞ്ചിലാണ്) ചലച്ചിത്രങ്ങൾക്കും വലിയപങ്കുണ്ട്. മലയാള സിനിമ/സാഹിത്യങ്ങളുടെ സമവാക്യങ്ങൾക്കുള്ളിൽ ഹൈറേഞ്ചുകാരുടെ ജീവിതം സവിശേഷരീതിയിലാണ് ആവിഷ്കരിക്കപ്പെടുന്നത്. ഒന്നുകിൽ കാട്ടുകള്ളനും കഞ്ചാവുകൃഷിക്കാരനും ക്രിമിനലുമായ വ്യക്തി, അല്ലെങ്കിൽ നിഷ്കളങ്കനും നിരക്ഷരനും അപരിഷ്കൃതനുമായ 'കിഴക്കൻ'. വിവിധ ജാതിസമൂഹങ്ങളായും ഗോത്രങ്ങളായും ബഹുഭാഷാസമൂഹങ്ങളായും വർഗങ്ങളായും കർഷകരും കർഷകതൊഴിലാളികളുമായും ശകലങ്ങളായി പരന്നുകിടക്കുന്ന ബൃഹത്തായ അനുഭവ ഭൂമികയെ 'കുടിയേറ്റക്കാർ' എന്ന അപരത്വത്തിലേയ്ക്ക് അപരദേശ പരികല്പനയിലേയ്ക്ക് പരിമിതപ്പെടുത്തുകയാണ് ഇത്തരം ആഖ്യാനങ്ങൾ.

മലമുടികളിൽ, കുന്നിൻ ചെരിവുകളിൽ, കാടകങ്ങളിലെ കൃഷിയിടങ്ങളിൽ ആഴങ്ങളിലേക്ക് ഇനിയും വേരാഴ്ത്തി നിൽക്കാനാവാത്തതിന്റെ സംഘർഷമാണ് കാർഷിക കുടിയേറ്റത്തിന്റെ സാംസ്കാരിക രാഷ്ട്രീയത്തെ നിർണയിക്കുന്നത്. ഒപ്പം 'കുടിയേറ്റക്കാരി(ൻ)'/'ഹൈറേഞ്ചുകാരി(ൻ)' എന്നീ അപരത്വപരികല്പനകളെ അത് പ്രശ്നവൽക്കരിക്കുകയും ചെയ്യുന്നു. ഒരർത്ഥത്തിൽ 'പ്രദേശം' എന്ന സംഘർഷത്തിനുള്ളിലായിരുന്നു ഹൈറേഞ്ച്. ദേശീയതയുടെ ബൃഹദ്‌വ്യവഹാരങ്ങൾക്ക് പുറത്താണതിന്റെ നില്പ്. 'ജനിച്ചുവളർന്ന പ്രദേശം', 'നാട്'' എന്ന ഇടത്തെക്കുറിച്ചുള്ള ഓർമ്മകളാൽ നിർമ്മിക്കപ്പെട്ടതാണത്. പലപല ഭൂപ്രദേശങ്ങളിൽനിന്നും നാനാജാതി സംസ്കാരങ്ങളിൽനിന്നും അപരിചിതമായൊരു ഭൂപ്രദേശത്ത് എത്തിച്ചേർന്നവരുടെ 'നാട്ടോർമ്മകൾ' കേവലഗൃഹാതുരത്വത്തിനപ്പുറം അതിജീവനത്തിന്റെ വൈകാരികസന്ദർഭങ്ങളാണ്. "കന്നി തുലാമാസങ്ങളിൽ പട്ടിണിയാണ്. പറമ്പിലാണെങ്കിൽ എടുത്തുവിറ്റ് ചെലവാക്കാൻ പറ്റിയതൊന്നും വിളഞ്ഞിട്ടുമുണ്ടാവില്ല. നീക്കിയിരിപ്പുകളെല്ലാം ഓണത്തോടെകഴിയും. ഉണക്കകപ്പ വേവിച്ചതോ, കഞ്ഞിയോ കുട്ടികൾക്കായി കരുതിവച്ച് എല്ലാവീടുകളും വിശന്നുകിടന്നു. വിശപ്പ് എല്ലാവർക്കും ശീലമായതിനാൽ ആരും പട്ടിണിയാണെന്ന് അറിഞ്ഞിരുന്നില്ല. രാവിലത്തെ കട്ടനുമടിച്ച് വീടുവിട്ടുപോയ ആണുങ്ങൾ ഇനിരാത്രിയേ മടങ്ങിവരൂ. പണിയില്ലാതെ വീട്ടിൽ ചടഞ്ഞിരിക്കാനാവില്ലല്ലോ?

"പകൽമുഴുവൻ ചേമ്പുകണ്ടത്തിൽ ചെലവിടുകയാണ് സ്ത്രീകൾ. ഞങ്ങളുടെ കണ്ടത്തിലെ ചേമ്പുകഴിഞ്ഞാൽ അപ്പുറത്ത് മമ്മുക്കണ്ണന്റെ കണ്ടത്തിലേക്ക് സംഘം നീങ്ങും. അതിരുകളും വേലികളുമില്ലാതെ വിശക്കുന്നവർക്കായി ചേമ്പുകൾ വിളഞ്ഞുകിടന്നു. മുറുക്കിത്തുപ്പി തമാശകൾ പറഞ്ഞ്, ചേമ്പുകണ്ടത്തിൽ നനഞ്ഞുനിൽക്കുന്നവരെ പ്രോൽസാഹിപ്പിച്ച് അമ്മമാർ കരയ്ക്കിരുന്നു. പലരും പഴങ്കഥകളിലേക്ക് മടങ്ങിപ്പോയി. കായലോരത്തെ, പാടവരമ്പത്തെ, പുഴക്കരയിലെ, കടലിറമ്പിലെ കുട്ടിക്കാലങ്ങളിലേക്കായിരുന്നു യാത്രകളിലേറെയും."[6]. സ്വന്തം ജീവിതപരിസരങ്ങളിൽനിന്ന് ജീവനോപാധികളിൽനിന്ന് എന്നേക്കുമായി പറിഞ്ഞുപോന്നതിന്റെ സങ്കടങ്ങളായിരുന്നു പറഞ്ഞുതാണ്ടിയത്. ജീവിതംതേടി കുടിയേറിയവർ. ജനിച്ചുജീവിച്ച മണ്ണിൽനിന്ന് സ്വയം ഒഴിഞ്ഞുപോന്നവരായതിനാൽ അവരുടെ അധിവാസവും അതിജീവനവും നമ്മുടെസാംസ്കാരിക-രാഷ്ട്രീയ സംവാദങ്ങളിലേക്ക് എന്തുകൊണ്ടോ കയറിനിൽക്കുന്നില്ല. 'സ്വയം ഒഴിഞ്ഞുപോകൽ' തികച്ചും വ്യക്തിപരമാണ്. പരമാവധി ഒരു കുടുംബത്തിന്റെ മാത്രംപ്രശ്നവും. എന്നാൽ, അതിലപ്പുറം എന്തോചിലത് കണ്ണി ചേർക്കപ്പെടാതെ കിടക്കുന്നു. ഒരു ദേശത്തുനിന്ന് മറ്റൊന്നിലേക്ക് സ്വയം അടർന്നും ചേർന്നും തുടർന്നുപോകുന്ന സഞ്ചാരങ്ങളുടെ നീറ്റലായിരുന്നു അവരുടെ ജീവിതം. മലകയറി സ്വന്തമാക്കിയമണ്ണിൽ ആഴങ്ങളിൽ ഇനിയും വേരാഴ്ത്തി നിൽക്കാനാവാത്തതിന്റെ വേദനയായിരുന്നു അവരുടെ തമാശകളിലും പാട്ടുകളിലും പഴങ്കഥകളിലും നനഞ്ഞൊലിച്ചുനിന്നത്. "തൊഴുത്തിന്റെ തിണ്ണയിൽ കാലുംനീട്ടിയിരുന്ന് ജാനകി ചേച്ചി പാടും. കായലോരത്ത് ജനിച്ചുവളർന്ന അവരുടെ പാട്ടുകളിൽ പലതരം മീനുകൾ പുളഞ്ഞ്കളിക്കും. 'നാലുപെറ്റ നാത്തൂനാരേ.... മീങ്കളികാണാൻ പോരുന്നോ.....മീൻ കളിച്ച് കളിച്ചുവരുമ്പോൾ മീന്റെ വാലേ പൂവാലേ.....' എന്ന് പാട്ടുകളിൽ മത്സ്യസമൃദ്ധി. പിന്നെ, 'ആടിയാടി മുളകരച്ചു അവളാനന്ദ ചട്ടിയിൽ മീൻ വറത്തു....' എന്ന് വറുതിയുടെ ആനന്ദത്തോളം പാട്ടുകൾ. അപ്പോൾ അവരുടെ പെൺമക്കൾ ചേമ്പുകണ്ടത്തിൽ നനഞ്ഞുനിൽക്കും. അത്രയുമുറക്കെ സ്ത്രീകൾ ചിരിച്ചുമറിയുന്നതും അത്രയാവേശത്തോടെ വർത്തമാനം പറഞ്ഞ് മഴനനയുന്നതും വേറൊരിക്കലും ഞാൻ കണ്ടിട്ടില്ല. അതൊരാഘോഷമായിരുന്നു. വിശപ്പിന്റെ ഉത്സവം".[7] ഇല്ലായ്മയുടെ വർത്തമാനത്തെ ആത്മനൊമ്പരത്തിന്റെ/പരിഹാസത്തിന്റെ 'അതിരൂപക'ങ്ങളാക്കിയ ഈ പാട്ട് സന്ദർഭം അതിജീവനത്തിന്റെ സമരസന്ദർഭം കൂടിയായിരുന്നു.

"ഓണം ആഘോഷത്തിന്റേതായിരുന്നു. മഴയുടെ ഇടവേളകളിലൂടെ നൂണ്ടുകടക്കുന്ന സമൃദ്ധമായ ആഘോഷം. വാഴക്കുല വിറ്റതും, അടയ്ക്കാത്തോട്ടം അടങ്കലുകൊടുത്തതും അമ്മയും അയൽക്കാരികളുംചേർന്ന് സ്വരുക്കൂട്ടിയ അരിച്ചിട്ടിയും വട്ടമെത്തുന്നകാലമാണത്. പൊടിയൻചേട്ടന്റെ കടയിൽനിന്ന് കയറുവാങ്ങി മുറ്റത്തെമാവിന്റെ ചാഞ്ഞകൊമ്പിൽ ഊഞ്ഞാലിടുന്നതോടെ ഓണമായി. എല്ലാവീട്ടുകളിലുമുണ്ടാകും ഊഞ്ഞാൽ. മാവിലും പ്ലാവിലും ആഞ്ഞിലിയിലും ഊഞ്ഞാലുകൾ കായ്ക്കുന്നകാലം. ഓരോ വീട്ടിലേയും ഊഞ്ഞാൽ ചുവടുകളിലൂടെയാണ് ഞങ്ങൾ ഓണക്കാലം ഓടിത്തീർക്കുന്നത്. മുതിർന്നവർക്ക് ഓണമെന്നാൽ മറ്റൊന്നുകൂടിയാണ്. പോയകാലത്തിന്റെ ഓർമ്മകളെ വിളിച്ചുവരുത്തുന്ന ഒരനുഷ്ഠാനമായിരുന്നു മുതിർന്നവരുടെ ഓണം. പ്രായംമറന്ന് അമ്മയും അമ്മൂമ്മയും ജാനകിച്ചേച്ചിയും ഭാമച്ചേച്ചിയും അമ്മിണിച്ചേച്ചിയും സഫിയാക്കയും സാവിത്രിയക്കനും മീനാക്ഷിയക്കനും ഊഞ്ഞാൽ ചുവട്ടിൽ ഉറക്കെയുറക്കെ കഥകൾ പറഞ്ഞുചിരിക്കുന്നതും ഊഴമിട്ടാടുന്നതും കുട്ടിക്കാലത്തെ കാഴ്ചകളായിരുന്നു. വീണ്ടെടുക്കാനാവാത്തവിധം അടർന്നകന്നുപോയ ഭൂതകാലത്തിന്റെ സങ്കടങ്ങളായിരുന്നു അവരുടെ കൂട്ടച്ചിരികളെന്ന് ഇന്നെനിക്കറിയാം"[8]. രാഷ്ട്രീയഭൂപടത്തിന്റെ അതിരളവുകളിൽ ഒതുങ്ങാത്ത അനവധി ദേശങ്ങളുടെ സൂക്ഷ്മലോകങ്ങൾ ഓർമ്മകളിൽ വരഞ്ഞുംപറഞ്ഞും അവർ സാധ്യമാക്കിയ ഈ മൊഴിരേഖകളിലൂടെ ഹൈറേഞ്ച് അനുഭങ്ങളെ വായിക്കാനാവുക. ഓർമ്മകളെ പുനരാനയിക്കൽ രീതീശാസ്ത്രപരമായി നിർണ്ണായകമാണ്. ഭൂതകാലത്തെക്കുറിച്ച് വസ്തുതാപരമായ വിശകലനത്തിനാണ് ചരിത്രം ശ്രമിക്കുന്നത്. ചരിത്രപരമായ ഓർമ്മകൾ, അവയുടെ പിശകുകളോടെതന്നെ ചരിത്രത്തിനു നേരെ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഈ ചോദ്യങ്ങൾ ഏറെ മൂല്യപരവും വൈകാരികവുമായിരിക്കും. ഓർമ്മക്കുറിപ്പുകൾ പൂർണ്ണമായ അർത്ഥത്തിൽ ആത്മകഥകളല്ല. എന്നാൽ ആത്മകഥയുടെ ചില അടരുകളാണത്. മുഴുവൻ ജീവിതത്തിൽനിന്നും ഏറെ വൈകാരികവും ആത്മനിഷ്ടവുമായ ചില കാഴ്ചകൾ പുനരാനയിക്കുന്നതാണ് ഓർമ്മക്കുറിപ്പുകൾ. സാമൂഹികരാഷ്ട്രീയ ചരിത്രത്തോടൊപ്പമാണ് ഓർമ്മകൾ സഞ്ചരിക്കുന്നത്. ആത്മനിഷ്ഠമായത് അതുകൊണ്ടുതന്നെ അങ്ങേയറ്റം സാമൂഹികവുമാണ്. ഒ.കെ. സന്തോഷിന്റെ 'മലയിറങ്ങിയ ഓർമ്മകൾ: ദേശം, യാത്ര അനുഭവം' എന്ന പുസ്തകം രാഷ്ട്രീയ വൈകാരികതയോടെ ദേശത്തെ വീണ്ടെടുക്കുന്നു.

വികസനത്തിനുവേണ്ടി കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസം

ഒരു രാഷ്ട്രീയ-സാമ്പത്തിക പ്രശ്നമായി നമ്മൾ മനസ്സിലാക്കിയിട്ടുണ്ട്. വ്യവസായം വികസനം തുടങ്ങിയ പദാവലികളുമായി കെട്ടുപിണഞ്ഞതാണതിന്റെ നില്പ്. പുരോഗതി (reform), ആധുനികത (modernity) തുടങ്ങിയ സങ്കല്പങ്ങളെപ്പോലെയല്ല 'വികസനം' എന്ന സങ്കല്പം സമൂഹത്തിൽ ഇടപെടുന്നത്. അത് നമ്മുടെ വർത്തമാനകാല ജീവിതപരിസരങ്ങളെ ദുഃഖവും ദരിദ്രവും ജീർണവും നിഷ്ക്രിയവുമായി സങ്കല്പിക്കുന്നു. മറ്റു 'വികസിത' മാതൃകകളുമായി താരതമ്യപ്പെടുത്തി ആത്മപുച്ഛത്തിന്റെയും സ്വയംകുറ്റപ്പെടുത്തലിന്റെയും അവസ്ഥ സൃഷ്ടിക്കുന്നു. വികസനത്തിന്റെ ഈ മനഃശാസ്ത്രം നേട്ടത്തിലല്ല മറിച്ച് അവസ്ഥയുടെ താല്ക്കാലിക പരിഹാരത്തിലാണ് ഊന്നൽ നല്കുന്നത്. കേരളത്തിന്റെ വികസനത്തിന് വൻകിടവ്യവസായം വരണം എന്നതായിരുന്നു ആദ്യകാല ഭരണകൂട സമീപനം. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ 'വികസനമോഹം' കേന്ദ്രീകരിച്ചതുതന്നെ വൻവ്യവസായ പദ്ധതികളിലായിരുന്നു. യൂറോപ്യൻ വ്യവസായ വിപ്ലവത്തിന്റെ മാതൃകയായിരുന്നു നമുക്കുമുന്നിലുണ്ടായിരുന്നത്. സമ്പത്തിന്റെ ഉല്പാദനത്തെ രാഷ്ട്രവുമായി ബന്ധിപ്പിച്ചുകൊണ്ട് ജനങ്ങൾക്കു മുഴുവൻ ബാധകമാക്കുന്നതിലൂടെ അത് സാർവ്വലൗകികമായ പൊതുപ്രക്രിയയായിത്തീരുന്നു. അതിനുമുമ്പ് സാമ്പത്തികോല്പാദനത്തിനു മഹത്വമോ മതേതരപദവിയോ ഉണ്ടായിരുന്നില്ല. വ്യക്തിയെ സംബന്ധിച്ചിടത്തോളം ധനത്തിനാണോ ജ്ഞാനത്തിനാണോ കൂടുതൽ പ്രാധാന്യം എന്ന തരത്തിലുള്ള ചർച്ചകൾ ലോകത്ത് ധാരാളം നടന്നിട്ടുമുണ്ട്. ചരിത്രപരമായ നിരവധി കാരണങ്ങളാൽ പില്ക്കാലത്ത് 'രാഷ്ട്രസമ്പത്ത്' എന്ന ആശയം, സാമ്പത്തികോല്പാദനത്തെ വ്യക്തിയുടെ സ്വകാര്യ താൽപര്യം എന്നതിൽ നിന്ന് അടർത്തി സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ പൊതുതാൽപര്യം എന്ന നിലയിലേക്കുമാറ്റി. സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഭാവിയെ നിർണയിക്കുന്ന ദേശാഭിമാനപരവും പ്രതിജ്ഞാബദ്ധവുമായ കർമ്മമായി സാമ്പത്തികോല്പാദനത്തിലുള്ള പങ്കാളിത്തത്തെ കാണാൻ തുടങ്ങി. അത് വ്യക്തിപരമല്ലാതായി. സമ്പത്ത് സമാഹരിക്കാനുള്ള വ്യക്തിപരമായ താല്പര്യം നിഴലിൽ നിൽക്കുകയും രാജ്യതാല്പര്യം വെളിച്ചപ്പെടുകയും ചെയ്തു. മാത്രമല്ല യൂറോപ്യൻ വ്യവസായവിപ്ലവത്തെ മാതൃകയാക്കുമ്പോൾ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായി അത് സൃഷ്ടിച്ച സങ്കീർണമായ ജീവിത സാഹചര്യങ്ങളെ കാണാതെ പോയെന്നുള്ളതാണ് ഇന്ത്യൻ വ്യവസായ പുരോഗതിക്ക് പൊതുവേയും കേരള വികസനത്തിന് സവിശേഷമായും

സംഭവിച്ചത്. അണക്കെട്ടുകൾക്കും വികസനങ്ങൾക്കുമായുള്ള നിരന്തരകുടിയിറക്കങ്ങളും അപരത്വവും, ഭരണകൂടവും ജാതിനിലയും തമ്മിലുള്ള സൂക്ഷ്മസംഘർഷങ്ങളും പ്രമേയമാകുന്ന കവിതകളാണ് എം.ബി. മനോജിന്റേത്. 'കുട്ടാന്തതയുടെ എഴുപത് വർഷങ്ങൾ'.

ഹൈറേഞ്ചിന്റെ ജീവിതചരിത്രങ്ങളെ വർത്തമാനകാലത്തിന്റെ/ലോകത്തിന്റെ അനുഭവങ്ങളുടെ അനവധി സന്ദർഭങ്ങളിലേയ്ക്ക് പരകായം ചെയ്യിക്കുകയാണ് അജയ് പി. മങ്ങാട്ടിന്റെ സൂസന്നയുടെ ഗ്രന്ഥപ്പുര. ഹൈറേഞ്ചിൽ ആരംഭിച്ച് മലയിറങ്ങി കൊച്ചി നഗരത്തോളവും തിരികെ കിഴക്കൻ കുന്നിറങ്ങി മധുരാ നഗരംവരെ വ്യാപിച്ചുകിടക്കുന്ന വ്യത്യസ്തമായൊരു ഭൂപടമാണ് നോവൽ വരയുന്നത്. അതിർത്തികൾ ഭേദിക്കുന്ന പാരായണത്തിന്റെ അനുഭവലോകമാണ് നോവലിന്റെ ചരിത്രവും വർത്തമാനവും. ഭൂതകാലമില്ലാത്തവർ, ചരിത്രമില്ലാത്തവർ, പാരമ്പര്യമില്ലാത്തവർ എന്ന നിർമ്മിതികളെയപ്പാടെ റദ്ദ് ചെയ്തുകൊണ്ടാണ് ഹൈറേഞ്ചുകാർ എന്ന സമാന്തര ദേശസ്വത്വങ്ങളുടെ ആവിഷ്കാരം നോവലിലുണ്ട്. ദേശീയ-ദേശഭാവനയുടെ അതിരളവുകളെ കടന്നുപോകുന്ന ആന്തരിക-ബാഹ്യ ഭൂരേഖകളാൽ ദേശസ്വത്വത്തെ മാറ്റിവരയ്ക്കുകയാണ് നോവൽ.

ഇന്ന് കുടിയേറ്റ സമൂഹം പൊതുവെ 'സമ്പന്ന'മാണെന്നു പറയാം. ഒരു വിജയകഥയാണ് കുടിയേറ്റത്തിന് പറയാനുള്ളത്. അവിടെ സംസ്കാരങ്ങളുടെയും പൈതൃകങ്ങളുടെയും പാരമ്പര്യങ്ങളുടെയും തുടർച്ചകളെ അതിന്റെ സൂക്ഷ്മകോശങ്ങളിൽനിന്ന് വീണ്ടെടുക്കുന്ന മറ്റൊരു ചരിവിലേക്കാണ് കുടിയേറ്റ ആഖ്യാനങ്ങളുടെ പുതുകാലം നോട്ടമെറിയുന്നത്. പലായനത്തിന്റെ പീഡിതവും സാഹസികവുമായ ഭൂതകാലമല്ല, മറിച്ച് ആന്തരിക വൈരുധ്യങ്ങളാൽ സമൃദ്ധമായ ആന്തരികജീവിതമാണ് ആവിഷ്കാരം തേടുന്നത്. ഔദ്യോഗിക ചരിത്ര-പുരാവൃത്ത-ഭൂതകാലങ്ങളെയും പൂർവ്വനിശ്ചിത വ്യവഹാരങ്ങളെയും വ്യാഖ്യാനിച്ചുകൊണ്ടാണ് കുടിയേറ്റത്തിന്റെ പ്രതിവ്യവഹാരങ്ങൾ ആഖ്യാനങ്ങളിൽ പ്രവർത്തിക്കുന്നത്.

**കുറിപ്പുകൾ**

1 തേച്ചുമിനുക്കിയ പ്രതലങ്ങളും ഉള്ളം കൈയ്യിലൊതുങ്ങുന്ന പിടിയും ഋജുവായ വായ്ത്തലയും നവീനശിലായുഗത്തിലെ കൽമഴുവിന്റെ പ്രത്യേകതകളാണ്. കട്ടപ്പമേറിയ കല്ലുകൊണ്ടാണ് ഇതുണ്ടാക്കുന്നത്. വേറെയും നവീന ശിലായുധങ്ങൾ ഉണ്ടെങ്കിലും കേരളത്തിൽനിന്ന് തേച്ചുമിനുക്കിയ കൽമഴുമാത്രമേ കിട്ടിയിട്ടുള്ളൂ. അതും പരിമിതമായ സ്ഥലങ്ങളിൽനിന്നും. പൂൽപ്പള്ളിക്കടുത്ത് പൂതാടിയിൽനിന്നും നവീനശിലായുഗ മാതൃകയിലുള്ള കൽമഴു കിട്ടിയിട്ടുണ്ട്. പുറമെ പറമ്പിക്കുളം, മറയൂർ

തുടങ്ങിയ ചില പ്രദേശങ്ങളിലെ ഗിരിവർഗക്കാരിൽ ചിലർ ഇത്തരം കൽമഴ വെച്ച് പൂജിക്കുന്നതായറിയാം (രാജൻ ഗുരുക്കൾ, ഡോ., മിത്ത് ചരിത്രം സമൂഹം, 2009: 293).

2 കെ.പി.ജയകുമാർ. കാട്ടിലേക്കുള്ള വഴി. 2011

3 Iyer, L. A. Krishna (1937. The Travancore Castes and Tribes. 2 vols. Vol. 1. Trivandrum: Govt. Press.)

4 രാജൻ ഗുരുക്കൾ. മിത്ത് ചരിത്രം സമൂഹം. 2009: 299

5 കെ.പി.ജയകുമാർ. കാട്ടിലേക്കുള്ള വഴി. 2011

6 കെ.പി. ജയകുമാർ. http://www.nalamidam.com/archives/)

7 കെ.പി. ജയകുമാർ. http://www.nalamidam.com/archives/)

8 കെ.പി. ജയകുമാർ. http://www.nalamidam.com/archives/)

## സഹായഗ്രന്ഥങ്ങൾ

1. അജയ് പി. മങ്ങാട്ട് (2019), സൂസന്നയുടെ ഗ്രന്ഥപ്പുര; മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ചന്ദ്രമോഹൻ എസ്.ആർ., (2012) ഇടുക്കി ആദിവാസി പാട്ടുകൾ, ഡിസി ബുക്സ്, കോട്ടയം.
3. ജോസ് പീറ്റർ, (2003) കലഹിക്കുന്ന ചരിത്രം, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.
4. ദാമു, ടി., (2010) മൂന്നാർ രേഖകൾ, ഡിസി ബുക്സ്,കോട്ടയം.
5. ജയകുമാർ കെ.പി., (ഗവേഷണ പ്രബന്ധം-2014). കുടിയേറ്റ ആഖ്യാനങ്ങളിലെ ഹൈറേഞ്ച്: ചരിത്ര സാഹിത്യപാഠങ്ങൾ. എം.ജി. യൂണിവേഴ്സിറ്റി ലൈബ്രറി, കോട്ടയം.
6. ജയകുമാർ, കെ.പി., (2011). കാട്ടിലേക്കുള്ള വഴി, ഡിസി ബുക്സ്, കോട്ടയം.
7. മനോജ് എം.ബി., (2004), കുട്ടാന്തതയുടെ എഴുപത് വർഷങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
8. മനോജ് മാതിരപ്പള്ളി, (2001). ഇടുക്കി ചരിത്രവും ചരിത്രാതീതവും, കാഴ്ച ബുക്സ്, കട്ടപ്പന.
9. മൈന ഉമൈബാൻ, (2007). ചന്ദനഗ്രാമം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
10. രാജൻ ഗുരുക്കൾ, (2009). മിത്ത് ചരിത്രം സമൂഹം, പ്രസക്തി ബുക്ഹൗസ്, പത്തനംതിട്ട.
11. രാജൻ ഗുരുക്കൾ, രാഘവവാര്യർ, (2011), കേരളചരിത്രം. വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ.
12. രാജൻ ഗുരുക്കൾ, രാഘവവാര്യർ, (2012). കേരളചരിത്രം രണ്ടാം ഭാഗം, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ.
13. രാജൻ, കാഞ്ചിയാർ; രാജൻ, വി. ബി. (എഡി.), (2000). ഇടുക്കിയിലെ ഗോത്രകലകളും സംസ്കാരവും, ഇടുക്കി ജില്ലാപഞ്ചായത്ത്.
14. രാജീവ്, കെ.ടി., (2007). സഹ്യാദ്രിയിൽനിന്ന് മടക്കയാത്ര ഇടുക്കി മണ്ണും മനുഷ്യരും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
15. സന്തോഷ്, ഒ.കെ., (2018). മലയിറങ്ങിയ ഓർമ്മകൾ: യാത്ര, ദേശം, അനുഭവം. ഗ്രീൻ ഗ്രാസ് പബ്ലിഷേഴ്സ്, തിരുവനന്തപുരം.
16. സുലോചന, നാലപ്പാട്ട്, (2008). മൂന്നാറിന്റെ കഥ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
17. സുസ്മേഷ് ചന്ത്രോത്ത്, (2010). ഒമ്പത്, ഡി.സി. ബുക്സ്, കോട്ടയം.
18. Amruth. M., (Ph.D. Thesis- 2008). Changing Regimes of Forest Management, Institutional Changes and Modes of Participation in the Western Ghats of Kerala. M.G.University Library, Kottayam.

19. Iyer, L.A. Krishna, (1909) The Cochin Tribes and the Castes-Volume-I. Government of Cochin, Higgin Bothom and Co., Madras.
20. Iyer, L. A. Krishna, (1937) The Travancore Castes and Tribes. 2 vols. Vol.1, Govt. Press, Trivandrum
21. Jane Buckingham, (2002). Leprosy in Colonial South India, Medicine and Cofinement, Palgrave, New York.
22. Lovatt, H., (1972) A Short History of the Peermade/Vandiperiyar District.
23. Manro, J.D., (1880) The high ranges of Travancore: University of California library.
24. Rajan Gurukkal; Raghava Varier, M.R., (Ed.).(1999). Cultural History of Kerala, Vol-1. Departement of Cultural Publications Government og Kerala, Thiruvananthapuram.
25. Tharakan, P.K.M., (1999) Development of Colonial Economy In Kerala, (1850-1947). In Cheriyan, P.J. (Ed.), Perspectives on Kerala History- The Second Millennium (pp. 360-401). State Editor, Kerala State Gazetteers, Thiruvananthapuram.
26. Varghese, V.J., (2006; 43; 227) Migrant narratives: Reading literary representations of Christian migration in Kerala, 1920–70. Indian Economic Social History Review, New Delhi.

*kpjayakumar@gmail.com*

# യാത്ര, എഴുത്ത്, സൈബറിടങ്ങൾ:

## സമകാലികയാത്രയുടെയും യാത്രയെഴുത്തിന്റെയും സാംസ്കാരികവിശകലനം


സൗമ്യ തോമസ്

ഗവേഷക, സംസ്കൃത സർവകലാശാല, കാലടി.



സംഗ്രഹം

യാത്രയുടെയും യാത്രയെഴുത്തിന്റെയും വ്യവഹാരങ്ങളെ സൈബർ ഇടങ്ങൾ എങ്ങനെ മാറ്റിത്തീർക്കുന്നു എന്ന അന്വേഷണമാണ് പ്രബന്ധം. ശാസ്ത്ര സാങ്കേതികരംഗങ്ങളിലുണ്ടായ പുരോഗതിയും വാർത്താവിനിമയരംഗങ്ങളിലുണ്ടായ മുന്നേറ്റവും പുത്തൻ ലോകബോധവും യാത്രകൾ യാഥാർത്ഥ്യമാക്കിത്തീർത്തു. ദൃശ്യ ബഹുജനസംസ്കാരത്തിന്റെ കടന്നുവരവ് യാത്രയെ സാംസ്കാരികമായി പ്രതിനിധാനം ചെയ്യുന്നതിൽ ഘടനാപരമായി വലിയ മാറ്റങ്ങളുണ്ടാക്കി. യാത്രയെഴുത്തിൽ പ്രധാനമായി ഉപയോഗിച്ചിരുന്ന 'വിവരണം' എന്ന സങ്കേതത്തിന് ദൃശ്യഭാഷയുടെ കാലത്ത് പ്രസക്തി ഇല്ലാതായിത്തീർന്നു.അതുപോലെ യാത്രയുടെ ഇടങ്ങളെ സന്ദർശനയോഗ്യവും വിശുദ്ധവുമായി നിർമ്മിച്ചെടുത്തുകൊണ്ട് യാത്രയെ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാക്കിമാറ്റാൻ ടൂറിസത്തിനു കഴിഞ്ഞു. സ്മാർട്ട്ഫോണുകളുടെ വരവ് യാത്രയുടെ ചിന്താതലങ്ങളെ മാറ്റിമറിച്ചു. സൈബർസഞ്ചാരി ഭൂമിയിൽ യഥാർത്ഥയാത്ര നടത്തുമ്പോഴും അവന്റെ/അവളുടെ യാത്രാപ്രതിനിധാനം ഇന്നത്തെ സെൽഫിക്കാലത്ത് അതിയാഥാർത്ഥ്യത്തിന്റെ പ്രതലങ്ങളിലാണ് രേഖയാവുന്നത്.



***താക്കോൽവാക്കുകൾ:*** സാഹിത്യജനുസ്സ്–വ്യവഹാരം–ടൂർവ്യവസായം –അപരയിടം–ആത്മനിഷ്ഠാനുഭവം–സ്ഥലപടലം–ദൃശ്യബഹുജനസംസ്കാരം.

ഏതൊരു സാഹിത്യജനുസ്സിന്റെയും ഉള്ളടക്കത്തെയും രൂപത്തെയും നിർണയിക്കുന്നതിൽ അത് രൂപം കൊള്ളുന്ന ചരിത്ര, സാംസ്കാരികസന്ദർഭങ്ങൾക്ക് വലിയ പങ്കുണ്ട്. മാത്രമല്ല, ഓരോ കാലത്തും സാമൂഹിക-സാംസ്കാരിക രംഗങ്ങളിലുണ്ടാവുന്ന മാറ്റങ്ങളും സാങ്കേതികവിദ്യയുടെ പുരോഗതിയും നമ്മുടെ കാഴ്ചയെയും കാഴ്ചപ്പാടുകളെയുമെന്നതുപോലെ സാഹിത്യത്തെയും മാറ്റിത്തീർക്കുന്നു. മറ്റേതൊരു സാഹിത്യജനുസ്സുമെന്നപോലെ യാത്രാവിവരണങ്ങളും കഴിഞ്ഞനൂറ്റാണ്ടുകളിൽ മനുഷ്യർ പിന്നിട്ട സാംസ്കാരികപരിണാമങ്ങൾക്കൊപ്പം നിരവധി മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. ആധുനികതയുടെ ഘട്ടത്തിൽനിന്ന് ആധുനികാനന്തര സന്ദർഭത്തിലേക്കും സൈബർ അനുഭവലോകങ്ങളിലേക്കും എത്തുമ്പോൾ യാത്ര എന്ന വ്യവഹാരവും യാത്രയെഴുത്തും വൻതോതിൽ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. മൊബൈൽ ഫോണും ഇന്റർനെറ്റും ദരിദ്രതൊഴിലാളി മുതൽ അതിസമ്പന്ന കോർപ്പറേറ്റുകൾ വരെയുള്ളവരുടെ നിത്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞ ഇക്കാലത്ത് യാത്രയുടെയും യാത്രയെഴുത്തിന്റെയും വ്യവഹാരങ്ങളെ സൈബർ ഇടങ്ങൾ എങ്ങനെ മാറ്റിത്തീർക്കുന്നു എന്നന്വേഷിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

എക്കാലത്തും യാത്ര മനുഷ്യാനുഭവങ്ങളുടെ ഒരു പ്രധാന ഭാഗമായിരുന്നു. ഫലമൂലാദികൾ ശേഖരിച്ചും വേട്ടയാടിയും ജീവിച്ചിരുന്ന ആദ്യകാല ഗോത്രസമൂഹങ്ങൾക്ക് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കുള്ള മാറ്റം സ്വാഭാവികപ്രക്രിയയായിരുന്നു. ജീവികാസമ്പാദനത്തിനുള്ള ഉപാധിയായി കൃഷി സ്വീകരിച്ചതോടെ സ്ഥിരതാവളങ്ങളെന്ന ആശയം മനുഷ്യരുടെ അവബോധത്തിൽ പ്രാമുഖ്യം നേടുന്നു.അവർ തങ്ങളെ ചില നാഗരികതയുടെ ഇടങ്ങളിലേക്ക് ചേർത്തുവെയ്ക്കുകയും അതിനപ്പുറമുള്ളതെല്ലാം അനിശ്ചിതത്വങ്ങളോ നിഗൂഢതകളോ ആയി കണക്കാക്കപ്പെടുകയും ചെയ്തു. അപ്പോഴും യാത്ര എന്ന അനുഭവത്തെ മനുഷ്യർ പലവിധത്തിൽ ജീവിതത്തോട് ചേർത്തുപിടിക്കുകയും സാഹസികതയുടേയും ആത്മീയതയുടേയും സ്വത്വസ്ഥാപനത്തിന്റെയും ഭാഗമായി യാത്ര അടയാളപ്പെടുകയും ചെയ്തു. സ്ഥിരവാസികളായ ആദ്യകാല മനുഷ്യരുടെ അപരയിടങ്ങളെക്കുറിച്ചുള്ള (Other spaces) ഭാവനകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആത്മീയാഖ്യാനങ്ങളായിരുന്നു തീർത്ഥാടനവും സാഹസികതയും. എഴുത്ത് സാർവ്വജനീനമാകുന്ന ഒരു ഘട്ടം മുതൽ ആത്മീയതലങ്ങളുള്ള രൂപകാത്മകമായ പ്രവൃത്തിയായാണ് യാത്ര കുറിക്കപ്പെട്ടത്. ആദ്യഘട്ടം മുതലുള്ള യാത്രയുടെ രേഖകൾ പരിശോധിക്കുമ്പോൾ ഒട്ടുമിക്കതും തീർത്ഥാടനങ്ങളോ

സാഹസികയാത്രകളോ ആണെന്നു കാണാം.

യാത്ര എക്കാലത്തും മനുഷ്യാനുഭവങ്ങളുടെ ഭാഗമായിരുന്നെങ്കിലും വൻതോതിലുള്ള യാത്രകൾ സാധ്യമാക്കിയത് ആധുനികതയുടെ ചരിത്ര സന്ദർഭമാണ്. ശാസ്ത്രസാങ്കേതികരംഗങ്ങളിലുണ്ടായ വളർച്ചയും ഗതാഗത വാർത്താവിനിമയരംഗങ്ങളിലുണ്ടായ മുന്നേറ്റവും വ്യാവസായികപുരോഗതിയും സാമ്രാജ്യത്വതാല്പര്യങ്ങളും പുത്തൻ ലോകബോധവും യാത്രകൾ യാഥാർത്ഥ്യമാക്കിത്തീർത്തു. അതോടൊപ്പം വ്യക്തിയെ കേന്ദ്രസ്ഥാനത്ത് നിറുത്തുന്ന സ്വയംപൂർണ്ണനായ ആധുനികമനുഷ്യൻ എന്ന സങ്കല്പം മനുഷ്യനെയും ലോകത്തെയും രണ്ടായി വേർതിരിക്കുകയും പ്രകൃതിയെയും ഇതര ഭൂവിഭാഗങ്ങളെയും ആസ്വാദനത്തിനുള്ള വിഭവങ്ങളാക്കി മാറ്റുകയും ചെയ്തു. ഇക്കാലഘട്ടത്തിലാണ് യാത്രാഖ്യാനങ്ങൾ, യാത്രാവിവരണം എന്ന ആധുനികസാഹിത്യജനുസ്സായി രൂപപ്പെടുന്നത്. അതിനുമുമ്പ് പുരാണങ്ങളും ഇതിഹാസങ്ങളും മുതൽ യാത്രയും യാത്രാനുഭവങ്ങളും സാഹിത്യത്തിനു വിഷയമാകുന്നുണ്ടെങ്കിലും അവയെ യാത്രാവിവരണസാഹിത്യമായി പരിഗണിക്കാൻ കഴിയില്ല. സഞ്ചാരികളുടെ കുറിപ്പുകളെയും യാത്രാകാവ്യങ്ങളെയും യാത്രാവിവരണങ്ങളുടെ പൂർവ്വരൂപമായി മാത്രമേ പരിഗണിക്കാൻ കഴിയൂ. അവനവനെ കണ്ടെത്താനും ലോകം കണ്ടെത്താനും നടത്തിയ യാത്രകളുടെ അനുഭവങ്ങൾ യാഥാർത്ഥ്യവും ഭാവനയും കലർത്തി ആത്മനിഷ്ഠാനുഭവം എന്നനിലയിൽ അവതരിപ്പിക്കുന്നതോടെയാണ് യാത്രാവിവരണങ്ങൾ എന്ന സാഹിത്യജനുസ്സ് രൂപംകൊള്ളുന്നത്. സാഹസികതയും വൈജ്ഞാനികതയും അന്വേഷണാത്മകതയും വിവരണാത്മകതയും യാത്രാഖ്യാനങ്ങളുടെ അനിവാര്യഘടകങ്ങളായിരുന്നു.

### ഭൂപടങ്ങളും യാത്രയും

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പുതിയ വാർത്താവിനിമയ സങ്കേതങ്ങളും ഗതാഗതസംവിധാനവും നിലവിൽ വന്നതോടെ തീർത്ഥാടനവും സാഹസികയാത്രകളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ഭൗതികമായ നിഗൂഢതകൾ അവസാനിക്കുകയും ഭൂഗോളം മുഴുവനായും ഭൂപടത്തിലേക്കൊതുക്കപ്പെടുകയും ചെയ്യുന്നു. ഭൂപടത്തിന്റെ സഹായത്തോടെ ഒരിക്കൽ വിദൂരമായും അപ്രാപ്യമായും കരുതിയിരുന്നയിടങ്ങളിലേക്കും സഞ്ചാരം സാധ്യമാണെന്നു വന്നു. ഈയൊരു ഘട്ടത്തിലാണ് എത്തിച്ചേരുന്ന ഇടങ്ങളെയും ഇടങ്ങളിലേക്കുള്ള യാത്രയെയും വിവരിച്ചുകൊണ്ട് യാത്രാഖ്യാനങ്ങൾ, യാത്രാവിവരണം എന്ന ആധുനികസാഹിത്യജനുസ്സായി

മാറുന്നത്. യാത്രാവിവരണത്തിന്റെ അടിത്തറയായി നില്ക്കുന്ന പ്രധാന ഭാഷാസങ്കേതം വിവരണമാണ്. യാത്ര ചെല്ലുന്ന ഇടങ്ങൾ വിവരിച്ചുകൊണ്ട് കാഴ്ചയോളം പോന്ന സൗന്ദര്യാനുഭവമാക്കി വിവരണത്തെ മാറ്റിത്തീർക്കാൻ എഴുത്തുകാർക്ക് കഴിഞ്ഞു.

ആധുനികതയുടെ തുടക്കത്തിൽ നിലവിൽവന്ന ഭൂപടങ്ങൾ (Maps) യാത്രയെ വൻതോതിൽ ജനാധിപത്യവൽക്കരിച്ചു. അമൂർത്തമായ ചില ചിഹ്നങ്ങളെ ദ്വിമാനതലത്തിൽ മുദ്രപ്പെടുത്തി അതിന്റെ വ്യവസ്ഥയെ പ്രാദേശിക യാഥാർത്ഥ്യത്തിലേക്ക് ബന്ധപ്പെടുത്തി വായിച്ചെടുക്കുന്ന രീതിയാണ് ഭൂപടമെന്ന നിർമ്മിതിയിൽ. തുടക്കത്തിൽ ഭൂപടങ്ങൾ വായിക്കാനും കൈവശം വെയ്ക്കാനുമുള്ള അവകാശമുണ്ടായിരുന്നത് ഒരു പ്രത്യേക അധികാരിവർഗ്ഗത്തിനു മാത്രമായിരുന്നു. 1960-70-കളോടെ ഭൂപടങ്ങൾ വിവരം എന്ന നിലയിൽ ആഖ്യാനം ചെയ്യപ്പെട്ടു തുടങ്ങുകയും സർവ്വസാധാരണമായി അച്ചടിക്കുകയും ജനകീയ ഉപഭോഗത്തിലേക്ക് എത്തിച്ചേരുകയും ചെയ്തു. ഭൂഗോളം മുഴുവനായും ഭൂപടത്തിലൊതുങ്ങുകയും അപരിചിത ഇടങ്ങളെ സംബന്ധിച്ച നിഗൂഢമായ ഭീതികൾ ഒരു പരിധി വരെ അവസാനിക്കുകയും ചെയ്തു. ഒരിയ്ക്കൽ അപ്രാപ്യമെന്നും വിദൂരമെന്നും കരുതിയിരുന്നയിടങ്ങളിലേക്കും ഭൂപടങ്ങളുടെ സഹായത്തോടെ സഞ്ചാരം സാധ്യമാണെന്നു വരികയും ചെയ്തു. അങ്ങനെയാവുമ്പോഴും ഭൂപടനിർമ്മാണവും വായനയും സവിശേഷമായ ജ്ഞാനശാഖയായിത്തന്നെയാണ് നിലനിന്നത്. ഈ സവിശേഷ വായനാവ്യവഹാരത്തിന്റെ ശ്രേണിയിൽ, തലപ്പത്ത് പട്ടാളക്കാരും പട്ടാള ആവശ്യങ്ങളുമായിരുന്നെങ്കിൽ, ഇങ്ങേയറ്റത്ത് ഇങ്ങേയറ്റത്ത് വിനോദസഞ്ചാരികളുടെ കൈപ്പുസ്തകങ്ങളെക്കൂടി ഉൾപ്പെടുത്തും വിധത്തിൽ ഭൂപടവായനാവ്യവഹാരം കൂടുതൽ ജനാധിപത്യപരമായി. ഇക്കാലത്ത് യാത്രകളും യാത്രാവിവരണങ്ങളും ധാരാളമായുണ്ടാവുന്നു.

### ദൃശ്യസംസ്കാരം

ദൃശ്യബഹുജനസംസ്കാരത്തിന്റെ കടന്നുവരവ് യാത്രയെ സാംസ്കാരികമായി പ്രതിനിധാനം ചെയ്യുന്നതിൽ ഘടനാപരമായി വലിയ മാറ്റങ്ങളുണ്ടാക്കി. യാത്രാവിവരണത്തിൽ ദൃശ്യപരതയ്ക്ക് കൂടുതൽ പ്രാധാന്യം കൈവന്നു. യാത്രക്കാർ അവർ പോയ ഇടങ്ങളുടെ ദൃശ്യപരമായ തെളിവുകൾ അവതരിപ്പിക്കാൻ ബാധ്യസ്ഥരായി. യാത്രയെഴുത്ത് (Travel writing) എന്നത് യാത്രാപ്രദർശനം (Travel Showing) എന്ന നിലയിലേക്ക് മാറി. 20-ാം

നൂറ്റാണ്ടിൽ പുരോഗതി പ്രാപിച്ച സാങ്കേതികവിദ്യയുടെ ഫലമായി നില വിൽവന്ന ക്യാമറകളും വിഡിയോ റെക്കോർഡുകളും ഇടങ്ങളെ/സ്ഥല ങ്ങളെ യാഥാർത്ഥ്യപ്രതീതിയോടെ പ്രതിനിധാനം ചെയ്യാൻ സഹായിച്ചു. സ്ഥലയുക്തിയെ സങ്കല്പനപരമായി അവതരിപ്പിക്കാൻ ശ്രമിച്ച ഭൂപടനിർ മ്മാണത്തിന്റെ സാങ്കേതികതകളിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു അത്. അത്തരം ദൃശ്യപ്രതിനിധാനങ്ങൾ യാത്രികരെ കൂടുതൽ കൂടുതൽ യാത്രയിലേക്കും സവിശേഷയിടങ്ങളിലേക്കും വലിച്ചടുപ്പിച്ചു.

യാത്രയെഴുത്തിൽ ഉപയോഗിച്ചിരുന്ന പ്രധാന ഭാഷാസങ്കേതം വിവരണമായിരുന്നു എന്ന് മുകളിൽ സൂചിപ്പിച്ചു. വിവരണത്തിന് ദൃശ്യഭാ ഷയുടെ കാലത്ത് പ്രസക്തി നഷ്ടപ്പെട്ടു. കാഴ്ചയുടെ എല്ലാം തുറന്നുവെയ്ക്കുന്ന പ്രതിനിധാന സന്ദർഭങ്ങളിൽ ഭാഷയുടെ ആഴങ്ങൾ അപ്രസക്തമായി. അവിടെ കാഴ്ചപ്പാടല്ല പ്രധാനം കാഴ്ചയാണെന്നു വന്നു. വിവരണമല്ല കാര്യം, വിവരമാണെന്നു വന്നു. വിവരം (information) എന്ന നിലയിൽ ഇടങ്ങൾ കോഡുചെയ്യപ്പെടുന്നതിന്റെ ആരംഭദശയാണ് ഇരുപതാംനൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ നാം കാണുന്നത്. ദൃശ്യങ്ങളിലൂടെ പ്രതിനിധാനം ചെയ്യപ്പെടുന്ന യാത്രകളിൽ ഭാവുകത്വ നിർമ്മിതിയേക്കാൾ ഭാവനാനിർമ്മി തിയാണ് സംഭവിക്കുന്നത്. കാഴ്ചയിലൂടെ വികസിക്കുന്ന സ്ഥലപരിചയം ഭാഷയുടെ ആന്തരികതയുടെ വിപരീതമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപാദത്തിൽ കേരളത്തിൽ ഇരുപതാംനൂറ്റാണ്ടിന്റെ അവസാന ദശകങ്ങളോടെ യാത്രയുടെ ആഖ്യാനം വൻതോതിൽ ദൃശ്യമാധ്യമങ്ങളി ലൂടെയായി മാറുന്നു.

### ടൂർ വ്യവസായം

യാത്രയുടെ ലക്ഷ്യത്തെയും സ്വഭാവത്തെയും അടിമുടി മാറ്റിത്തീർത്ത പ്രധാ നപ്പെട്ട ഒരു സാമൂഹികചരിത്രപ്രതിഭാസമാണ് ടൂറിസം വ്യവസായത്തിന്റെ ഉദയം. 1841-ൽ തോമസ് കുക്ക് എന്ന ബിസിനസ്സുകാരൻ, തോമസ് കുക്ക് ആൻഡ് സൺ (Thomas Cook & Son) എന്ന പേരിൽ ലോകത്തിലെ ആദ്യത്തെ ട്രാവൽ ഏജൻസി ഇംഗ്ലണ്ടിൽ ആരംഭിച്ചു. 'കുക്ക്സ് ടൂർ' (Cook's Tour) എന്ന പേരിൽ ഈ കമ്പനി പിന്നീട് പ്രശസ്തമായി. കുക്ക്സ് ടൂർ പ്രവർ ത്തനങ്ങളോടെയാണ് ആധുനിക ടൂറിസം യാത്രകളുടെതുടക്കം എന്നു കരുത പ്പെടുന്നു. ആദ്യകാലത്ത് ചെറുയാത്രകൾ സംഘടിപ്പിച്ചിരുന്നെങ്കിലും 1855-ൽ തോമസ് കുക്ക് ഇറ്റലിയിലേക്ക് സംഘടിപ്പിച്ച ഗ്രാന്റ് ടൂർ (Grand Tour) ആണ് ചരിത്രത്തിലെ ആദ്യ പാക്കേജ് ടൂർ ആയി കണക്കാക്കപ്പെടുന്നത്.

യാത്രയുടെ ആധുനികാനുഭവത്തിലെ ഒരു പുതിയ തുടക്കമായിരുന്നു ഇത്. ദേശീയമോ അന്തർദേശീയമോ ആയ യാത്രകൾ ചെയ്യുന്നതിനുള്ള ഏകഘടകം പണമെന്നതായി മാറി. യാത്രകൾ ഒട്ടുമിക്കതും ടൂറുകളായി മാറി; എന്നു മാത്രമല്ല ടൂറായി മാറാത്ത ഒരു യാത്ര ഏറെക്കുറെ അസാധ്യവുമായി. യാത്ര എന്നത് ടൂറായി മാറിയതോടെ യാത്രയെ സംബന്ധിച്ച എല്ലാത്തരം അനിശ്ചിതത്വങ്ങളും അവസാനിക്കുന്നു. മുൻകൂട്ടി ബുക്കുചെയ്ത് പോയി വരാവുന്ന സുരക്ഷിത സഞ്ചാരങ്ങളായി യാത്രകൾ മാറി. അവിടെ സാഹസികതയ്ക്കും ആകാംക്ഷകൾക്കും ഇടമില്ല.

പില്ക്കാല മുതലാളിത്തത്തിന്റെ ഘട്ടത്തിൽ സ്ഥലങ്ങളെ/ഇടങ്ങളെ സന്ദർശനയോഗ്യവും വിശുദ്ധവുമായി നിർമ്മിച്ചെടുത്തുകൊണ്ട് യാത്രയെ ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നൊക്കി മാറ്റിത്തീർക്കാൻ ടൂറിസത്തിനു കഴിഞ്ഞു. ആധുനിക ടൂറിന്റെ സമ്പ്രദായങ്ങൾ ഭൂപടത്തിൽ പ്രാധാന്യമുള്ളയിടങ്ങളെ അവയ്ക്ക് കൂടുതൽ മൂല്യം ആരോപിച്ചുകൊണ്ട് ടൂറിസ്റ്റുകളെ തീർത്ഥാടകരാക്കി മാറ്റുന്നു. യാത്രയുടെ ലക്ഷ്യസ്ഥാനം ഡിസ്നിലാന്റോ ഈഫൽ ടവറോ വേൾഡ് ട്രേഡ് സെന്ററിന്റെ അവശിഷ്ടമോ–ഏതാണെങ്കിലും ടൂർ ഒരു വിശുദ്ധയാത്രയ്ക്കു സമമായിത്തീരുന്നു. ടൂറിസ്റ്റ് വ്യവസായത്തിന്റെ അവസാനമില്ലാത്ത ഐതിഹ്യനിർമ്മിതിയുടെ (Myth Making) ഭാഷയിലൂടെ ഈ സ്ഥലങ്ങൾ അധികമൂല്യം സ്വാംശീകരിക്കുന്നുണ്ട്. ഡീൻ മക് കനൽ ( Dean Mac Cannell) വിശേഷിപ്പിക്കുന്ന 'ആധുനികതയുടെ ശ്രീകോവിലുകൾ' (Shrines of Modernity) എന്ന നിലയിലേക്ക് ഈ സ്ഥലങ്ങൾ സ്വായത്തമാക്കുന്ന അധികമൂല്യം വഴി ക്രമേണ പരിവർത്തിപ്പിക്കപ്പെടുന്നുണ്ട്. ഈ വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുക എന്നത് വിശുദ്ധമായ ആചാരമായി മാറുന്നു. ആധുനികയാത്രകളെക്കുറിച്ച് അന്വേഷിക്കുമ്പോൾ ദൃശ്യതയിലൂന്നിയുള്ള ആധുനിക ടൂറിസത്തിന്റെ വളർച്ച ഒഴിവാക്കാനാവാത്തതാണ്.

### സ്മാർട്ട്ഫോൺ യുഗത്തിലെ യാത്രകൾ

യാത്രികരുടെ അടിസ്ഥാന ആവശ്യവും അറിവുമായ ഭൂപടനിർമ്മിതിയിൽ ഉണ്ടായ വിപ്ലവകരമായ മാറ്റമാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ യാത്രകളുടെ സ്വഭാവം അടിമുടി മാറ്റിത്തീർത്തത്. വർഗ്ഗ/വർണ്ണ/ലിംഗ ഘടകങ്ങളുടെ വ്യത്യാസങ്ങളെ സമീകരിക്കും വിധം യാത്രയുടെ രീതികൾ അടിമുടി മാറ്റത്തിനു വിധേയമായി. സ്മാർട്ട് ഫോണുകളുടെ വരവാണ് ഈ മാറ്റത്തിന് വഴിതെളിച്ചത്. ഭൂപടവ്യവഹാരത്തിൽ അതുവരെ പ്രസക്തമായിരുന്ന

ശ്രേണികളെ അത് അസാധുവാക്കി മാറ്റി. ഒരു സ്മാർട്ട് ഫോൺ ഉടമയുടെ കയ്യിൽ സൗജന്യമായ, ആവശ്യങ്ങൾക്കനുസരിച്ച് വലുതായിക്കാണാനാവുന്ന, സ്വയം പുതുക്കിക്കൊണ്ടിരിക്കുന്ന, സൂക്ഷ്മാംശങ്ങൾ കൃത്യമായി രേഖപ്പെട്ട ഒരു ഭൂപടമുണ്ട്. അതയാൾ ഓൺ ചെയ്യുകയേ വേണ്ടൂ, ഈ ഭൂഗോളത്തിൽ എവിടെപ്പോയാലും ഈ ഭൂപടം അയാളെ അനുഗമിച്ചുകൊള്ളും. ഒരു സാധാരണക്കാരന് മനസ്സിലാക്കാവുന്നതിൽക്കവിഞ്ഞ ഒരു സങ്കീർണ്ണതയും ഡിജിറ്റൽ മാപ്പിന്റെ ഉപയോഗത്തിനില്ല. അതിൽ ചിഹ്നങ്ങളും ദൂരവേഗക്രമങ്ങളും ഉപയോക്താവിന് സുഗമമാകും വിധം അതിലളിതമായാണ് ക്രമീകരിച്ചിട്ടുള്ളത്.

യാത്രയുടെ ചരിത്രത്തിലെ ഏറ്റവും ഗംഭീരമായ കുതിച്ചുചാട്ടങ്ങളിലൊന്നാണ് ഇങ്ങനെ യാത്രയെ അനുഗമിക്കുന്ന സജീവമായ യാത്രാപദ്ധതി. മനുഷ്യചരിത്രത്തിലാദ്യമായാണ് ഒരു പ്രത്യേകസമയത്ത് നാം എവിടെ നിൽക്കുന്നു, ലക്ഷ്യസ്ഥാനമെത്താൻ ഇനി എവിടേക്ക് തിരിയണം, എങ്ങോട്ട് പോവണം എന്നിങ്ങനെ പ്രാദേശിക നിർദ്ദേശാങ്കങ്ങൾ ഉപയോഗിച്ച് നമ്മോട് പറഞ്ഞുതരാൻ കെല്പുള്ള ഭൂപടങ്ങളുണ്ടാവുന്നത്. ഭൂഗോളത്തിന്റെ കിടപ്പിനെ ഒരാൾ നിൽക്കുന്ന ഇടം വെച്ച് ക്രമപ്പെടുത്തുന്ന ഈ അഭൂതപൂർവ്വമായ കാർട്ടോഗ്രാഫിക് രീതി, സ്ഥലത്തോടും സഞ്ചാര സാധ്യതകളോടുമുള്ള മനുഷ്യരുടെ സമീപനങ്ങളിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത മാറ്റങ്ങൾ കൊണ്ടുവന്നു. നമ്മൾ/യാത്രക്കാർ ഏത് ദിശയിലേക്ക് തിരിയുന്നു, എങ്ങോട്ട് ചലിക്കുന്നുവെന്ന് ഒരു കാന്തികപ്രതലം ഉപയോഗിച്ച് സ്മാർട്ട് ഫോൺ യാത്രപദ്ധതി തിരിച്ചറിയുന്നതിനാൽ ഇതുവരെ ഏക ആശ്രയമായിക്കരുതിപ്പോന്നിരുന്ന പരമ്പരാഗത ഭൂപടവായനയുടെ സങ്കേതങ്ങൾ ഒറ്റയടിക്ക് അസാധുവാകുന്ന ഒരു സവിശേഷസന്ധിയിലാണ് ഇന്ന് യാത്രയുടെ ചരിത്രം എത്തി നില്ക്കുന്നത്.

സമാർട്ട്ഫോൺ സ്ക്രീനിലെ മാപ്പ് അപരിചിതവും അതിസങ്കീർണ്ണവുമായ സ്ഥലപടലങ്ങളുമായുള്ള നമ്മുടെ ബന്ധത്തെ പുനഃക്രമീകരിച്ചെടുക്കുന്നു. തൊട്ടുമുമ്പെത്തിയവരും കാലാകാലങ്ങളായി അവിടെ താമസിക്കുന്നവരും തമ്മിലുള്ള വ്യത്യാസം പല അർത്ഥങ്ങളിലും, സ്ഥലത്തെക്കുറിച്ചുള്ള അറിവിനെ സംബന്ധിച്ച് പ്രത്യേകിച്ചും ഇല്ലാതാവുന്നു. ടൂറിസ്റ്റും സ്വദേശിയും ഡിജിറ്റൽ മാപ്പിന്റെ ഉപയോക്താക്കളും ഉണഭോക്താക്കളുമെന്ന നിലയിൽ ഒരുപോലെ സ്ഥലപരിചിതരാകുന്നു; സമന്മാരാകുന്നു. സൈബർക്കാലത്ത് യാത്രയെന്നത് ഭൂമിയിലെന്നതിലുപരി ഡിജിറ്റൽ ഭൂപടത്തിലെ പൊട്ടുകളിൽ നിന്ന് പൊട്ടുകളിലേക്കാവുന്നു. അതോടെ പുരുഷൻ-സ്ത്രീ, ഉടമ-അടിമ,

മുതലാളി-തൊഴിലാളി എന്നിങ്ങനെയുള്ള വർഗ്ഗവ്യത്യാസങ്ങൾ യാത്രയുടെ ഡിജിറ്റൽകോഡിൽ അപ്രധാനമാവുകയും യാത്ര എന്ന അതിയാഥാർത്ഥ്യത്തിൽ എല്ലാം സമപ്പെടുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ സംവർഗ്ഗങ്ങൾ യാത്രയിലും മറ്റ് സാമൂഹികവ്യവഹാരങ്ങളിലും ഇടപെട്ടിരുന്നത് അവർ കയ്യാളിയിരുന്ന അറിവുകളുടെ അധികാരവുമായി ബന്ധപ്പെട്ടായിരുന്നു. ഈ അറിവുകളെ വിവരങ്ങളാക്കി പൊതു ഉപഭോഗത്തിന് ലഭ്യമാക്കുന്നതുവഴി വ്യത്യാസങ്ങളുടെയും വിവേചനങ്ങളുടെയും സമവാക്യങ്ങൾ പലതും പുതിയ കാലത്ത് തിരുത്തിയെഴുതേണ്ടതായി വരുന്നു.

സൈബർസഞ്ചാരി ഭൂമിയിൽ യഥാർത്ഥയാത്ര നടത്തുമ്പോഴും അവന്റെ/അവളുടെ യാത്രാപ്രതിനിധാനം അതി യാഥാർത്ഥ്യത്തിന്റെ പ്രതലങ്ങളിലാണ് രേഖയാകുന്നത്. ഓരോ ഇടങ്ങളിലേക്കും യാത്ര ചെയ്തെത്തിയ, കാഴ്ചകൾ കണ്ട സഞ്ചാരിയെന്ന ആത്മരതി കലർന്ന ബിംബത്തെ, അവതരിപ്പിക്കുന്ന ദൃശ്യത്തിന്റെ അവിഭാജ്യഘടകമായി രേഖപ്പെടുത്തിക്കൊണ്ട് സെൽഫിക്കാലം യാത്രയെഴുത്തിനെ യാത്രാപ്രദർശനത്തോടൊപ്പം ആത്മപ്രദർശനവുമാക്കി മാറ്റുന്നു. അവിടെ വിവരണം വിവരത്തെ പൂരിപ്പിക്കാൻ മാത്രമുള്ളതാവുന്നു. വിവരണങ്ങളുടെ ഈ അസ്തമയത്തിൽ,യാത്രയെന്ന വ്യവഹാരവും അതിന്റെ രേഖപ്പെടലുകളും സമഗ്രമായി പഠിക്കപ്പെടേണ്ടതാണെന്ന് സൂചിപ്പിക്കുക മാത്രമാണ് ഈ പ്രബന്ധം.

## സഹായക ഗ്രന്ഥങ്ങൾ

1. പോൾ മണലിൽ, ഡോ. 2015, യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
2. രമേഷ്ചന്ദ്രൻ വി., 1989, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. Adams Percy G., 1983, Travel Literature and the Evolution of Novel, The University Press of Kentucky.
4. Bassnet Susan, 2002, 'Travel writing and Gender', The Cambridge companion of Travel writing (Ed. Hulme Peter and Youngs Tim) Cambridge University Press U.K.
5. Edwards, Justin D. and Graulund Rune (Ed.), 2011, Post Colonial Travel writing: Critical Explorations, Palgrave, MacMillan.
6. Peat Alexandra, 2010, Travel and Modern Literature, Routledge, New York.
7. Ling, Rich and Campbell, Scott W., (Ed.), 2009, The Construction of Space and Time: Mobile Communicatain practies, Transaction Publishers London.

*soumyasuryam@gmail.com*

# ഭാഗം രണ്ട്

# യാത്ര: സാഹിത്യം, അനുഭവം, പാഠം

# അഗസ്ത്യാർകൂടയാത്ര: ചരിത്രം, മിത്ത്, യാഥാർത്ഥ്യം

ഡോ. ദീപു പി. കുറുപ്പ്
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം എൻ.എസ്. എസ്. കോളേജ്, നിലമേൽ, കൊല്ലം

സംഗ്രഹം

ലോകപൈതൃക പട്ടികയിൽ അടയാളപ്പെടുത്തപ്പെട്ട അഗസ്ത്യാർകൂടത്തിന്റെ ചരിത്ര യാഥാർത്ഥ്യത്തിലേക്ക് നടത്തിയ യാത്രാനുഭവമാണ് അഗസ്ത്യാർ കൂടയാത്ര: ചരിത്രം, മിത്ത് ,യാഥാർത്ഥ്യം. മലയപർവ്വതം, പൊതികമല, ബോധിമല, പെരുംപൊതി തുടങ്ങി പല പേരുകളിൽ അഗസ്ത്യാർകൂടം ആദ്യകാലത്ത് അറിയപ്പെട്ടു. അഗസ്ത്യമുടി ചരിത്ര ശ്രദ്ധയിലേക്ക് വരുന്നത് ബ്രിട്ടീഷ് തിരുവിതാംകൂറിന്റെ കാലത്താണ്. ജൈവവൈവിധ്യങ്ങളുടെ കലവറയാണ് അഗസ്ത്യാർകൂടം. ചരിത്രവും മിത്തും ഇടകലർന്നു കിടക്കുന്ന വനമേഖല കൂടിയാണ് ഇവിടം. പ്രകൃതിയെ അറിഞ്ഞ് അതിന്റെ ചരിത്ര ധാരകളെയറിഞ്ഞ് മിത്തുകളുടെ ഗൂഢസ്ഥലികളിൽ കയറിയിറങ്ങിയാണ് ഒരോ അഗസ്ത്യാർകൂട യാത്രികനും സഞ്ചരിക്കുന്നത്. ആദിമജനതയുടെ നിവാസകേന്ദ്രമായും ബുദ്ധഭിക്ഷുക്കളുടെ മോക്ഷകേന്ദ്രമായും അഗസ്ത്യമുനി യുടെ തപോമണ്ഡലമായും ആയ് രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായും പകർന്നാടുന്ന ചരിത്രമാണ് അഗസ്ത്യാർകൂടത്തിനുള്ളത്.

***താക്കോൽവാക്കുകൾ:*** നിയന്ത്രിതാവ്–ചരിത്രശ്രദ്ധ–നൈമിഷികത–ആധ്യാത്മികം–ആദിസ്മരണ–അരാജകത്വം–ജീവരക്തം–തപോമണ്ഡലം.

## ആമുഖം

അനന്യമായ ഒരു യാത്രാനുഭവമാണ് അഗസ്ത്യാർകൂടം നല്കുന്നത്. ഇവി ടേയ്ക്കുള്ള വഴിത്താരകളിൽ ചരിത്രവും മിത്തും ചേർന്ന് സൃഷ്ടിച്ചെടുത്ത ആയിരം കഥകളുറങ്ങിക്കിടക്കുന്നു. പ്രകൃതിയോടിണങ്ങി ജീവിച്ച ആദിമ മനുഷ്യന്റെ ജീവിതചര്യകളെ അനുഭവിപ്പിച്ചു തരുന്ന ഈ യാത്ര അവന്റെ

അതിജീവനത്തിന്റെ ചരിത്രം കൂടി ഓർമ്മപ്പെടുത്തി തരും. ഇരുപത്തിയാറുകിലോമീറ്ററോളം കാൽനടയായിമാത്രം ചെന്നെത്താവുന്ന സാഹസിക യാത്രയ്ക്കിടെ ജീവന്റെ നൈമിഷികതയെപ്പറ്റിയും അസ്ഥിരതയെപ്പറ്റിയും യാത്രക്കാരൻ നിരന്തരം ബോധ്യപ്പെടുന്നവനാകും. എന്നിരുന്നാലും അതൊരനുഭവമാണ്! വന്യമൃഗങ്ങൾ സ്വൈര്യവിഹാരം നടത്തുന്ന കാനനപാതകളിലൂടെ നിശബ്ദനായി സഞ്ചരിച്ച്, കാൽമുട്ട് വന്ന് നെഞ്ചിൽ തട്ടുന്ന കുത്തൻ കയറ്റങ്ങൾ താണ്ടി, മഞ്ഞിന്റെ തലോടലിനാൽ നനഞ്ഞുകിടക്കുന്ന കൊക്കകൾക്കരികെയുള്ള വഴുക്കൻ ചെങ്കുത്ത് പാറകളിൽ കയറുകളിലൂടെ തൂങ്ങിക്കയറി മുകളിലെത്തിയാൽ ഒരുവനെ കാത്തിരിക്കുന്നത് ടെൻസിങ്ങും ഹിലാരിയും ആംസ്ട്രോങ്ങുമൊക്കെ അനുഭവിച്ച അനുഭൂതി വിശേഷമാണ്. പ്രകൃതി എന്താണെന്നു കാട്ടിത്തരുന്ന കണ്ണെത്താ ദൂരത്തോളമുള്ള പച്ചപ്പിന്റെ കാഴ്ചകൾ, ലോകത്തിന്റെ നെറുകയെന്നു വിശേഷിപ്പിക്കുന്ന ഹിമാലയൻ മലനിരകളിലേതിന് സമാനമായ മഞ്ഞുവാതങ്ങളും കാലാവസ്ഥയും മഹാമാരികളെ പ്രതിരോധിക്കുന്ന ഔഷധങ്ങളുടെ ഗന്ധമൊഴുകിവരുന്ന കാറ്റ്, ഇതെല്ലാം യുനെസ്കോയുടെ ലോകപൈതൃകപട്ടികയിൽ ഇടംപിടിച്ച അഗസ്ത്യാർകൂട മലനിരകളുടെ മാത്രം പ്രത്യേകതയാണ്. ഇവിടേയ്ക്കുള്ള യാത്രയും തൽസംബന്ധമായ ചരിത്രവും മിത്തുമൊക്കെ ഇഴകീറി പരിശോധിക്കാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

### 1. അഗസ്ത്യാർകൂടം ചരിത്രത്തിന്റെ ദൃഷ്ടിയിലൂടെ

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ സ്ഥിതിചെയ്യുന്ന പർവ്വതമാണ് അഗസ്ത്യാർകൂടം.1869 മീറ്റർ പൊക്കമുള്ള ഈ കൊടുമുടി കേരളത്തിലെ പർവ്വതങ്ങളിൽ ഉയരത്തിൽ രണ്ടാംസ്ഥാനം വഹിക്കുന്നു. സഹ്യപർവതനിരയുടെ തെക്കേയറ്റം കൂടിയാണിത്. പരിസ്ഥിതി സ്നേഹികളെയും തീർത്ഥാടകരെയും ഒരുപോലെ ആകർഷിക്കുന്ന മനോഹരപ്രദേശമാണിത്. ജൈവസമ്പന്നമായ ഇവിടം വംശനാശഭീഷണി നേരിടുന്ന അനേകം സസ്യജാലങ്ങളുടെ സംരക്ഷണകേന്ദ്രം കൂടിയാണ്. ചരിത്രപരമായും സാംസ്കാരികപരമായും ഏറെ ശ്രദ്ധേയമായ ഒരു സ്ഥാനമാണ് അഗസ്ത്യാർകൂടത്തിനുള്ളത്. അഗസ്ത്യാർകൂടം എന്ന പർവ്വതനാമത്തിന്റെ നിരുക്തിയിൽ നിന്നുതന്നെ ആരംഭിക്കാം. 'അഗസ്ത്യാർ', 'കൂടം' എന്നീ ഘടകപദങ്ങളാണ് ഈ നാമത്തിൽ അടങ്ങിയിരിക്കുന്നത്. ഇതിലെ അഗസ്ത്യർ ഇതിഹാസപുരാണങ്ങളിലും ചരിത്രത്തിലും ഒരുപോലെ ഇടം നേടിയ മുനിപ്രമുഖനാണ്. 'കൂടം' എന്നാൽ 'കൊടുമുടി', 'പർവതങ്ങളുടെ

ശിരോസ്ഥാനം' എന്നിങ്ങനെ അർത്ഥം കാണുന്നു. അങ്ങനെയാണെങ്കിൽ അഗസ്ത്യന്റെ കൂടമാണ് അഗസ്ത്യാർകൂടം. അഗസ്ത്യന്റെ വാസസ്ഥലമായ കൊടുമുടി എന്ന അർത്ഥത്തിലാണ് പൊതുവെ ഈ പദത്തിന് അർത്ഥം കല്പിക്കുന്നത്.

1.1. അഗസ്ത്യനും അകത്തിയരും

ധാരാളംപേർ അഗസ്ത്യൻ എന്ന പേരിൽ പുരാണ പ്രശസ്തരായുണ്ട്. ആര്യവും ദ്രാവിഡവുമായ ഭേദങ്ങളോടെ ഈ മുനി ചരിത്രത്തിലും പ്രത്യക്ഷപ്പെടുന്നു. ഋഗ്വേദത്തിൽ പരാമർശിച്ചിരിക്കുന്ന കുംഭസംഭവനായ മുനിയാണ് ഇതിൽ ഏറ്റവും പ്രശസ്തൻ. പുരാണങ്ങൾ പ്രകാരം സപ്തർഷികളിൽ ഒരാളാണ് അഗസ്ത്യൻ. ഋഗ്വേദസംഹിതയിൽ 166 മുതൽ 191 വരെയുള്ള സൂക്തങ്ങൾ രചിച്ചിരിക്കുന്നത് ഇദ്ദേഹമാണെന്ന് കരുതുന്നു. അതുകൊണ്ടുതന്നെ അഗസ്ത്യനാമഗണത്തിലെ പ്രാചീനനും ഈ അഗസ്ത്യനായിരിക്കണം. സ്കന്ദ-വായു-അഗ്നി- മത്സ്യ-ബ്രഹ്മപുരാണങ്ങളിലും രാമായണ-മഹാഭാരതാദി ഇതിഹാസങ്ങളിലും ശ്രീമദ്ഭാഗവതം, ദേവീഭാഗവതം തുടങ്ങിയ ഹിന്ദു ആധ്യാത്മഗ്രന്ഥങ്ങളിലും കുംഭസംഭവനായ അഗസ്ത്യൻ ശ്രദ്ധേയമായ ഒരു കഥാപാത്രമായി വരുന്നുണ്ട്. അഗസ്ത്യൻ എന്ന നാമം ഉദ്ഭവിക്കാൻ കാരണമായതു സംബന്ധിച്ച് ധാരാളം സൂചനകൾ മേൽഗ്രന്ഥങ്ങളിൽ നിന്നു തന്നെ ലഭിക്കുന്നുണ്ട്. മത്സ്യപുരാണത്തിൽ അഗ്നി-വായുദേവാദികളുടെ അംശങ്ങൾ ഒരു കുംഭത്തിനുള്ളിലായെന്നും അതിൽനിന്നാണ് അഗസ്ത്യൻ ജനിച്ചതെന്നും പറയുന്നു. ഉർവശി എന്ന അപ്സരസ്ത്രീയുടെ സൗന്ദര്യം കണ്ട് മയങ്ങി മിത്രനും വരുണനും ധാതു സ്ഖലനമുണ്ടായെന്നും അത് ഒരു കുടത്തിനകത്താക്കി സൂക്ഷിച്ചുവെന്നും അതിൽ നിന്നാണ് അഗസ്ത്യൻ ഉണ്ടായതെന്നും 'കുംഭസംഭവത്തെ' സംബന്ധിച്ച് മറ്റൊരു കഥയുമുണ്ട്. അഗത്തിൽ (കുടം) ത്തിൽ നിന്ന് സത്യായനം ചെയ്യപ്പെട്ടതിനാലാണ് അഗസ്ത്യൻ എന്ന നാമം അദ്ദേഹത്തിന് ലഭിച്ചതെന്ന് മേൽകഥകൾ വിശദീകരിക്കുന്നു. വിന്ധ്യപർവതത്തിന്റെ ഗർവ്വ് ശമിപ്പിച്ചവൻ എന്ന അർത്ഥത്തിൽ (അഗത്തെ അഥവാ പർവതത്തെ സ്തംഭിച്ചവൻ) അദ്ദേഹത്തിന് അഗസ്ത്യനാമമുണ്ടായി എന്ന് മറ്റൊരു മതവുമുണ്ട്. രാമായണത്തിൽ യുദ്ധക്ഷീണിതനായ രാമനെ ആദിത്യഹൃദയമന്ത്രമുപദേശിച്ച് ഊർജസ്വലനാകുന്നത് ഈ മഹർഷിയാണ്. ബ്രഹ്മപുരാണത്തിൽ പുലസ്ത്യന്റെ പുത്രനായാണ് അഗസ്ത്യനെ അവതരിപ്പിക്കുന്നത്. തന്റെ തപഃശക്തിയാൽ സൃഷ്ടിച്ച പത്നിയായ ലോപമുദ്രയോടൊത്ത് അദ്ദേഹം വിന്ധ്യപർവതത്തിന്റെ തെക്കുള്ള കുഞ്ജരപർവതത്തിൽ

വസിച്ചിരുന്നുവെന്ന് ഈ പുരാണം സാക്ഷ്യപ്പെടുത്തുന്നു. ഈ കുഞ്ജരപർവതം അഗസ്ത്യാർകൂടമാണ്. എന്തായാലും ആര്യപുരാണേതിഹാസങ്ങളിൽ പ്രമുഖമായൊരു സ്ഥാനം അഗസ്ത്യനുണ്ടെന്ന് ഈ സൂചനകളിൽ നിന്നു മനസ്സിലാക്കാം.

അഗസ്ത്യന്റെ ദ്രാവിഡനാമമാണ് അകത്തിയർ. ദ്രാവിഡസംസ്കാരത്തിലാണ് അഗസ്ത്യന്റെ പ്രഭാവം ശക്തമായി കാണാൻകഴിയുന്നത്. അഗസ്ത്യനെ തമിഴകത്തെ ജനത ദൈവമായി കണ്ട് ആരാധിച്ചുപോരുന്നു. തമിഴ്പുരാണങ്ങളിലും സാഹിത്യത്തിലും ധാരാളം പരാമർശങ്ങൾ അകത്തിയരെ സംബന്ധിച്ചുണ്ട്. വൈദ്യശാസ്ത്രത്തിന്റെയും ജ്യോതിഃശാസ്ത്രത്തിന്റെയും പിതാവായി തമിഴർ ഗണിക്കുന്നത് അകത്തിയരെയാണ്. തമിഴ്ഭാഷയുടെ അക്ഷരമാല നിർമ്മിച്ചതും തമിഴിൽ ആദ്യമായി ഒരു ലക്ഷണഗ്രന്ഥം തയ്യാറാക്കിയതും ഇദ്ദേഹമാണെന്ന് വിശ്വസിക്കുന്നു. 12000 ശ്ലോകങ്ങളുള്ള ഈ ആദിഗ്രന്ഥത്തെക്കുറിച്ച് തൊൽക്കാപ്പിയം തുടങ്ങിയ വ്യാകരണ-ലക്ഷണശാസ്ത്ര ഗ്രന്ഥങ്ങളിൽ പരാമർശമുണ്ടെങ്കിലും കണ്ടുകിട്ടിയിട്ടില്ല. സംഘകാലത്ത് പൊതിയമലയിൽ വസിച്ച് ഒന്നാം സംഘത്തെ (മുതൽച്ചങ്കം) നിയന്ത്രിച്ചിരുന്നയാളാണ് അകത്തിയർ എന്ന് പണ്ഡിതന്മാർ വിശ്വസിക്കുന്നു. ഇങ്ങനെ തമിഴ് ഭാഷയുടെയും സിദ്ധവൈദ്യത്തിന്റെയും പിതാവായും ഒന്നാംസംഘത്തിന്റെ നിയന്ത്രിതാവായും അകത്തിയം എന്ന ആദ്യതമിഴ് ലക്ഷണശാസ്ത്രഗ്രന്ഥത്തിന്റെ രചയിതാവുമായൊക്കെ ദ്രാവിഡ മനസ്സുകളിൽ അകത്തിയർ നിറഞ്ഞുനില്ക്കുന്നു.

### 1.2. മലയപർവതവും പൊതികമലയും

അഗസ്ത്യാർകൂടം പൂർവ്വകാലങ്ങളിൽ പല പേരുകളിൽ അറിയപ്പെട്ടിരുന്നു. 'മലയപർവതം', 'പൊതികമല', 'ബോധിമല', 'പെരുംപൊതി' എന്നിങ്ങനെയാണവ. വാൽമീകിരാമായണം കിഷ്കിന്ധാകാണ്ഡത്തിൽ പൊതികമലയെക്കുറിച്ച് പരാമർശം കാണുന്നു. സീതാന്വേഷണത്തിനായി ദക്ഷിണദിക്കിലേക്ക് പുറപ്പെടുന്ന വാനരസമൂഹത്തോട് അഗസ്ത്യനെ വന്ദിച്ച് അനുഗ്രഹം വാങ്ങണമെന്ന് സുഗ്രീവൻ നിർദ്ദേശിക്കുന്നുണ്ട്. 'പൊതികമലയിൽ അകത്തിയമുനിയുടെ തമിഴ് സംഘമുണ്ട്, അവിടെ പോകുമ്പോൾ സീതയെ അന്വേഷിക്കേണ്ട കാര്യം മറന്ന് തമിഴ് ആസ്വദിച്ച് അവിടെ നിന്നു പോയേക്കുമെന്ന്'' സുഗ്രീവൻ പറയുന്നതായും കാണുന്നു (പ്രൊഫ. എം. അച്യുതൻ, 1994:5). ഈ പരാമർശത്തിൽ നിന്ന് ഇതിഹാസകാലഘട്ടത്തിൽത്തന്നെ അഗസ്ത്യാർകൂടത്തിനു വളരെയധികം പ്രാധാന്യം

കല്പിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. 'തെൻ തമിഴ് നാട്ടകൻ പൊതിയിൽ തിരുമുനിവൻ തമിഴ് സംഘം' എന്ന കമ്പരാമായണത്തിലെ സൂചനയും ശ്രദ്ധേയമാണ്. പൊതിയിൽ തിരുമുനിവൻ എന്ന് വിശേഷിപ്പിക്കുന്നിടത്തെ 'പൊതിയിൽ' എന്ന പരാമർശം അഗസ്ത്യാർകൂടത്തെക്കുറിച്ചുള്ളതാണ്.

സംഘകാലഘട്ടത്തിലെ കൃതികളിലാണ് പൊതിയം എന്നപേര് അഗസ്ത്യാർകൂടത്തിനു സാർവ്വത്രികമായി ഉപയോഗിച്ചു കാണുന്നത്. പുറനാനൂറ്, അകനാനൂറ്, പരിപാടൽ, മധുരൈകാഞ്ചി തുടങ്ങിയ കൃതികളിൽ 'പൊതിയം' എന്ന പേരിലാണ് അഗസ്ത്യാർകൂടം അറിയപ്പെടുന്നത്. 'പൊതിയിൽ മുനിവൻ പുരൈവരെ കീഴ' എന്നാണ് പരിപാടൽ കൃതിയിലെ പരാമർശം. പൊതിയിൽ മലയിലെ ചന്ദനമരങ്ങളെയും പൂങ്കാടുകളെയുംപറ്റി പുറനാനൂറിലും (പുറനാനൂറ് 128-ാം പാട്ട്) അകനനാനൂറിലും (മൂന്നാം ഭാഗം നാല്പതാം ഗാനം 17 മുതൽ 22 വരെയുള്ള വരികൾ) വർണ്ണിക്കുന്നുണ്ട്. മുടമോചിയാർ, മോചികീരനാർ, മാമൂലനാർ തുടങ്ങിയവരൊക്കെയാണ് പാട്ടുകാർ. ഇളങ്കോവടികളുടെ ചിലപ്പതികാരത്തിലെ 'മാമുനി പൊതിയിൽ മലൈവലം കൊണ്ടു' എന്ന സൂചനയും വ്യക്തമാക്കുന്നത് സംഘകാലഘട്ടത്തിൽ പൊതിയിൽ, പൊതിയം, എന്നീ പേരുകളിലാണ് ഈ പർവതം അറിയപ്പെട്ടിരുന്നതെന്നാണ്. മധുരൈകാഞ്ചി, മാങ്കുടികീഴാരുടെ കാഞ്ചിപ്പാട്ട്, തുടങ്ങിയ പ്രമുഖരചനകളിലും അഗസ്ത്യാർകൂടത്തെ പൊതികമല എന്നാണ് വിശേഷിപ്പിക്കുന്നത്.

മലയപർവതമെന്നത് അഗസ്ത്യാർകൂടത്തിന്റെ മറ്റൊരു പ്രാചീന നാമമാണ്. ബുദ്ധ-ഹിന്ദു മതങ്ങൾ ഇവിടെ പ്രചരിക്കുന്നതിനു മുമ്പും ശേഷവും സഹ്യപർവതനിരകൾ മലയനാമത്തിൽ അറിയപ്പെട്ടിരുന്നു. "കേരളത്തിന്റെ കിഴക്കേ അതിർത്തിയായ കോയമ്പത്തൂർ തൊട്ട് കന്യാകുമാരി വരെ ഉടനീളം കിടക്കുന്ന പശ്ചിമഘട്ട പർവ്വതപംക്തികളുടെ തെക്കേ പകുതിക്ക് മലയപർവ്വതമെന്ന് പേരുണ്ട്.പൊതിയിൽമലയിലെ ചന്ദനത്തെ സംഘകവികൾ തുലോം ശ്ലാഘിച്ചു പറയുന്നതുകൊണ്ട് പൊതിയിൽ എന്ന സംജ്ഞ അഗസ്ത്യാർകൂടത്തിന് മാത്രമുള്ളതല്ല, മലയപർവ്വതത്തിനൊട്ടാകെ ഉള്ളതാണെന്ന് ഊഹിക്കാം" എന്നു ശങ്കു അയ്യർ അഭിപ്രായപ്പെട്ടു കാണുന്നു (1962: 86). മലയാളം എന്ന പദത്തിന്റെ നിഷ്പത്തിതന്നെ മലയപർവ്വതവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. സഹ്യാദ്രിയുടെ തെക്കുഭാഗത്തെ പൊതുവെയും അഗസ്ത്യാർകൂടത്തിനെ പ്രത്യേകിച്ചും മലയപർവ്വതം എന്നു വിളിച്ചിരിക്കണം. ചിലപ്പതികാരത്തിൽ മലയപർവ്വതം എന്ന് അഗസ്ത്യാർകൂടത്തെ വിശേഷിപ്പിക്കുന്നു.

ബുദ്ധമതത്തിന്റെ സ്വാധീനഫലമായി ബോധിമലയെന്നൊരു നാമവും അഗസ്ത്യാർകൂടത്തിന് പണ്ടുണ്ടായിരുന്നു. സ്കന്ദപുരാണപ്രകാരം അഗസ്ത്യൻ വിന്ധ്യപർവ്വതം താണ്ടി ബോധമലയിൽ ചെന്ന് കുടിപാർത്തു എന്നു കാണുന്നു. അതായത് അഗസ്ത്യൻ ഇവിടെ വരുന്നതിനു മുൻപ് ബോധിമല യെന്നൊരു നാമം അഗസ്ത്യാർകൂടത്തിനുണ്ടായിരുന്നു. ബുദ്ധമതവിശ്വാസപ്ര കാരം ബോധിസത്ത്വാവലോകിതേശ്വരന്റെ ആവാസസ്ഥാനമാണ് പൊതി യിൽമല. അതുകൊണ്ടാണ് ബോധിമലയെന്നും ഇത് അറിയപ്പെട്ടത്.

എ.ഡി. രണ്ടാംനൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ടോളമിയുടെ വിവ രണങ്ങളിൽ നിന്നും പൊതിയൻ മലയെപ്പറ്റി വിവരങ്ങൾ ലഭിക്കുന്നുണ്ട്. 'ബെതിഗോ' എന്നാണ് ടോളമി പൊതിയംമലയെ വിളിച്ചുകാണുന്നത്. ഈ പർവ്വതം തെക്കേ ഇന്ത്യയിലെ ഒരു പ്രമുഖ പർവ്വതമാണെന്നും ഏറെ ജനസാന്ദ്രതയുള്ള ഈ പർവ്വതത്തിൽ നിന്ന് ധാരാളം നദികൾ ഉത്ഭവിക്കു ന്നതായും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. 'പൊതിയിൽ', 'പൊതികെ' എന്നീ ദ്രാവിഡപദങ്ങളുടെ രൂപാന്തരണമാണ് ബെതിഗോ എന്നത്. പണ്ഡിതന്മാർ പൊതുവിൽ അംഗീകരിച്ചു കാണുന്ന ഒന്നാണ്. എ.ഡി. രണ്ടാം നൂറ്റാണ്ടിലെ ഒരു സഞ്ചാരി അഗസ്ത്യാർകൂടത്തെ സംബന്ധിച്ച് ഇത്തരത്തിൽ വിശദവിവരണങ്ങൾ നല്കുണമെങ്കിൽ ആ കാലത്ത് അത് എത്രത്തോളം പ്രാധാന്യമർഹിച്ചിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ചുരുക്കത്തിൽ മലയപർവ്വതം എന്ന ദ്രാവിഡനാമത്തിൽ ആദ്യകാലത്ത് അറിയപ്പെട്ട ഈ പർവ്വതം പിന്നീട് ബോധിസത്ത്വാവലോകിതേശ്വരന്റെ വാസസ്ഥാനമായതോടെ ബോധിമലയെന്നും അതിൽനിന്നും പൊതി യിൽമലയെന്നും നാമം നേടി. ആര്യാധിനിവേശം ശക്തമായതോടു കൂടി അഗസ്ത്യന്റെ വാസസ്ഥലം എന്നനിലയിൽ അതിന് അഗസ്ത്യാർകൂടം എന്ന നാമം സ്വായത്തമാവുകയാണുണ്ടായത്.

### 1.3. ബോധിസത്ത്വാവലോകിതേശ്വരനും അഗസ്ത്യാർകൂടവും

ബുദ്ധമതവിശ്വാസപ്രകാരം ബോധിസത്ത്വാവലോകിതേശ്വരൻ എന്ന ബുദ്ധശിഷ്യന്റെ വാസസ്ഥാനമാണ് അഗസ്ത്യാർകൂടം. പൊതിയംമല എന്ന പ്രാചീനനാമത്തിലെ 'പൊതി' എന്ന ശബ്ദം 'ബോധി' എന്ന വാക്കുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ബുദ്ധമതം പ്രചരിപ്പിക്കുന്നതിൽ ബോധിസത്ത്വൻ നിർവഹിച്ച പങ്ക് നിസ്തുലമാണ്. തിബറ്റിലെ പൊതാല പാലസിന് ആ നാമം ലഭിച്ചത് പൊതിയംമലയെ അനുസ്മരിച്ചു കൊണ്ടാണെന്ന് കേര ളത്തിലെ ബുദ്ധമത സ്വാധീനത്തെക്കുറിച്ച് ഗവേഷണം നടത്തിയ ശങ്കു

അയ്യരെ പോലുള്ളവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെടുന്നു. “ഐതീഹ്യങ്ങളുടെ വിളനിലമായ പൊതിയിൽ മല അഗസ്ത്യമുനിയുടെ വാസഭൂമി മാത്രമായിരുന്നില്ല. ബുദ്ധമതം ദക്ഷിണേന്ത്യയിൽ കാലുകുത്തിയ നാൾ മുതൽ അത് ബോധിസത്വവലോകിതേശ്വരന്റ ക്ഷേത്രമാണെന്ന് ബുദ്ധമതാനുയായികൾ വിശ്വസിച്ച പോരുന്ന ഒരു പുണ്യസ്ഥലം കൂടിയായിരുന്നു” (1962: 87). ഈ ബോധിസത്ത്വന്റെ അവതാരങ്ങളായാണ് ലാമമാരെ പരിഗണിക്കുന്നത്. എ.ഡി. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഹ്യയാൻസാങ് പൊതിയംമലയെ പ്രമുഖ ബുദ്ധകേന്ദ്രമായി വിലയിരുത്തുന്നുണ്ട്. പൊതിയംമലയിൽ തീർത്ഥാടനം നടത്തി ജന്മസായൂജ്യം നേടുക എന്നത് മഹായാനബുദ്ധമതക്കാരുടെയും സന്യാസിമാരുടെയും പരമലക്ഷ്യമായിരുന്നു. എന്നാൽ തിബറ്റിലെ സാധാരണക്കാർ ഈ കർമ്മം അനുഷ്ഠിക്കുവാൻ പ്രാപ്തരല്ലായിരുന്നു. ഇടതൂർന്ന കാടുകളും ദുർഘടം പിടിച്ച മലമ്പാതകളും താണ്ടി ഇവിടെ എത്തിച്ചേരുക ദുഷ്കരമായിരുന്നു. ഈ വിഷമസ്ഥിതി മറികടക്കാനാണ് എട്ടാം നൂറ്റാണ്ടിലെ തിബറ്റൻ ഭരണാധികാരിയായ സ്രാങ്ബത്ത് സാൻ തന്റെ തലസ്ഥാനനഗരമായ ലാസയിൽ ഒരു വിഹാരം പണിയിച്ച് അതിന് കേരളത്തിലെ പൊതികമലയുടെ പേര് ചാർത്തിക്കൊടുത്തത്. പിന്നീട് ഈ വിഹാരം ബോൺമതക്കാരുടെ ആക്രമണത്തിൽ നശിച്ചുപോവുകയുണ്ടായി. 1644-ൽ, ആയിരം വർഷങ്ങൾക്കു ശേഷം താലയ് അഞ്ചാം ലാമ പ്രസ്തുത വിഹാരം പുതുക്കിപ്പണിതു. അദ്ദേഹവും ബോധിസത്ത്വന്റെ കേന്ദ്രമായ പൊതിയംമലയെ അനുസ്മരിച്ചു കൊണ്ട് പുതുക്കി പണിത വിഹാരത്തിനു ‘പൊതാല’ എന്ന നാമം തന്നെ നല്കി. ബുദ്ധമതക്കാരുടെ പ്രധാന ആത്മീയ കേന്ദ്രമായി തിബത്തിൽ ഇന്നും നിലനില്ക്കുന്ന പൊതാല സ്വർണ്ണകൊട്ടാരം തന്നെയാണിത്. ലാസയിലെ ഈ കൊട്ടാരത്തിനെ അനുകരിച്ചുകൊണ്ടാണ് ചൂസൻ ദ്വീപ് സമൂഹത്തിലെ പൊതാല കൊട്ടാരവും ചൈനയിലെ ജിഹോളിലെ പൊതാല കൊട്ടാരവും നിർമ്മിക്കപ്പെട്ടത്. കേരളത്തിലെ അഗസ്ത്യാർകൂടം ക്രിസ്തുവിനു മുൻപുതന്നെ ലോകശ്രദ്ധ നേടിയിരുന്നു എന്ന നിഗമനത്തിലേക്കാണ് പ്രസ്തുത സൂചനകളെല്ലാം വിരൽചൂണ്ടുന്നത്.

ബോധിസത്ത്വന്റെ വാസസ്ഥാനമായിരുന്നു പൊതിയംമല എന്ന് നേരത്തെ സൂചിപ്പിച്ചു. ബുദ്ധമതാനുയായിയായ വീരചോഴിയകർത്താവ്, അഗസ്ത്യനെ തമിഴ് പഠിപ്പിച്ചത് ബോധിസത്ത്വനാണെന്ന ഒരു പരാമർശം നടത്തുന്നുണ്ട്. മാത്രമല്ല ലോകത്തിൽ കാണപ്പെടുന്ന ഏത് മാരകമായ

രോഗത്തിനും ബോധിസത്ത്വനും അഗസ്ത്യനും മരുന്നു കണ്ടുപിടിച്ചു നല്കിയിരുന്നു. ആയുർവേദത്തിന് ബുദ്ധമതം നല്കിയ സംഭാവനകൾ കൂട്ടിച്ചേർത്തുവേണം ഇതിനെ കാണാൻ. ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഇന്ത്യ ഭരിച്ച മൗര്യ ചക്രവർത്തിയായ അശോകന്റെ നിർദേശപ്രകാരം ശ്രീലങ്കയിലേക്ക് പുറപ്പെട്ട മഹേന്ദ്രൻ നയിക്കുന്ന സന്യാസി സംഘം അവലോകിതേശ്വരന്റെ നാടായ പൊതിയംമലയിലെത്തിയെന്നും അവിടെ ഒരു ബുദ്ധസ്തംഭം സ്ഥാപിച്ചതായും പറയപ്പെടുന്നുണ്ട്. ഇതും ശ്രദ്ധേയമായ ഒരു സംഗതിയാണ്. ഇത്തരത്തിൽ ബോധിസത്ത്വാവലോകിതേശ്വരനുമായി ബന്ധപ്പെട്ട് കടൽകടന്ന കീർത്തിയോടെയാണ് അഗസ്ത്യാർകൂടം തലയുയർത്തിപ്പിടിച്ചു നില്ക്കുന്നത്.

### 1.4. ആയ് രാജാക്കന്മാരും അഗസ്ത്യാർകൂടവും

ആയ് രാജാക്കന്മാർ യാദവവംശത്തിൽ അഥവാ വൃഷ്ണിവംശത്തിൽനിന്നും ഉദ്ഭവിച്ചവരാണെന്ന് വിക്രമാദിത്യവരഗുണന്റെ പാലിയംശാസനത്തിൽ സൂചിപ്പിക്കുന്നു. അഗസ്ത്യനുമായി ഈ രാജവംശത്തിന് ബന്ധം കല്പിച്ചു കാണുന്നു. തൊൽക്കാപ്പിയവ്യഖ്യാനത്തിൽ നച്ചിനാർക്കിനിയാർ ആയ് രാജാക്കന്മാരും അഗസ്ത്യനോടൊപ്പം ദ്വാരകയിൽനിന്ന് എത്തിയവരാണെന്നു സൂചിപ്പിക്കുന്നുമുണ്ട്. അഗസ്ത്യനും അഗസ്ത്യാർകൂടത്തിനും ആയ് രാജാക്കന്മാരുമായുള്ള ബന്ധം അഭേദ്യമായിത്തന്നെ ചരിത്രത്തിൽ നിലകൊള്ളുന്നു.

ഒരു കാലഘട്ടത്തിൽ വടക്കു തിരുവല്ലമുതൽ തെക്കു നാഗർകോവിൽവരെയുള്ള സഹ്യപർവ്വത പ്രദേശങ്ങളാണ് ആയ് രാജാക്കന്മാരുടെ ഭരണത്തിൽ ഉണ്ടായിരുന്നത്. പൊതിയൻമലയായിരുന്നു തലസ്ഥാനം. പില്ക്കാലങ്ങളിൽ പൊതിയൻമലയുടെ സമീപമുള്ള ആയ്കുടി (വിഴിഞ്ഞം –കോട്ടാർ പ്രദേശം) യിലേക്ക് തലസ്ഥാനം മാറുകയുണ്ടായി. പമ്പാനദിക്കും കന്യാകുമാരിക്കും ഇടയിലുള്ള പ്രദേശമായി ടോളമി കല്പിക്കുന്ന 'അയോയി' ആയ് രാജാക്കന്മാരുടെ ആയ്കുടി തന്നെയാണ്. ആയ് ആണ്ടിരൻ, തിതിയൻ, അതിയൻ എന്നിവരാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യകാല ആയ്രാജാക്കന്മാർ. സംഘകാലരചനകളിൽ ഇവരെ വർണ്ണിക്കുന്ന ധാരാളം കവിതകളുണ്ട്. പുറനാനൂറിൽ 'പൊതിയംമലയുടെ അതിനായകൻ' എന്ന് മുടമോചിയാറും കുട്ടുവൻ കീരനാരും ആണ്ടിരനെ വർണ്ണിക്കുന്നുണ്ട്. ആണ്ടിരനുശേഷം പ്രശസ്തിയിലേക്കുയർന്ന ആയ് രാജാവാണ് തിതിയൻ അദ്ദേഹത്തിനെ 'പൊതിയൻ ചെൽവൻ' എന്നാണ് അകനാനൂറിൽ വിശേഷിപ്പിക്കുന്നത്. തുടർന്നുവന്ന അതിയൻ

എന്ന രാജാവിന്റെ കാലംമുതൽ ആയ്‌രാജാക്കന്മാർക്ക് ശക്തിക്ഷയം സംഭവിച്ചെന്നും ക്രമേണ അവർ ഒരു ചെറുനാട്ടുരാജ്യമായി ചുരുങ്ങിയെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടു കാണുന്നു.

ചടയൻ, കരുനന്തരുമൻ, കരുനന്തടക്കൻ, വിക്രമാദിത്യവരഗുണൻ എന്നിവരാണ് എട്ടാം നൂറ്റാണ്ടിനുശേഷം പ്രശസ്തിയിലേക്കുയർന്ന ആയ് രാജാക്കന്മാർ. കരുനന്തടക്കന്റെ പാർത്ഥിപപുരം ശാസനം (ഹജ്ജൂർശാസനം) വിക്രമാദിത്യവരഗുണന്റെ പാലിയംശാസനം തുടങ്ങിയവയിൽ നിന്നാണ് അവരുടെ കാലവും ഭരണനിർവഹണസംബന്ധമായ വിവരങ്ങളും ലഭിക്കുന്നത്. അഗസ്ത്യാർകൂടത്തെ സംബന്ധിച്ച് ആയ് രാജാക്കന്മാരുടെ സ്ഥാനം വിസ്മരിക്കാവുന്നതല്ല. സംഘകാലഘട്ടത്തിൽ പ്രമുഖശക്തിയായി ഗണിക്കപ്പെട്ടിരുന്ന ആയ് രാജാക്കന്മാർ പൊതിയംമലയുടെ അതിനായകരായി അറിയപ്പെടാൻ ആഗ്രഹിച്ചവരാണ്. അതുകൊണ്ടാണ് പല കവികളും അവരെ അത്തരത്തിൽ പ്രകീർത്തിക്കുന്നത്. സംഘകാലഘട്ടത്തിലെ ആയ് രാജാക്കന്മാരെല്ലാം അഗസ്ത്യനെ ദൈവമായി കണ്ട് ആരാധിക്കുകയും അദ്ദേഹത്തിന്റെ മഹത്വം പ്രചരിപ്പിക്കുകയും ചെയ്തിരിക്കണം. സംഘകാലഘട്ടത്തിലെ പൊതിയംമലയെക്കുറിച്ചുള്ള വിവരണങ്ങളിൽനിന്ന് ആ നാട്ടിൽ വിപുലമായ സാംസ്കാരികപൈതൃകമുള്ള ഒരു നാഗരികത നിലനിന്നിരുന്നു എന്ന സൂചനകൾ കാണുന്നു. കോട്ടകൊത്തളങ്ങളും കൊട്ടാരങ്ങളും ഒരു കാലഘട്ടത്തിൽ പൊതിയംമലയിൽ ഉണ്ടായിരുന്നു. കാർഷികസമൃദ്ധിയിലും പുകൾപെറ്റതായിരുന്നു ആയ് തലസ്ഥാനം. വേണാടിനെ പാണ്ഡ്യനാടുമായി ബന്ധിപ്പിക്കുന്ന അംബാസമുദ്രം വരെ നീളുന്ന ഒരു പാത ആദികാലങ്ങളിൽ പൊതിയ താഴ് വാരത്തിലൂടെ ഉണ്ടായിരുന്നു. വളരെയധികം വാണിജ്യപ്രാധാന്യമുണ്ടായിരുന്ന ഈ പാത ആയ് തലസ്ഥാനത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി. സുഗന്ധവ്യഞ്ജനങ്ങളും ഔഷധങ്ങളും ഈ നാട്ടിൽ ധാരാളമായി വിളഞ്ഞിരുന്നു. ഇത്തരത്തിൽ സമ്പൽ സമൃദ്ധമായൊരു ഭൂതകാലം ആയ് രാജാക്കന്മാരുടെ കാലത്തു അഗസ്ത്യാർകൂടത്തിനുണ്ടായിരുന്നു. നിരന്തരമായ രാഷ്ട്രീയപോരുകൾക്ക് വേദിയായി മാറിയതിനാലാകണം പില്ക്കാലത്ത് ആയ് രാജാക്കന്മാർ പൊതിയൻമലയെ തലസ്ഥാന നഗരപദവിയിൽ നിന്ന് നീക്കുകയും വിഴിഞ്ഞം ആസ്ഥാനമായി തിരഞ്ഞെടുക്കുകയും ചെയ്തത്. പാണ്ഡ്യരുടെയും ചോളരുടെയും അക്രമണം നേരത്തെ സൂചിപ്പിച്ച അംബാസമുദ്രം വേണാട് പാതയിലൂടെ നിരന്തരമുണ്ടായതും തലസ്ഥാനമാറ്റത്തിന് കാരണമായിത്തീർന്നിരിക്കണം. പില്ക്കാലത്ത്

ഈ പാത വേണാട് രാജാക്കന്മാരാണ് അടച്ചത്. അതോടെയാകണം പൊതിയൻമലയുടെ കാർഷിക-വാണിജ്യ-സാംസ്കാരിക പ്രസക്തി നഷ്ടപ്പെട്ടുപോയത്.

സമ്പന്നമായ ആയ് ഭൂതകാലത്തിന്റെ തിരുശേഷിപ്പുകൾ ഒന്നുംതന്നെ ഇന്ന് അഗസ്ത്യമലയിൽ കാണാനില്ലെങ്കിലും അതിരുമല ബെയിസ്ക്യാമ്പിനടുത്തായി ചില നിർമിതികളുടെ അവശിഷ്ടങ്ങൾ കാണാൻകഴിയുന്നുണ്ട്. മനുഷ്യനിർമിതമായ വിഗ്രഹങ്ങളാണോ അതോ കൊട്ടാര അവശിഷ്ടങ്ങളാണോ അതോ പ്രകൃതിയുടെ ലീലാവിലാസത്താൽ രൂപാന്തരപ്പെട്ടവയാണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത ധാരാളം അരൂപശിലകൾ അതിരുമലയിലെ ക്യാമ്പിനടുത്ത് ചിതറിക്കിടക്കുന്നുണ്ട്. ഇവ ഒരു പക്ഷെ ആയ് കൊട്ടാരത്തിന്റെയോ കോട്ടയുടെയോ അവശേഷിപ്പുകളായിരിക്കണം.

### 1.5. അഗസ്ത്യമലയും തിരുവിതാംകൂറും

പിൽക്കാലത്ത് ആയ് രാജ്യം ഇല്ലാതാവുകയും ആ ഭൂപ്രദേശങ്ങൾ വേണാടിന്റെ ഭാഗമാകുകയും ചെയ്തു. പാണ്ഡ്യ-ചോളന്മാരുടെ നിരന്തരമായ ആക്രമണങ്ങളെ ഭയന്ന് അഗസ്ത്യാർകൂട താഴ്വരയിലൂടെയുള്ള പാത വേണാട് രാജാക്കന്മാരും തുടർന്നുവന്ന തിരുവിതാംകൂർ രാജാക്കന്മാരും അടച്ചിട്ടു. അതോടെ ഈ പ്രദേശം പൂർണ്ണമായി ജനങ്ങൾ ഉപേക്ഷിച്ചു.എന്നിരുന്നാലും ആധ്യാത്മികപാരമ്പര്യത്തിന്റെ ആ കൊടുമുടിയെ ഉപേക്ഷിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. അതിനാലാവണം ഗിരിവർഗ്ഗക്കാരും നാഗരികരും ഒരുപോലെ നിരന്തരമായി അഗസ്ത്യവനത്തിലെത്തിക്കൊണ്ടിരിക്കുന്നത്.

അഗസ്ത്യമുടി പിന്നീട് ചരിത്രശ്രദ്ധയിലേക്കു വരുന്നത് ബ്രിട്ടീഷ് തിരുവിതാംകൂറിന്റെ കാലത്താണ്. ഔഷധസസ്യങ്ങളുടെ വിളഭൂമിയായ ഇവിടെ ഒരു ഔഷധത്തോട്ടം പ്രാചീനകാലം മുതലുണ്ടായിരുന്നു. ഇതു പരിപാലിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടായതായി പറയപ്പെടുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് 500 ഏക്കറോളം തേയിലത്തോട്ടം ഇവിടെ വച്ചുപിടിപ്പിച്ചു. പിന്നീട് ഉപേക്ഷിക്കപ്പെട്ട തോട്ടത്തിന്റെ ബാക്കിപത്രമെന്നോണം പടർന്നുപന്തലിച്ചു നില്ക്കുന്ന തേയില മരങ്ങൾ അഗസ്ത്യാർമുടിയുടെ പടിഞ്ഞാറൻ താഴ്വാരഭാഗത്ത് ഇപ്പോഴും കാണാൻ കഴിയുന്നുണ്ട്. 1860-കളിൽ ഈ കൊടുമുടിയുടെ തെക്കൻ താഴ്വാരത്തിൽ കാപ്പിയും കൊക്കോയും കൊയിനയും കൃഷി ചെയ്തിരുന്നു. 1854-ൽ ഒരു വാനനിരീക്ഷണശാല തിരുവിതാംകൂർ സർക്കാർ ഇവിടെ സ്ഥാപിക്കുകയുണ്ടായി.പ്രസിദ്ധ വാനശാസ്ത്രജ്ഞൻ ബ്രൗൺ ആയിരുന്നു ഈ

വാനനിരീക്ഷണശാലയുടെ മേധാവി. 1865-ൽ തിരുവനന്തപുരം വാനനിരീക്ഷണ കേന്ദ്രം ആരംഭിച്ചതോടെ ഈ കേന്ദ്രം അടച്ചുപൂട്ടുകയാണുണ്ടായത്. ചരിത്രപരമായി പിന്നീട് അഗസ്ത്യാർകൂടം ജനശ്രദ്ധയാകർഷിക്കുന്നത് 1997-ലാണ്. ജൈവവൈവിധ്യങ്ങളുടെ കലവറയായ അഗസ്ത്യാർകൂടത്തിന്റെ സംരക്ഷണത്തിനായി സർക്കാർ ഈ മേഖലയെ അഗസ്ത്യവനം ബയോളജിക്കൽ പാർക്കായി പ്രഖ്യാപിച്ചു. നിരന്തരമായ മനുഷ്യ ഇടപെടലുകൾ ഇവിടുത്തെ ജൈവവൈവിധ്യത്തെ തകിടം മറിക്കുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് ഇത്തരമൊരു തീരുമാനത്തിലേക്ക് സർക്കാർ എത്തിച്ചേർന്നത്. ഇപ്പോൾ കർശനനിയന്ത്രണങ്ങളോടുകൂടി മാത്രമേ ഈ മേഖലയിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

### 1.6. അഗസ്ത്യാർകൂടത്തിലെ മിത്തുകളും യാഥാർത്ഥ്യവും

അഗസ്ത്യാർകൂടത്തെ സംബന്ധിച്ച് ധാരാളം മിത്തുകൾ പ്രചരിക്കുന്നുണ്ട്. കല്ലാനയെയും ആരോഗ്യപച്ചയെയും സംബന്ധിച്ചുള്ളവ ഈ ഗണത്തിൽപ്പെടും. കണ്ണും കാതും തുറന്നുപിടിച്ച ശേഷം ഈ യാത്രയ്ക്കിടയിൽ കടന്നുവരുന്ന കാടിന്റെ മക്കളോട് അന്വേഷിച്ചാൽ വിചിത്രവും നിഗൂഢതനിറഞ്ഞതുമായ കാട്ടറിവുകൾ നിർബാധം ലഭിക്കും. 'കാണി' എന്ന വിഭാഗക്കാരാണ് അഗസ്ത്യമലയുടെ താഴ്‌വാരങ്ങളിൽ പ്രധാനമായും വസിക്കുന്ന ആദിമജനത. ഇവിടുത്തെ ഔഷധസസ്യങ്ങളും വനവിഭവങ്ങളും ശേഖരിക്കാൻ പരമ്പരാഗതമായി അവകാശം ലഭിച്ചിട്ടുള്ള പ്രാക്തനജനതയാണ് കാണിക്കാർ. തിരുവിതാംകൂർ ചരിത്രത്തിൽ മാർത്താണ്ഡവർമ്മയുടെ കാലംമുതൽ ഈ ആദിമവിഭാഗത്തെക്കുറിച്ചുള്ള അറിവുകൾ ലഭിക്കുന്നുണ്ട്. ക്ഷുദ്രശക്തികളെ അമർച്ച ചെയ്ത് ആധുനിക തിരുവിതാംകൂറൊരുക്കാൻ മാർത്താണ്ഡവർമ്മയെ സഹായിച്ചവരാണ് കാണിക്കാർ. നാട്ടിൽ നടമാടിയിരുന്ന അരാജകത്വ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനായി ശേഖരിച്ച സൈനികബലത്തിന്റെ ആണിക്കല്ല് ഈ വിഭാഗക്കാരായിരുന്നെന്ന് ചരിത്രം പറയുന്നു. പത്മനാഭസ്വാമിക്ഷേത്രവും രാജകൊട്ടാരവുമായി ഇപ്പോഴും ഈ വിഭാഗക്കാർക്ക് അഭേദ്യമായ ബന്ധമുണ്ട്. ഇവരുടെ കുലമൂപ്പനും തിരഞ്ഞെടുക്കുന്ന പരിവാരങ്ങളും ചേർന്ന് തിരുവോണനാളിൽ കാഴ്ച്ചദ്രവ്യങ്ങളുമായി കൊട്ടാരം സന്ദർശിക്കുന്ന പതിവ് മുറതെറ്റാതെ ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

പത്മനാഭസ്വാമിക്ഷേത്രവും അഗസ്ത്യാർകൂടവും തമ്മിൽ വ്യവച്ഛേദിച്ചറിയാൻ കഴിയാത്തതരത്തിലുള്ള ബന്ധങ്ങൾ ഉണ്ട്. മിത്തുകളുടെ ആദിമസ്മരണയിൽ ഇതിന്റെ സൂചനകൾ കാണാം. അഗസ്ത്യമുനിയുടെ സമാധിക്ക

മുകളിലാണ് ഇപ്പോഴും പത്മനാഭസ്വാമിക്ഷേത്രം സ്ഥിതി ചെയ്യുന്നതെന്ന് വെളിപ്പെടുത്തുന്ന മിത്തുകൾ തിരുവനന്തപുരത്ത് ഇപ്പോഴുമുണ്ട്.

പണ്ടുകാലത്ത് കിഴക്കേഗോപുരത്തിന്റെ മുന്നിൽനിന്ന് അഗസ്ത്യാർ കൂടം കാണാമായിരുന്നെന്ന് പഴമക്കാർ പറയുന്നു. വമ്പൻ കെട്ടിടങ്ങളുടെ മറവുവരുന്നതിനുമുമ്പ് ഇത് തീർച്ചയായും സാധ്യമായിരുന്നെന്ന് ദിശാസൂചനകൾ കൊണ്ട് മനസ്സിലാക്കാം. അതുമാത്രമല്ല പദ്മതീർത്ഥകുളത്തിന് സമീപത്ത് അഭേദാശ്രമത്തിന്റെ മുന്നിലായി പകുതി മൂടിയനിലയിൽ ഒരു ചെറിയ ആനരൂപം ഇപ്പോഴും ആരാധിക്കപ്പെടുന്നുണ്ട്. ഇതിനെ പഴമക്കാർ വിളിക്കുന്നത് 'കല്ലാന' എന്നാണ്. കോട്ടയുടെ പാലകൻ എന്നനിലയിൽ കാർത്തികത്തിരുനാളിന്റെ കലത്താണത്രെ കല്ലാന അവിടെ പ്രതിഷ്ഠിക്കപ്പെട്ടത്.

അഗസ്ത്യാർകൂടത്തിലെ കാണിക്കാരുടെ ഇടയിൽ ഇപ്പോഴും പ്രചരിക്കുന്ന ഒരു മിത്താണ് 'കല്ലാന'. ഈ പേര് എങ്ങനെ ഉത്ഭവിച്ചു എന്നതിന് ഇപ്പോഴും വ്യക്തമായ തെളിവുകൾ ലഭിക്കുന്നില്ല. പൂർണവളർച്ചയെത്തിയ അഞ്ചടിയിൽ താഴെ ഉയരമുള്ള 'കപ്പപ്പഴം' (ചുവന്ന കദളിപ്പഴം) പോലുള്ള ചുവന്ന കൊമ്പുള്ള ആനയെയാണ് കാണിക്കാർ കല്ലാനയെന്ന് വിളിക്കുന്നത്. 1985-ൽ സാലി പാലോട് എന്ന വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ ഈ ആനയുടെ ചിത്രം പകർത്തുകയുണ്ടായി. എന്നാൽ അത് അംഗീകരിക്കാൻ ആന വിദഗ്ധരോ മറ്റ് സർക്കാർ അധികൃതരോ തയ്യാറായില്ല. 2005-ലും പേപ്പാറ വനമേഖലയിൽ ഇവയെ കണ്ടതായി ചിത്രത്തെളിവുകൾ സഹിതം സാലി പാലോട് റിപ്പോർട്ടിങ്ങിന് ശ്രമിച്ചെങ്കിലും ഫലപ്പെട്ടില്ല. 2013-ൽ വീഡിയോ സഹിതം കല്ലാനയുടെ ചിത്രങ്ങൾ പുറത്തുവിട്ടപ്പോൾ ദൃശ്യമാധ്യമങ്ങൾ സഹിതം അത് വളരെ പ്രാധാന്യത്തോടെ റിപ്പോർട്ടു ചെയ്യുകയുണ്ടായി. കുട്ടിയാനയിൽ നിന്ന് വ്യത്യസ്തമായി പൂർണ്ണവളർച്ചയുടെ ലക്ഷണങ്ങളായ തുമ്പിക്കൈയ് തറയിൽമുട്ടൽ, കൂട്ടത്തിൽനിന്നും വേറിട്ട് നടക്കൽ, അസാധാരണമായ കൊമ്പ് ഇവയൊക്കെ സാലിയുടെ ചിത്രീകരണത്തിൽ നിന്നു വ്യക്തമായിരുന്നു. ആദിവാസിമിത്തുകളിൽ പറയുന്ന കല്ലാനയാണോ അല്ലയോ എന്നതല്ല അവരുന്നയിച്ച വിഷയം. ആനവംശത്തിലുള്ള ഒരു അപൂർവ്വ സ്പീഷിസ് അഗസ്ത്യാർകൂടവനമേഖലയിലുണ്ട് എന്ന് തെളിയിക്കാനാണ് സാലി പാലോട് ഉൾപ്പെടെയുള്ളവർ അന്ന് ശ്രമിച്ചത്.

എന്തായാലും കാണിക്കാരുടെ ഇടയിലുള്ള വിശ്വാസം മറ്റൊന്നാണ്. അഗസ്ത്യരെ പൊക്കം കുറഞ്ഞ് തടിച്ചുരുണ്ട മുനിയായാണ് അവർ

കല്പിക്കുന്നത്. മുനി വളർത്തിയവയൊക്കെ മുനിയുടെ സൗകര്യാർത്ഥം പൊക്കം കുറഞ്ഞ് സൃഷ്ടിക്കപ്പെട്ടു എന്നും അവർ വിശ്വസിക്കുന്നു. കുറിയ ആന, കുറിയ മരങ്ങൾ എന്നിവ അഗസ്ത്യാർകൂടത്തിൽ കാണുന്നത് അതു കൊണ്ടാണെന്നാണ് അവർ പറയുന്നത്. ഐതിഹ്യങ്ങളും മിത്തുകളും എന്തുതന്നെയായാലും അഗസ്ത്യമലയുടെ കൊടുമുടിയുടെ നിടിലത്തിൽ കുറിയമരങ്ങൾ കാണുന്നുണ്ട്. അതൊരു സ്വഭാവിക പ്രക്രിയയാണ്. ഉയരം കൂടുന്തോറും മരങ്ങൾ ബോൺസായികളായി മാറുമെന്നത് സ്വാഭാവികമാണ്. കല്ലാനയുടെ കാര്യത്തിലും അത്തരമൊരു നിരീക്ഷണത്തിൽ എത്തിച്ചേരാവുന്നതാണ്. അത്യപൂർവ്വമായ സസ്യജന്തുജാലങ്ങൾ ധാരാളം റിപ്പോർട്ടു ചെയ്തിട്ടുള്ള വനമേഖലയാണ് അഗസ്ത്യാർകൂടം. അതുപോലെ ഒരു പുതിയ ജനുസായി ഈ കല്ലാനയെ അനുമാനിച്ചു കൂടെ? ഇതു സംബന്ധിച്ചുള്ള തുടർഗവേഷണങ്ങൾ ആവശ്യമാണെന്ന് ചുരുക്കം.

കാണിക്കാരുടെ ഇടയിലുള്ള മറ്റൊരു അഗസ്ത്യാർകൂട മിത്താണ് ആരോഗ്യപ്പച്ചയെ സംബന്ധിച്ചുള്ളത്. അഗസ്ത്യമുനിക്ക് അസുഖം വരാതിരിക്കാൻ കാണിക്കാർ നല്കിയ ഔഷധമാണിതെന്നും അതല്ല അഗസ്ത്യമുനി കാണിക്കാർക്കു നല്കിയ ഔഷധമാണിതെന്നും രണ്ടു വാദഗതികൾ മിത്തിൽ തന്നെ കാണാൻകഴിയുന്നുണ്ട്. എന്തായാലും ഔഷധമൂല്യത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ആരോഗ്യപച്ചയുടെ ലോകത്തിലെത്തന്നെ ഏക വിളനിലമായി അഗസ്ത്യാർകൂടം പരിഗണിച്ചുപോരുന്നു. മരണത്തെപ്പോലും അതിജീവിക്കാൻ ശേഷിയുള്ള ചെടിയാണിതെന്ന് കാണിക്കാർ വിശ്വസിക്കുന്നുണ്ട്. പാലോട് ബൊട്ടാണിക്കൽ ഗാർഡനിൽ ആരോഗ്യപ്പച്ചയെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ നടക്കുകയും പ്രമേഹത്തിനുള്ള ഔഷധങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. അത്യപൂർവ്വജനുസിൽപ്പെട്ട ഇത്തരം അസംഖ്യം പച്ചിലച്ചെടികളുടെയും ജീവജാലങ്ങളുടെയും സംരക്ഷിതകേന്ദ്രം എന്ന നിലയിലാണ് യുനസ്കോ പൈതൃക പട്ടികയിൽ അഗസ്ത്യാർകൂടത്തിന് പ്രമുഖസ്ഥാനം കല്പിച്ചിരിക്കുന്നത്.

'കരിഞ്ചാന്തി' എന്ന് കാണിക്കാർ വിളിക്കുന്ന രാജവെമ്പാലയെ സംബന്ധിച്ചുള്ള മിത്തുകളും വിചിത്രത നിറഞ്ഞതാണ്. രാജവെമ്പാലയിൽത്തന്നെ പലവിഭാഗങ്ങൾ ഉള്ളതായി കാണിക്കാർ പറയുന്നു. അതിലൊന്നാണ് 'കരിഞ്ചാന്തി' നല്ല നീളമുള്ള ഈ പാമ്പ് കുറ്റിക്കാടുകൾക്കിടയിൽ തൂണപോലെ വാലൂന്നി നില്ക്കുമത്രെ. അനങ്ങാതെ നില്ക്കുന്ന അതിന്റെ ദേഹത്ത് മനുഷ്യന്റെ നിഴൽപതിച്ചാൽ അവ മരണപ്പെട്ടുപോകുമെന്നും അങ്ങനെ

സംഭവിക്കുകയാണെങ്കിൽ അവ നിഴൽ വീഴ്ത്തിയ മനുഷ്യനെ മരണത്തിന് മുൻപായി തേടിപ്പിടിച്ച വകവരുത്തുമെന്നും ഒരു കാലത്ത് കാണിക്കാർക്കിടയിൽ വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് 'വാലൂന്നി' തൂണുപോലെ നില്ക്കുന്ന കരിഞ്ചാന്തിയെ കണ്ടാൽ കാണിക്കാർ ആ ഭാഗത്തേയ്ക്ക് പോകില്ല. എന്തു തന്നെയായാലും പ്രകൃതിയോടും അതിൽ കുടികൊള്ളുന്ന ജീവജാലങ്ങളോടുമുള്ള പ്രാക്തനജനതയുടെ സംരക്ഷണബുദ്ധി പ്രവർത്തിച്ചാവണം ഈ മിത്തിന്റെ നിർമ്മിതിക്ക് കാരണം എന്നുറപ്പിക്കാം.

അഗസ്ത്യാർകൂടയാത്രയിൽ നമ്മെ ത്രസിപ്പിക്കുന്ന ആനയറിവുകളുണ്ട്. ആനയുടെ ചൂര് അരക്കിലോമീറ്ററോളം ചുറ്റളവിൽ വ്യാപിക്കും എന്ന് കാണിക്കാർ പറയുന്നു. ആനയുടെ ചൂരു മണത്താൽ ആന ഏതുഭാഗത്താണ് നില്ക്കുന്നതെന്നു ഗണിക്കാൻ കാണിക്കാർ തലമുറകളായി ചെയ്തുവരുന്ന ഒരു പ്രവർത്തിയുണ്ട്. ഒരു പിടി പൊടിമണൽ നില്ക്കുന്ന തറയിൽനിന്ന് ശേഖരിച്ച് കാറ്റത്തുതൂറ്റിയാൽ മണൽപാറി പോകുന്നതിന് എതിരിലായിരിക്കും ആനയുടെ സ്ഥാനം. ഉദാഹരണത്തിന് മണൽകിഴക്കോട്ടാണ് പാറിവീഴുന്നതെങ്കിൽ ആന നില്ക്കുന്നത് പടിഞ്ഞാറായിരിക്കും. അപ്പോൾ കിഴക്കോട്ട് മാറിനിന്നാൽ ആനക്കൂട്ടത്തിൽനിന്ന് രക്ഷപ്പെടാം. കാറ്റുള്ളപ്പോഴും ചൂരു ലഭിക്കാതിരിക്കുകയും എന്നാൽ ആനയുടെ സാന്നിധ്യം ശബ്ദങ്ങളിലൂടെയും മറ്റും തിരിച്ചറിയാൻ കഴിയുന്നു എങ്കിലും ആന നില്ക്കുന്ന ദിശയറിയാൻ വഴിയുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ കാറ്റത്തുമണൽ തൂറ്റുമ്പോൾ മണൽ പാറിവീഴുന്ന ദിക്കിലായിരിക്കും ആനയുണ്ടായിരിക്കുക. കാരണം കാറ്റ് ആനയെ മറികടന്ന് സഞ്ചരിക്കുന്നവന്റെ അരികിലേക്ക് വരാതിരിക്കുകയാണ്. ഉദാഹരണത്തിന് ആനയുടെ സാന്നിധ്യം സംശയിക്കുന്നു, എന്നാൽ ചൂരുകിട്ടുന്നുമില്ല. മണൽ തൂറ്റി നോക്കുമ്പോൾ മണൽ കിഴക്കോട്ടാണ് പാറുന്നതെങ്കിൽ ആന കിഴക്കോ, വടക്കുകിഴക്കോ, തെക്കുകിഴക്കോ നിൽപ്പുണ്ടെന്നു ചുരുക്കം പടിഞ്ഞാറ് ദിക്കുനോക്കി മാറി സഞ്ചരിച്ചാൽ അപകടം ഒഴിവാക്കാം. കാറ്റിന്റെ ഗതിയനുസരിച്ച് ജന്തുവിന്റെ സ്ഥാനം നിർണ്ണയിക്കുന്ന ഈ വിദ്യ ശാസ്ത്രീയതയ്ക്കുപരിയായി ഒരു അനുഷ്ഠാനം പോലെയാണ് കാണിക്കാർ ഒരു നാളിൽ ഉപയോഗിച്ചിരുന്നത്. ശാസ്ത്രജ്ഞാനവും യുക്തിചിന്തയുമൊക്കെ പിന്നീട് അവരിൽ കൃത്രിമലോകം അടിച്ചേൽപ്പിച്ചത് മാത്രമാണ്. അവരുടെ അറിവുകൾ തന്നെയാണല്ലോ ശാശ്വതമായ സത്യങ്ങൾ. കാടിന്റെ ധർമ്മനീതികൾ നാട്ടിലുള്ളവന്റേതുപോലെയല്ല എന്ന് തെളിയിക്കുന്ന അസംഖ്യം സൂചനകൾ കാണിക്കാരുടെ

ഇടയിൽനിന്ന് കാണാൻകഴിയും. തേനെടുക്കുന്ന കാണിക്കാരുടെ ധാർമ്മികത പരിശോധിച്ചാൽ ഇതു മനസ്സിലാക്കാം. വനവിഭവങ്ങൾ ശേഖരിക്കുന്നതിനിടയിൽ ഒരു തേൻക്കൂടോ, കാട്ടുകിഴങ്ങോ കണ്ടാൽ അവൻ 'കമ്പും കൊണിയും' നാട്ടി അതിൽ അധികാരമുറപ്പിക്കും. അധികാരമുറപ്പിച്ചാൽ പിന്നൊരുവൻ അതിൽ കൈകടത്താൻ പാടില്ല. അത് മറികടന്ന് ഒരുവൻ സ്വന്തമാക്കാൻ ശ്രമിച്ചാൽ അത് പാപമാണെന്നും അങ്ങനെ ചെയ്യുന്നവന്റെ കുടുംബം മുടിയുമെന്നുമാണ് അവരുടെ വിശ്വാസം. കാഴ്ചയിൽ സ്വന്തമാക്കിയതുപോലും ഒരുവന് അവകാശപ്പെട്ടതാണെന്ന ധർമ്മനീതികൾ എത്ര നിഷ്കളങ്കവും ഋജുവുമാണ്.

വേട്ടയാടിപ്പിടിച്ച മൃഗത്തിനെ ഒരുവന് വഴിയിൽത്തന്നെ കിടത്തിയിട്ട് ധൈര്യമായി തുടർവേട്ടയ്ക്ക് പോകാം. വേറൊരുവൻ അത് കവർന്നെടുക്കുമെന്ന് ഭയം വേണ്ട. പക്ഷേ തുടർയാത്രയ്ക്കു മുമ്പായി അധികാര സ്ഥാപനമെന്നോണം പിടിക്കപ്പെട്ട മൃഗത്തിന്റെ വലതുചെവി വേട്ടയാടിയവൻ മുറിച്ച് കൈയിൽ കരുതിയിരിക്കണം. പിന്നെയാരും അതിൽ തൊടില്ല. അത് കാടിന്റെ നീതി. ഇങ്ങനെ കാടിനെ സംബന്ധിക്കുന്ന അറിവിന്റെയും വിജ്ഞാനത്തിന്റെയും ധാര അഗസ്ത്യാർകൂട യാത്രയ്ക്കിടെ നമ്മെ തേടിവരും. അറിയാനുള്ള മനസ്സു കാണിച്ചാൽ മാത്രം മതി.

ചരിത്രവും മിത്തും ഇടകലർന്നു കിടക്കുന്ന വനമേഖലയാണ് അഗസ്ത്യാർകൂടം. പ്രകൃതിയെ അറിഞ്ഞ് അതിന്റെ ചരിത്രധാരകളെയറിഞ്ഞ് മിത്തുകളുടെ ഗൂഢസ്ഥലികളിൽ കയറിയിറങ്ങിയാണ് ഓരോ അഗസ്ത്യാർകൂട യാത്രികനും സഞ്ചരിക്കുന്നത്. ശരീരം പ്രകൃതിയുടെ കാഠിന്യത്തിൽ കിതയ്ക്കുമ്പോൾ തള്ളിവരുന്ന കാട്ടറിവുകൾ ഉൾപ്പേറി മനസ്സും സമാന്തരമായി കിതയ്ക്കും. തന്നിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ പ്രകൃതി ഇവിടെ അവസരമൊരുക്കിയിരിക്കുന്നു. അത് സംരക്ഷിക്കപ്പെടേണ്ടതാണെന്നന്ന് ഓരോ ചുവടുകളും നമ്മെ ഓർമ്മിപ്പിക്കും. ഒരു തവണ കയറിയിറങ്ങിയാൽ ഏതോ അഭൗമ ലോകത്തെത്തി തിരിച്ചുവന്നതിന്റെ ആനന്ദം ലഭിക്കും.

അഗസ്ത്യാർകൂടയാത്രയുടെ ചരിത്രത്തെയും സാംസ്കാരിക പശ്ചാത്തലത്തെയും മിത്തുകളെയും യാഥാർത്ഥ്യത്തെയും വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിച്ചത്. ചരിത്രപരമായും സാംസ്കാരികമായും ആധ്യാത്മികമായും ശ്രദ്ധേയസ്ഥാനമാണ് ഈ പർവ്വതത്തിനുള്ളത്. ആദിമദ്രാവിഡ സംസ്കാരത്തിൽ ആരംഭിച്ച ബുദ്ധമതസംസ്കാരത്തിലൂടെ ആര്യസംസ്കാരത്തിൽ എത്തിച്ചേർന്ന ചരിത്രമാണ് അഗസ്ത്യാർകൂടത്തിന്റേത്. ആദിമജനതയുടെ

നിവാസകേന്ദ്രമായും ബുദ്ധഭിക്ഷുക്കളുടെ മോക്ഷകേന്ദ്രമായും അഗസ്ത്യമുനിയുടെ തപോമണ്ഡലമായും ആയ് രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായുമൊക്കെ പകർന്നാടുന്ന ചരിത്രമാണ് അഗസ്ത്യാർകൂടത്തിനുള്ളത്. തിരുവിതാംകൂറിന്റെ സവിശേഷശ്രദ്ധ നേടാനും ഈ കൊടുമുടിക്ക് കഴിഞ്ഞു. വംശനാശഭീഷണി നേരിടുന്ന നൂറു കണക്കിന് ഔഷധസസ്യങ്ങളുടെ വിളനിലം കൂടിയായ ഈ പർവ്വതരാജൻ നല്കുന്ന പാരിസ്ഥിതികസംഭാവനയും ചെറുതല്ല. തിരുവനന്തപുരത്തിന്റെ ജീവനാഡികളായ നദികൾക്ക് ജീവരക്തം നല്കുന്ന ഈ പർവ്വതപ്രദേശം ഏറെ സംരക്ഷണവും പരിരക്ഷയും ആവശ്യമുള്ള ഒന്നാണ്. മുടമോചിയാർ തന്റെ കവിതയിൽ പാടിയതുപോലെ വടക്കു വാനോളം ഉയരമുള്ള ഹിമവാനും തെക്കു അഗസ്ത്യപർവ്വതവും ഇല്ലെങ്കിൽ ഈ ഭൂമി എന്നേ തലകീഴായി മറിഞ്ഞേനെ. മനുഷ്യരുടെയും പ്രകൃതിയുടെയും സന്തുലിതാവസ്ഥ നിലനിർത്തുന്ന ഇത്തരം ഭൂഭാഗങ്ങളെ ചരിത്രമറിഞ്ഞുകൊണ്ടുതന്നെ സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണം. അല്ലെങ്കിൽ മനുഷ്യകുലം മഹാദുരന്തങ്ങളാൽ ദുരിതത്തിലാവുന്ന കാലം വിദൂരമല്ലാതായിത്തീരും.

### സഹായകഗ്രന്ഥങ്ങൾ

1. അച്യുതൻ എം., പ്രൊഫ.,(ഡയറക്ടർ) വിശ്വസാഹിത്യവിജ്ഞാനകോശം, കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.
2. അജിത്ത് കിളിയൂർ, കുറുമുനിയുടെ നാട്ടിൽ, ദി ന്യൂ മീഡിയ സ്പെയ്സ് ബുക്ക്, തിരുവനന്തപുരം, 2015.
3. അജുനാരായണൻ ഡോ., കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ, 2005.
4. നാരായണൻകുട്ടി മേലങ്ങത്ത്, സംഘസാഹിത്യചരിത്രം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2003.
5. പവനൻ സി.പി., രാജേന്ദ്രൻ, ബൗദ്ധസ്വാധീനം കേരളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.
6. ശങ്കു അയ്യർ, കേരളവും ബുദ്ധമതവും, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1962.
7. ശശി ഉത്തരംകോട്, അഗസ്ത്യാർകൂടം, രാഗം തിയേറ്റേഴ്സ് ഗ്രന്ഥശാലാ പ്രസിദ്ധീകരണം, 1989.
8. ശ്രീധരമേനോൻ എ., കേരളചരിത്രം, ഡി.സി.ബുക്സ്, കോട്ടയം, 2010.

*deepupkurup@gmail.com*

# പലായനവും സ്വത്വസംഘർഷവും ഭാരതീയ ഇതിഹാസങ്ങളിൽ

ഡോ. സുഷമകുമാരി കെ.എസ്.
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

സംഗ്രഹം

മനുഷ്യസംസ്കാരത്തിന്റെ പിറവിക്കു കാരണമായത് നിരന്തരമായ പ്രവാസങ്ങൾ കൂടിയാണ്. പ്രകൃതിവിധിയിലൂടെയും മനുഷ്യവിധിയിലൂടെയും പ്രവാസം സംഭവിക്കുന്നു. അധികാരത്തിൽനിന്ന് ബഹിഷ്കൃതനാകുന്നവൻ പലായനം ചെയ്യുകയും പ്രവാസിയായിത്തീരുകയും ചെയ്യുന്നതിന്റെ ചരിത്രം രാമായണഭാരതേതിഹാസങ്ങളിൽ കാണാം. ഇതിഹാസകഥാപാത്രങ്ങളായ രാമനേയും നളനേയും പ്രവാസപശ്ചാത്തലത്തിൽ വായിച്ചെടുക്കുന്നു. രാജ്യവും അധികാരവും നഷ്ടപ്പെട്ട് പലായനം ചെയ്ത് പ്രവാസിയായി ജീവിക്കേണ്ടി വരുന്നവന്റെ ആത്മസംഘർഷങ്ങളും സ്വത്വനാശവും ഒടുവിൽ നഷ്ടമായതെല്ലാം തിരിച്ചുപിടിക്കുമ്പോൾ അവൻ കൈവരിക്കുന്ന സ്വത്വനേട്ടത്തിന്റെ കൂടി കഥയാണ് ഇതിഹാസങ്ങൾ പറയുന്നത്.

***താക്കോൽവാക്കുകൾ:*** ജീവസന്ധാരണം -പ്രകൃതിവിധി - കേവലക്രിയ -സ്വത്വനാശം - അധികാരം - അന്തർധാര - പലായനം -സംഘർഷമനസ്.

ചരിത്രത്തിന്റെയും പ്രവാസത്തിന്റെയും ചരിത്രം ഒരുമിച്ചാണ് ആരംഭിക്കുന്നത്. രണ്ടും ആദിമ മനുഷ്യനിൽനിന്ന് രൂപംകൊള്ളുന്നു. ഉർവ്വരത തേടിയുള്ള മനുഷ്യരുടെ യാത്രകളെല്ലാം പ്രവാസങ്ങളായിരുന്നു. എന്നാൽ അവയെല്ലാം കൂട്ടായ്മയുടെ യാത്രകൾ കൂടിയായിരുന്നു. അതായത് ഒറ്റപ്പെട്ട വ്യക്തികളേക്കാൾ സംഘങ്ങൾക്കായിരുന്നു ആ യാത്രകളിൽ പ്രാധാന്യം. വ്യക്തിസംഘങ്ങളുടെ യാത്രകൾ വ്യക്തികളിലേക്ക് ചുരുങ്ങിയപ്പോൾ പ്രവാസത്തിന്റെ ആധുനികലോകം തുറക്കുകയായി.

മനുഷ്യമഹാസംസ്കാരത്തിന്റെ പിറവിയ്ക്ക് കാരണമായത് നിരന്തരമായ പ്രവാസങ്ങൾ കൂടിയാണെന്ന് ഇന്ന് നാം തിരിച്ചറിയുന്നു.

സൈദ്ധാന്തികമായി, പ്രവാസം, ജീവസന്ധാരണത്തിനും നിലനിൽപ്പിനുമായി അന്യനാട്ടിലേക്ക് ചേക്കേറലാണ്. പക്ഷേ വിശാലമായ അർത്ഥത്തിൽ മനുഷ്യജീവിതം തന്നെ പ്രവാസമാണ്. ക്രിസ്തുവും കൃഷ്ണനും, നബിയും ബുദ്ധനുമൊക്കെ പ്രവാസികളായിരുന്നു ആ പ്രവാസങ്ങളുടെ പരിണിതഫലങ്ങളാണ് ഇന്ന് ലോകജനതയിൽ വിശ്വാസരൂപേണ പ്രതിബിംബിക്കുന്നത്.

പ്രവാസം രണ്ട് തരത്തിലാണ് സംഭവിക്കുന്നത്, പ്രകൃതിവിധിയിലൂടെയും മനുഷ്യവിധിയിലൂടെയും. പ്രകൃതിവിധി മനുഷ്യന് തടുക്കാവുന്നതോ മാറ്റിമറിക്കാൻ കഴിയുന്നതോ അല്ല. മഹാപ്രളയങ്ങൾ, വരൾച്ച, ഭൂകമ്പങ്ങൾ, കൊടുങ്കാറ്റ്, അഗ്നിപർവതസ്ഫോടനങ്ങൾ–ഇവകൊണ്ട് ജന്മദേശം ഉപേക്ഷിക്കേണ്ടിവരുന്നത് പ്രകൃതിവിധിയാണ്. പ്രകൃതിവിധി ഒറ്റപ്പെട്ട വ്യക്തിയെ മാത്രം ബാധിക്കുന്നതല്ല. മറിച്ച് ഒരു ജനസഞ്ചയത്തെ പൊതുവായി ബാധിക്കുന്നതാണ്. എന്നാൽ മനുഷ്യവിധിയാകട്ടെ വ്യക്തിയെയും സമൂഹത്തെയും ഒരുപോലെ പ്രവാസത്തിലേക്ക് നയിക്കാം. യുദ്ധങ്ങൾ, അധികാരത്തർക്കങ്ങൾ, ആഭ്യന്തരപ്രശ്നങ്ങൾ, ഭക്ഷ്യക്ഷാമം, വിശപ്പ്, ഒളിച്ചോട്ടം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി ധാരാളം ഘടകങ്ങൾ മനുഷ്യവിധിയിൽപ്പെടുന്നു. ഇതിൽ വിശപ്പ്, തൊഴിൽ, വിദ്യാഭ്യാസം, ഒളിച്ചോട്ടം തുടങ്ങിയവ ഒറ്റപ്പെട്ട വ്യക്തിയുടെയോ വ്യക്തികളുടെയോ പ്രവാസകാരണങ്ങളാണ്.

പ്രവാസം ഒരിക്കലും ഒരു വിനോദയാത്രയല്ല. വ്യക്തി പരിപൂർണമായ ഇഷ്ടത്തോടെയല്ല പ്രവാസത്തിന് തയ്യാറാകുന്നത്. അതായത് ഇതൊരു കേവലക്രിയയല്ല, പ്രയോജകക്രിയയാണ് എന്നർത്ഥം. എല്ലാ പ്രവാസങ്ങൾക്കുപിന്നിലും ഏതെങ്കിലുംതരത്തിലുള്ള പ്രേരണ അല്ലെങ്കിൽ സമ്മർദ്ദം ഉണ്ടാവുകതന്നെ ചെയ്യും. അതുകൊണ്ടാണ് പ്രവാസമൊരു വിനോദയാത്രയല്ല എന്നു പറഞ്ഞത്.

ഇന്ന് ഏറ്റവുംകൂടുതൽ പ്രവാസം സംഭവിക്കുന്നത് ഗൾഫ്, യൂറോപ്പ്, അമേരിക്കൻ നാടുകളിലേക്കാണ്. അതിന്റെ പിന്നിലെ പ്രേരകശക്തി തീർച്ചയായും സാമ്പത്തികലാഭം തന്നെ. മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ഭൗതികസുഖങ്ങളും തേടിയുള്ള യാത്രയാണത്. സ്വന്തം നാട് ഈ സുഖസൗകര്യങ്ങളൊക്കെ പ്രദാനം ചെയ്താൽ ഒരു വ്യക്തിയും അതുപേക്ഷിച്ച് മറ്റൊരിടത്തേക്ക് തയ്യാറാകില്ല. പോകുകയാണെങ്കിൽത്തന്നെ

അതൊരു വിനോദയാത്രയായിരിക്കും. അങ്ങനെ നോക്കുമ്പോൾ പ്രവാസം ഗത്യന്തരമില്ലായ്മയുടെ പ്രയാണമാണെന്നുവരുന്നു. ആ അർത്ഥത്തിൽ എല്ലാ പ്രവാസങ്ങളും പലായനങ്ങളാണെന്നതാണ് ശരി. പലായനങ്ങൾ നിർബന്ധിത ഒളിച്ചോട്ടങ്ങളാണ്. അങ്ങനെ സ്വന്തം നാടിന്റെ സുരക്ഷിതത്വം നഷ്ടപ്പെടുന്ന ഭൗതികസാഹചര്യത്തിൽ അന്യനാടുതേടുന്ന ഓരോ പ്രവാസിയും പലായനം നടത്തുകയാണ് ചെയ്യുന്നത്.

പ്രവാസത്തിന് ചരിത്രത്തോളം പഴക്കമുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചു. നാഗരികസംസ്കാരം രൂപപ്പെട്ടതോടെയാണ് പ്രവാസത്തിന് പ്രാധാന്യം സിദ്ധിച്ചുതുടങ്ങിയത്. നാഗരികസംസ്കാരം രാഷ്ട്രം, സമൂഹം, കുടുംബം, തുടങ്ങിയവയുടെ രൂപീകരണത്തിന് കാരണമായി. അങ്ങനെ വർഗ്ഗബന്ധങ്ങളും ഉല്പാദക ഉൽപാദനബന്ധങ്ങളും രൂപപ്പെടാൻ തുടങ്ങി. അതോടൊപ്പം അടിമ-ഉടമ, അധികാരി-ആശ്രിതൻ ബന്ധങ്ങളും പ്രബലമായി. അധികാരത്തിനുവേണ്ടിയുള്ള വടംവലികൾ സ്ഥാനലാഭത്തിനും സ്ഥാനഭ്രംശത്തിനും കാരണമായി. ഒരേസമയം സ്വത്വനേട്ടവും സ്വത്വനാശവുമാണ് ഇത് സൃഷ്ടിച്ചത്.

പ്രവാസസാഹിത്യം എന്നൊരു സാഹിത്യശാഖ രൂപപ്പെട്ടിട്ട് അധികം കാലമായില്ല. എന്നാൽ പ്രവാസം സാഹിത്യത്തിന് വിഷയമാകുന്നത് ഇന്നോ ഇന്നലെയോ അല്ല. സാഹിത്യചരിത്രത്തോളംതന്നെ അതിന് പഴക്കമുണ്ട്. അങ്ങനെ നോക്കുമ്പോൾ നമ്മുടെ ഇതിഹാസങ്ങളിൽത്തന്നെ പ്രവാസസാഹിത്യത്തിന്റെ ആദിമരൂപം കാണാം. ഇതിഹാസങ്ങൾ മനുഷ്യസംസ്കൃതിയുടെ ആദിമരേഖകളാണ്. രാമായണം, മഹാഭാരതം ഈ രണ്ട് ഭാരതീയ ഇതിഹാസങ്ങളുടെയും അന്തർധാര അധികാരത്തിലധിഷ്ഠിതമായ സ്വത്വനേട്ടവും (ബാഹ്യം) സ്വത്വനാശവും (ആന്തരികം) ആണ്. അധികാരത്തിൽനിന്ന് ബഹിഷ്കൃതനാകുന്നവൻ പലായനം ചെയ്യുകയും പ്രവാസിയായിത്തീരുകയും ചെയ്യുന്നു. തിരിച്ചുവരവിനുള്ള അടങ്ങാത്ത ദാഹം അവനെ നിരന്തരം വേട്ടയാടുന്നു. പക്ഷേ അധികാരനഷ്ടം അതിനവന് വിലങ്ങുതടിയാവുകയും ചെയ്യുന്നു.

ഇതിഹാസങ്ങളിൽനിന്ന് കഥാപാത്രങ്ങളെ സ്വീകരിച്ച് അവരുടെ പലായനവും പ്രവാസവും അതു സൃഷ്ടിക്കുന്ന അന്തഃസംഘർഷവും വിശകലനം ചെയ്യുന്നത് പ്രവാസത്തിന്റെ പ്രാചീനസ്വത്വബോധത്തെ അനാവരണം ചെയ്യാൻ സഹായിക്കും. ഇതിഹാസകഥാപാത്രങ്ങളായ

രാമനെയും നളനെയും അങ്ങനെ പ്രവാസപശ്ചാത്തലത്തിൽ വിശകലന വിധേയമാക്കുകയാണ് ഇവിടെ ചെയ്യുന്നത്.

വാല്മീകി രാമായണത്തിൽ രാമൻ ഉത്തമപുരുഷനാണ്. എഴുത്തച്ഛന്റെ രാമായണത്തിലേക്ക് വരുമ്പോൾ രാമന് ദൈവികപരിവേഷം ലഭിക്കുന്നു. എന്നാലും രാമനിലെ മാനുഷികഭാവത്തിനു വലിയ വ്യത്യാസമൊന്നും ഈശ്വരനായ രാമനിലെത്തുമ്പോൾ സംഭവിക്കുന്നില്ലെന്ന് കാണാം. വേണ്ടിടത്തും വേണ്ടാത്തിടത്തുമുള്ള എഴുത്തച്ഛന്റെ ഭക്തിപ്രകടനത്തിനും സ്തുതികൾക്കുംപോലും അതിനെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. വളരെ ലാളിക്കപ്പെട്ട് വളർത്തിയ ഒരു കുട്ടിയുടെ, അപക്വനായ കുട്ടിയുടെ, ഭാവം കൗമാരക്കാരനായ രാമനിൽ നമുക്കു ദർശിക്കാനാകും. കൗമാരം പിന്നിട്ട മകനെ വിശ്വാമിത്രനോടൊപ്പം അയയ്ക്കാൻ അച്ഛൻ ഭയക്കുന്നത്, വിവാഹാനന്തരയാത്രയിൽ പരശുരാമനുമായുള്ള ഏറ്റുമുട്ടലിൽ രാമൻ നടത്തുന്ന സംഭാഷണങ്ങൾ അഭിഷേകവിഘ്നത്താൽ സംഘർഷമാനസനായ രാമനെ കാണുന്ന മാത്രയിൽ അമ്മ കൗസല്യ നടത്തുന്ന സംഭാഷണങ്ങൾ, തുടങ്ങി ധാരാളം സംഭവങ്ങൾ ഇതിനുദാഹരണമായി എടുത്തുകാട്ടാൻ കഴിയും. കരുത്തനായ ഒരു ക്ഷത്രിയയുവാവിൽനിന്നും പ്രതീക്ഷിക്കുന്ന വീര്യം രാമനിലുണ്ടോയെന്ന് സംശയിക്കേണ്ട സന്ദർഭങ്ങളാണിതൊക്കെ.

അഭിഷേകവിഘ്നസമയത്ത് കൈകേയി രാമനോട് പറയുന്നു: 'താത ദുഃഖത്തിന് കാരണം നീയാണ്. സത്യവാദിയായ പിതാവിനെ സത്യപ്രതിജ്ഞനാക്കാൻ നീ പിതാവിന്റെ പ്രതിജ്ഞ പാലിക്കണം. 'പും' എന്ന നരകത്തിൽ നിന്ന് പിതാവിനെ ത്രാണനം ചെയ്യുന്നവനാണ് പുത്രൻ. അതുകൊണ്ട് നീ പിതാവിന് സ്വർഗ്ഗം നേടിക്കൊടുക്കുന്ന പുത്രനാകണം. അതിനുവേണ്ടി നീ പതിന്നാലു വർഷം കാട്ടിൽ വാഴുകയും ഭരതൻ രാജാവാകുകയും വേണം'. കൈകേയി മാതാവിന്റെ വാക്കുകൾ കാതുകളിൽ ശൂലത്തിന്റെ കുത്തുപോലെയാണ് രാമന് അനുഭവപ്പെട്ടത്. കാരണം രാമൻ അധികാരം കാംക്ഷിക്കുന്നവനും സ്വന്തം നാട്ടിൽ ചക്രവർത്തിയായി വാഴാൻ ആഗ്രഹിക്കുന്നവനുമാണ്. പക്ഷേ പിതാവിന്റെ സത്യംപാലിക്കൽ അയാളെ നാട്ടിൽനിന്നും പലായനം ചെയ്യാൻ പ്രേരിപ്പിക്കുകയും പ്രവാസിയാക്കുകയും ചെയ്യുന്നു. അപാരമായ സംഘർഷമാണ് ഇത് രാമനിൽ സൃഷ്ടിക്കുന്നതെന്ന് പിന്നീടുള്ള സംവാദങ്ങൾ വ്യക്തമാക്കുന്നു.

കൈകേയിയോട് രാമൻ മറുപടി പറയുന്നത് താതൻ നിയോഗിച്ചാൽ രാജ്യം മാത്രമല്ല എന്തിനേയും പരിത്യജിക്കാൻ താൻ തയ്യാറാണെന്നാണ്.

അത് സീതയോ, ലക്ഷ്മണനോ, സ്വന്തം ജീവൻതന്നെയോയാകട്ടെ തനിക്ക് വിരോധമില്ല. ഇക്കാര്യം പറഞ്ഞ് തന്റെ മനസ്സിനെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന രാമനെയാണ് പിന്നെ നാം കാണുന്നത്. സീതയോടും അമ്മയോടും ലക്ഷ്മണനോടും പിതാവിന്റെ സത്യപരിപാലനം ഉത്തമമകന്റെ ലക്ഷണമാണെന്ന് ആവർത്തിക്കുന്ന രാമൻ ഇത് തന്റെ വിധിയാണെന്ന് കരുതുന്നു.

അധികാരനഷ്ടം എന്നും പലായനത്തിന്റെ അടിസ്ഥാനകാരണം തന്നെ. കൈകേയിയോട് രാമൻ പറയുന്നു:

"രാജ്യത്തെരക്ഷിപ്പതിന്നുമതിയവൻ
രാജ്യമുപേക്ഷിപ്പതിന്നുഞാനുംമതി
ദണ്ഡമത്രേരാജ്യഭാരം വഹിപ്പത്
ദണ്ഡകവാസത്തിനേറ്റമെളുതല്ലോ"

ഇത് പക്ഷേ തന്നെതന്നെ വിശ്വസിപ്പിക്കാനുള്ള ശ്രമം കൂടിയാണ്. ഈ വരികൾ പിന്നീട് ആവർത്തിക്കുന്നതും സ്വയം വിശ്വസിപ്പിക്കലിന്റെ ഭാഗമാണ് താനും.

"സത്യവിരോധംവരുമെന്നുതന്നുടെ
ചിത്തേനിരൂപിച്ചുപേടിച്ചുതാതനും
മാതാവിനാശുവരവുംകൊടുത്തിതു
താതനതുകൊണ്ടുഞാനിന്നുപോകുന്നു"

അതുകൊണ്ടാണ് രാമന് പോകേണ്ടിവരുന്നത്. എന്നിട്ട് തുടർന്ന് പറയുന്നു

"വന്നീടുവൻപതിന്നാലുസംവത്സരം
ചെന്നാലതിന്നുടനില്ലൊരു സംശയം"

ഈ വരികളിലാണ് രാമന്റെ യഥാർത്ഥ മനസ്സ് കാണുന്നത്. അനുജനുവേണ്ടി എന്നെന്നേക്കുമായി രാജ്യം ഉപേക്ഷിക്കാനോ പ്രവാസിയാകാനോ രാമൻ തയ്യാറാകുന്നില്ല. അച്ഛന്റെ വാക്കുപാലിക്കൽ മാത്രമാണ് അയാൾക്ക് ആ പലായനം. പതിന്നാല് സംവത്സരമാണ് അച്ഛൻ ആവശ്യപ്പെട്ട കാലയളവ്. അത് തീരുന്ന ദിവസം തന്നെ താൻ മടങ്ങിയെത്തുമെന്നും അതിന് യാതൊരു സംശയവും വേണ്ടെന്നും രാമൻ ആവർത്തിക്കുന്നുണ്ട്.

പ്രവാസത്തിന്റെ മറ്റൊരു മുഖം സുമിത്ര ലക്ഷ്മണന് കൊടുക്കുന്ന ഉപദേശത്തിൽ കാണാം. ഏത് നാട്ടിൽ ചെന്നാലും ആ നാട് സ്വന്തം നാടാകണം. സ്വന്തം നാട്ടിൽ അനുഷ്ഠിച്ചിരുന്ന കർമ്മങ്ങളെല്ലാം അവിടെയും തുടരണമെന്ന പ്രവാസിയുടെ മനം ഈ ഉപദേശത്തിൽ കാണാം.

അഗ്രജൻതന്നെ പരിചരിച്ചെപ്പോഴു-
മഗ്രേനടന്നുകൊള്ളേണം പിരിയാതെ
രാമനെ നിത്യം ദശരഥനെന്നുള്ളി-
ലാമോദമോട് നിരൂപിച്ചുകൊള്ളണം
എന്നെജ്ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ'

ഇതിനേക്കാൾ നല്ലൊരുപദേശം ഒരു പ്രവാസിക്ക് മറ്റെങ്ങും കിട്ടാനില്ല.

പലായനവും പ്രവാസവും വ്യക്തിയിൽ അപകർഷതാബോധവും സങ്കീർണ്ണവ്യക്തിത്വവും വളർത്തുന്നു. രാമന്റെ പ്രവാസകാലത്തുണ്ടായ പല സംഭവങ്ങളും ഇതിനുദാഹരണമാണ്. ശൂർപ്പണഖയും മറ്റും ഇതിന്റെ ഇരകളാണ്. രാവണന്റെ സീതാപഹരണത്തിനുശേഷമുള്ള രാമന്റെ അവസ്ഥയാകട്ടെ കൂടുതൽ സങ്കീർണ്ണമാണ്. ബാലിവധവും സുഗ്രീവസഖ്യവുമൊക്കെ വെളിപ്പെടുത്തുന്നതിതാണ്. ഈ സങ്കീർണ്ണവ്യക്തിത്വത്തിന്റെ ബഹിർസ്ഫുരണം താരോപദേശത്തിലും കാണാം. ഭാര്യാവിരഹിതനായി കഴിയുന്ന രാമൻ വാശാനലംഘനം നടത്തി ഭാര്യാസമേതനായിക്കഴിയുന്ന സുഗ്രീവനിൽ അസഹിഷ്ണുവാകുന്നുണ്ട്. വ്യക്തിത്വത്തിനു മുറിവേൽക്കുന്ന ഒരു പ്രവാസിയുടെ തകർന്ന ഹൃദയത്തിന്റെ പ്രതിഫലനമാണിത്. ഈ തകർച്ചയുടെ പാരമ്യം ഒരുപക്ഷേ സംഭവിക്കുമായിരുന്നത് സമുദ്രലംഘനം നടത്തിയ ഹനുമാൻ സീതയെ ചുമലിലേറ്റി കിഷ്കിന്ധയിൽ എത്തിക്കുമായിരുന്നെങ്കിലാണ്. പക്ഷേ രാമന്റെ സകല ദൗർബല്യങ്ങളും തിരിച്ചറിഞ്ഞിരുന്ന സീത അതിന് ഇടകൊടുത്തില്ലെന്നുമാത്രം.

അധികാരം നഷ്ടപ്പെട്ടതിനേക്കാൾ രാമനെ തളർത്തിയത് രാവണന്റെ നിഷ്പ്രയാസത്തിലുള്ള സീതാപഹരണമാണ്. അയാളുടെ ആണധികാരത്തിനേറ്റ ആഴത്തിലുള്ള മുറിവായിരുന്നു അത്. ഒരു പ്രവാസിക്ക് ദേശനഷ്ടത്തെക്കാൾ കഠിനമാകുന്നത് തന്റെ അസാന്നിധ്യത്തിൽ സംഭവിക്കുന്ന ഇണയുടെ നഷ്ടമാണല്ലോ! വാത്മീകീരാമായണത്തിലായാലും എഴുത്തച്ഛൻ രാമായണത്തിലായാലും രാമനെക്കാൾ ആണധികാരകരുത്ത് പ്രകടിപ്പിക്കുന്ന കഥാപാത്രം തീർച്ചയായും രാവണൻതന്നെ. ഈ രാവണന്റെ മേലുള്ള രാമന്റെ വിജയം മണ്ണിനും പെണ്ണിനും മേലുള്ള വിജയംതന്നെ. പക്ഷേ അതയാളെ സംതൃപ്തനാക്കുന്നില്ല. ലങ്കയുടെ അധികാരം വിഭീഷണന് കൈമാറുന്നത് അതുകൊണ്ടാണ്. എന്നാൽ പെണ്ണിനെ (സീതയെ) ഉപേക്ഷിക്കാൻ സാധ്യമാകാത്തതുകൊണ്ടുമാത്രം സ്വീകരിക്കുന്നു. പിന്നീട്

അലക്കുകാരന്റെ പേരുപറഞ്ഞ് ഉപേക്ഷിക്കുന്നുണ്ട് എന്ന കാര്യം ഓർക്കേണ്ടതാണ്. അതുവരെ രാവണന് കീഴ്പ്പെടാതെ പിടിച്ചുനിന്ന ഇച്ഛാശക്തിയുള്ളവളായ സീത രാമന്റെ അപകർഷതാബോധത്തെ വർദ്ധിപ്പിക്കുന്നു. ആ അപകർഷതാബോധത്തെ മറികടക്കാനുള്ള രാമന്റെ ശ്രമമാണ് സീതയുടെ അഗ്നിപ്രവേശനത്തിൽ കാണാൻകഴിയുന്നത്. ആ സമയം സീത രാമന് നേത്രരോഗം പിടിച്ചവന് ദീപമെന്നപോലെ അനുഭവപ്പെടുന്നതായി വാല്മീകിരാമായണത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. സീതയുടെ സ്വത്വത്തെ ചവിട്ടിത്തേച്ചാണ് പലായനംകൊണ്ട് സംഘർഷഭരിതമായിത്തീർന്ന രാമന്റെ മനസ്സ് സ്വസ്ഥത കൈവരിക്കാൻ ശ്രമിക്കുന്നത്.

എല്ലാത്തിനുമൊടുവിൽ പതിന്നാല് വർഷം തികയുന്ന ദിവസംതന്നെ രാമൻ അയോദ്ധ്യയിൽ തിരിച്ചെത്തുന്നുണ്ട്. തന്റെ അധികാരപ്രവേശം ആഘോഷമാക്കിത്തീർക്കാൻ വിഭീഷണ, സുഗ്രീവ, ഹനുമാനാദി പരിവാരങ്ങളെ മുഴുവൻ ഒപ്പം കൂട്ടുന്നുമുണ്ട്. അവനവനിലുള്ള വിശ്വാസം നഷ്ടപ്പെട്ട വ്യക്തികൾക്ക് പ്രവർത്തിക്കുവാൻ പലപ്പോഴും ജനസാമാന്യത്തിന്റെയും സമൂഹത്തിന്റെയും ദൃക്സാക്ഷിത്വം ആവശ്യമായിവരുന്നു. ഇവിടെ രാമന് സംഭവിക്കുന്നതും അതുതന്നെ. സങ്കീർണ്ണവും കലുഷിതവും വിശ്വാസരാഹിത്യം നിറഞ്ഞതുമായ ഒരു മാനസികാവസ്ഥയിലേക്ക് രാമൻ എന്ന ഇതിഹാസപുരുഷനെ നയിച്ചത് തീർച്ചയായും സ്വന്തം നാട്ടിൽനിന്നുള്ള പലായനവും അതിലൂടെ സംഭവിച്ച സ്വത്വനഷ്ടവും തന്നെ.

ഇതേ അവസ്ഥയിൽ അധികാരനഷ്ടം സ്വത്വനഷ്ടത്തിന് കാരണമാവുകയും പലായനവും പ്രവാസവും സ്വയം ഏറ്റുവാങ്ങേണ്ടിവരികയും ചെയ്ത മറ്റൊരു കഥാപാത്രമാണ് മഹാഭാരതത്തിലെ ഒരു ഉപകഥയിലെ നായകനായ നളൻ. രാമനെപ്പോലെ തന്നെ കരുത്തനെങ്കിലും ദുർബലനായ നായകനാണ് (ട്രാജഡിയിലെ നായകസങ്കല്പത്തെ ശരിവയ്ക്കുന്ന നായകൻ) ഇയാളും.

അധികാരിയായ നളമഹാരാജാവും സകല സൗഭാഗ്യങ്ങൾക്കും നടുവിലാണ് ജീവിക്കുന്നത്. ലോകൈകസുന്ദരിയായ ദമയന്തിയാണ് ഭാര്യാപദം അലങ്കരിക്കുന്നത്. കലിബാധയാണ് ഈ നായകന്റെ ദൗർബല്യത്തിന് കാരണം. മനുഷ്യനിൽ കുടിയേറുന്ന തിന്മയുടെ പ്രതീകാത്മകരൂപമാണ് കലി. ഇതാണ് അധികാരവും രാജ്യവും നഷ്ടപ്പെടാൻ നളന് പ്രേരണയാകുന്നത്. അത് അയാളിൽ അഗാധമായ പതനം സൃഷ്ടിച്ചു. അത് മനസ്സിനേയും ശരീരത്തേയും ഒരുപോലെ ബാധിക്കുകയും ചെയ്തു.

അധികാരനഷ്ടം നളനെ നിഷ്കാസിതനും അശരണനുമാക്കി മാറ്റി. അതിന്റെ ഫലമായിരുന്നു അയാളുടെ പലായനവും പ്രവാസവും. സുഖത്തിന്റെയും സമൃദ്ധിയുടെയും കാലത്ത് ഒപ്പം നിന്ന ഭാര്യ പലായനത്തിൽ ഒരു ബാധ്യ തയാകുന്നു. അതുകൊണ്ടാണയാൾ അവളെ ഉപേക്ഷിക്കാൻ നിർബന്ധി തനാകുന്നത്. അതിനുമുമ്പ് അച്ഛന്റെ നാട്ടിലേയ്ക്ക് പോകാൻ ദമയന്തിയെ അയാൾ പ്രേരിപ്പിക്കുന്നുണ്ട്. പക്ഷേ സ്വത്വബോധവും ഇച്ഛാശക്തിയുമുള്ള ദമയന്തി അതിന് തയ്യാറാകുന്നില്ലെന്നു മാത്രം.

അർദ്ധരാത്രിയിൽ അശരണയായ ഭാര്യയെ കൊടുംവനത്തിൽ ഉപേ ക്ഷിക്കാൻ തക്കവണ്ണം അപകർഷതാബോധം നളനിൽ സൃഷ്ടിക്കുവാൻ അധികാര/രാജ്യനഷ്ടത്തിന് സാധിച്ചു. തന്നിൽനിന്നുതന്നെയുള്ള ഒളിച്ചോ ട്ടമായി മാറി നളന്റെ തുടർന്നുള്ള ജീവിതം. സ്വയം വിശ്വാസം നഷ്ടപ്പെട്ട അയാൾക്ക് സ്വന്തം രൂപവും പേരുംപോലും ഭാരമാവുകയാണ്. അതെല്ലാം ഉപേക്ഷിക്കാൻ നളന് പിന്നീട് കാർക്കോടകന്റെ സഹായം ലഭിക്കുകയും ചെയ്യുന്നു. ഈ സ്വത്വനാശംതന്നെയാണ് രാജാവായ നളനെ സൂതനും, പരിചാരകനും, അടുക്കളക്കാരനുമാക്കിയത്. ആത്മവിശ്വാസമില്ലായ്മയും അപകർഷതാബോധവും തന്നിലേയ്ക്കുതന്നെ ഒതുങ്ങുവാൻ അയാളെ പ്രേ രിപ്പിക്കുന്നു.

എന്നാൽ ദമയന്തിയുടെ രണ്ടാം വിവാഹവാർത്ത അയാളിൽ ഉറങ്ങി ക്കിടന്ന 'അഹംബോധ'ത്തെ ഉണർത്തി. മണ്ണും പെണ്ണും തിരിച്ചുപിടിക്കേ ണ്ടതിന്റെ ആവശ്യകത അയാളിൽ നിറയുന്നത് അപ്പോൾ മാത്രമാണ്. അപ്പോഴും അതിനുവേണ്ടി ബോധപൂർവ്വമായൊരു ശ്രമം നളനിൽ നടക്കുന്നില്ല. അത്തരമൊരു ശ്രമമുണ്ടാകുന്നത് ദമയന്തിയിൽ മാത്രമാണ്. നളനേക്കാൾ എത്രയോ കരുത്തു പ്രകടിപ്പിക്കുന്ന കഥാപാത്രമായി ദമയന്തി മാറുന്നു. അവൾക്കുവേണ്ടത് പക്ഷേ നഷ്ടപ്പെട്ട രാജ്യമോ അധികാരമോ അല്ല; തന്റെ ഇണയെയാണ്. അതുകൊണ്ടുതന്നെ സ്വന്തം ജീവിതത്തിൽനി ന്ന് പലായനം ചെയ്യാൻ നളനെപ്പോലെ അവൾ ശ്രമിക്കുന്നില്ല. അങ്ങനെ ദമയന്തിയുടെ ബുദ്ധിപൂർവ്വവും തന്ത്രപരവുമായ നീക്കങ്ങൾ സ്വന്തം രാജ്യവും അധികാരവും തിരിച്ചുപിടിക്കാൻ നളനെ പ്രാപ്തനാക്കുന്നു.

നളനിൽ നിറയുന്ന അപകർഷതാബോധത്തിന്റെ ആഴം വെളിപ്പെടു ത്തുന്ന സന്ദർഭമാണ് രണ്ടാം വിവാഹവാർത്ത പ്രചരിപ്പിച്ച ദമയന്തിയോട് അയാൾ നടത്തുന്ന വാഗ്വാദങ്ങളും രോഷപ്രകടനങ്ങളും. ആണധികാരവും സ്വത്വവും നഷ്ടപ്പെട്ട അവധൂതനായ പുരുഷന്റെ ആത്മസംഘർഷത്തിന്റെ

ബഹിർസ്ഫുരണം മാത്രമാണ് ആ രോഷപ്രകടനം. സ്വന്തം മണ്ണും പെണ്ണും തിരിച്ചുപിടിക്കുന്ന നളൻ പലായനത്തിനും പ്രവാസത്തിനുമൊടുവിൽ സ്വന്തം നാട്ടിൽ തിരിച്ചെത്തുന്ന കേവലമനുഷ്യന്റെ പ്രതീകമാണ്.

രാമനിലും നളനിലും നിറയുന്ന ഭാവങ്ങൾ ഏതാണ്ട് ഒന്നുതന്നെയാണ്. രാജ്യവും അധികാരവും നഷ്ടപ്പെട്ട് പലായനം ചെയ്ത് പ്രവാസിയായി ജീവിക്കേണ്ടിവരുന്നവരുടെ ആത്മസംഘർഷങ്ങളും സ്വത്വനാശവും എല്ലാത്തിനുമൊടുവിൽ നഷ്ടമായതെല്ലാം തിരിച്ചുപിടിക്കുമ്പോൾ അവൻ കൈവരിക്കുന്ന ആത്മവിശ്വാസവും സ്വത്വനേട്ടവും.

## ഗ്രന്ഥസൂചി


1. അജേഷ് കടന്നപ്പള്ളി (എഡിറ്റർ), പ്രവാസം ദേശവും സ്വത്വവും, പുസ്തക ഭവൻ, പയ്യന്നൂർ, 2019.
2. ഉണ്ണായിവാര്യർ, നളചരിതം, എ.ആർ.രാജരാജവർമ്മ (വാഖ്യാ.), സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2016.
3. ദിനേശൻ ഇ.കെ.' (എഡിറ്റർ), പ്രവാസ ജീവിതം, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.
4. Ajayakumar Sahoo, Gabriel Sheffer (Ed.), Diaspora and Identity, Routledge, 2014
5. Briji N. Lal ,The Encyclopedia of the Indian Diaspora, Oxford university press, 2007


*drsushamakumary@gmail.com*

# സാംസ്കാരിക ബഹുത്വം: സമകാലിക മലയാളപ്രവാസനോവലുകളിൽ

ഡോ: ജെയ്സി ഡേവിഡ്
അസി. പ്രൊഫസർ, അസ്മാബി കോളേജ്, കൊടുങ്ങല്ലൂർ

സംഗ്രഹം

സമകാലിക മലയാള പ്രവാസനോവലുകളിൽ അടയാളപ്പെടുന്ന അതിജീവനത്തിന്റെ ചരിത്രമാണ് പ്രബന്ധം അന്വേഷിക്കുന്നത്. അതിജീവനത്തിന്റെ പഴയ പാഠങ്ങൾക്കു പകരം പുതിയ ജീവിത സാഹചര്യം ആവശ്യപ്പെടുന്ന സാംസ്കാരിക സമരസപ്പെടലുകളുടെ വ്യതിരിക്തപാഠങ്ങളെ പ്രവാസിക്ക് ഉൾക്കൊള്ളേണ്ടിവരുന്നു.

***താക്കോൽവാക്കുകൾ:*** അതിജീവനം -നിരാസം - പാഠം - താദാത്മ്യം - അന്തരം - ബഹുസ്വരത്വസ്വത്വം.

സമാനതകളില്ലാത്ത സാംസ്കാരിക സാഹചര്യങ്ങളെ നേരിടേണ്ട ജീവിതാവസ്ഥയാണ് പ്രവാസം. വ്യതിരിക്തമായ സാംസ്കാരിക കാലാവസ്ഥയെന്ന സങ്കീർണ്ണതയെ അതിജീവിക്കേണ്ട ഒരു പ്രത്യേക ഉപസംസ്കാരം പ്രവാസജീവിതം ആവശ്യപ്പെടുന്നുണ്ട്. സ്വം, പരം എന്നീ രണ്ടു ലോകങ്ങളെ സമന്വയിപ്പിക്കേണ്ടവനാണ് പ്രവാസി. ഹോമി കെ. ബാബയുടെ നിരീക്ഷണത്തിൽ പ്രവാസി തന്റെ രണ്ടുപാദങ്ങൾ പഴയതും പുതിയതുമായ രണ്ടു ലോകങ്ങളിൽ ഊന്നികൊണ്ട് ഒരു മൂന്നാമിടത്തിൽ വസിക്കുന്നവനാണ്. ഈ രണ്ടുലോകങ്ങളും വ്യത്യസ്തമായ സാംസ്കാരികസാഹചര്യങ്ങളെയാണ് തമ്മിൽ ബന്ധിപ്പിക്കുന്നത്. ഇത് പുതിയ അനുഭവമേഖലകളെയും നിലനില്പിന്റെ പുതിയ സാധ്യതകളെയും മുന്നോട്ടു വയ്ക്കുന്നുണ്ട് (Homi K. Bhabha, 1994:7). വൈകാരികലോകങ്ങളെ മാറ്റിവെച്ചുകൊണ്ട് യുക്തിയോടെ ജീവിതത്തെ സമീപിക്കുകയെന്ന അതിജീവനതന്ത്രം പ്രവാസജീവിതം

ആവശ്യപ്പെടുന്നുണ്ട്. നഷ്ടപ്പെട്ട നാടിനെയും വീടിനെയും കുറിച്ചുള്ള ഗൃഹാതുരതയിൽ നിന്നും സ്വത്വത്തെ വേർപ്പെടുത്തുക പ്രവാസിക്ക് എളുപ്പമല്ലെങ്കിലും. പുതിയ ദേശപരിസരങ്ങളുമായി സമരസപ്പെട്ടുപോകുവാനാണ് അയാൾ ശ്രമിക്കുന്നത്. പുതിയലോകത്ത് ഒറ്റപ്പെടുന്നുണ്ടെങ്കിലും അത്തരം അപരിചിതത്വങ്ങളെ മറികടക്കേണ്ടതിന്റെ അനിവാര്യത അയാളെ പുതിയ ലോകത്ത് നിലനിർത്തുന്നുവെന്ന്, 'ദി ഫ്യൂച്ചർ ഓഫ് നോസ്റ്റാൾജിയ' എന്ന ഗ്രന്ഥത്തിൽ സ്വെറ്റ്ലാനാ ബോയേം സമർത്ഥിക്കുന്നു (Svetlana, Boym, 2001:252)

സാമൂഹികവും രാഷ്ട്രീയവുമായ വ്യതിരിക്തസാഹചര്യങ്ങളോടു മല്ലിട്ടുകൊണ്ട് അതിജീവനം സാധിക്കുന്ന പ്രവാസികളുടെ ലോകമാണ് പ്രവാസനോവലുകളിലും കണ്ടെത്താനാകുന്നത്. തൊഴിലിടങ്ങളിലെ പ്രതികൂലസാഹചര്യങ്ങളോട് അവർ പൊരുത്തപ്പെടുന്നതിന്റെ പ്രായോഗികതയെ വിശദപഠനത്തിന് വിധേയമാക്കുന്നു. മനുഷ്യത്വരഹിതമായ നിയമങ്ങൾക്കും കാട്ടുനീതികൾക്കും മുമ്പിൽ നീതീകരണങ്ങളില്ലാത്ത പ്രഹേളികയായി ന്യൂനപക്ഷങ്ങളുടെ അറേബ്യൻ പ്രവാസം വഴിമാറുന്നുണ്ട്. അതിജീവനത്തിന്റെ പഴയപാഠങ്ങൾക്കു പകരം പുതിയ ജീവിതസാഹചര്യം ആവശ്യപ്പെടുന്ന സാംസ്കാരികസമരസപ്പെടലുകളുടെ വ്യതിരിക്ത പാഠങ്ങളെ പ്രവാസിക്ക് ഉൾക്കൊള്ളേണ്ടിവരുന്നു. ഇത് പ്രവാസിയുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകുമ്പോൾ സംഭവിക്കുന്ന വ്യതിയാനങ്ങളാണ് ആടുജീവിതത്തിൽ തെളിയുന്നത്.

അടിസ്ഥാനാവശ്യങ്ങളുടെ നിരാസമാണ് ആടുജീവിതത്തിലെ നജീബിന്റെ അനുഭവങ്ങളെ തീവ്രമാക്കുന്നത്. വെള്ളത്തിന്റെ നിരാസം നജീബിന് ഉൾക്കൊള്ളേണ്ടിവരുന്നത് നിലനില്പിന്റെ ഭാഗമായാണ്. വെള്ളത്തിന്റെ നിഷേധിച്ചുമൂലം പ്രാകൃത ശൗചപ്രക്രിയകളിലേയ്ക്ക് നജീബിനു തിരിയേണ്ടിവന്നു. "തലേദിവസത്തെ ജാള്യതയൊക്കെ മാറി ഞാൻ പരസ്യമായി പൊതു ഇടത്തിൽ തന്നെ വെളിക്കിരുന്നു. എവിടെ വെച്ചു മുട്ടിയോ അവിടെ. വെള്ളം കൊണ്ടു കഴുകാൻ ശ്രമിച്ച് അർബാബിന്റെ അടി കൊള്ളുന്നതിനു പകരം എന്റെ വൃത്തിയാക്കൽ കല്ലുകൊണ്ടായി. ഓരോ ദേശത്തും ഏറ്റവും സുലഭമായ വസ്തുക്കൾ കൊണ്ട് അതു സാധിക്കുകയാണ് അതിന്റെയൊരു രീതിയെന്ന് ഞാൻ നിരൂപിച്ചു. ഇംഗ്ലീഷുകാർക്ക് ഏറ്റവും എളുപ്പം കിട്ടാവുന്നത് പേപ്പർ കഷ്ണമാണ്. അവരതുകൊണ്ട് വൃത്തിയാക്കുന്നു. നമുക്കു വെള്ളം അതുകൊണ്ടു മാത്രം നമ്മൾ വെള്ളംകൊണ്ടു വൃത്തിയാക്കുന്നു.

എനിക്കിപ്പോൾ സുലഭം കല്ലായിരുന്നു. കല്ലെങ്കിൽ കല്ല്. അതായിരുന്നു അപ്പോഴത്തെ എന്റെ നിലപാട് ” ( ബന്യാമിൻ, 2009: 75).

ഓരോ ദേശത്തിന്റെയും ഭൂപ്രകൃതിയും സാംസ്കാരികസാഹചര്യങ്ങളും വ്യത്യസ്തമാണ്. സ്വന്തംദേശത്തിന്റെ ജൈവപരിസരത്തിൽ നിന്നും വ്യത്യസ്തമായ ജീവിതക്രമം പ്രവാസിയുടെ ജീവിതത്തെ സംഘർഷഭരിതമാക്കുന്നുണ്ട്. അടിസ്ഥാനാവശ്യങ്ങൾ നിവൃത്തിക്കാൻ വേണ്ട സാഹചര്യംകൂടി ഇല്ലാതാകുന്നിടത്താണ് പ്രവാസവ്യഥകളുടെ നൈരന്തര്യം നമുക്കു ബോധ്യപ്പെടുക. വർത്തമാനപരീക്ഷണങ്ങളെ മറികടക്കാൻ നജീബ് കണ്ടെത്തിയ ഉപായമായിരുന്നു മസറയെ നാടും വീടുമായി സങ്കല്പിക്കൽ. “മസറയിലെ കണ്ടാലറിയുന്ന എല്ലാ ആടുകൾക്കും ഞാൻ ഓരോരോ പേരുകൾ കൊടുത്തിരുന്നു. ഒരു കൗതുകത്തിന് വഴക്കുപറയാനുള്ള സൗകര്യത്തിന്. താലോലിക്കാനുള്ള എളുപ്പത്തിന്. അറവുറാവുത്തർ, മേരി മൈമുന, ഇണ്ടിപോക്കർ. നിങ്ങൾ എന്നെങ്കിലും ആടുകളുടെ മുഖത്തേയ്ക്ക് സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ. നോക്കിയാൽ കാണാം. അവയ്ക്കൊക്കെ ഓരോ മനുഷ്യമുഖവുമായി നല്ല സാമ്യമുണ്ട് ” (ബന്യാമിൻ,2009:129). ഒറ്റപ്പെടലിന്റേതും കഠിനമായ അദ്ധ്വാനത്തിന്റേതുമായ സാഹചര്യങ്ങൾക്കു വഴങ്ങുക എന്ന പ്രതിസന്ധിയെ പ്രവാസികൾ നേരിടുന്നതിന്റെ ചിത്രമാണ് നജീബിലൂടെ വ്യക്തമാകുന്നത്.

‘ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി’ലെ അസീസ് പ്രതികൂലസാഹചര്യങ്ങളോട് ഇണങ്ങികഴിയുക എന്ന വലിയപ്രതിസന്ധിയെ നേരിടുകഥാപാത്രമാണ്. വ്യക്തിഹീനമായ അന്തരീക്ഷവുമായി പൊരുത്തപ്പെടുക അസീസിന് പ്രയാസമേറിയതായിരുന്നു. “ഒരു ഗ്ലാസ് ചായ കയ്യിലെടുത്തു ചുണ്ടിലേക്കടുപ്പിക്കുന്നതിനു മുന്നേ എട്ടോപത്തോ ഈച്ച വന്ന് അതിൽചാടി നീന്തി മദിക്കുകയായി. പിന്നെ.. പിന്നെ ചുണ്ടുകൾ അമർത്തിപ്പിടിച്ച് ഈച്ച വായിലേയ്ക്കുകടക്കാതെ ചായ അരിച്ചുകുടിക്കാൻ ശീലിച്ചു. നിവൃത്തികേടുകൊണ്ട് ഇങ്ങനെ ഓരോ സാഹചര്യങ്ങളുമായി പൊരുത്തപ്പെടേണ്ടിവരികയാണ്. ഇപ്പോൾ അറപ്പില്ല. ഈച്ചകളും പ്രാണികളും ദൈനംദിനജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു” (റഷീദ്, പാറയ്ക്കൽ, 2011: 43).

ഉയർന്നവേതനത്തിൽ ജോലിചെയ്യുന്നവർക്കും മാനുഷികാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ നിശ്ശബ്ദം അവയെ സഹിക്കാൻ മാത്രമേ അന്യനാട്ടിലെ രാഷ്ട്രീയസാഹചര്യങ്ങളിൽ സാധിതമാകൂ. അതിനുദാഹരണമാണ് ‘ബർസ’യിൽ സബിതയ്ക്കു നേരിടേണ്ടിവരുന്ന പരിഹാസങ്ങൾ.

"വീർത്തു കെട്ടിയ അഹംബോധത്തിനേൽക്കുന്ന ഇത്തരം സൂചികുത്തലുകൾ ചിലപ്പോഴൊക്കെ ഒരാവശ്യമല്ലേ. ലോകഭ്രൂപടത്തിൽ ഒരു കുഞ്ഞുപൊട്ടായി പ്പോലും രേഖപ്പെടുത്താനാവാത്ത വടക്കൻകേരളത്തിലെ ഇത്തിരിപ്പൊട്ടു ഗ്രാമത്തിലെ പെണ്ണൊരുത്തി. അവളുടെ ഊതിവീർപ്പിച്ച ആഢ്യവ്യക്തിത്വം. എണ്ണിയാലൊടുങ്ങാത്ത സംസ്കാരങ്ങൾ വന്നുചേരുന്ന ഈ വിശ്വനഗരത്തി ന്റെ ആൾതിരക്കിൽ അതിനെന്തുപ്രസക്തി" (ഖദീജാ മുംതാസ്, 2010: 57).

ദേശമാറ്റം പ്രവാസിക്ക് പുതിയ അനുഭവങ്ങളെ പ്രദാനംചെയ്യു. സാമൂഹികരാഷ്ട്രീയസാഹചര്യങ്ങളുമായി പൊരുത്തപ്പെടുക എന്ന നവപാ ഠങ്ങളോടു പ്രവാസി ഉള്ളിൽ കലഹിക്കുന്നുണ്ടെങ്കിലും സമരസപ്പെട്ടുപോവു കയെന്നതു നിലനില്പിനു അനിവാര്യമാണെന്നു അയാൾ തിരിച്ചറിയുന്നുണ്ട്. ഇത് പ്രവാസം ആവശ്യപ്പെടുന്ന പ്രത്യേക ലോകബോധമാണ്. ഇതിനെ ആന്തരിക സംസ്കൃതിയോടു ചേർത്തുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമേ പ്രവാസം എന്ന മനുഷ്യാവസ്ഥ സാധിതമാവുകയുള്ളൂ.

അന്യദേശസംസ്കാരം മാത്രമല്ല വിവിധങ്ങളായ ദേശങ്ങളിൽ നിന്നും കടന്നുവന്ന പ്രവാസികളോട് താദാത്മ്യപ്പെടുക എന്ന വെല്ലുവിളികൂടി പ്രവാസജീവിതം മുന്നോട്ടുവയ്ക്കുന്നുണ്ട്. ബഹുസാംസ്കാരികത പകരുന്ന അനുഭവങ്ങളും സംഘർഷങ്ങളും പ്രവാസപഠനങ്ങളിൽ പ്രാധാന്യമേറി യതാണ്. വിദേശനാടുകളിൽ പ്രവാസികൾ പൊതുവെ നേരിടുന്ന അനു ഭവമാണ് ബഹുസാംസ്കാരികത. താമസസ്ഥലത്തും തൊഴിലിടങ്ങളിലും ഉടമകൾതൊട്ട് സഹതൊഴിലാളികൾവരെയുള്ള വിവിധ ദേശ, ഭാഷ, വംശ, വർഗ്ഗക്കാരായ വ്യത്യസ്ത സാംസ്കാരികപശ്ചാത്തലത്തിൽ നിന്നു ള്ളവരോട് അവർക്ക്ഇടപഴകേണ്ടിവരുന്നു (Homi, K. Bhabha, 1994: 7). ഈ സങ്കരത്വത്തെ ഹോമി. കെ. ബാബ നിർവചിക്കുന്നത്. 'സാംസ്കാരിക മാറ്റത്തെ കുറിക്കുന്ന വിപ്ലവകരമായ നടപടി എന്നാണ് ഈ ബഹുസ്വരത വഴിയായി സൃഷ്ടിക്കപ്പെടുന്ന ഭാഷാപരവും സാംസ്കാരികവുമായ അന്തരം പ്രവാസികളിൽ ജനിപ്പിക്കുന്ന സങ്കീർണ്ണതകൾ നിരവധിയാണ്.

ബർസയിൽ ഡോക്ടറായി സൗദിയിലെത്തുന്ന സബിതയെന്ന കഥാപാത്രത്തിന് ഇടപഴകേണ്ടിവന്ന വ്യത്യസ്തദേശക്കാരിൽ നിന്നും ലഭിച്ച അറിവുകൾ വിവിധസംസ്കാരങ്ങളെകുറിച്ചുള്ള അവബോധമാണ് നൽകിയത്. ഇത്തരം അറിവുകൾ സ്വന്തംദേശത്തിന്റെ സാംസ്കാരിക പശ്ചാത്തലവുമായുള്ള ഒരു താരതമ്യപ്പെടുത്തലിലേയ്ക്ക് പ്രവാസിയെ നയിക്കു ന്നുണ്ട്. സൗദി സ്ത്രീകളുടെ അറിവും അവകാശബോധവും പ്രവാസത്തിലൂടെ

സബിത അറിഞ്ഞ അനുഭവമാണ്. അധികാരത്തോടെ കടന്നുചെന്ന് ഗർഭ ധാരണവുമായി ബന്ധപ്പെട്ടുള്ള വിഷമതകൾ ഡോക്ടറോട് വിശദീകരിക്കാൻ അവർ കാണിക്കുന്ന ആർജ്ജവം സബിതയിൽ അൽഭുതം ജനിപ്പിക്കുന്നു. “അറബി പെണ്ണുങ്ങൾക്ക് മെഡിക്കൽ വിഷയങ്ങളിൽ നല്ല അവഗാഹം തന്നെ. നമ്മുടെ നാട്ടിലെ ഗർഭിണികൾ എത്ര സെന്റീമീറ്ററായി എന്നു ഡോക്ടറോടു ചോദിക്കുന്നതു ഏതു കാലത്തായിരിക്കും” (ഖദീജാ മുംതാസ്, 2010: 30). ആരോഗ്യകരവും സ്വകാര്യതയെ സംരക്ഷിക്കുന്നതുമായ അന്തരീക്ഷമാണ് സൗദി ആശുപത്രികൾക്കുള്ളത്.

സുഡാനി സ്ത്രീകളുടെ പ്രസവമെടുക്കൽ സങ്കീർണ്ണത സൃഷ്ടിക്കുന്നതാണെന്ന അറിവ് സബിതയ്ക്കുണ്ടായത് സൗദിയിലെ ആശുപത്രിയിൽ നിന്നാണ്. തൊണ്ണൂറ്റിയെട്ടു ശതമാനം സുഡാനി സ്ത്രീകളും ‘ഫീമെയിൽ സർക്കംസിഷൻ’ എന്ന കിരാത കർമ്മത്തിനു വിധേയരായവരാണ്. സ്ത്രീകളുടെ ലൈംഗികഭാഗങ്ങൾ മുറിച്ചുകളയുന്ന ക്രൂരമായ സമ്പ്രദായം ആ നാട്ടിൽ (സുഡാനിൽ) ഇന്നും നിലനില്ക്കുന്നു. എന്ന തിരിച്ചറിവ് ഞെട്ടിക്കുന്നതായിരുന്നു. “ലൈംഗികോത്തേജനത്തിനു സഹായിക്കുന്ന ഭാഗങ്ങളാണ് അവർ ഛേദിച്ചുകളയുന്നത്. അതിക്രൂരമായ സെക്ഷ്വൽ മ്യൂട്ടിലേഷൻ! പെൺകുട്ടികളുടെ മാതാപിതാക്കളും, സമുദായനേതൃത്വവും വളരെ ചിട്ടയോടെ മതാചാരമെന്നമട്ടിൽ ഈ ഇരുപതാംനൂറ്റാണ്ടിലും ഇതു നിലനിർത്തികൊണ്ടു പോകുന്നത് എന്തു കിരാതത്വമാണ്” (ഖദീജാ മുംതാസ്, 2010: 103).

വിവിധങ്ങളായ സംസ്കാരങ്ങളോട് ഇടപഴകേണ്ടി വരുന്ന പ്രവാസിക്ക് സ്വന്തം നാടിനെപറ്റിയുള്ള ചിന്തകളും സാംസ്കാരികസവിശേഷതകളും കൂടുതൽ ബോധ്യമാകുന്നത് ഇത്തരം സാഹചര്യങ്ങളിൽ കൂടിയാണ്. ഡോക്ടർ ഇക്ബാലുമായുള്ള സബിതയുടെ സംഭാഷണം ഇതു വ്യക്തമാക്കുന്നുണ്ട്. “...സ്വർഗ്ഗത്തിൽ കഴിഞ്ഞ് അതിനെ തിരിച്ചറിയാതെ പോയവരാണ് ഞങ്ങൾ. ഇപ്പോൾ ഇവിടെയിരിക്കുമ്പോഴാണ് ഉപേക്ഷിച്ചുപോന്നതൊരു സ്വർഗ്ഗമായിരുന്നെന്ന് ഞങ്ങളറിയുന്നത്” (ഖദീജാ മുംതാസ്, 2010: 129) സ്വന്തം ദേശത്തെയും സ്വത്വത്തെയും തിരിച്ചറിയുന്നത് ഇത്തരം ബഹുസ്വരതയുടെ അന്തരീക്ഷത്തിലാണെന്ന് ബർസ നമ്മെ ഓർമ്മിപ്പിക്കുന്നു.

സഹതൊഴിലാളികളുമായുള്ള സംഘർഷമാണ് അസീസിനെ ഗൾഫിൽ നിന്നും പോരാൻ പ്രേരിപ്പിക്കുന്നത്. കിടപ്പുമാത്രമല്ല, ഭക്ഷണരീതികളിലും അസീസിനു പൊരുത്തപ്പെട്ടു പോകാനാകുന്നില്ല. ഒരു പാത്രത്തിൽ നിന്നും ഒരുമിച്ചു കഴിക്കുക എന്ന അറേബ്യൻരീതി അസീസിനു

ദുഷ്കരമായിരുന്നു. “ഒരു പ്ലെയ്റ്റിൽ നിന്നാണ് നാലുപേരും കഴിക്കേണ്ടത്. മൂന്നുപേരും വാരിവലിച്ചു തിന്നുകയാണ്. വായിൽ നിന്നും ചോറിന്റെ വറ്റുകൾ താഴെ പ്ലെയ്റ്റിൽ വീഴുന്നു. കയ്യിട്ടു കുഴച്ചതിന്റെ ഒരു ഭാഗം സ്നേഹത്തിന്റെ പേരിൽ എനിക്കു നീട്ടി തരുന്നു. വിയർപ്പും, ഉമിനീരും എല്ലാം ചേർന്ന ഭക്ഷണം. ... ഇനി ഇവിടുന്ന് പോകേണ്ടി വന്നാലും ഒരു പ്ലെയ്റ്റിൽ നിന്നും കഴിക്കുന്ന സമ്പ്രദായത്തിനു ഞാനില്ലെന്നു നിശ്ചയിച്ചു. പിന്നീട് ഭക്ഷണം കഴിക്കാൻ അവരോടൊപ്പം കൂടിയിട്ടില്ല” (റഷീദ് പാറയ്ക്കൽ. 2011: 39).

സാധാരണക്കാരായ മൂന്നാംലോകരാജ്യപ്രവാസികൾ അറേബ്യൻ തൊഴിലിടങ്ങളിൽ നേരിട്ട യാതനകൾക്ക് സമാനതകളുണ്ട്. ഒരേപ്രശ്നങ്ങളും ഒരേപീഡനങ്ങളുമാണ് അവർ കൂട്ടമായി നേരിട്ടത്. ഭാഷയുടെ വ്യത്യസ്തതകൾക്കപ്പുറത്ത് ദേശഭേദങ്ങളുടെ അതിർത്തികളെ ഭേദിച്ചുകൊണ്ട് ഒരേ പ്രതിസന്ധിയെ നേരിട്ട ഇവർ തൊഴിലിടങ്ങളിലെ പീഡനങ്ങളിലും ദുരിതങ്ങളിലും പരസ്പരം സഹായഹസ്തമായി. അറേബ്യൻ നാടുകളിലെ പ്രാദേശികക്കൂട്ടായ്മകൾ മലയാളികൾക്കു തുണയായതിനു പുറമെ പാർശ്വവത്കരിക്കപ്പെട്ട മൂന്നാംലോകരാജ്യപ്രവാസികളുടെ ഐക്യം ബഹുസാംസ്കാരികാന്തരീക്ഷത്തിൽ നിലനില്ക്കുന്നതു കാണാം.

വിവിധ ദേശങ്ങളിൽ നിന്നുവന്ന പ്രവാസികൾ ഒരുമിച്ചു താമസിക്കുമ്പോഴുണ്ടാകുന്ന പൊരുത്തക്കേടുകൾക്കപ്പുറത്ത്, പ്രതിസന്ധികളെ നേരിടുമ്പോൾ അവരിലെ ദേശീയത ദൃഢപ്പെടുകയും കീഴാളസ്വത്വംപേറുന്ന മൂന്നാംലോകരാജ്യപ്രവാസികൾ ഒരേമനസ്സോടെ പ്രതികൂലസാഹചര്യങ്ങളെ മറികടക്കുന്ന കാഴ്ച്ചയാണ് ബഹുസ്വരതയിൽ കാണുന്നത്. ‘ആടുജീവിത’ത്തിൽ നജീബിനും ഹക്കീമിനും മരുഭൂമിയിലെ മസറയിൽ നിന്നും രക്ഷപ്പെടാൻ വഴികാട്ടിയാകുന്നത് അന്യദേശക്കാരനായ ഇബ്രാഹിം ഖാദരിയാണ്. വന്യമായ മരുഭൂമിയിലൂടെയുള്ള പലായനത്തിൽ ഹക്കീമിനെയും നജീബിനെയും താങ്ങി നിറുത്തിയത് സൊമാലിയക്കാരനായ ഖാദരിയായിരുന്നു. “മരുഭൂമിയിൽ രണ്ട് അനാഥശവങ്ങളെപ്പോലെ ഞാനും ഹക്കീമും വീണുകിടന്നു. അന്നേരം വേണമെങ്കിൽ ഞങ്ങളെ ഉപേക്ഷിച്ച് ഇബ്രാഹിമിനു രക്ഷയുടെ വഴിതേടാമായിരുന്നു. പക്ഷെ അവൻ പിന്നെ ഞങ്ങൾ രാത്രി കണ്ണു ഉറക്കുന്നതുവരെ ഞങ്ങൾക്കു കാവലിരുന്നു” (ബന്യാമിൻ, 2009: 168). മരുഭൂമിയിലെ പലായനത്തിൽ വെള്ളംകിട്ടാതെ ഹക്കീം മരണപ്പെടുന്നുണ്ട്. പിന്നീടുള്ള യാത്രയിൽ അവർ വെള്ളത്തിന്റെ ഉറവ കണ്ടെത്തുന്നു. നനഞ്ഞ തുണികഷ്ണം നജീബിന്റെ

വായിലേക്കിറ്റിച്ചുകൊടുത്ത് ശരീരത്തെ പാകപ്പെടുത്തിയതിനുശേഷം വെള്ളം കോരികൊടുത്ത് നജീബിന്റെ ദാഹമകറ്റിയിട്ടു മാത്രമേ ഇബ്രാഹിം തന്റെ ദാഹമകറ്റാൻ ശ്രമിക്കുന്നുള്ളൂ. ഇതു സൂചിപ്പിക്കുന്നത്, ഭാഷാ-ദേശഭേദങ്ങൾക്കതീതമായി പ്രശ്നങ്ങളിൽ തുണയാകുന്ന പ്രവാസിസമൂഹത്തിന്റെ മാനവികതയെയാണ്.

'ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളി'ൽ അന്യദേശക്കാരുടെ പൊരുത്തപ്പെടാനാകാത്ത ഇടപെടലുകൾ അസീസിൽ പകയും അമർഷവും ജനിപ്പിക്കുന്നുണ്ടെങ്കിലും, അവർക്കു നേരിടേണ്ടി വരുന്ന വിഷമഘട്ടങ്ങളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിരൽസ്പർശം അത്തരം പൊരുത്തകേടുകളെ മായ്ച്ചുകളയുന്നതു കാണാം. അസീസിന്റെ സഹതൊഴിലാളികൾ ബംഗ്ലാദേശികളാണ്. ഭാഷകൊണ്ടും സംസ്കാരംകൊണ്ടും സമാനതയില്ലാത്ത ഇവരോടൊന്നിടച്ചുള്ള ജീവിതം അസീസിനു കഠിനമായിരുന്നു. ഒറ്റപ്പെട്ട പ്രവാസജീവിതത്തിന്റെ ദുഃഖങ്ങളിൽ പരസ്പരം നീറുമ്പോൾ വിദ്വേഷത്തിന്റെ മുള്ളുകൾ പ്രവാസിയുടെ മനസ്സിൽനിന്ന് അകന്നുപോകുന്നതു കാണാം. കൗസറിന്റെ ദുഃഖത്തിൽ അസീസ് പങ്കുചേരുന്നത് ഇതിനുദാഹരണമാണ്. കൗസർ തന്റെ ശബ്ദം ടേപ്പുചെയ്ത് വീട്ടിലയയ്ക്കുന്നതിന് ദൃക്സാക്ഷിയാകുകയാണ് അസീസ്. "ചില വാക്കുകൾ മനസ്സിലാകുന്നുണ്ട്. പിന്നെ കൗസറിന്റെ ശബ്ദം ഇടറിത്തുടങ്ങി. വിങ്ങിപ്പൊട്ടികൊണ്ടാണ് ഇപ്പോൾ സംസാരിക്കുന്നതെന്ന് ഞാൻ ശ്രദ്ധിച്ചു. കണ്ണുകൾ നിറഞ്ഞിട്ടുണ്ട്. അവരുടെ റൂമിലാണെങ്കിൽ പറയുന്നതെല്ലാം മറ്റു രണ്ടുപേരും മനസ്സിലാക്കുമെന്നുള്ളതുകൊണ്ടാണ് അവൻ ഇങ്ങോട്ടുവന്നിരിക്കുന്നത്. എന്നാൽ എനിക്കും കുറെയൊക്കെ മനസ്സിലാവുന്നു. സന്തോഷവും ദുഃഖവും വേദനയും തിരിച്ചറിയാൻ എന്തിനാണു ഭാഷ?" (റഷീദ് പാറയ്ക്കൽ, 2011:46). ഒഴിവു നേരങ്ങളിൽ വ്യത്യസ്തദേശക്കാർ തമ്മിൽ സിനിമാഗാനങ്ങൾ പാടികേൾപ്പിക്കുന്നത് പതിവായിരുന്നു. അസീസും അതിൽ പങ്കുചേർന്ന് മലയാളഗാനങ്ങൾ പാടികേൾപ്പിക്കുമായിരുന്നു. അത്തരം സന്ദർഭങ്ങളിൽ ദേശഭേദങ്ങൾക്കതീതമായി പരസ്പരം ഒരാത്മബന്ധം ഉടലെടുക്കുന്നുണ്ടെന്ന് അസീസ് തിരിച്ചറിയുന്നുണ്ട്. "അമീറിന് ഏറ്റവും ഇഷ്ടപ്പെട്ട ഗാനമാണ് 'പൂക്കാലം വന്നു പൂക്കാലം'. അതുശ്രദ്ധിച്ച് അമീർ അനുകരിക്കും 'പൂവുന്തോ തേനുന്തോ... അപ്പോൾ ഭാഷയും ദേശവും വഴിമാറുന്നു. അജ്ഞാതമായ ഒരാത്മബന്ധം ഉടലെടുക്കുന്നു. അമീർ പാക്കിസ്ഥാനിയും ഞങ്ങൾ ഇന്ത്യക്കാരുമല്ല. സ്നേഹത്തിന്റെ ഭാഷ പങ്കുവയ്ക്കുന്ന പ്രവാസികൾ" (അതേ കൃതി, 70).

ഗൾഫിലെ മലയാളികളുടെ പ്രാദേശികക്കൂട്ടായ്മകളും പ്രവർത്തനങ്ങളും

പ്രവാസികൾക്കാശ്വാസമാണെങ്കിലും മൂന്നാംലോകരാജ്യക്കാരായ പ്രവാസികളുടെപൊതുക്കൂട്ടായ്മ (ദേശീയത) അറേബ്യൻ തൊഴിലിടങ്ങളിൽ രൂപപ്പെടുന്നതുകാണാം. ഇവർ പൊതുവെ അനുഭവിക്കുന്ന അടിമത്തമാണ് ഒറ്റ പ്രവാസസമൂഹമെന്ന പൊതുദേശീയത ദൃഢമാകാൻ കാരണമായത്.

സമ്പന്നരാജ്യം വികസ്വരരാഷ്ട്രക്കാരെ അടിമകളെപ്പോലെ നോക്കി കാണുന്ന രാഷ്ട്രീയപശ്ചാത്തലമാണ് അറേബ്യയിലും നിലനിൽക്കുന്നത്. എത്ര ഉന്നത തൊഴിലെടുക്കുന്ന മൂന്നാംലോകരാജ്യപ്രവാസിയുടെ ഉള്ളിലും കീഴാളന്റേതായ സ്വത്വം രൂപപ്പെടുന്നത് ഇത്തരം രാഷ്ട്രീയസാഹചര്യങ്ങളിൽ നിന്നുമാണ്. 'ബർസ'യിലെ സബിതയ്ക്ക് ഡോക്ടറായിരുന്നിട്ടും നേരിടേണ്ടിവന്ന പരിഹാസങ്ങൾ ഇതിനുദാഹരണമാണ്. അറബികൾ മൂന്നാംലോക പ്രവാസികളോടു കാണിക്കുന്ന പുച്ഛം ഏതുമേഖലയിലും ദൃശ്യമാണ്. ഡോക്ടർ വഹീദ സബിതയോടു പറയുന്ന വാക്കുകൾ തെളിയിക്കുന്നതിതാണ്–"അന്യനാട്ടുകാരെ അവർ അജമികൾ എന്നാണ് പരിഹസിക്കുക. അജമികൾ എന്നാൽ ഊമകൾ എന്നർത്ഥം" (ഖദീജാ മുംതാസ്, 2010:30).

ഇത്തരത്തിൽ ഊമകളാക്കപ്പെട്ട, സ്വന്തംഭാഷയെയും സംസ്കാരത്തെയും അന്യനാട്ടിലെ സമ്പത്തിനുമുമ്പിൽ അടിയറവുവെച്ച പാർശ്വവത്ക്കരിക്കപ്പെട്ട മൂന്നാംലോകരാജ്യപ്രവാസികൾ പൊതുദേശീയസംസ്കാരം ഉൾവഹിക്കുന്നുണ്ട്. സമ്പന്നരാഷ്ട്രങ്ങളിൽ കീഴാളന്മാരാക്കപ്പെട്ട ഇവരുടെ പൊതുസ്വത്വം, പ്രതിസന്ധികളിൽ ഒരുമിക്കുന്നതിനും ചൂഷണങ്ങൾക്കു നേരെ കൈക്കോർക്കുന്നതിലും അതിശയോക്തിയില്ല. പ്രവാസം സൃഷ്ടിച്ച ബഹുസാംസ്കാരികാന്തരീക്ഷത്തിലെ വിവിധങ്ങളായ അനുഭവങ്ങളും, സാംസ്കാരികവ്യതിയാനങ്ങളും, സംഘർഷങ്ങളും, ജന്മദേശത്തെ തിരിച്ചറിയാനും വേരുകളിലേക്ക് മടങ്ങാനുമുള്ള പ്രവാസിയുടെ ആന്തരികദാഹത്തെ തീവ്രമാക്കി.

## ഗ്രന്ഥസൂചി

1. Homi, K. Bhabha; (1994) The Location of Culture, London Rout ledge.
2. Svetlana, Boym; (2001) The Future of Nostalgia., Cambridge Harvard University Press.
3. ബെന്യാമിൻ; (2009) ആടുജീവിതം, ഗ്രീൻ ബുക്ക്സ്, തൃശ്ശൂർ.
4. റഷീദ്, പാറയ്ക്കൽ; (2011) ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങൾ, ഗ്രീൻ ബുക്ക്സ്, തൃശ്ശൂർ.
5. ഖദീജാ മുംതാസ്; (2010) ബർസ, ഡി.സി. ബുക്ക്സ്, കോട്ടയം.

*jaisywilly12@gmail.com*

# സാഹിത്യചരിത്രങ്ങൾ തമസ്കരിച്ച പെൺയാത്രാഖ്യാനങ്ങൾ

**ലേഖ എൻ. കെ**
ഗവേഷക, കണ്ണൂർ യൂണിവേഴ്സിറ്റി

**സംഗ്രഹം**

സാഹിത്യചരിത്രങ്ങൾ തമസ്കരിച്ച പെൺയാത്രാഖ്യാനങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് പ്രബന്ധം. സ്ത്രീ എഴുത്തുകളയും സാഹിത്യത്തെയും ലാഘവബുദ്ധിയോടെ കാണുകയും നിരസിക്കുകയും ചെയ്തതിനു പിന്നിൽ പ്രവർത്തിച്ചത് സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും വ്യാപിച്ചിരുന്ന ലിംഗാധികാരം തന്നെയാണ്. എഴുത്ത് എന്നതുപോലെതന്നെ യാത്രയും ആണിന്റെമാത്രം അവകാശമായിരുന്നു. സ്ത്രീ എഴുതിയതുകൊണ്ടുമാത്രം യാത്രാവിവരങ്ങളായി പരിഗണിക്കാതെപോയ ആദ്യകാലകൃതികൾ കണ്ടെത്തുകയും അവയെ ചരിത്രത്തിൽ ചേർക്കുകയും ചെയ്യുമ്പോഴാണ് യാത്രാവിവരണസാഹിത്യചരിത്രം പൂർണ്ണമാകുന്നത്.

***താക്കോൽവാക്കുകൾ:*** തിരസ്കരണം–ആൺകോയ്മ–ആണധികാരം–തമസ്കരണം–വ്യവസ്ഥാപിതം–അദൃശ്യത

ഇന്നുവരെ ഉണ്ടായിട്ടുള്ള ചരിത്രഗ്രന്ഥങ്ങളിലെല്ലാം രേഖപ്പെടുത്തിയിട്ടുള്ളത് ആണിന്റെ ചരിത്രമാണ്. പല നാടും നാട്ടാരെയും വെട്ടിപ്പിടിച്ച് മുന്നേറിയ ആണിന്റെ വിജയഗാഥയുടെ ചരിത്രം. ഈ പോരാട്ട വഴികളില്ലാം കൂടെ, ചിലപ്പോൾ മുമ്പിലും മറ്റു ചിലപ്പോൾ പിന്നിലുമായി സഞ്ചരിച്ച പെണ്ണിനെ ചരിത്രം അവഗണിക്കുകയായിരുന്നു. ചരിത്രാതീതകാലം മുതൽ ആധുനികകാലം വരെയുള്ള ചരിത്ര ഗ്രന്ഥങ്ങളിലെല്ലാം തന്നെ ഈയൊരു തിരസ്കരണം കാണാൻസാധിക്കും. ആൺകോയ്മ അധികാരം കൈയാളിയിരുന്ന സാമൂഹികജീവിതത്തിൽ സ്ത്രീയെ ഒരു സമൂഹജീവിയായി കരുതിയിരുന്നില്ല. അധികാരമില്ലാത്തവർക്ക് ചരിത്രവുമില്ലല്ലൊ. അതുകൊണ്ടാണ്

സാമൂഹിക സമത്വത്തിന് വേണ്ടി പൊരുതിയ സ്ത്രീകളെല്ലാം തന്നെ ഇതേ സമരചരിത്രങ്ങളിൽ നിന്നുപോലും അദൃശ്യയായിത്തീർന്നത്. പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും ചരിത്രമില്ലാതെ പോയതിനും കാരണം ഇതുതന്നെ. എഴുത്തിന്റെ ചരിത്രവും പുരുഷന്റേതു മാത്രമായതിനു പിന്നിലും ഇതേ പ്രത്യയശാസ്ത്രമാവണം പ്രവർത്തിച്ചിരിക്കുക.

എഴുത്ത് പുരുഷന്റെ മാത്രം അവകാശമായി കരുതിയിരുന്ന ആൺകോയ്മാവ്യവസ്ഥിതി സാഹിത്യമണ്ഡലത്തിൽ നിന്നും എന്നും എക്കാലവും സ്ത്രീയെ അകറ്റിനിർത്തി. പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും തരണം ചെയ്ത് അപാരമായ ഇച്ഛാശക്തിയോടെ മുന്നോട്ട് വന്ന സ്ത്രീകളെയും അവരുടെ കൃതികളെയും വ്യവസ്ഥാപിത സാഹിത്യചരിത്രങ്ങളെല്ലാം ബോധപൂർവ്വമോ അബോധപൂർവ്വമോ, തിരസ്കരിക്കുകയായിരുന്നു. എഴുത്തിന്റെ കുലപതികളായ ആൺ പുംഗവൻമാരിൽ നിന്നും യാതൊരുവിധ പ്രോത്സാഹനവും ലഭിച്ചില്ലെന്ന് മാത്രമല്ല പലപ്പോഴും ആക്രമണങ്ങളും വിമർശനങ്ങളും അപമാനങ്ങളുമാണ് ഇവർക്ക് നേരിടേണ്ടി വന്നത്.

“തുണീമണിമേലിലിത്തരം കൊ-
ള്ളരുതാത്തവ തീർത്തുകൊണ്ടിരുന്നാൽ
മുറിമുണ്ടുകളല്ല, നല്ല വേലി-
ത്തറി കൊണ്ടൊന്നു തരും തരം വരുമ്പോൾ”

എന്ന് ഒരു കവയിത്രിയോട് അമ്പാടി കുഞ്ഞുകൃഷ്ണപൊതുവാൾ പറഞ്ഞതായി ഉള്ളൂർ രേഖപ്പെടുത്തുന്നുണ്ട്. സ്ത്രീയുടെ എഴുത്തുകൾക്ക് നേരെ ഇത്തരം അവഹേളനങ്ങൾ ചൊരിയുന്ന പുരുഷകേസരികൾ അടക്കിവാണ സാഹിത്യരംഗത്തേക്കു കടന്നുചെല്ലാൻ ധൈര്യം കാണിച്ച ആദ്യകാല എഴുത്തുകാരികളെ കണ്ടില്ലെന്നു നടിക്കുന്നതിലെ അനീതി എത്ര വലുതാണ്. ഇവരുടെ കൃതികളെ സാഹിത്യഗുണമില്ലാത്തതായും പുരുഷ രചനയുമായി താരതമ്യം ചെയ്യാൻ പോലും പറ്റാത്തതായി പറഞ്ഞു കൊണ്ടാണ് പുരുഷവിരചിത സാഹിത്യചരിത്രങ്ങൾ അവിടെയും തങ്ങളുടെ അധികാരം ഉറപ്പിച്ചത്.

കേരളത്തിലെ പ്രാചീനസാഹിത്യത്തിൽ സ്ത്രീകളൊന്നും തന്നെ കർത്തൃസ്ഥാനത്തുനിന്നും കർമ്മസ്ഥാനത്തേക്കു വരുന്നില്ല. സ്വതന്ത്രചിന്തയുടെ അഭാവമാകാം ഇതിനുകാരണം എന്നു കരുതാം. ആധുനികവിദ്യാഭ്യാസത്തിന്റെ ആരംഭത്തോടെയാണ് സ്വതന്ത്രരായി ചിന്തിക്കുന്ന ഏതാനും സ്ത്രീകൾ സാഹിത്യരംഗത്തേക്കു കടന്നുവരുന്നത്. ഇവർ പലരും തങ്ങളുടെ സർഗ്ഗശേഷി പ്രകടിപ്പിച്ചു തുടങ്ങിയത് ആദ്യകാല മാസികകളിലാണ്.

സ്ത്രീ വിമോചന ആശയങ്ങൾ പ്രചരിപ്പിക്കാനും തങ്ങളുടെ വർഗ്ഗത്തെ ഉയർത്തിക്കൊണ്ടുവരാനും ഇവരുടെ ശ്രമങ്ങൾക്കു കഴിഞ്ഞു. ഇങ്ങനെ ഉണർന്നുവന്ന പല എഴുത്തുകാരികളും പക്ഷേ സാഹിത്യചരിത്രങ്ങൾക്കു പുറത്തുതന്നെയായിരുന്നു എന്നും കാണാം.

ആദ്യകാലത്ത് സാഹിത്യചരിത്രങ്ങളിലെല്ലാം പ്രത്യക്ഷപ്പെട്ടത് തമ്പുരാട്ടികളും കെട്ടിലമ്മമാരുമൊക്കെയാണ്. വെറും നേരമ്പോക്കിനുവേണ്ടി കാവ്യരചനയിൽ ഏർപ്പെട്ട ഇവരുടെ കൃതികൾ സാഹിത്യചരിത്രങ്ങളിൽ പരാമർശിക്കാൻ പോലുമുള്ള യോഗ്യതയില്ലാത്തവയായിരുന്നു. സാഹിത്യചരിത്രങ്ങളിൽ ആദ്യമായി രേഖപ്പെടുത്തപ്പെട്ട പേര് മനോരമത്തമ്പുരാട്ടിയുടേതാണ്. സാഹിത്യ പ്രവർത്തനത്തെയും എഴുത്തിനെയും ഗൗരവത്തോടെ സമീപിച്ച ആദ്യകാല എഴുത്തുകാരി കുട്ടിക്കുഞ്ഞു തങ്കച്ചിയാണ്. അവരുടെ സംഭാവനകളെ പറ്റി “വിലയേറിയ സമയത്തെ അവർ ഗൃഹഭരണാധികാരികളും മറ്റും വ്യയം ചെയ്യുന്നതിനോടുകൂടി കവിതാരചനയിലും ഗ്രന്ഥരചനയിലും സംഗീതാദികലകളിലും കൂടി ഉപയോഗപ്പെടുത്തി വരുന്നത് വളരെ ആശ്ചര്യം” എന്നാണ് മലയാളത്തിലെ ആദ്യസാഹിത്യ ചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള പറയുന്നത്. സ്ത്രീയുടെ ഇടം ഗൃഹമാണെന്നും, കൃത്യമായി പറഞ്ഞു വയ്ക്കുകയാണിവിടെ. അതിനിടയിൽ സാഹിത്യത്തിലേക്ക് കടന്നു വരാൻ ശ്രമിക്കുന്നത് ആശ്ചര്യമായി കരുതുന്നതിലെ ആൺബോധം ചിന്തനീയമാണ്.

സ്ത്രീശക്തിയെകുറിച്ച് മലയാളികളെ ബോധവാന്മാരാക്കിക്കൊണ്ട് ശക്തമായ സ്ത്രീസാന്നിധ്യമായി മലയാളസാഹിത്യത്തെ സമ്പന്നമാക്കിയ തോട്ടയ്ക്കാട്ട് ഇക്കാവമ്മയെക്കുറിച്ചും വിമർശനങ്ങൾ ഏറെയായിരുന്നു. ഗൃഹകൃത്യാനുഷ്ഠാനങ്ങൾ കൊണ്ടും സൗന്ദര്യശീലാദി ഗുണങ്ങൾകൊണ്ടും തൃപ്തിയടയാത്ത സാമർഥ്യക്കാരികളാണ് സാഹിത്യരചനയ്ക്ക് മുതിരുന്നതെന്ന് സി. പി. അച്യുതമേനോൻ സൂചിപ്പിക്കുന്നുണ്ട്. ‘തോട്ടക്കാട്ടെ കവനമണി കവയ്ക്കട്ടെ’ തുടങ്ങിയ പരിഹാസശരങ്ങളുടെ മൂർച്ചയേറ്റിട്ടും ഈ സ്ത്രീകൾ തളർന്നില്ല. ഇത്തരം പുരുഷ പ്രതിരോധങ്ങളെയെല്ലാം നിഷ്പ്രഭമാക്കികൊണ്ട് സ്ത്രീകൾ പിന്നെയും എഴുതിക്കൊണ്ടിരുന്നു. ആൺചരിത്രം അവയെ തുടച്ചുനീക്കാൻ ശ്രമിച്ചുകൊണ്ടുമിരുന്നു എന്നുള്ളതാണ് നിഷേധിക്കാനാവാത്ത സത്യം. സ്ത്രീകൾക്ക് അനുഭവങ്ങളില്ലെന്നും കാമ്പില്ലാത്ത എഴുത്താണ് അവരുടേത് എന്നുമൊക്കെ പുരുഷനതിന് ന്യായങ്ങൾ കണ്ടെത്തി.

സ്ത്രീ എഴുത്തുകളെയും സാഹിത്യത്തെയും ഇത്ര ലാഘവത്തോടെ

നിരസിക്കുന്നതിനു പിന്നിൽ പ്രവർത്തിക്കുന്നത് സമൂഹത്തിന്റെ സമസ്ത മണ്ഡലങ്ങളിലും വ്യാപിച്ചിരുന്ന ലിംഗാധികാരം തന്നെയാണ്. എഴുത്ത് എന്നതുപോലെതന്നെ യാത്രയും ആണിന്റെ മാത്രം അവകാശമായിരുന്നു. പൊതുമണ്ഡലത്തിലേക്കുള്ള സ്ത്രീയുടെ കടന്നുവരവിനെ തടയിടാൻ പുരുഷൻ എടുത്ത അടവുകൾക്ക് കണക്കില്ല. എന്നിട്ടും അവൾ സഞ്ചരിച്ചു. തീർഥ യാത്രകളായും അനുയാത്രകളായും തുടങ്ങിയ അവളുടെ യാത്രാചരിതം ഒറ്റയ്ക്കുള്ള സ്വതന്ത്രമായ പെൺയാത്രകളിൽ എത്തിനിൽക്കുന്നു. പക്ഷേ പുരുഷനിർമ്മിതമായ യാത്ര ചരിത്രങ്ങളെല്ലാം ഇതിനെ കണ്ടില്ലെന്നു നടി ക്കുകയായിരുന്നു. സ്ത്രീ എഴുതിയതുകൊണ്ടുമാത്രം യാത്രാവിവരണങ്ങളായി പരിഗണിക്കാതെപോയ ആദ്യകാലകൃതികൾ കണ്ടെത്തുകയും അവയെ ചരിത്രത്തിൽ ചേർക്കുകയും ചെയ്യുമ്പോഴേ യാത്രാവിവരണസാഹിത്യത്തി ന്റെ ചരിത്രം പൂർണമാവൂ.

മലയാളത്തിലെ വ്യവസ്ഥാപിത സാഹിത്യചരിത്രങ്ങളെല്ലാം തന്നെ സ്ത്രീകളായ എഴുത്തുകാരെ തമസ്കരിച്ചിട്ടുള്ളതായി കാണാം. എഴുത്തുകാരി കളെ ആശ്ചര്യത്തോടെ നോക്കുന്ന മലയാളത്തിലെ ആദ്യ സാഹിത്യച രിത്രമായ മലയാളഭാഷാചരിത്രം മുതൽ ഈ അവഗണ തുടങ്ങുന്നു. സാഹി ത്യചരിത്രങ്ങളിൽ ഏറ്റവും പ്രമുഖമായ ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ പോലും സ്ത്രീകൾക്കു വേണ്ട സ്ഥാനം ലഭിച്ചുകാണുന്നില്ല. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് ഉണ്ടായിട്ടുള്ളതായി ആകെ 12 എഴുത്തുകാരികളെയാണ് അദ്ദേഹം പരിചയപ്പെടുത്തുന്നത്. ഒരു പെൺയാത്രാവിവരണവും അതിന്റെ സമീപ ത്തൊന്നും വരുന്നില്ല.

കെ.എം. ജോർജ് എഡിറ്റുചെയ്ത ആധുനികസാഹിത്യചരിത്രം പ്രസ്ഥാ നങ്ങളിലൂടെ എന്ന പുസ്തകത്തിന്റെ സ്ഥിതിയും മറ്റൊന്നല്ല. ഇത് പിന്നീട് ആധുനികമലയാളസാഹിത്യമെന്ന പേരിൽ എൻ. സാം എഡിറ്റ് ചെയ്തിറ ക്കിയപ്പോൾ, എം.കെ. മാധവൻ നായർ തയ്യാറാക്കിയ യാത്രാവിവരണപ ഠനത്തിൽ ഏതാനും സ്ത്രീ യാത്രാവിവരണങ്ങൾക്ക് സ്ഥാനം നൽകുന്നുണ്ട്. എങ്കിലും ഏതാണ്ട് 50 പേജുകൾ സഞ്ചാരസാഹിത്യചരിത്രരചനക്കു വേണ്ടി മാറ്റിവയ്ക്കുമ്പോഴും പെൺയാത്രാഖ്യാനങ്ങളുടെ ഇടം ചുരുങ്ങിപ്പോയില്ലേ എന്നുതന്നെതോന്നും. ആദ്യകാലം മുതൽ സമകാലികഘട്ടം വരെയുള്ള കൃതികളെപ്പറ്റി ഇതിൽ പറയുന്നുമുണ്ട്.

ഭാഷാഗദ്യസാഹിത്യചരിത്ര രചയിതാവായ ടി.എം. ചുമ്മാർ, മിസ്സിസ് സി. കുട്ടൻ നായർ, തരവത്ത് അമ്മാളുവമ്മ, കെ. ഗൗരിയമ്മ

തുടങ്ങി ഏതാനും സ്ത്രീ യാത്രികരുടെ പുസ്തകങ്ങളെപ്പറ്റി ചെറിയ കുറിപ്പുകൾ കൊടുക്കുന്നുണ്ട്. എന്നാൽ ആദ്യത്തെ പെൺയാത്രാ വിവരണമായി രേഖപ്പെടുത്തി കാണുന്നത് മിസ്സിസ്. സി. കുട്ടൻ നായർ രചിച്ച ഞാൻ കണ്ട യൂറോപ്പ് എന്ന കൃതിയെയാണ്.

എൻ. കൃഷ്ണപിള്ളയുടെ കൈരളിയുടെ കഥ എന്ന പുസ്തകത്തിൽ വളരെ ചെറിയ ഇടം മാത്രമാണ് സഞ്ചാരസാഹിത്യത്തിന് ലഭിക്കുന്നത്. അതിൽ സുപ്രധാന സഞ്ചാരസാഹിത്യകൃതികളുടെ പേരുകൾ പറയുന്ന കൂട്ടത്തിൽ ഒരു പെൺയാത്രാഖ്യാനവും കടന്നുവരുന്നില്ല. എരുമേലി പരമേശ്വരൻ പിള്ളയുടെ മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ എന്ന പുസ്തകത്തിൽ സ്ത്രീ യാത്രികരെ കുറച്ചേപേരെയെങ്കിലും പരാമർശിച്ചുകാണുന്നു. എന്നാൽ തരവത്ത് അമ്മാളുവമ്മയുടെ ഒരു തീർഥയാത്രയെക്കുറിച്ച് യാതൊരു പരാമർശവുമില്ല ഇവിടെയും പെൺയാത്രികരെ അടയാളപ്പെടുത്തുന്നതിൽ കാണിക്കുന്ന പിശുക്ക് ശ്രദ്ധയർഹിക്കുന്നു.

പന്മന രാമചന്ദ്രൻനായരുടെ സമ്പൂർണമലയാളസാഹിത്യചരിത്രം എന്ന പുസ്തകത്തിൽ സഞ്ചാരസാഹിത്യത്തെക്കുറിച്ച് ഡോക്ടർ മാധവൻ കുട്ടി എഴുതിയ പഠനത്തിൽ തീർഥയാത്രകൾ ഭാരതതീർഥയാത്രകൾ എന്ന തലക്കെട്ടിൽ തീർത്ഥയാത്രാവിവരണങ്ങളുടെ പേരുകൾ പറഞ്ഞു പോകുമ്പോൾ തരവത്ത് അമ്മാളുവമ്മയുടെ ഒരു തീർഥയാത്ര പരാമർശിക്കുന്നു. അതുപോലെ യൂറോപ്യൻ പര്യടനത്തെപ്പറ്റി പറയുമ്പോൾ മിസ്സിസ് സി കുട്ടൻ നായരുടെ ഞാൻ കണ്ട യൂറോപ്പിനെയും രേഖപ്പെടുത്തുന്നു. എന്നാൽ ഇതിനുശേഷം ഒരു സ്ത്രീയും യാത്രാവിവരണം എഴുതിയിട്ടില്ല എന്നാണ് ഈ പുസ്തകം വായിക്കുമ്പോൾ തോന്നുക. കൽപ്പറ്റ ബാലകൃഷ്ണന്റെ മലയാളസാഹിത്യചരിത്രത്തിൽ ഒരു ചെറിയ വിഭാഗം മാത്രമാണ് സഞ്ചാരസാഹിത്യത്തെ കുറിച്ച് പറയുന്നത്. ഒരു പെൺയാത്രയെക്കുറിച്ചും ഇതിലും കാണുന്നില്ല

## ചരിത്രം തമസ്കരിച്ചവർ

എഴുത്ത് എന്നതു ചരിത്രപരമായി ആൺകേന്ദ്രിതമായ ഒന്നാണ്. അത് അവന്റെ അവകാശവും അധികാരവുമാണെന്ന് അവൻ കരുതുന്നു. സർഗ്ഗാത്മകതയുടെ നിർവ്വചനം തൊട്ടുള്ള എല്ലാത്തിന്റെയും അധികാരം കൈയടക്കിക്കൊണ്ടാണ് പുരുഷൻ എവിടെയുമുള്ള ലോകത്തിന്റെ അധിപതിയായത് പി. ഗീത എഴുത്തമ്മമാർ എന്ന കൃതിയിൽ പറയുന്നു. അതുകൊണ്ടുതന്നെ ഈ മേഖലയിലേക്കുള്ള സ്ത്രീയുടെ കടന്നുവരവ് അത്ര എളുപ്പമായിരുന്നില്ല.

ലിംഗപദവീബദ്ധമായ നിയന്ത്രണങ്ങളും വിലക്കുകളും മെരുക്കങ്ങളും അത്രകണ്ട് ശക്തമായി അവളുടെ എഴുത്തിന് തടയിട്ടു. പലരതരത്തിലുള്ള പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടും വ്യവസ്ഥാപിതമായ അധീശശക്തികളോട് നിരന്തരം ഇടഞ്ഞുകൊണ്ടുമാണ് ഒരു പെണ്ണ് തന്റെ സർഗ്ഗാത്മകമേഖലകൾ തേടുന്നത്. അധീശവ്യവഹാരങ്ങളിലെ സ്ഥല-കാലങ്ങൾക്കു പുറത്താണ് പെണ്ണ് എന്നതിനാൽ മറ്റെന്തിലേക്കുമെന്നപോലെ എഴുത്തിലേക്കുമുള്ള കവാടങ്ങൾ അവൾക്ക് സ്വയം ഉന്തിത്തുറക്കേണ്ടിയിരിക്കുന്നു (പി. ഗീത).

വളരെ പരിമിതമായ അവസരങ്ങളെയും അനുഭവങ്ങളെയും മുതൽക്കൂട്ടാക്കി സ്ത്രീ ചെയ്ത യാത്രകളെയും അതിന്റെ സാഹിത്യരൂപത്തെയും തുടക്കം മുതലേ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുള്ളതായിക്കാണാം. ഇരുപതാംനൂറ്റാണ്ട് ആദ്യം മുതൽ സ്ത്രീകൾ സഞ്ചരിക്കുകയും അനുഭവവിവരണം എഴുതുകയും ചെയ്തിട്ടുണ്ട്. 1925-ൽ തരവത്ത് അമ്മാളുവമ്മ എഴുതിയ 'ഒരു തീർഥയാത്ര' ആണ് ആദ്യ പെൺയാത്രാഖ്യാനം. 1925-ൽ രചിക്കപ്പെട്ട തരവത്ത് അമ്മാളുവമ്മയുടെ ഒരു തീർഥയാത്ര മലയാളത്തിലെ ആദ്യ പെൺയാത്രാഖ്യാനമാണ് എന്നാൽ സാഹിത്യചരിത്രങ്ങളിൽ പലതിലും ഈ കൃതിക്ക് അർഹമായ സ്ഥാനം കൊടുത്തു കാണുന്നില്ല. സഹോദരനായ ഡോ. ടി.എം. നായരുടെ ഭൗതിക അവശിഷ്ടങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിനും ശേഷക്രിയകൾ ചെയ്യുന്നതിനുമാണ് 1921-ൽ ഇവർ കാശിക്കു പോകുന്നത്. മദിരാശിയിൽ നിന്ന് ആരംഭിക്കുന്ന യാത്രയിൽ ജഗന്നാഥപുരി, കൽക്കത്ത, ഗയ, കാശി, അലഹബാദ്, അയോധ്യ, രാമേശ്വരം എന്നീ സ്ഥലങ്ങൾ വിവരിക്കുന്നു. എത്തിച്ചേരുന്ന ഓരോ ഇടങ്ങളും സ്ഥലപുരാണ സഹിതം പ്രാർഥനയോടെയാണ് അവർ വിവരിക്കുന്നത്. സ്ഥലവിവരണങ്ങൾ, കാഴ്ച, ചരിത്രം എന്നിങ്ങനെ ഒരു യാത്രാഖ്യാനത്തിനു വേണ്ടതെന്നു കരുതുന്ന ഘടകങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും ഈ കൃതി സഞ്ചാരസാഹിത്യത്തിൽ നിന്നും പുറം തള്ളപ്പെടുകയാണ് ഉണ്ടായത്. ഇതിനു കാരണമന്വേഷിക്കുമ്പോഴാണ് ആൺകോയ്മവ്യവസ്ഥിതിയുടെ അധികാരരാഷ്ട്രീയം പ്രവർത്തിക്കുന്നതെങ്ങനെ എന്നു മനസ്സിലാവുക.

### തരവത്ത് അമ്മാളുവമ്മ

മലയാളത്തിലെ ആദ്യകാല എഴുത്തുകാരികളിൽ പ്രധാനിയും വിവർത്തകയുമായിരുന്നു. സാഹിത്യത്തിന് ഒട്ടേറെ ഉത്കൃഷ്ടകൃതികൾ സംഭാവന ചെയ്തു. ലക്ഷ്മീഭായി, മഹിളാരത്നം തുടങ്ങിയ മാസികകളിലെല്ലാം അവരുടെ

കൃതികൾ അച്ചടിച്ചു വന്നിട്ടുണ്ട്.

വനിതാ മുടി മണിയാം തരവ-
ത്തമ്മാളുവമ്മ തൻ കൃതികൾ
നിരവധി ശിവ ശിവ കൗതുക
പരവശരാക്കുന്നു സഹൃദയന്മാരെ

എന്നിങ്ങനെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അവരെ പ്രശംസിച്ചിട്ടുള്ളതായി രാമങ്കരി രാധാകൃഷ്ണൻ മഹിളകൾ മലയാളസാഹിത്യത്തിൽ എന്ന കൃതിയിൽ പറയുന്നുണ്ട് (പു. 21). 1919-ൽ കൊച്ചി രാജാവ് ഇവരെ 'സാഹിത്യ സഖി' ബിരുദംനല്കി ആദരിച്ചിട്ടുമുണ്ട്. നാടുകടത്തപ്പെട്ട സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയ്ക്കും കുടുംബത്തിനും അഭയംകൊടുത്ത അമ്മാളുവമ്മ തന്നെയാണ് അദ്ദേഹത്തിന്റെ ഭാര്യയായ കല്യാണിക്കുട്ടിയമ്മയുടെ പ്രസിദ്ധകൃതിയായ വ്യാഴവട്ടസ്മരണകൾക്ക് അവതാരിക എഴുതുന്നതും. ഒരു സ്ത്രീയുടെ കൃതിക്ക് മറ്റൊരു സ്ത്രീ അവതാരിക എഴുതുന്നതും ആദ്യമായിരുന്നു. 1914-ൽ അവർ രചിച്ച കമലാഭായി അഥവാ ലക്ഷ്മിവിലാസത്തിലെ കൊലപാതകം ആണ് മലയാളത്തിൽ ഒരു സ്ത്രീ എഴുതിയ ആദ്യ അപസർപ്പകനോവലെന്നും കരുതുന്നു. മലയാളത്തിൽ ഇത്രമാത്രം സാഹിത്യസംഭാവനകൾ നല്കിയ തരവത്ത് അമ്മാളുവമ്മയെപ്പോലൊരാളുടെ യാത്രാവിവരണകൃതി സാഹിത്യചരിത്രകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നു പറയുന്നതിലെ അനൗചിത്യം ചെറുതല്ല.

### ഭാഷാസാഹിത്യചരിത്രങ്ങളിൽ

ഭാഷാസാഹിത്യചരിത്രത്തിൽ, മസ്സിസ് സി. കുട്ടൻ നായർ എഴുതിയ ഞാൻ കണ്ട യൂറോപ്പിനെയാണ് ആദ്യ സ്ത്രീ യാത്രാവിവരണമായി പി. ഗോവിന്ദപ്പിള്ള കണക്കാക്കുന്നത്. പദ്യസാഹിത്യചരിത്രകാരനായ ടി.എം. ചുമ്മാറും ഇതേ അഭിപ്രായമാണ് രേഖപ്പെടുത്തിക്കാണുന്നത്. ഞാൻ കണ്ട യൂറോപ്പ് മിസിസ്സ് സി. കുട്ടൻ നായരുടെ ഒരു സഞ്ചാരസാഹിത്യകൃതിയാണെന്നും ഒരു കേരളീയവനിതയിൽനിന്നും ഈ പ്രസ്ഥാനത്തിൽ ആദ്യമായി ലഭിച്ച സംഭാവനയും ഇതുതന്നെയെന്നും അദ്ദേഹം പറയുന്നു. തരവത്ത് അമ്മാളുവമ്മയുടെ ഒരു തീർത്ഥയാത്രയെപ്പറ്റി പരാമർശംപോലുമില്ല. കാശിക്കപ്പുറം രാജ്യമില്ലെന്ന് കുറച്ചുമുമ്പുവരെ സാധാരണജനങ്ങളുടെയിടയിൽ ഒരു വിശ്വാസമുണ്ടായിരുന്നുവല്ലോ. അതിനാൽ അന്നത്തെ പരദേശങ്ങളുടെ പരമാവധി തന്നെയായിരുന്നു കാശി (ഗദ്യസാഹിത്യചരിത്രം, ടി.എം. ചുമ്മാർ, 1964, 305) എന്നുപറയുന്ന അദ്ദേഹം കാശിയാത്രയുടെ വിവരണം നടത്തിയ

കട്ടയാട്ട് ഗോവിന്ദമേനോൻ, മാനവിക്രമൻ ഏട്ടൻ തുടങ്ങിയവരെപ്പറ്റിയൊക്കെ പറയുന്നുണ്ട്. അപ്പോൾ പിന്നെ കാശി യാത്രയായതുകൊണ്ടല്ല ഈ കൃതിയെ അദ്ദേഹം കാണാതെപോയത്. തീർഥാടനപരമായതാണ് കാരണമെങ്കിൽ ആദ്യ യാത്രാവിവരണകൃതിയായ വർത്തമാനപുസ്തകം മാർപ്പാപ്പയെ സന്ദർശിക്കാൻ റോമിലേക്ക് നടത്തിയ തീർത്ഥയാത്രയായിരുന്നുവല്ലോ. അങ്ങനെ നോക്കുമ്പോൾ ഈ അവഗണനയ്ക്ക് മറ്റുകാരണങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആധുനികമലയാളസാഹിത്യം പ്രസ്ഥാനങ്ങളിലൂടെ എന്ന ഡോക്ടർ കെ.എം. ജോർജ് എഡിറ്റ് ചെയ്തു പുറത്തിറക്കിയ കൃതിയിൽ തീർത്ഥാടനപരമായ യാത്രകൾ എന്ന് പ്രത്യേകം തിരിച്ച് പഠിക്കുമ്പോൾപോലും തരവത്ത് അമ്മാളുവമ്മയുടെ ഒരു തീർത്ഥയാത്രയെപ്പറ്റിയുള്ള പരാമർശം ഉണ്ടായില്ല. എന്നാൽ ഇത് പിന്നീട് സമ്പൂർണമലയാള സാഹിത്യചരിത്രം ആയി എഡിറ്റ് ചെയ്തു പുറത്തിറക്കിയപ്പോൾ, എം.കെ. മാധവൻ നായർ തയ്യാറാക്കിയ യാത്രാവിവരണപഠനങ്ങളിൽ തരവത്ത് അമ്മാളുവമ്മയുടെ തീർത്ഥയാത്രയെപ്പറ്റി പറഞ്ഞുപോകുന്നു. എരുമേലി പരമേശ്വരൻപിള്ളയുടെ 'മലയാള സാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ' എന്ന പുസ്തകത്തിലും തീർത്ഥയാത്രകളെ തരംതിരിച്ച് പഠിക്കുന്നുണ്ട്. എന്നാൽ അതിലും തരവത്ത് അമ്മാളുവമ്മ എന്നൊരു പേരു കാണുന്നേയില്ല. ഒരു സാഹിത്യകൃതി എന്നനിലയിൽ ഉന്നതമൂല്യം ഈ ഗ്രന്ഥത്തിനില്ല. എന്നാണ് സഞ്ചാരസാഹിത്യത്തെപ്പറ്റി മാത്രം പ്രത്യേകമായിറക്കിയ ചരിത്രഗ്രന്ഥത്തിൽ കെ. രമേശ് ചന്ദ്രൻ പറയുന്നത് (1989: 85).

മഹിളകൾക്ക് സാഹിത്യചരിത്രങ്ങളിലുള്ള സ്ഥാനം നിർണയിക്കാൻ എഴുതപ്പെട്ട രാമങ്കരി രാധാകൃഷ്ണന്റെ 'മഹിളകൾ മലയാളസാഹിത്യത്തിൽ' എന്ന പുസ്തകത്തിൽ തരവത്ത് അമ്മാളുവമ്മയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ ഇതര സാഹിത്യകൃതികളെപ്പറ്റി പറയുന്നുണ്ട്, എങ്കിലും യാത്രാവിവരണത്തെപ്പറ്റി ഒന്നും പറയുന്നില്ല. കാശിവരെയുള്ള ഭാരതത്തിലെ ക്ഷേത്രങ്ങളിലെല്ലാം ദർശനംനടത്തി സംതൃപ്തിയടയുന്നതിനവർക്കു സാധിച്ചു (പു. 24). എന്ന് രേഖപ്പെടുത്തി കാണുന്നുണ്ട്. എങ്കിലും അതൊരു പുസ്തകമായതിനെപ്പറ്റി ഗ്രന്ഥകാരന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. 2012 - മഹിളകളെപ്പറ്റി എഴുതപ്പെട്ട പുസ്തകത്തിൽ പോലും തരവത്ത് അമ്മാളുവമ്മയുടെ യാത്രാവിവരണകൃതിയെപ്പറ്റി പറയുന്നില്ല എന്നത്, ഇതുവരെ ഉണ്ടായിട്ടുള്ള സാഹിത്യചരിത്രങ്ങളുടെ പോരായ്മയെയാണ് എടുത്ത് കാട്ടുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് ഇതുപോലൊരു പഠനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

തമസ്കരണത്തിനു പിന്നിൽ

സഞ്ചാരസാഹിത്യം എന്ത്? എങ്ങനെ? എന്നെല്ലാം ഇതു വരെ നിർവ്വചിച്ചു വച്ചിട്ടുള്ളത് പുരുഷവർഗ്ഗമാണ് അതിന്റെ മൂല്യനിർണയവും അവന്റെ അധികാരമാണ്. അപ്പോൾ പിന്നെ ഇന്നയൊരു കൃതിയുടെ തമസ്കരണത്തിനു കാരണവും അവർക്കു കണ്ടെത്താൻ എളുപ്പമാണ്. സാഹിത്യ പാരമ്പര്യങ്ങളിൽനിന്ന്, ചരിത്രത്തിൽ നിന്നു പുറത്താക്കപ്പെട്ട സ്ത്രീ എന്നത് അപൂർവ്വതയല്ല. ആദ്യകാല സ്ത്രീ എഴുത്തുകാരൊക്കെ നിർബന്ധിതമായ അദൃശ്യതകൾ അടിച്ചേൽപ്പിക്കപ്പെട്ടവരായിരുന്നു. (പെണ്ണുങ്ങളുടെ കഥയെഴുത്തും കഥയെഴുതുന്ന പെണ്ണുങ്ങളും–ജിസാ ജോസ്, സംഘടിത, മെയ് 2019, വാള്യം 17, ലക്കം 4, പു. 6) സ്വാതന്ത്ര്യപൂർവ്വ ഘട്ടത്തിൽ മലയാളത്തിൽ ആകെ മൂന്ന് പെൺയാത്രാവിവരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതിൽ ആദ്യത്തേതാണ് തരവത്ത് അമ്മാളുവമ്മയുടെ ഒരു തീർഥയാത്ര (1925). രണ്ടാമത്തേത് മിസിസ് സി. കുട്ടൻ നായരുടെ ഞാൻ കണ്ട യൂറോപ്പാണ് (1936). ഭഗീരഥി അമ്മത്തമ്പുരാൻ എഴുതിയ വനവാസസ്മരണകൾ ആണ് മൂന്നാമത്തേത്. എന്നാൽ ഈ കൃതിയെപ്പറ്റി മറ്റു വിവരങ്ങളൊന്നും ലഭ്യമല്ല. ഇവിടെയാണ് മലയാളത്തിലെ ആദ്യ പെൺയാത്രാവിവരണമായ ഒരു തീർഥയാത്രയുടെ പ്രസക്തി. ഒരു സ്ത്രീ യാത്രചെയ്യുകയും അതു വിവരിച്ചുകൊണ്ട് സ്വന്തം പേരിൽ ഒരു പുസ്തകം എഴുതുകയും ചെയ്തതിനെ അംഗീകരിക്കാനോ ഇതിനെ സാഹിത്യത്തിന്റെ ഗണത്തിൽപ്പെടുത്താനോ തക്ക വിശാലമനസ്കരായ പുരുഷകേസരികളാരും തന്നെ അന്നുണ്ടായിരുന്നില്ല എന്നുവേണം കരുതാൻ. ഒരു തീർഥയാത്ര പുറത്തുവന്നതിനുശേഷം ഏതാണ്ട് പത്തുവർഷക്കാലം കഴിഞ്ഞാണ് മിസിസ്സ് സി. കുട്ടൻ നായരുടെ ഞാൻ കണ്ട യൂറോപ്പ് പുറത്തുവരുന്നത്. ഈ പത്തുവർഷം കൊണ്ടുണ്ടായ സാമൂഹികമാറ്റമാവാം അവരുടെ കൃതിയെ പരിഗണിക്കാൻ അനുകൂല സാഹചര്യമൊരുക്കിയത്. അപ്പോൾപോലും സ്വന്തംപേരിൽ സാഹിത്യരചന നടത്താൻ ഭയപ്പെടുന്ന ആണധികാരത്തിന് വിധേയപ്പെട്ടു നിൽക്കുന്ന ആദ്യകാല എഴുത്തുകാരികളുടെ കൂട്ടത്തിൽ വേണം ഇവരെയും പെടുത്താൻ. പുരുഷന്റെ പിൻപറ്റിനിന്നുകൊണ്ടല്ലാതെ സാഹിത്യരംഗത്തേക്കു കടന്നുവരാനുള്ള തന്റേടം ഇവർക്കുണ്ടായില്ല എന്നു മനസ്സിലാക്കുമ്പോഴാണ് അമ്മാളുവമ്മ കാണിച്ച ചങ്കൂറ്റത്തെ വിലമതിക്കേണ്ടിവരുക. അതുകൊണ്ടു തന്നെയാവാം, യാത്രയുടെയും സാഹിത്യത്തിന്റെയും മേലുള്ള തങ്ങളുടെ ആധിപത്യം തകർന്നേക്കുമോ എന്ന് ഭയപ്പെട്ട ആൺവർഗബോധം അതിനെ നിസ്സാരമായി അവഗണിച്ചത്. ആണധികാരത്തെ അംഗീകരിച്ചുകൊണ്ടുതന്നെ, ആണിന്റെ പേരിന്റെ

നിഴലിൽ നിന്നുകൊണ്ടെഴുതിയ ഞാൻ കണ്ട യൂറോപ്പിനെ ആദ്യ പെൺ യാത്രാവിവരണമായി അംഗീകരിച്ചതും.

ലേഖികയുടെ കൃഷ്ണഭക്തി ചന്ദ്രികയുടെ വിവർത്തനത്തിൽ 'കേരളീയരായ ആസ്തികജനങ്ങൾ ഇതിനെ അഭിനന്ദിക്കുന്നതാകിൽ അബലമായ പരിശ്രമം സഫലമാകുമെന്ന് പറയേണ്ടതില്ല' എന്നെഴുതിയിട്ടുണ്ട്. എഴുത്തിലും താൻ അബലയാണെന്ന് സ്ത്രീകൾക്ക് അക്കാലത്ത് തോന്നൽ ഉണ്ടായിരുന്നു (ഗീതാഞ്ജലി കൃഷ്ണൻ, 2017:30). കാലങ്ങളായി മനസ്സിൽ പതിഞ്ഞ ഈയൊരു ബോധത്തിൽ നിന്നു വിടുതൽനേടുക എന്നത് ഏറെ ശ്രമകരമായിരുന്നു. ലോകപരിചയവും അനുഭവങ്ങളുമാണ് അവരെ അതിന് പ്രാപ്തരാക്കുക. ഈ അറിവിന്റെ ആഴങ്ങൾ അനുഭവിക്കാൻ സ്ത്രീയെ അനുവദിക്കാത്ത സമൂഹം തന്നെയാണ് അവരുടെ അനുഭവവിവരണങ്ങളേയും ചരിത്രത്തിൽ നിന്നു മായ്ച്ചുകളയുന്നത്.

എഴുത്തുകാരികളെ അപ്രധാനവും അവരുടെ എഴുത്തുകളെ അപ്രമാണവുമാക്കികൊണ്ട് അവരെ തമസ്കരിക്കുക എന്ന രീതിയാണ് മലയാളിസമൂഹം പൊതുവേ സ്വീകരിച്ചിരുന്നത് എന്നുകാണാം. ഖണ്ഡിക്കുക എന്നതിനേക്കാൾ തമസ്കരിക്കുകയാകുന്ന ഫലപ്രദമായ പ്രതിരോധം എന്ന് അധികാരവ്യവസ്ഥയ്ക്കറിയാം (ഗീത, 2014: 252). എന്നാൽ ആണധികാര സാഹിത്യചരിത്രങ്ങൾ അവഗണിച്ച സ്ത്രീ പ്രതിഭകളെ വീണ്ടെടുക്കുമ്പോഴാണ് ഏതൊരു സാഹിത്യജനസ്സിന്റെയും ചരിത്രം പൂർണമാവുകയുള്ളൂ; പ്രത്യേകിച്ച് സ്ത്രീക്ക് വിലക്കപ്പെട്ട യാത്രയുടെയും യാത്രാവിവരണത്തിന്റെയും.

## ഗ്രന്ഥസൂചി

ഗീത, എഴുത്തമ്മമാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014

ഗീതാഞ്ജലി കൃഷ്ണൻ, പെൺ യാത്രകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017

ജോർജ് കെ.എം. (എഡിറ്റർ), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യ പ്രവർത്തന സഹകരണ സംഘം, കോട്ടയം,1958

രാമങ്കരി രാധാകൃഷ്ണൻ, മഹിളകൾ മലയാള സാഹിത്യത്തിൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2012

രമേഷ് ചന്ദ്രൻ വി,സഞ്ചാരസാഹിത്യ ചരിത്രം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

വിദ്വാൻ ടി.എം. ചുമ്മാർ, ഭാഷാഗദ്യസാഹിത്യചരിത്രം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

*lekhank2016@gmail.com*

# സ്ത്രീയുടെ വീണ്ടെടുപ്പുകൾ
## ഉണ്ണി ആറിന്റെ ആനന്ദമാർഗ്ഗത്തിന്റെ വായന

**ശ്രീയ പി.ജി.**
ഗവേഷക, കണ്ണൂർ സർവ്വകലാശാല

ഉണ്ണി ആറിന്റെ ആനന്ദമാർഗ്ഗം എന്ന കഥയിലെ യാത്രയെ മുൻനിർത്തിയുള്ള പെണ്ണനുഭവങ്ങളുടെ വിശകലനമാണ് 'സ്ത്രീയുടെ വീണ്ടെടുപ്പുകൾ –ആനന്ദമാർഗ്ഗത്തിൽ' ആണധികാരത്തിന്റെ അമർത്തിവയ്ക്കലുകളിൽ നിന്നും പുറത്തേയ്ക്കു വരാനും സ്വത്വം വീണ്ടെടുക്കാനും ശ്രമിക്കുന്ന ഒരു കൂട്ടം സ്ത്രീകളുടെ പലായനയാത്രയായി ആനന്ദമാർഗ്ഗം എന്ന കഥ മാറുന്നു. ആ യാത്രയിൽ അവർ ഒരു കണ്ണാടിയിലെന്നോണം സ്വത്വത്തെ തിരിച്ചറിയുന്നുണ്ട്. സ്ത്രീജീവിതത്തിന് നിഷേധിക്കപ്പെടുന്ന പൊതുമണ്ഡലത്തിലേയ്ക്കുള്ള കടന്നുവരവായി 'ആനന്ദമാർഗ്ഗ'ത്തിലെ സ്ത്രീയാത്ര പരിണമിക്കുന്നു.

***താക്കോൽവാക്കുകൾ:*** അനുഭവപാഠം–ലിംഗപദവി–ആഖ്യാനം–പ്രതിരോധം–ആന്തരികചോദന–അബോധ മനസ്സ്.

ഓരോയാത്രയും പലതരം അറിവിന്റെ വാതായനങ്ങളാണ് നമുക്ക് തുറന്നുതരുന്നത്. യാത്ര ചെയ്യുന്നവർ പുതിയകാര്യങ്ങളെ കണ്ടറിയുന്നവരാണ്. യാത്ര അനുഭവപാഠവും അറിവും ആണ്. അറിവ്, അധികാരം ഇവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഓരോകാലത്തും ഓരോപ്രദേശത്തെയും സാമൂഹികക്രമങ്ങൾ നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ പ്രധാനപങ്കുവഹിക്കുന്നത് അതാത്കാലത്തെ അറിവധികാരങ്ങളാണ്. ഈ അറിവധികാരങ്ങൾ പുരുഷാധിപത്യവുമായി പ്രത്യക്ഷത്തിൽത്തന്നെ ബന്ധം പുലർത്തുന്നവയാണ് എന്നു കാണാം. ആദ്യകാലംമുതൽക്കേ പുരുഷന്മാർക്ക് വീടിന് പുറത്തുപോകുന്നതിനും മറ്റു സ്ഥലങ്ങളിൽ ചെന്ന്

അറിവുനേടുന്നതിനും വിലക്കുകൾ ഉണ്ടായിരുന്നില്ല. മറിച്ച് സ്ത്രീകൾ 'അന്തർജ്ജനങ്ങൾ' തന്നെയായിരുന്നു. അറിവുനേടുന്നതിനോ പുറംലോകവുമായി ബന്ധപ്പെടുന്നതിനോ യാതൊരു വഴികളും അവർക്ക് ഉണ്ടായിരുന്നില്ല. യാത്രയുടെ കാര്യത്തിലും ഈ നിരീക്ഷണം ശരിയാണെന്ന് കാണാം. അതുകൊണ്ടുതന്നെ യാത്രയെയും ലിംഗപദവിയെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണങ്ങൾക്ക് പ്രസക്തിയുണ്ട്. പൊതുയിടങ്ങളിലും യാത്രകളിലും സ്ത്രീ സുരക്ഷിതമല്ലാത്ത ഒരു കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. നിത്യജീവിതത്തിന്റെ സ്പന്ദനങ്ങളെ വളരെവേഗത്തിൽ ആവിഷ്കരിക്കുന്ന സാഹിത്യരൂപങ്ങളിൽ ഒന്നാണ് ചെറുകഥ. സമകാലിക സംഭവങ്ങളെയും മറ്റും ആവിഷ്കരിക്കാൻ ശ്രമിക്കുന്ന സാഹിത്യകാരനാണ് ഉണ്ണി.ആർ. അദ്ദേഹത്തിന്റെ 'ആനന്ദമാർഗ്ഗം' എന്നകഥയിലെ യാത്രയെ മുൻനിർത്തിയുള്ള പെണ്ണനുഭവങ്ങളെ വിശകലനം ചെയ്യുവാനാണ് ശ്രമിക്കുന്നത്.

മധ്യവയസ്കരായ ഏതാനും കോളേജധ്യാപികമാർ രണ്ടു പകലും ഒരു രാത്രിയും ദൈർഘ്യമുള്ള വിനോദയാത്ര പോകുന്നതിന്റെ ആഖ്യാനമാണ് ആനന്ദമാർഗ്ഗം. നിത്യജീവിതത്തിന്റെ വിരസമായ അനുഭവങ്ങളിൽനിന്ന് ഒരുമാറ്റം വേണമെന്നു ചിന്തിക്കുന്ന സ്ത്രീകൾ യാത്രയ്ക്കൊരുങ്ങുന്നു. യാത്രയുടെ പ്രധാന പ്രത്യേകത സ്ത്രീകൾ മാത്രമാണെന്നതാണ്.

ജാതിവിലക്കുകളും സദാചാരബോധങ്ങളും ചാരിത്ര്യവുമായി ബന്ധപ്പെടുത്തിയും മറ്റും ആദ്യകാലംമുതൽ പുറംവ്യവഹാരങ്ങളിൽനിന്നും യാത്രകളിൽനിന്നും സ്ത്രീകളെ മാറ്റിനിർത്തിയിരുന്ന ചരിത്രമാണ് കേരളത്തിനുള്ളത്. പിന്നീട് കൊളോണിയൽ ആധുനികതയുടെയും നവോത്ഥാന ശ്രമങ്ങളുടെയും ദേശീയസ്വാതന്ത്ര്യസമരത്തിന്റെയും ഭാഗമായി ജാതിവിലക്കുകളും ലിംഗപദവി സംബന്ധമായ വിലക്കുകളും ഒരു പരിധിയോളം ഇല്ലാതായി. എങ്കിലും പരോക്ഷമായ പലവിലക്കുകളും നിയന്ത്രണങ്ങളും സ്ത്രീയാത്രകളിൽ ഇന്നും നിലനിൽക്കുന്നുണ്ടെന്നു കാണാം.

സ്റ്റാഫ്റൂമിൽ വിനോദയാത്രയുടെ ചർച്ചനടക്കുന്ന രംഗം ശ്രദ്ധേയമാണ്. ദേവകി ടീച്ചറാണ് ചർച്ചയ്ക്ക് നേതൃത്വംനൽകുന്നത്. ചർച്ച നടക്കുന്നതിനിടയിലേക്കാണ് പുരുഷോത്തമൻ കയറിവരുന്നത്. പെണ്ണുങ്ങൾക്കൊന്ന് ഒന്നിച്ചിരുന്ന് വർത്തമാനം പറയാൻ പറ്റില്ലേ എന്ന് കെമിസ്ട്രിയിലെ രാധാമണില ടീച്ചർ ചോദിക്കുന്നു. അതിന് പുരുഷോത്തമൻ "പെണ്ണുങ്ങളോ! കെളവികളെന്നു പറ" (ഉണ്ണി. ആർ. 2012: 52) എന്നു പറഞ്ഞ്

ഒരു വഷളൻചിരിചിരിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ഇംഗ്ലീഷിലെ ആശാതോമസിനെ പെണ്ണെന്നു വിളിക്കാമെന്നും കൂട്ടിച്ചേർക്കുന്നു. ഒരു പ്രായം കഴിഞ്ഞാൽ പിന്നെ സ്ത്രീകൾ എല്ലാവർക്കും കെളവികളും/മധ്യ വയസ്കകളും ആണ് പുരുഷോത്തമനും/ സമൂഹത്തിനും. സ്റ്റാഫ്റൂമിന്റെ മൂലയിലുള്ള വാഷ്ബേസിനിൽ കാർക്കിച്ചുതുപ്പിയിട്ട് പുരുഷോത്തമൻ ഇറങ്ങിപ്പോകുന്നു. ഈ തുപ്പൽ മുഴുവൻ സ്ത്രീകളുടെയും മുഖത്തേക്കുതന്നെ യാണ്. പുരുഷാധിപത്യലോകത്തെ തിരസ്കരിക്കുന്നതിനെതിരെയുള്ള പ്രതിഷേധമായി പുരുഷോത്തമന്റെ തുപ്പലിനെ കണക്കാക്കാം.

ഒരു ദിവസത്തേക്കാണ് ആദ്യം യാത്രയെപറ്റി ചിന്തിക്കുന്നത്. എന്നാൽ ഒരു ദിവസത്തേക്കാണെങ്കിൽ ദേവകി ടീച്ചർക്ക് താൽപര്യമില്ല എന്നു തീർത്തുപറയുന്നു. ഒരു രാത്രി എവിടെയെങ്കിലും തങ്ങി ഉഷാറായിട്ട് വരാമെന്നാണ് ടീച്ചറുടെ ചിന്ത. എന്നാൽ ഒരു ദിവസം വീട്ടിൽനിന്ന് മാറി നിൽക്കുന്ന കാര്യം പലർക്കും ആലോചിക്കാൻ വയ്യ.

“അപ്പം വീട്ടിലെക്കാര്യം...? (ഉണ്ണി.പുറം. 52) എന്ന എലിസബത്ത് കോശിയുടെ ചോദ്യവും

“ഒരു ദിവസം കൊണ്ട് വീടിനെന്നാ പറ്റാനാ? അഥവാ പറ്റിയാല ങ്ങോട്ടു പറ്റട്ടെ” എന്ന ദേവകി ടീച്ചറുടെ നിലപാടും ഇവിടെ ശ്രദ്ധേയമാണ്.

ഏതൊരു സ്ത്രീയുടെയും ജീവിതത്തിലുടനീളം നേരിടുന്ന ചോദ്യ ങ്ങളിലൊന്നാണിത്. സ്ത്രീ വീടിന്റെ ഐശ്വര്യവും നിലവിളക്കുമായി മാറുമ്പോൾ കുടുംബത്തിനകത്ത് മാത്രം ഒതുങ്ങിക്കഴിയാൻ വിധിക്കപ്പെടുന്ന സ്ത്രീജിവിതങ്ങളുടെ ആകത്തുകയെ ഈ ചോദ്യം പ്രതിനിധീകരിക്കുന്നു. “പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും ഇരുപതാംനൂറ്റാ ണ്ടിന്റെആരംഭത്തിലും മലയാളിസമൂഹത്തിൽ വിന്യസിക്കപ്പെട്ടു തുടങ്ങിയ ആധുനികലിംഗഭേദവ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽ തന്നെയായിരുന്നു ഇവരുടെ ചിന്തയെന്ന കാര്യംമറക്കാനാവില്ല. ‘ആധുനികലിംഗഭേദ’മെന്നതു കൊണ്ടുദ്ദേശിക്കുന്നത് ഇതൊക്കെയാണ്. 1) ലോകം മൊത്തത്തിൽ ‘പൊതു’ ‘ഗാർഹികം’ എന്നിങ്ങനെയുള്ള രണ്ടിടങ്ങളിലായി വേർതിരിക്കപ്പെട്ടിരി ക്കുന്നു എന്ന ധാരണ. ഇതിൽ ‘പൊതു’ഇടം പുരുഷന്റെയും ‘ഗാർഹിക’ഇടം സ്ത്രീയുടെയും എന്ന വിവക്ഷയുണ്ട്(ദേവിക ജെ. 2011 :13).

പൊതുവിടങ്ങളിലേക്കുള്ള സ്ത്രീയുടെ കടന്നുവരവിനെ തടഞ്ഞുനിർ ത്താനുള്ള ഉപാധിയായി ഗൃഹഭരണം സ്ത്രീകളിൽ അടിച്ചേൽപിക്കപ്പെട്ടു. അതിൽനിന്നുമാറി മറ്റു ജോലികളിലേർപ്പെടുന്നവരോ, സമൂഹത്തിന്

മുൻപിൽ കടന്നുവരാൻ ശ്രമിക്കുകയോ ചെയ്യുന്ന സ്ത്രീകൾ വഴിപിഴച്ചവളെ ന്നുമായിരുന്നു ആൺബോധത്തിന്റെ പൊതുധാരണ. പൊതുവിടം പുരുഷ ന്മാർക്കും ഗാർഹികഇടം സ്ത്രീക്കും എന്ന ധാരണ ഇന്നും നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ പുരുഷനടിമപ്പെട്ട് ഗൃഹഭരണം നടത്തുന്ന സ്ത്രീകളെ ഉത്തമസ്ത്രീകൾ എന്ന് സമൂഹം അംഗീകരിക്കുന്നത്. വീട് പ്രധാനപ്പെട്ട ആകുലതയായി മാറുകയാണ് സ്ത്രീകൾക്ക്. വീട് എന്ന സാമൂഹികസ്ഥാ പനം എങ്ങനെ സ്ത്രീയെ നിബന്ധിച്ചുവെന്നും അതിൽ തളിച്ചിട്ടുവെന്നും വ്യക്തമാക്കുന്ന സന്ദർഭമാണിത്. അതിനെതിരെയുള്ള പ്രതിരോധമായാണ് ആനന്ദമാർഗ്ഗത്തിലെ സ്ത്രീകളുടെ യാത്ര ആരംഭിക്കുന്നത്.

പിറ്റേന്ന് വിനോദയാത്രയുടെ ചർച്ച ആരംഭിക്കുമ്പോൾ പുരുഷോ ത്തമൻ "മധ്യവയസ്കകളുടെ വിനോദയാത്രാ പരിപാടി എന്തായി?" (ഉണ്ണി. 53) എന്നന്വേഷിക്കുന്നു. ദേവകി ടീച്ചർ ചിരിച്ചുകൊണ്ട് പുരുഷോത്തമനെ അടുത്തേക്ക് വിളിച്ച് ചെവിയിൽ എന്തോ പറഞ്ഞു. പുരുഷോത്തമൻ അപ്പോൾ തന്നെ അവിടംവിട്ട് പോവുകയും ചെയ്തു. എന്തുകൊണ്ടാണ് ദേവകിടീച്ചർ പുരുഷോത്തമന്റെ ചെവിയിൽ പറഞ്ഞത് എന്ന് ചിന്തിപ്പി ക്കുന്നതാണ്. പറഞ്ഞത് ചീത്ത തന്നെ എന്ന് വ്യക്തമാണ്. അത് ഉറക്കെ പറഞ്ഞാൽ ചീത്തസ്ത്രീയായി. കുലസ്ത്രീ എന്ന പുരുഷകല്പനയുടെ ബോധം പേറുന്നു എന്നതിന്റെ തെളിവായി ഈ രംഗം വായിക്കാവുന്നതാണ്.

യാത്രാപരിപാടി തേക്കടിയിലേക്ക് തീരുമാനിക്കുകയും ഇരുപതു പേരിൽ അഞ്ചുപേർ പിൻവാങ്ങുകയും ചെയ്യുന്നു. പതിനഞ്ചുപേരുടെയും പേരുകളെഴുതിക്കഴിഞ്ഞപ്പോൾ രാധാമണി പറഞ്ഞു: "ഏതായാലും നാല്പത്തിയഞ്ചിനു മുകളിലുള്ളവരാ എല്ലാം. എന്തുപറ്റി ചെറുപ്പക്കാരികളെ വിടാൻ ഭർത്താക്കന്മാർക്ക് പേടിയാണോ? (ഉണ്ണി ആർ, 2012:53). പുരു ഷാധികാരത്തിന്റെ കൈകൾ സ്ത്രീ സ്വാതന്ത്ര്യത്തിലും തീരുമാനങ്ങളിലും എത്രത്തോളം സ്വാധീനിക്കുന്നു എന്നതിന്റെ തെളിവാണ് രാധാമണിയുടെ വാക്കുകൾ. "നമ്മളെയാണെങ്കിൽ പിന്നെ ആർക്കും വേണ്ടല്ലോ" എന്ന എലിസബത്ത് കോശിയുടെ വാക്കുകൾ സ്ത്രീ വെറും ശരീരം മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നതാണ്.

ചർച്ചയ്ക്കിടയിൽ ഉഷാദേവി ടീച്ചർക്ക് വീണ്ടുമൊരു സംശയം. വണ്ടീയുടെ മുമ്പില് കോളേജിന്റെ പേര് തുണിയിലെഴുതി വലിച്ചുകെട്ടണ്ടേ എന്ന്. അതൊന്നുംവേണ്ട നമ്മൾ ടീച്ചർമാരാണെന്നറിഞ്ഞാൽ ആളുകളൊ ക്കെ ബഹുമാനിക്കും. ഒന്നുകൂവണമെന്നു തോന്നിയാൽ അതിനുംപറ്റില്ല

എന്നാണ് ദേവകിടീച്ചറുടെ നിലപാട്. ഇവിടെ ടീച്ചർ എന്ന സാമൂഹികസ്ഥാപനനില മറച്ചുവെച്ചാലേ ക്ലകാനാവൂ എന്ന് ദേവകി ടീച്ചർ പറയുന്നതിലൂടെ പുരുഷാധിപത്യസമൂഹം നിർമ്മിച്ചുവച്ച വാർപ്പുമാതൃകകളെ അംഗീകരിക്കുകയാണ് അവർചെയ്യുന്നത്. “ലിംഗഭേദമനുസരിച്ചുള്ള വാർപ്പുമാതൃകകൾ സമൂഹസൃഷ്ടമാണ്. സ്ത്രീയിൽനിന്നും പുരുഷനിൽനിന്നും ഒരു സമൂഹം എന്താണ് പ്രതീക്ഷിക്കുന്നതെന്നതിനെ ആശ്രയിച്ചിരിക്കും അത് ” (ആർ. രാജശ്രീ 2018:23). സമൂഹത്തിലെ പ്രധാന സ്ഥാപനമാണ് വിദ്യാലയം. വിദ്യാലയത്തിലെ ഓരോ ടീച്ചറും വിദ്യാർത്ഥികൾക്ക് മാതൃകയും വഴികാട്ടിയും ആകേണ്ടവരാണ്. അതുകൊണ്ടുതന്നെ അധ്യാപകരെ സമൂഹം ബഹുമാനിക്കുന്നു. എന്നാൽ ആ ബഹുമാനം തങ്ങൾക്ക് പല വിലക്കുകളും സൃഷ്ടിക്കുന്നു.

അങ്ങനെ ശനിയാഴ്ച രാവിലെതന്നെ യാത്ര ആരംഭിക്കുന്നു. പ്രാർത്ഥന ചൊല്ലിക്കൊണ്ട് പതിവ് കോൺവെന്റ് സ്കൂൾ രീതികളോടെ തന്നെയായിരുന്നു എങ്കിലും ഉഷാദേവിയുടെ ചുരിദാർ കൊള്ളാമെന്ന് രാധാമണി പറയുന്നത് പ്രാർത്ഥനയ്ക്ക് വിരാമമിടുന്നു. എന്നാൽ എല്ലാവരേയും ഞെട്ടിച്ചുകൊണ്ട് ശരീരമല്പം വളച്ച് തലവെട്ടിച്ച് രജനീകാന്തിനെപ്പോലെ ജീൻസും ഷർട്ടുമിട്ട് ദേവകിടീച്ചർ പ്രത്യക്ഷപ്പെടുന്നു. അതെല്ലാവരിലും അത്ഭുതമുണർത്തുന്നു. ഇവിടെയെല്ലാം ആണിന്റെ ഭാഷയും വേഷവും പെണ്ണിൽ ആരോപിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. യാത്ര എലിസബത്ത് കോശിയുടെ അനിയന്റെ കുട്ടിക്കാനത്തെ ബംഗ്ലാവിലെത്തുന്നു. അന്നുരാത്രി അവിടെ കഴിയാനാണ് പ്ലാൻ. ഡിസംബർ ആയിരുന്നതുകൊണ്ട് കോടയിറങ്ങിയിരുന്നു. ബംഗ്ലാവ് സൂക്ഷിക്കുന്ന തമിഴൻ രാത്രിയിലെ ഭക്ഷണം ഉണ്ടാക്കിവെച്ചിട്ട് പോയിരുന്നു.

ബംഗ്ലാവിൽ വെച്ച് അവർ മദ്യപിക്കുന്ന രംഗം പ്രധാനമാണ്. ദേവകി ടീച്ചർ ഒഴികെ ബാക്കിയെല്ലാവരും ആദ്യമായാണ് മദ്യത്തിന്റെ രുചിയറിയുന്നത്. ലക്ഷ്മിദേവി ആദ്യം മദ്യം കഴിക്കാൻ കൂട്ടാക്കിയില്ലെങ്കിലും പിന്നീട് എല്ലാവർക്കുമൊപ്പം മദ്യം രുചിക്കുന്നു. പുരുഷന്മാരെപ്പോലെത്തന്നെ സ്ത്രീകൾക്കും അവരുടെ ആന്തരികചോദനകളെ ഉണർത്താൻ ലഹരി വേണ്ടിവരുന്നു. അവരുടെ അബോധമനസ്സിൽ നിന്നാണ് അതുവരെ അടക്കിവെച്ചിരുന്ന വേദനകളും ദുഃഖങ്ങളും മറ്റും പുറത്തുവരുന്നത്.

ദേവകി ടീച്ചറും ശ്രീദേവി ടീച്ചറും നസീറും ഷീലയും ആകുന്നതും ചില രംഗങ്ങൾ അഭിനയിച്ചു കാണിക്കുന്നതുമെല്ലാം എല്ലാവരേയും രസിപ്പിക്കുന്നു. അങ്ങനെ കളിചിരി ബഹളങ്ങൾക്കിടയിൽ ഓരോരുത്തരും തങ്ങളുടെ

സങ്കടങ്ങൾ അറിയാതെ പറഞ്ഞുപോകുന്നു. മദ്യം കഴിച്ചതിന്റെ മണം പിടിച്ച് ആൻസി ടീച്ചറുടെ ഭർത്താവ് അറിയുമെന്ന് എലിസബത്ത് കോശി പറയുമ്പോൾ "അതിന് അങ്ങേരെന്റെ മണം അറിഞ്ഞിട്ട് വർഷം കൊറേ ആയി ടീച്ചറേ" (ഉണ്ണി പുറം.:58) എന്നാണ് ആൻസി ഉമ്മന്റെ മറുപടി. താൻ മച്ചിയായതുകൊണ്ട് ഭർത്താവിനു തന്നെ ആവശ്യമില്ല എന്നാണ് ടീച്ചർ പറയുന്നത്. പുരുഷനാൽ തഴയപ്പെടുന്ന സ്ത്രീത്വത്തെയാണ് ഇവിടെ കാണാൻകഴിയുന്നത്.

ആർത്തവം നിന്നുപോയപ്പോൾ സുബൈദ ടീച്ചറുടെ ഭർത്താവ് പറഞ്ഞത് "നീ ഇനി വെറും ചണ്ടിയാണെന്ന്" (ഉണ്ണി പുറം.:58) ഉഷാദേവി ടീച്ചറുടെ ഭർത്താവ് "നാപ്കിന്റെ കാശ് ലാഭിക്കാമല്ലേ എന്നാണ് പറയുന്നത്. കൂടാതെ തന്റെ എല്ലാ സ്വത്ത് വിവരങ്ങളും അറിയുന്ന ഭർത്താവിന് അരയിൽ കിടക്കുന്ന പത്തുപവൻ അരഞ്ഞാണത്തിന്റെ കാര്യം അറിയില്ല എന്ന് പറയുന്നതിലെ ധ്വനി നിന്ദയും സ്നേഹരാഹിത്യവും എല്ലാമടങ്ങിയതാണ്. ഗർഭപാത്രം നീക്കിയ ലളിത ടീച്ചറെ ഭർത്താവ് എന്തോ ഒരു കുറവുള്ള സ്ത്രീയെപ്പോലെയാണ് നോക്കുന്നത്. പ്രത്യുല്പാദന ശേഷിയുള്ള സ്ത്രീയ്ക്ക് മാത്രമേ എല്ലാ വിചാരങ്ങളും വികാരങ്ങളും ഉണ്ടാവുകയുള്ളൂ എന്ന സമൂഹത്തിന്റെ കാഴ്ചപ്പാട് തന്നെയാണ് ലളിത ടീച്ചർ പങ്കുവെയ്ക്കുന്നത്. പ്രത്യുല്പാദനക്ഷമമായ സ്ത്രീശരീരത്തിന്റെ അടയാളമാണ് ആർത്തവം. അതേസമയം അത് സ്ത്രീകളെ അടിച്ചമർത്തുന്നതിനും / തഴയുന്നതിനും ഉള്ള ആയുധമായി മാറുകയും ചെയ്യുന്നതായി നമുക്കിവിടെ കാണാം. ഇത്തരത്തിൽ പുരുഷന്മാരാൽ തഴയപ്പെടുന്ന/ പാർശ്വവത്കരിക്കപ്പെടുന്ന സ്ത്രീജീവിതത്തിന്റെ നേർക്കാഴ്ചകളാണ് ആനന്ദ മാർഗത്തിൽ കാണാൻ കഴിയുന്നത്.

അസംതൃപ്തകാമനകളുടെ കഥകളാണ് ഈ സ്ത്രീകളെല്ലാം പറയുന്നത്. പുരുഷന്റെ തെറ്റിദ്ധാരണകൾ സ്വയംപേറുന്ന സ്ത്രീകളാണ് ഇവരെല്ലാം. സ്വന്തം വ്യക്തിത്വങ്ങളും താല്പര്യങ്ങളും മറ്റുള്ളവർക്കുവേണ്ടി അടിയറവെച്ച് ജീവിക്കുന്നവരാണ് സ്ത്രീകൾ. പലപ്പോഴും അവർ ആരാണെന്നും എന്താണെന്നും മറന്നുപോകുന്നു. അങ്ങനെയുള്ള ജീവിതത്തിനിടയിൽ തങ്ങൾക്ക് നഷ്ടപ്പെട്ടത് എന്താണെന്ന് തിരിച്ചറിയുകയും ഓരോരുത്തരുടെയും സങ്കടങ്ങൾ പങ്കുവെയ്ക്കുകയുമാണ് അവർ ഈ യാത്രയിലൂടെ. അതിനിടയിൽ ഓരോരുത്തരുടെയും മുഖംമൂടി അഴിഞ്ഞുവീഴുന്നു. ചില മാറ്റങ്ങൾ നമുക്കും വേണമെന്ന് അവർ തീരുമാനിക്കുന്നു. ഇനി മുതൽ നമുക്ക് ചിലതൊക്കെ വേണമെങ്കിലോ എന്ന മാലതി ടീച്ചറിന്റെ ശബ്ദത്തിന്റെ കനം അവിടിരുന്നവരെയൊന്നാകെ

അമ്പരപ്പിച്ചുകളഞ്ഞു. ഇത്രയുംനേരം ചർച്ചയിൽ പങ്കെടുത്തവർക്ക്/അനുഭവം വിവരിച്ചവർക്ക് തീർച്ചയായും അത് അമ്പരപ്പ് ഉണ്ടാക്കില്ല. കനമുള്ളതാകില്ല ആ ശബ്ദം. എന്നാൽ അത് കേൾക്കുന്ന പുരുഷന് ആ ശബ്ദം കനത്തതും അമ്പരപ്പ് ഉളവാക്കുന്നതുമായിരിക്കും. സ്ത്രീജീവിതത്തിന് നിഷേധിക്കപ്പെടുന്ന പൊതുമണ്ഡലത്തിലേക്കുള്ള സ്ത്രീകളുടെ കടന്നുവരവായി ആനന്ദമാർഗ്ഗത്തിലെ സ്ത്രീയാത്ര പരിണമിക്കുന്നതായി കാണാം.

വിരസമായ തങ്ങളുടെ ജീവിതത്തെ സന്തോഷപ്രദമാക്കുന്നതിനായി വ്യത്യസ്തമാർഗ്ഗം എന്ന നിലയിലാണ് യാത്ര ഇവിടെ കടന്നുവരുന്നത്. പുരുഷന്മാർ ഒപ്പമില്ലാതെ സ്ത്രീകൾ നടത്തുന്ന ഈ യാത്രയിലൂടെ തന്നെ കണ്ടെടുക്കാനും/വീണ്ടെടുക്കാനുമുള്ള അവസരമാവുകയാണ് യാത്ര. ഇവിടെ ആരുടേയും നിയന്ത്രണങ്ങളോ അനുവാദങ്ങളോ ഇല്ലാതെ പാട്ടുപാടിയും ഉറക്കെ കൂവിയും മദ്യപിച്ചുമൊക്കെ സ്വയം സ്വതന്ത്രരാകുകയാണ് അവർ ഈ യാത്രയിലൂടെ. യാത്രാവസാനം തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പലതും വേണമെന്ന് അവർ ഉറപ്പിക്കുന്നതിലൂടെ യാത്ര പുതിയൊരുമാനത്തിലെത്തുന്നു.

### സഹായകഗ്രന്ഥങ്ങൾ

1. ഉണ്ണി ആർ, 2012, കഥകൾ ഉണ്ണി ആർ., ഡി.സി. ബുക്സ്, കോട്ടയം
2. ദേവിക. ജെ. 2010, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനനന്തപുരം
3. ദേവിക. ജെ. എഡി. 2011, കല്പനയുടെ മാറ്റൊലി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ
4. മേറി റീമ, 2015, സാഹിത്യചരിത്രങ്ങളും സ്ത്രീകളും സിദ്ധാന്തവും പ്രയോഗവും, കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട്.
5. രാജശ്രീ. ആർ. 2018, നായികാനിർമ്മിതി വഴിയും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. രശ്മി ബിനോയ്, 2008, ചരിത്രത്തിലെ പെണ്ണിടങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. ഹേമലതാദേവി ജീ. 2004, ലക്ഷ്മണരേഖ മുറിച്ചുകടക്കുമ്പോൾ, പാപ്പിയോൺ, കോഴിക്കോട്.
8. റ്റിസി മറിയം തോമസ്, 2008. ഇറങ്ങിനടപ്പ്, ഡി.സി. ബുക്സ്, കോട്ടയം

*sreeyapg@gmail.com*

# യാത്രാബിംബങ്ങളുടെ ആഖ്യാനസവിശേഷതയും സാമൂഹിക ചിത്രണവും, 'പഥേർപാഞ്ചാലി' മുൻനിർത്തിയുള്ള പഠനം

ഹീര

ഗവേഷക, കെ.കെ.ടി.എം.ഗവ.കോളേജ്

**സംഗ്രഹം**

സത്യജിത് റേയുടെ പഥേർപാഞ്ചാലിയിലെ യാത്രാബിംബങ്ങൾ, സാമൂഹിക ജീവിതചിത്രീകരണം, ആഖ്യാനം തുടങ്ങിയവയുടെ വിശകലമാണ് പ്രബന്ധം. ചിത്രത്തിലെ ദൃശ്യ ശബ്ദബിംബങ്ങൾ ആധുനികതയിലേക്കുള്ള നിശ്ചിന്ദപുരം എന്ന ഗ്രാമത്തിന്റെ യാത്ര പ്രതീകവൽക്കരിക്കുന്നു. യാത്രയിലൂടെയും അധിനിവേശത്തിലൂടെയും രൂപംകൊണ്ട ആധുനികത ഗ്രാമങ്ങളെ പുറന്തള്ളുന്നു എന്നതു മാത്രമല്ല പുരുഷകേന്ദ്രിതം കൂടിയായി പുരോഗതി എന്ന യാത്ര മാറുന്നു.

***താക്കോൽ വാക്കുകൾ:*** 1 യാത്ര–സ്ഥലം–കാലം–ബിംബം–പ്രതീകം –ഗ്രാമം–നഗരം–ആധുനികത.

## ആമുഖം

സ്ഥലം, കാലം, വ്യക്തി എന്നീ ഘടകങ്ങളെ ചേർത്തുനിർത്തുന്ന പ്രധാന ആഖ്യാനസങ്കേതമാണ് യാത്ര. മനുഷ്യനുണ്ടായ കാലം മുതൽക്കെ സ്ഥലം, കാലം, എന്നിവയിലൂടെ സംഭവങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സംഭവങ്ങളിൽ നിന്ന് സംസ്കാരവും, സംസ്കാരത്തിൽ നിന്ന് ചരിത്രവും രൂപപ്പെടുന്നു. ചരിത്രാഖ്യാനത്തിലായാലും, കലാസാഹിത്യാഖ്യാനങ്ങളിലായാലും കാലം പ്രധാനമാണ്. കാലികമായ സംഭവങ്ങളെ പരസ്പരം ബന്ധിപ്പിക്കുമ്പോഴാണ്

ആഖ്യാനമുണ്ടാകുന്നത്. സ്ഥലത്തിന്റെ ഭാഗമാകുമ്പോൾ മാത്രമാണ് കാലവും മൂർത്തമാകുന്നത്. ഏതൊരാഖ്യാനത്തിലും സ്ഥലികത, കാലികത എന്നീ ഘടകങ്ങളുണ്ടാകുമെന്ന് നരേറ്റോളജി (Narratology) എന്ന ഗ്രന്ഥത്തിൽ (1994:P 524) ജെറാൾഡ് പ്രിൻസ് പറയുന്നുണ്ട്. ഇങ്ങനെ സ്ഥലികതയിൽ നിന്നും കാലികതയിൽ നിന്നും രൂപപ്പെടുന്ന യാത്രാസങ്കേതത്തിന് ഏറെ പഴക്കമുണ്ട്. ആധുനികയുഗത്തിന്റെ കലയെന്ന് വിശേഷിപ്പിക്കപ്പെടുന്ന സിനിമയിൽ യാത്രാ ബിംബങ്ങൾക്കും യാത്രാസങ്കേതങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. ഈ അടിസ്ഥാനത്തിൽ യാത്രാബിംബങ്ങൾ (Travel images) എന്ന സങ്കല്പത്തെ അവലംബമാക്കി സത്യജിത് റേയുടെ ആദ്യചിത്രമായ പഥേർപാഞ്ചാലിയിലെ യാത്രാബിംബ സമന്വയത്തെ കണ്ടെത്തി ആഖ്യാനപരമായ സവിശേഷതകളും, അതിനുപുറകിലുള്ള സാമൂഹികചിത്രവും വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

### ബിംബം

ബിംബം എന്ന പദത്തിന് നിഘണ്ടു നല്കുന്ന നിർവ്വചനം 'ഒരു വസ്തുവിന്റെ ബാഹ്യരൂപത്തിന്റെ കൃത്രിമമായ അനുകരണം' എന്നാണ്. സിനിമയും ബിംബങ്ങളുടെ കലയാണ്. ഓരോ ഫ്രെയ്മിലും വ്യത്യസ്ത സ്വഭാവമാർന്ന ബിംബങ്ങൾ നിറഞ്ഞിരിക്കുന്നു. ഒറ്റക്കും കൂട്ടമായും ആസൂത്രിതമായി ഉൾപ്പെടുത്തുന്ന ബിംബങ്ങളുടെ സമന്വയത്തിലൂടെയാണ് ചലച്ചിത്രം രചിക്കപ്പെടുന്നത്, അഥവാ ഒരു പ്രമേയം ആവിഷ്കരിക്കപ്പെടുന്നത്. ശില്പപരമായ ഈ ബിംബസംയോജനം ഭാവസൗന്ദര്യത്തെയും നിർണയിക്കുന്നു. വാക്കുകളിലൂടെ സൃഷ്ടിക്കപ്പെടുന്ന ബിംബങ്ങളുടെ സ്ഥാനത്ത് വിഷ്വൽ ബിംബങ്ങൾ സിനിമയെ ചലന സജീവതയോടെ നിർത്തുന്നു. അതിനാൽ സിനിമയിൽ ബിംബഭാഷയ്ക്കും അവയുടെ വിന്യസനത്തിനും കൂടുതൽ പ്രാധാന്യമുണ്ടെന്ന് കാണാം.

### പ്രതീകം

പഥേർപാഞ്ചാലിയിലെ യാത്രാബിംബങ്ങളുടെ ആഖ്യാനസവിശേഷതകൾ അപഗ്രഥിക്കും മുൻപ് ബിംബങ്ങളോട് ചേർന്നുനിൽക്കുന്ന പ്രതീകങ്ങളെ (Symbol) വേർതിരിച്ചറിയേണ്ടതാവശ്യമാണ്. സാദൃശ്യം കൊണ്ടോ, വാസ്തവികമോ, ചിന്തനീയമോ ആയ പരസ്പരബന്ധംകൊണ്ടോ, മറ്റൊരു വസ്തുവിനേയോ, കാരണത്തേയോ ഓർമ്മിപ്പിക്കുകയോ, പകരം നില്ക്കുകയോ ചെയ്യുന്ന ഒരു വസ്തുവോ, അവസ്ഥയോ എന്നാണു നിഘണ്ടു തരുന്ന

സാമാന്യമായ നിർവ്വചനം. സ്വഭാവത്തിൽ ബാഹ്യവസ്തുക്കളാണെങ്കിലും, ചില പ്രതീകങ്ങൾ ചിലപ്പോൾ ബിംബങ്ങളുടെ വികസിതരൂപങ്ങളാകാറുണ്ട്. ബിംബങ്ങളിൽ പ്രത്യേകം പ്രാധാന്യമുള്ളവ പ്രതീകങ്ങളായി വികസിക്കുന്നു. ഇത്തരം ബിംബങ്ങൾ സാധാരണരീതിയിൽ കവിഞ്ഞ് സിനിമയിൽ പലകുറി ആവർത്തിച്ച് വരുന്നതായികാണാം. ഇതിനുദാഹരണമായി ലാംഗ്വേജ് ആൻറ് സ്റ്റൈൽ എന്ന ഗ്രന്ഥത്തിൽ സ്റ്റീഫൻ ഉൾമർ പറയുന്നത് ഇങ്ങനെയാണ് "ഒരു വാഹനം (Vehicle) പലതവണ ആവർത്തിച്ച് വരികയും കേന്ദ്രസ്ഥാനത്തു നിലകൊള്ളുകയും ചെയ്യുമ്പോൾ വാഹനം എന്ന ബിംബം പ്രതീകമാകുന്നു" എന്നാണ്.

### പഥേർപാഞ്ചാലി എന്ന സിനിമ

ഇന്ത്യൻ സിനിമയെ ലോകസിനിമാ ഭൂപടത്തിലേക്കെത്തിച്ച പ്രമുഖ സിനിമയാണ് സത്യജിത് റേയുടെ പഥേർപാഞ്ചാലി (1955). അദ്ദേഹത്തിന്റെ പ്രഥമചിത്രമായ പഥേർപാഞ്ചാലി 1956-ൽ കാൻ ഫിലിം ഫെസ്റ്റിവലിൽ ബെസ്റ്റ് ഹ്യൂമൺ ഡോക്യുമെന്റ് എന്ന പ്രത്യേക ബഹുമതിക്ക് അർഹമാകുകയും, രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ കരസ്ഥമാക്കുകയും ചെയ്തു. 1929-ൽ വിഭൂതിഭൂഷൻ ബന്ദോപാധ്യായ രചിച്ച നോവലാണ് ഈ സിനിമയ്ക്കാധാരം. ബംഗാളിലെ ഒരു കുഗ്രാമത്തെക്കുറിച്ചും, അതിലെ ചെറിയ സഞ്ചാരികളെക്കുറിച്ചുമാണ് ഈ ചിത്രം പറയുന്നത്. വളരെ ലളിതമായ ഫ്രെയ്മുകളിലൂടെ അലങ്കാരാദികളൊന്നുമില്ലാതെ പഥേർപാഞ്ചാലി എന്ന സിനിമ പറയുന്നത് അപു, ദുർഗ്ഗ എന്നിവരുടെ വളർച്ചയുടെയും വികാസത്തിന്റെയും കഥയാണ്. പാതയിലൂടെ കടന്നുപോകുന്ന കാളവണ്ടിയുടെ ദൃശ്യത്തിലാണ് പഥേർപാഞ്ചാലി അവസാനിക്കുന്നത്. നിശ്ചിന്ദപുരം എന്ന ഗ്രാമമാണ് സിനിമയുടെ പശ്ചാത്തലം. ആ ഗ്രാമമുപേക്ഷിച്ച് അപുവും അമ്മ സർബ്ബജയയും അച്ഛൻ ഹരിഹറും യാത്ര തുടങ്ങുന്നത് കാളവണ്ടിയിലാണ്. അപരാജിതൊ തുടങ്ങുന്നത് ആ യാത്രയുടെ തുടർച്ചയിലാണ്. എന്നാൽ തീവണ്ടിയിലാണെന്നു മാത്രം. അവസാന ചിത്രം അവന്തുക്കിലെ കേന്ദ്രകഥാപാത്രം മടങ്ങിയെത്തുന്ന ഒരു യാത്രികനാണ്. ലോകസഞ്ചാരിയും അപരിചിതനും ആയ അതിഥിയെ ഒരു വീട് പരിചയപ്പെടുത്തുകയും അറിയുകയും ചെയ്യുന്ന കഥയാണ് അഗന്തുക്കിലേത്. അങ്ങനെ ചെറുതും വലുതുമായ യാത്രയുടെ സന്ദർഭങ്ങൾ നിരന്തരകാഴ്ചകളായി റായ് ഉപയോഗിക്കുന്നുണ്ട്.

**പഥേർപാഞ്ചാലിയിലെ യാത്രാബിംബങ്ങൾ**

സിനിമ കണ്ണിന്റെയും കാതിന്റെയും കലയാണ്. അതിനാൽ ദൃശ്യബിംബങ്ങളും, ശബ്ദബിംബങ്ങളും ഒട്ടേറെ സവിശേഷാർത്ഥത്തിൽ സിനിമയിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. സിനിമയുടെ ആദ്യമദ്ധ്യാന്തം പലപ്പോഴായി കേൾക്കുന്ന തീവണ്ടിയുടെ ശബ്ദമാണ് പഥേർപാഞ്ചാലിയിലെ പ്രധാനപ്പെട്ട ശബ്ദബിംബം. ഫ്യൂഡലിസത്തിൽനിന്നും മുതലാളിത്ത ആധുനികതയിലേക്കു കയറാനുള്ള ഗ്രാമത്തിന്റെ വെമ്പലാണ് ഈ യാത്രാബിംബങ്ങളിലൂടെ ആഖ്യാനവല്ക്കരിക്കുന്നത്. ഗ്രാമം/നഗരം, നന്മ/തിന്മ, സത്യം/അസത്യം, ഫ്യൂഡലിസം/മുതലാളിത്തം എന്നീ ദ്വന്ദ്വങ്ങൾ തമ്മിലുള്ള നിരന്തരസംഘർഷങ്ങളാണ് ഇവിടെ പ്രകടമാവുന്നത്. തീവണ്ടിയുടെ ഇടയ്ക്കിടയ്ക്കുള്ള നിലയ്ക്കാത്ത ശബ്ദം നിരന്തരം കേൾക്കുന്ന അപുവും ദുർഗ്ഗയും ശബ്ദത്തോടൊപ്പം എത്താനായി കഷ്ടപ്പെടുന്നുണ്ട്. സിനിമയിലെ ശബ്ദബിംബങ്ങളാൽ മെച്ചപ്പെടുത്തിയ വിഷ്വൽ ഇഫക്ടുകൾ കുട്ടികൾ തീവണ്ടിക്കു പുറത്താണെന്ന സൂചന നല്കുന്നു. ഇത് തീവണ്ടിയോടുള്ള കുട്ടികളുടെ ആസക്തി വർധിപ്പിക്കുന്നു. മറ്റൊരു ഫ്രെയ്മിൽ ഹരിഹർ, ദുർഗ്ഗ, അപു എന്നിവർ ചേർന്ന വീട്ടിനകത്തുള്ള സംസാരദൃശ്യത്തിൽ സജീവസാന്നിധ്യമായി ഒരു തീവണ്ടിയുടെ ശബ്ദം കേൾക്കുകയും അപു അതിനു കാതോർത്തിരിക്കുകയും ചെയ്യുന്നു. ഏതൊരു കുട്ടിയെയും പോലെ അറിയുക എന്ന ആഗ്രഹം അവനിലും ഉണ്ടാകുന്നുണ്ടെങ്കിൽ പോലും പിതാവിന്റെ ഭാവനയ്ക്കനുസരിച്ച് അവനു തന്റെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തേണ്ടി വരുന്നുണ്ട്. മറ്റൊരു ഷോട്ടിൽ നഷ്ടപ്പെട്ട പശുക്കുട്ടിയെ വീട്ടിലെത്തിക്കാൻ ശ്രമിക്കുന്നതിനിടെ ഒരു തീവണ്ടി കാണാമെന്ന മോഹം സഫലമാക്കാൻ സാധിക്കാതെ വീട്ടിലേക്കു തിരിക്കേണ്ടി വരുന്നുണ്ട് ഇവർക്ക്. ശബ്ദബിംബത്തിലൂടെ മാത്രം അറിയുന്ന ഈ ബിംബസാന്നിധ്യത്തെ സൂക്ഷ്മമായി വായിച്ചാൽ, ശബ്ദത്തിലൂടെ മാത്രം അറിയുകയും, അമൂർത്തമായിരിക്കുകയും ചെയ്യുന്ന ഈ ഇഫക്ടുകൾ തീർച്ചയായും കാഴ്ചയുടെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അഥവാ ആധുനികതയുടെ അഭാവമായും ഇതിനെ വിശകലനം ചെയ്യാം. നിശ്ചിന്ദപുരം എന്ന ഗ്രാമത്തിൽ കാണുന്ന ട്രെയിനിന്റെ അഭാവം ഒരു ട്രെയിനിനെ കുറിച്ചുള്ള അപുവിന്റെ ആശയങ്ങളെ മൂർത്തമാക്കുന്നില്ല. ദുർഗ്ഗയ്ക്കും ട്രെയിൻ നിരന്തരം മാറ്റിവെയ്ക്കപ്പെടുന്നു. ആധുനികതയിലേക്കുള്ള പ്രയാണത്തിന്റെ പ്രതീകമാണ് ഈ ശബ്ദബിംബങ്ങൾ. 1853 മുതൽ ഇന്ത്യൻ റെയിൽവെ സ്ഥാപിതമായെങ്കിലും, ദുർഗ്ഗയെയും അപുവിനെയും പോലെയുള്ള ഗ്രാമവാസികളുടെ

ആഗ്രഹം നിറവേറ്റാൻ റെയിൽവെ എന്ന സംരംഭത്തിന് സാധിക്കുന്നില്ല. ദുർഗ്ഗ ആ ആഗ്രഹം സഫലമാകാതെ മരിക്കുന്നു. അപു ആ യാത്രയ്ക്കുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു. ആകട്ടെ ട്രെറെയിൽവെയും മറ്റ് ആധുനിക സാങ്കേതികവിദ്യയും നിശ്ചിന്ദപുരത്തേക്ക് വ്യാപിക്കാത്തതിൽ ഗ്രാമവാസികൾ കൂടുതൽ ഖേദിക്കുന്നു. ഇതിന്റെ രാഷ്ട്രീയം കുറച്ചു പാവപ്പെട്ടവരുടെ ജീവിതത്തിനു ഭരണകൂടം ഒരു പ്രാധാന്യവും നല്കുന്നില്ല എന്നതാണ്. രാഷ്ട്രീയ-സമ്പദ് വ്യവസ്ഥയുടെ വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ റെയിൽവെ എന്ന സംരംഭത്തെ ഗ്രാമത്തിലേക്കു പരിചയപ്പെടുത്തുന്നത് ലാഭകരമായ ഒരു സംരംഭമായിരുന്നില്ലെന്നതും രാഷ്ട്രീയ ഭൂപടത്തിൽ ഈ സ്ഥലത്തിന് പ്രാധാന്യമില്ലെന്നതും ഒരു പ്രശ്നമാണ്. റെയിൽവെ വാണിജ്യ പരവും സാമൂഹികപരവുമായ ഒരു സ്ഥാപനം എന്ന നിലയ്ക്ക് ഗ്രാമങ്ങൾക്കു സൗകര്യമൊരുക്കുന്നതിനുള്ള ധാർമ്മിക ഉത്തരവാദിത്തമുണ്ടായിരിക്കണം. ഇന്നും സിനിമയുടെ ആഖ്യാനത്തിനുള്ളിൽ കാണിച്ചിരിക്കുന്നതു പോലെ യഥാർത്ഥലോകത്തിൽ ഈ സ്ഥിതി ഇന്നും നിലനില്ക്കുന്നുണ്ട്. ചില സ്ഥലങ്ങൾക്ക് ഇപ്പോഴും റെയിൽവെയുമായി ഒരു ബന്ധവുമില്ല.

ശബ്ദബിംബങ്ങളേക്കാൾ പഥേർപാഞ്ചാലിയിൽ മുന്നിട്ടുനില്ക്കുന്നത് ദൃശ്യബിംബങ്ങളാണ്. ഇവ സിനിമയുടെ തുടക്കംമുതൽ അവസാനം വരെ ഫിലിമിന്റെ മൊത്തം സ്കീമിനുള്ളിൽ ഓരോഘട്ടത്തിലും അതീവ ശ്രദ്ധയോടെ വിന്യസിപ്പിച്ചിരിക്കുന്നതായി കാണാം. ഗ്രാമവാസികളുടെ സ്ഥലപരമായ സന്നിദ്ധത (Liminality) യാണ് പഥേർപാഞ്ചാലിയിൽ ആഖ്യാനകേന്ദ്രമായി മാറുന്നത്. ചിത്രത്തിലെ എല്ലാ സീനുകളും നിശ്ചിന്ദ പുരം എന്ന ഗ്രാമത്തിന്റേതു മാത്രമാണ്. മിക്ക കഥാപാത്രങ്ങളും അവരുടെ മാനസികാവസ്ഥയും സാമ്പത്തികാവസ്ഥയും അന്തരാളമാണ്. അതിനു തികച്ചും അനുയോജ്യമാണ് പശ്ചാത്തലത്തിൽ വരുന്ന സ്ഥലം. സ്വകാര്യ സ്ഥലങ്ങളായ ഗ്രാമത്തിലെ വീടുകൾക്കപ്പുറത്തുള്ള പൊതുസ്ഥലങ്ങളിലേക്കുള്ള യാത്രാവേശം ഗ്രാമം നഗരമാവാൻ വെമ്പുന്നതായി കണക്കാക്കാൻ കഴിയും. ഇടുങ്ങിയ സ്വകാര്യതയിൽ നിന്നു തുറന്ന വിശാലമായ പൊതുസ്ഥലത്തേക്കാണ് അപുവിനോടൊപ്പം കാലവും സിനിമയും സഞ്ചരിക്കുന്നത്. കുടുംബത്തിൽ നിന്നും സമൂഹത്തിലേക്കുള്ള വളർച്ചയുടെ നവോത്ഥാന മനുഷ്യന്റെ പ്രതിനിധാനമാണ് അപു. അപുവിന്റെ വീട്, പണയപ്പെടുത്തിയ അപുവിന്റെ സ്ഥലം സ്വന്തമാക്കിയ അയൽവക്കക്കാർ തുടങ്ങിയവ സ്വകാര്യസ്ഥലങ്ങളും കട, റെയിൽവെ തുടങ്ങിയവ പൊതുസ്ഥലങ്ങളുമാണ്.

പൊതുസ്ഥലങ്ങൾ ഇടങ്ങളാക്കി മാറ്റാൻ സാധിക്കാത്ത മനുഷ്യരാണ് നിശ്ചിന്ദപുരത്തുകാർ.

ഹിന്ദുസാംസ്കാരികകേന്ദ്രങ്ങൾ ബ്രാഹ്മണരെ സൃഷ്ടിക്കുന്നത് ക്ഷേത്രവുമായി ബന്ധപ്പെട്ട കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടി മാത്രമാണ്. അപുവിന്റെയും ദുർഗ്ഗയുടെയും പിതാവ് ഹരിഹർ ഒരു പുരോഹിതനാണ്. ജന്മിത്വവും ജാതീയതയും തകർന്നു തുടങ്ങിയിട്ടുപോലും ആ കുഗ്രാമവ്യവസ്ഥിതിയിൽ സാധാരണക്കാരനായി കടുത്ത സാമ്പത്തികപരാധീനതയിലും അസഹനീയമായ ജാതിവ്യവസ്ഥകളോടു പ്രതികരിക്കാൻ കഴിയാതെ നിസ്സഹായതയിൽ വീഴുന്ന അദ്ദേഹം മാത്രമാണ് ഗ്രാമത്തെയും നഗരത്തേയും ബന്ധിപ്പിക്കുന്ന പാലം. ഇദ്ദേഹം ആധുനികസമൂഹത്തിലേക്കിറങ്ങിച്ചെല്ലുന്നത് യാത്രയിലൂടെയാണ്. എങ്കിൽപോലും റെയിൽവെ വേണ്ടവിധത്തിൽ തൊഴിലിനായി പ്രയോജനപ്പെടുത്താൻ ഹരിഹർ ശ്രമിക്കുന്നില്ല. പക്ഷെ ഹരിഹർ നിരന്തരം കുടുംബത്തിലേക്കയക്കുന്ന കത്തുകൾ, വീട്ടിൽ എഴുതാനിരിക്കുന്ന ദൃശ്യങ്ങൾ എന്നീ പ്രത്യക്ഷബിംബങ്ങൾ പ്രതീകവൽക്കരിക്കുന്നത്, റെയിൽവെയില്ലെങ്കിലും അച്ചടി സാങ്കേതികവിദ്യ ഗ്രാമത്തിൽ എത്തിക്കഴിഞ്ഞു എന്നതാണ്. ആധുനികതയുടെ ഭാവതലങ്ങൾ ഭാഷയിലൂടെയും എഴുത്തിലൂടെയും കടന്നുവന്ന് ഗ്രാമത്തെ പതുക്കെ നഗരത്തോടുചേർക്കാൻ ശ്രമിക്കുന്നതായി ഇവിടെ വായിക്കാം. ദുർഗ്ഗയുടെയും അപ്പുവിന്റെയും നിരന്തരമായ യാത്രകൾ വീടിനുചുറ്റുമുള്ള ഓടിക്കളിയാണ്. ദുർഗ്ഗയുടെ കിരീടം മോഷ്ടിച്ച് ഓടുന്നതിനിടെ അപുവിന്റെ തലയിൽ നിന്ന് കിരീടം വീണുപോകുന്ന ദൃശ്യം ഫ്യൂഡൽ സാമൂഹികതയുടെ തകർച്ചയെയാണ് പ്രതീകവല്ക്കരിക്കുന്നത്. സിനിമയുടെ അവസാനംവരെ സർബ്ബജയ ധരിക്കുന്ന മുഷിഞ്ഞുകീറിയ വസ്ത്രംതന്നെ സദാചാരങ്ങളിൽ അടിയുറച്ച് ജീവിക്കേണ്ടിവരുന്ന സ്ത്രീയുടെ പ്രതീകമാണ്. സിനിമയുടെ പകുതിയിൽ തുടങ്ങി പല സീനുകളായി മരണപ്പെടുന്ന പിഷി, ദുർഗ്ഗ എന്നീ സ്ത്രീകഥാപാത്രങ്ങൾ കാലത്തിനെയും സ്ഥലത്തിനെയും അതിജീവിക്കാൻ കഴിയാത്ത ലിംഗപദവിയുടെ പാർശ്വവല്ക്കരണത്തിന്റെ പ്രതിഫലനമാണ്. അപു കേന്ദ്രകഥാപാത്ര സ്ഥാനത്തേക്ക് വളരുമ്പോൾ സ്ത്രീകഥാപാത്രങ്ങൾ വീണുപോകുന്നതിൽ നിന്നും തുല്യതയില്ലാത്ത സാമൂഹികചുറ്റുപാടിന്റെ യഥാർത്ഥചിത്രമാണ് റായ് സൃഷ്ടിക്കുന്നത്. അപു ജനിക്കുന്നതിനുമുമ്പ് ഒറ്റയ്ക്ക് കളിച്ചുതിമർത്തു നടന്നിരുന്ന ദുർഗ്ഗയുടെ ജീവിതം അപു വന്നതോടെ അവന്റെ ജീവിതത്തെ അണിയിച്ചൊരുക്കുന്നതായി മാറുന്നു. ഒരിന്ത്യൻ

ഗ്രാമാനുഭവത്തിൽ പെൺകുട്ടിയുടെ ജീവിതം ഇത്തരത്തിലാണ് എന്നു കൃത്യമായി വരച്ചിടുകയാണ് റേ. പെൺകുട്ടികൾ ജനിക്കുന്നതു ശാപമായിക്കാണുന്ന കാഴ്ച്ചയുടെ ചില ഫ്രെയ്മുകൾ ഇവിടെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. ഒരുതവണ വീടിനുള്ളിൽ അമ്മയെ സഹായിക്കുന്നത്, പനിക്കിടക്കയിൽ തളർന്നുറങ്ങുന്നത്, രാത്രി മുത്തശ്ശിയുടെ കഥ കേൾക്കുന്നത് തുടങ്ങിയ മൂന്നുദൃശ്യങ്ങൾ മാത്രമാണ് അവളുടെ വീടിനുള്ളിലെ ദൃശ്യങ്ങൾ. പുറംലോകവും പ്രകൃതിയുമാണ് അവളുടെ ലോകം. ബാല്യത്തിന്റെ നിശ്ചിതഘട്ടംവരെ ആണും പെണ്ണും തുല്യരായി വളരുന്നുവെന്നും പിന്നീട് സാമൂഹികസമ്മർദങ്ങൾ പെൺകുട്ടിയെ അടക്കവും, ഒതുക്കവും ഉള്ളവളാക്കി മാറ്റുന്നുവെന്നും ഇവിടെ കാണാം. എന്നാൽ ഒരിന്ത്യൻ ഗ്രാമത്തിലെ പെൺകുട്ടിയുടെ അനുഭവത്തിനപ്പുറത്ത് പുരുഷാധിപത്യത്തിന്റെ ഭാഷയോടു കലഹിക്കുന്ന ദുർഗ്ഗയേയും കാണാം. ട്രെയിൻ കാണാൻ അപുവിനേക്കാൾ ആഗ്രഹം സൂക്ഷിച്ചു നടന്നിരുന്നത് ദുർഗ്ഗയാണ് എന്നാൽ ട്രെയിന്റെ ശബ്ദം കേട്ട് വയലിലൂടെ ഓടിച്ചെല്ലുമ്പോൾ അവൾ മാത്രം കല്ലിൽ തട്ടിവീഴുകയും അപുവിന്റെ മുൻപിൽ മാത്രം ട്രെയിൻ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഗ്രാമത്തിനപ്പുറത്തേക്കുള്ള തുറന്ന ലോകത്തിലേക്കുള്ള യാത്ര അപുവിനു മുന്നിൽ മാത്രം തുറക്കപ്പെടുന്ന കാഴ്ച്ച, സ്ത്രീയുടെ ലോകവീക്ഷണത്തെയും, സ്വാതന്ത്ര്യത്തെയും തകർക്കുന്ന പുരുഷമേധാവിത്വത്തിന്റേതാണ്. സിനിമയിൽ കുട്ടികൾ കളിക്കുന്ന ഒളിച്ചുകളിപോലെ ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ഒരു ബിംബമാണ് ട്രെയിൻ. അപു ഒളിക്കുകയും ദുർഗ്ഗ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന എന്നപോലെതന്നെ ശബ്ദം കേട്ട് അവൾ അന്വേഷിക്കുന്നുണ്ടെങ്കിലും അവളിൽ നിന്ന് ട്രെയിൻ ദൃശ്യം മറയ്ക്കപ്പെടുന്നു. ഒരു സ്ത്രീ സമൂഹത്തിൽനിന്നും പലതും പ്രതീക്ഷിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നു. അപ്പോഴെല്ലാം അത് മായ്ക്കപ്പെടുന്നു. ഈ മറയ്ക്കുക/അന്വേഷിക്കുക എന്നുള്ള രൂപകമായി ട്രെയിൻ യാത്രനിലനില്ക്കുന്നു. കാറ്റിലും മഴയിലും ഇടിഞ്ഞു വീഴുന്ന വീടും വീട്ടിൽ നിന്നുള്ള അപു, ഹരിഹർ, സർബ്ബജയ എന്നിവരുടെ ഇറക്കവും, പാമ്പിന്റെ വീട്ടിനകത്തേക്കുള്ള യാത്രയും പ്രതീകവൽക്കരിക്കുന്നത്. സാർവ്വദേശീയതയിലേക്കുള്ള യാത്രയേയാണ്. അവസാനത്തെ കാളവണ്ടിദൃശ്യം ഗ്രാമത്തിൽ നിന്നും നഗരത്തിലേക്കുള്ള കാളവണ്ടിയിൽനിന്നും തീവണ്ടിയിലേക്കുള്ള സ്ഥലികവും കാലികവുമായ മാറ്റത്തെ സൂചിപ്പിക്കുന്നു. ഇങ്ങനെ പല യാത്രാബിംബങ്ങളുടെ സമന്വയം കൊണ്ടു നിർമ്മിച്ച ഷോട്ടുകൾ ആകെക്കൂടി ഒരൊറ്റ ബിംബമായിത്തീരും

പോലെ, പഥേർപാഞ്ചാലിയിലും വ്യത്യസ്തബിംബങ്ങളുടെ സംയോജന ത്തിലൂടെ ഒരൊറ്റ ചലചിത്രബിംബമായിത്തീരുന്നു.

### ഉപസംഹാരം

പഥേർപാഞ്ചാലിയിൽ ദൃശ്യബിംബങ്ങൾ, ശബ്ദബിംബങ്ങൾ തുടങ്ങിയവ ആദ്യംമുതൽ അവസാനംവരെ ഫിലിമിന്റെ മൊത്തം സീനുകളിൽ ഓരോഘ ട്ടത്തിലും വിന്യസിപ്പിച്ചിരിക്കുന്നതായികാണം. ഈ ദൃശ്യശബ്ദ ബിംബങ്ങൾ പൂർണ്ണമായും ആധുനികതയിലേക്കുള്ള നിശ്ചിന്ദപുരം എന്ന ഗ്രാമത്തിന്റെ യാത്രയെയാണ് പ്രതീകവൽക്കരിക്കുന്നത്. മാത്രമല്ല, യാത്രയിലൂടെയും അധിനിവേശത്തിലൂടെയും രൂപംകൊണ്ട ആധുനികത ഒരുതരത്തിലും ഗ്രാമങ്ങൾക്ക് അവസരം ഒരുക്കിക്കൊടുക്കാൻ തയ്യാറാകുന്നില്ല. രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇവിടെ ആധുനികതാബോധം പലപ്പോഴും ആവശ്യങ്ങളോട്ട വിവേകമില്ലാതെയാണ പ്രതികരിക്കുന്നത്. ഗ്രാമത്തെയും നഗരത്തെയും മൊത്തത്തിൽ കണക്കിലെടുക്കുമ്പോൾ ചിലർമാത്രം ആധുനികസാങ്കേതികവിദ്യയിലേക്കു പോകുന്നു. മറ്റുചിലർ ബഹിഷ്കരിക്കപ്പെടുന്നു. ഈ ബഹിഷ്കൃതരാണ് കാർഷികസാങ്കേതികവി ദ്യയെ പരിപോഷിപ്പിക്കുന്നതെങ്കിലും അവർ ദരിദ്രരായിത്തന്നെ നിലനിൽ ക്കുകയും നാഗരികർക്കു മാത്രം രാഷ്ട്രീയ സമ്പദ് വ്യവസ്ഥയുടെ നേട്ടങ്ങൾ ലഭിക്കുകയും ചെയ്യുന്നു. അത്തരം വിവേചനങ്ങളുടെ ഇരയാണ് ദുർഗ്ഗ. ദുർ ഗ്ഗക്ക് നിഷേധിക്കപ്പെടുന്ന യാത്ര പുരുഷന്റെ പ്രാതിനിധ്യം ഉറപ്പിക്കുന്നു. പുരോഗതി പുരുഷകേന്ദ്രിതമായി മാറുകയും അവന്റെ മാത്രം യാത്രയായി മാറുകയും ചെയ്യുന്നു. ഇങ്ങനെ പൂർണ്ണമായും വിശകലനംചെയ്താൽ പഥേർ പാഞ്ചാലിയെ അത്യുന്നതവും ചാരുതയുമാർന്ന ഒരു ഫിലിം ക്ലാസിക്കായി മാറ്റുന്ന സവിശേഷഘടകങ്ങളിലൊന്ന് ഈ ബിംബസമന്വയമാണ്

### ഗ്രന്ഥസൂചി

1. ജിനേഷ് കുമാർ എരമം, നവോത്ഥാന മൂല്യങ്ങളും മലയാള സിനിമയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഒക്ടോബർ, 2014
2. ജോസഫ് വി.കെ., ദേശം പൗരത്വം സിനിമ, ദേശാഭിമാനി ഹൗസ്, തിരുവനന്തപു രം, ഡിസംബർ 2010
3. പരമേശ്വരൻ നായർ പി.കെ., ചലചിത്ര പഠനങ്ങൾ, കറന്റ് ബുക്സ്, പൂജപ്പുര, ഡിസംബർ 2008
4. മുരളി പിരപ്പൻകോട് (എഡി.), ഗ്രന്ഥാലോകം, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ മുഖപത്രം, വാല്യം 51, ലക്കം 12, ഡിസംബർ 1999
5. രവീന്ദ്രൻ, സിനിമ സമൂഹം പ്രത്യയശാസ്ത്രം, മാതൃഭൂമി ബുക്സ്, ഒക്ടോബർ, 2007

6. ഷൺമുഖദാസ് ഐ, സഞ്ചാരിയുടെ വീട് - റായ് സിനിമ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ഡിസംബർ 1996
7. സത്യജിത് റായ്, അപുത്രയം, മാതൃഭൂമി ബുക്സ്, തിരുവനന്തപുരം, 2008
8. സത്യജിത് റായ്, പഥേർപാഞ്ചാലി തിരക്കഥ, പാപ്പിറസ് ബുക്സ്, ജനവരി, 2006
9. Bal, micki, Narratology: Introduction to the theory of Narrative, Trans. by Christine van Boheemen, Toronto, University of Toronto press, 1985
10. Barthes Roland, Image music text, Trans by stephan heath, Newyork, Hill & Wang, 1977.

*heeratm07@gmail.com*

# മലയാളപ്പച്ച

malayala pachcha

**മലയാളം – ഇംഗ്ലീഷ്
അർദ്ധവാർഷിക റിസേർച്ച് ജേണൽ**

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ
കേരളം.

RNI No. KDIS3475/16

VOLUME 01 NUMBER 09
AUGUST, 2019

ISSN 2454-292X

creative commons BY

Printed, published and edited by Head of the Post Graduate Department of Malayalam, KKTM Govt. College, Pullut, Kodungallur, Kerala. Ph. 9497760864